SUPREME AUDIT INSTITUTION OF INDIA

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2023 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

കേരള സർക്കാർ

2025ലെ റിപ്പോർട്ട് നമ്പർ 8

2026 ഫെബ്രുവരി 24-ന് നിയമസഭയിൽ വെച്ചത്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2023 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

കേരള സർക്കാർ

2025ലെ റിപ്പോർട്ട് നമ്പർ 8

ഉള്ളടക്കം

വിവരണം	*അനുബന്ധം*	
	ഖണ്ഡിക	*പേജ്*
ആമുഖം	-	v
ഉപരിവീക്ഷണം	-	vii
അദ്ധ്യായം I		
സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അതിന്റെ ഓഡിറ്റിനെയും കുറിച്ചുള്ള ആമുഖം	-	1
ഭാഗം I – പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ		
അദ്ധ്യായം II		
പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം	-	7
അദ്ധ്യായം III		
പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജില്ലാ-കേന്ദ്രീകൃത ഓഡിറ്റ്	-	23
ഭാഗം II – നഗര തദ്ദേശ സ്ഥാപനങ്ങൾ		
അദ്ധ്യായം IV		
നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം	-	65
അദ്ധ്യായം V **നഗര തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ്/വിഷയാധിഷ്ഠിത ഓഡിറ്റ്**		
നഗര തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്	-	79
അദ്ധ്യായം VI **നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ**		
മൂന്ന് നഗര തദ്ദേശ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾക്ക് സെന്റേജ് ചാർജ്ജുകൾ അധികമായി നൽകിയത്	6.1	113
കൊടുവള്ളി മുനിസിപ്പാലിറ്റി കുറഞ്ഞ വസ്തുനികുതി ചുമത്തിയത്	6.2	114
അക്രഡിറ്റഡ് ഏജൻസികൾക്ക് ചരക്ക് സേവന നികുതി (ജിഎസ്ടി) അധികമായി നൽകിയത് – ₹68.61 ലക്ഷം	6.3	116
അദ്ധ്യായം VII		
നഗര തദ്ദേശ സ്ഥാപനങ്ങളുടെ ജില്ലാ-കേന്ദ്രീകൃത ഓഡിറ്റ്		119

അനുബന്ധങ്ങൾ

അനുബന്ധം നമ്പർ	വിവരണം	പേജ്
1.1	പതിനൊന്നാമത്തെ പട്ടിക (അനുച്ഛേദം 243ജി)	151
1.2	പന്ത്രണ്ടാമത്തെ പട്ടിക (അനുച്ഛേദം 243 ഡബ്ല്യു)	152
2.1	പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പരിശോധന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും കുടിശ്ശികയുടെ വിശദാംശങ്ങൾ (2024 നവംബർ വരെ)	153
2.2	അനുബന്ധ ഓഡിറ്റിന്റെ ഫലങ്ങൾ	154
3.1	ഓഡിറ്റിനായി തിരഞ്ഞെടുക്കപ്പെട്ട പിആർഐകളുടെ പട്ടിക	157
3.2	എസ്‌സിഎസ്‌പി/ടിഎസ്‌പി – പരിശോധിച്ച 68 പിആർഐകളുടെ സേവന മേഖലയിലെ ചെലവിന്റെ വിശദാംശങ്ങൾ	158
3.3	എസ്‌സിഎസ്‌പിയ്ക്ക് കീഴിലെ മൊത്തം സേവന മേഖലാ ചെലവിൽ കുടിവെള്ള പ്രോജക്ടുകളുടെ ചെലവിന്റെ ശതമാനം	159
3.4	ടിഎസ്‌പിയ്ക്ക് കീഴിൽ മൊത്തം സേവന മേഖലാ ചെലവിൽ കുടിവെള്ള പ്രോജക്ടുകളുടെ ചെലവിന്റെ ശതമാനം	160
3.5	കുടിവെള്ള പരിശോധനാ ഫലങ്ങൾ	161
3.6	ആസൂത്രണം/നടപ്പാക്കൽ എന്നിവയിലെ പിഴവുകൾ മൂലം പരാജയപ്പെട്ട കുടിവെള്ള വിതരണ പദ്ധതികൾ	164
3.7	കാലികമായ പരിപാലനത്തിന്റെ അഭാവം മൂലം പരാജയപ്പെട്ട ഡിഡബ്ല്യുഎസ് പ്രോജക്ടുകൾ	165
3.8	മലപ്പുറം ജില്ലയിലെ കാളികാവ് ബിപി രൂപം കൊടുത്ത കുടിവെള്ള പദ്ധതികൾ	166
3.9	ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത എസ്‌സി/എസ്‌ടി ഗുണഭോക്താക്കളുടെ എണ്ണം	167
3.10	ഉത്പാദന മേഖലയിലെ പ്രോജക്ടുകളും വകയിരുത്തിയ ഫണ്ടുകളും – എസ്‌സിഎസ്‌പി	169
3.11	ഉത്പാദന മേഖലയിലെ പ്രോജക്ടുകളും വകയിരുത്തിയ ഫണ്ടുകളും – ടിഎസ്‌പി	170
3.12	ഉത്പാദന മേഖലയുടെ പ്രമുഖ ഉപമേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണ വിശദാംശങ്ങൾ	171
3.13	ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം	173
3.14	ഉത്പാദന മേഖലയിലെ ജില്ല തിരിച്ചുള്ള തെറ്റായ വർഗ്ഗീകരണം – എസ്‌സിഎസ്‌പി	174
3.15	ഉത്പാദന മേഖലയിലെ ജില്ല തിരിച്ചുള്ള തെറ്റായ വർഗ്ഗീകരണം – ടിഎസ്‌പി	175
3.16	എസ്‌സിഎസ്‌പിയ്ക്ക് കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്	176
3.17	ടിഎസ്‌പിയ്ക്ക് കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്	177
4.1	നഗര തദ്ദേശസ്ഥാപനങ്ങളുടെ പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും കുടിശ്ശികയുടെ വിശദാംശങ്ങൾ (2024 നവംബർ വരെ)	178
4.2	അനുബന്ധ ഓഡിറ്റിന്റെ ഫലങ്ങൾ	179
5.1	ആസ്തി പരിപാലനത്തെ കുറിച്ചുള്ള വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റിനായി തിരഞ്ഞെടുത്ത യുഎൽബികൾ	180
5.2	ഉടമസ്ഥതയില്ലുള്ള ഭൂമി ആസ്തികളും കൈവശമുള്ള ആധാരങ്ങളും	181
5.3	നിഷ്ക്രിയമായ ഷീ ലോഡ്ജ്/വനിതാ ഹോസ്റ്റലുകളുടെ വിശദാംശങ്ങൾ	182
5.4	നിഷ്ക്രിയമായ വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ	183
5.5	നിഷ്ക്രിയമായ വനിതാ സൗഹൃദ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ	184
5.6	നിഷ്ക്രിയമായ ഗ്യാസ് ശ്മശാനങ്ങളുടെ വിശദാംശങ്ങൾ	185
5.7	നിഷ്ക്രിയമായ കമ്മ്യൂണിറ്റി ഹാളുകളുടെ വിശദാംശങ്ങൾ	186

5.8	നിഷ്ക്രിയമായ പ്ലാന്റിന്റെയും, മെഷിനറിയുടെയും വിശദാംശങ്ങൾ	188
6.1	സെന്റേജ് ചാർജ്ജുകൾ അധികമായി നല്കിയത്	191
6.2	വസ്തു നികുതിയുടെ ഹ്രസ്വ ശേഖരണം	192
6.3	അംഗീകൃത ഏജൻസികൾക്ക് അധികമായി നൽകിയ ജിഎസ്ടിയുടെ വിശദാംശങ്ങൾ	194
7.1	ഓഡിറ്റിന് തിരഞ്ഞെടുക്കപ്പെട്ട യുഎൽബികളുടെ പട്ടിക	195
7.2	എസ്സിഎസ്പി/ടിഎസ്പി – പരിശോധിച്ച 12 യുഎൽബികളിലെ സേവന മേഖലാ ചെലവിന്റെ വിശദാംശങ്ങൾ	196
7.3	കുടിവെള്ള വിതരണ പ്രൊജക്റ്റുകൾക്കായി ചെലവഴിച്ച തുക	197
7.4	കുടിവെള്ള പരിശോധനാ ഫലങ്ങൾ	198
7.5	ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത എസ്സി/എസ്ടി ഗുണഭോക്താക്കളുടെ പട്ടിക	199
7.6	ഉത്പാദന മേഖലയിൽ രൂപീകരിച്ച പ്രോജക്റ്റുകളും അനുവദിച്ച ഫണ്ടുകളും	200
7.7	ഉത്പാദനമേഖലയുടെ പ്രമുഖ ഉപമേഖലകളിൽ എസ്സിഎസ്പി ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ	201
7.8	എസ്സിഎസ്പിയ്ക്ക് കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്	202
7.9	ടിഎസ്പിക്ക് കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്	203

ആമുഖം

ഭരണഘടനയുടെ 151 (2)-ാം അനുച്ഛേദപ്രകാരം കേരള ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2023 മാർച്ചിൽ അവസാനിച്ച കാലയളവിലെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും നഗര തദ്ദേശ സ്ഥാപനങ്ങളിലും നടത്തിയ ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളത്.

2022-23 കാലയളവിലെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടവയും മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടതും എന്നാൽ മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താൻ സാധിക്കാതെ പോയതുമായ വിഷയങ്ങളും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

ഉപരിവീക്ഷണം

ഉപരിവീക്ഷണം

ഈ റിപ്പോർട്ടിൽ ഏഴ് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു. അദ്ധ്യായം I ൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള ആമുഖം അടങ്ങുന്നു. അദ്ധ്യായം II ലും IV ലും യഥാക്രമം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗര തദ്ദേശ സ്ഥാപനങ്ങളുടെയും അവലോകനം അടങ്ങിയിരിക്കുന്നു. അദ്ധ്യായം III ലും VII ലും യഥാക്രമം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗര തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് കണ്ടെത്തലുകൾ അടങ്ങിയിരിക്കുന്നു. ഒരു വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റും മൂന്ന് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾപ്പെട്ടതാണ് V ഉം VI ഉം അദ്ധ്യായങ്ങൾ. ഓഡിറ്റ് ഖണ്ഡികകളുടെ കരട് പ്രതികൾ സർക്കാരിന് അയച്ചു കൊടുക്കുകയും, ലഭ്യമായ മറുപടികൾ യഥാവിധി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള ആമുഖവും അവലോകനവും

ഉത്പാദനമേഖലയ്ക്കായി 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ചെലവഴിച്ച തുക 10.44 ശതമാനം മുതൽ 12.67 ശതമാനം വരെയും നഗര തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിച്ച തുക 4.61 ശതമാനം മുതൽ 6.19 ശതമാനം വരെയുമാണ്. ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയവയ്ക്ക് കുറഞ്ഞ മുൻഗണനയാണ് നൽകിയിട്ടുള്ളതെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും സമാന്തരമായി പദ്ധതികൾ നടപ്പാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ അധികാരത്തെ ദുർബലപ്പെടുത്തുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ അനുവദിച്ച ₹8303.40 കോടിയിൽ ₹1274.63 കോടിയും (15.35 ശതമാനം) നഗര തദ്ദേശ സ്ഥാപനങ്ങളിൽ അനുവദിച്ച ₹2195.08 കോടിയിൽ ₹384.98 കോടിയും (17.54 ശതമാനം) 2022-23 സാമ്പത്തിക വർഷത്തിൽ കാലഹരണപ്പെട്ടു.

(അദ്ധ്യായങ്ങൾ I ഉം II ഉം IV ഉം)

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗര തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ കേന്ദ്രീകൃത ഓഡിറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി ഉപപദ്ധതിയുടെയും (എസ്‌സിഎസ്‌പി) പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും (ടിഎസ്‌പി) തിരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റിൽ, ആസൂത്രണം, ഫണ്ട് വിനിയോഗം, അവശ്യ സേവനങ്ങൾ നൽകൽ എന്നിവയിൽ ഗണ്യമായ പോരായ്മകളുണ്ടെന്ന് വെളിപ്പെട്ടു.

- ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ അംഗീകരിച്ചെങ്കിലും, എസ്‌സി/എസ്‌ടി കുടുംബങ്ങളുടെ പുതുക്കിയ സർവ്വേ നടത്താത്തതിനാൽ പിആർഐകൾക്കും/സംസ്ഥാന സർക്കാരിനും എസ്‌സിഎസ്‌പി/ടിഎസ്‌പി ആസൂത്രണത്തിനും ഫണ്ട് അനുവദിക്കുന്നതിനും 12 മുതൽ 15 വർഷം വരെ പഴക്കമുള്ള ഡാറ്റയെ ആശ്രയിക്കേണ്ടിവന്നു.
- ഉത്പാദനമേഖലയിലെ പദ്ധതികൾക്ക് വേണ്ടി പിആർഐകളും യുഎൽബികളും എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടിന്റെ വളരെ കുറഞ്ഞ പങ്ക് മാത്രം വകയിരുത്തിയത് (പിആർഐകൾ: എസ്‌സിഎസ്‌പിക്കു കീഴിൽ 1.37 ശതമാനം മുതൽ 10.06 ശതമാനം വരെയും ടിഎസ്‌പിക്കു കീഴിൽ 2.36 ശതമാനം മുതൽ 17.87 ശതമാനം വരെയും; യുഎൽബികൾ: എസ്‌സിഎസ്‌പിക്കു കീഴിൽ 0.51 ശതമാനം മുതൽ 2.14 ശതമാനം വരെ) ഉപജീവനോപാധി ലക്ഷ്യമാക്കിയുള്ള ഇടപെടലുകൾക്ക് വളരെ കുറഞ്ഞ പ്രാധാന്യമേ നൽകിയുള്ളൂ എന്ന വസ്തുത പ്രതിഫലിപ്പിക്കുന്നു.

- ഓഡിറ്റ് പരിശോധന നടത്തിയ പിആർഐകളും യുഎൽബികളും കുടിവെള്ളത്തിനും ശുചിത്വത്തിനുമുള്ള സമൂഹത്തിന്റെ ഡിമാന്റുകളിൽ ഒരു ചെറിയ ഭാഗം മാത്രമേ പരിഹരിച്ചുള്ളൂ. പിആർഐകൾ കുടിവെള്ള ഡിമാന്റുകളിൽ 42.20 ശതമാനം മാത്രമേ നിറവേറ്റിയുള്ളൂ, ടോയ്‌ലറ്റ് സംബന്ധമായ ആവശ്യങ്ങളിൽ 4.62 ശതമാനം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. അതേസമയം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ യുഎൽബികൾ കുടിവെള്ള ഡിമാന്റുകളിൽ 20 ശതമാനം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. സ്വച്ഛ് ഭാരത് മിഷൻ പോലുള്ള ദേശീയ ശുചിത്വ പദ്ധതികൾ നിലവിലുണ്ടായിട്ടും പ്രാദേശിക ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉള്ള ഗണ്യമായ പോരായ്മകളാണ് ഇത് എടുത്തുകാണിക്കുന്നത്.
- അനുവദിച്ച ഫണ്ടിന്റെ ചെലവ് കുറഞ്ഞത് കാരണം 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹82.99 കോടിയുടെ എസ്‌സിഎസ്‌പി ഫണ്ടുകളും ₹6.86 കോടിയുടെ ടിഎസ്‌പി ഫണ്ടുകളും കാലഹരണപ്പെട്ടു.
- സ്കോളർഷിപ്പുകൾക്കായി നിർദ്ദേശിച്ച ഗുണഭോക്തൃ-തിരഞ്ഞെടുപ്പ് ഫോർമുല 10 പിആർഐകളും രണ്ട് യുഎൽബികളും അവഗണിച്ചത് യോഗ്യരായ 109 വിദ്യാർത്ഥികളെ ഒഴിവാക്കുന്നതിലേക്ക് നയിച്ചു.
- വീടില്ലാത്തവരായോ ഭൂരഹിതരായോ രേഖപ്പെടുത്തിയിട്ടുള്ള യോഗ്യരായ പട്ടികജാതി/പട്ടികവർഗ്ഗ (എസ്‌സി/എസ്‌ടി) കുടുംബങ്ങളെ-12 പിആർഐകൾ 995 കുടുംബങ്ങളെയും 10 യുഎൽബികൾ 2,740 കുടുംബങ്ങളെയും-ലൈഫ് ഭവന ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കി.
- 45 പിആർഐകളിലെ 65 പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലും ഒൻപത് യുഎൽബികളിലെ ഒൻപത് പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലും കുടിവെള്ളം മലിനമാണെന്ന് ശ്രദ്ധയിൽപ്പെട്ടു.
- ചാലിയാർ ഗ്രാമപഞ്ചായത്തിലെ വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വീട്, കുടിവെള്ളം, ടോയ്‌ലറ്റുകൾ, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംവിധാനപരമായ അവഗണന ഉള്ളതായി കണ്ടെത്തി.

(അദ്ധ്യായങ്ങൾ III ഉം VII ഉം)

നഗര തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി പരിപാലനം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

24 യുഎൽബികളിൽ നടത്തിയ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ അനുവർത്തന ഓഡിറ്റിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്:

- പരിശോധന നടത്തിയ യുഎൽബികൾ അവരുടെ അധികാരപരിധിയിലുള്ള ആസ്തികളുടെ ഫലപ്രദമായ മാനേജ്മെന്റിനായി ആസ്തി പരിപാലന പദ്ധതിയും തന്ത്രവും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യാനും ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കാനും സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും, തിരഞ്ഞെടുത്ത 24 യുഎൽബികളിൽ ഒന്നും തന്നെ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയില്ല.
- തിരഞ്ഞെടുത്ത യുഎൽബികൾക്ക് അവരുടെ ഭൂമിയുടെ 82 ശതമാനത്തിനും ആധാരമോ സാധുവായ ഉടമസ്ഥാവകാശ രേഖകളോ ഇല്ലായിരുന്നു, ഇത് കൈയേറ്റങ്ങൾക്ക് കാരണമാവുകയും ഉടമസ്ഥാവകാശം ഉറപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും പരാജയപ്പെടുന്നതിലേക്ക് നയിക്കുകയും ചെയ്തു. സ്വന്തം ഭൂമി സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതുമൂലം കൈയേറ്റങ്ങളുണ്ടായ സന്ദർഭങ്ങൾ പാലക്കാട് മുനിസിപ്പാലിറ്റിയിലും കൊച്ചി കോർപ്പറേഷനിലും ശ്രദ്ധയിൽപ്പെട്ടു.
- ഉദ്ദേശിച്ച ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭൂമി യുഎൽബികൾ വാങ്ങിയതിന്റെ ഫലമായി ₹7.50 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടായി (തൃശ്ശൂർ

കോർപ്പറേഷനിൽ സീവേജ് സംസ്കരണ പ്ലാന്റിന് തണ്ണീർത്തടവും ഭവന പദ്ധതി നടപ്പാക്കുന്നതിന് നെൽവയലും വാങ്ങിയത്). വിവിധ സേവന വിതരണ പദ്ധതികളുടെ കാര്യത്തിൽ, നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ അവസ്ഥ ഉറപ്പാക്കിയിരുന്നില്ല, അതിന്റെ ഫലമായി ₹7.96 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടായി.

- തിരഞ്ഞെടുത്ത യുഎൽബികൾ പ്രായോഗികത, പ്രവർത്തനരീതി, മുതലായവ വിശകലനം ചെയ്യാതെ വനിതാ ഘടക പദ്ധതികൾ രൂപപ്പെടുത്തിയത് ₹12.12 കോടി മൂല്യമുള്ള ആസ്തികൾ നിഷ്ക്രിയമാകുന്നതിന് കാരണമായി. നാല് യുഎൽബികളിലായി (തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ, കൽപ്പറ്റ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികൾ) അഞ്ച് ഷീ ലോഡ്ജുകൾ/വനിതാ ഹോസ്റ്റലുകൾ (₹7.19 കോടി), ആറ് യുഎൽബികളിലായി 11 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ (₹3.23 കോടി), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലായി ഏഴ് വനിതാ വിശ്രമമുറികൾ/സ്ത്രീസൗഹൃദകേന്ദ്രങ്ങൾ (₹1.37 കോടി) എന്നിവ ആസൂത്രണത്തിന്റെയും മാനേജ്മെന്റിന്റെയും അഭാവം മൂലം വർഷങ്ങളായി നിഷ്ക്രിയമായി കിടന്നു, ഇത് അവയിലൂടെ ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയാതാക്കി.
- മാർക്കറ്റ് കെട്ടിടങ്ങൾ (തിരുവനന്തപുരം കോർപ്പറേഷൻ – പാങ്ങോട്, കൊച്ചി കോർപ്പറേഷൻ – പള്ളുരുത്തി), ഷോപ്പിംഗ് കോംപ്ലക്സുകൾ (തൃശ്ശൂർ കോർപ്പറേഷൻ – ഒളരി, തിരുവനന്തപുരം കോർപ്പറേഷൻ – മണ്ണന്തല, പേരൂർക്കട), കമ്മ്യൂണിറ്റി ഹാളുകൾ (ഏഴ് യുഎൽബികളിൽ 51 എണ്ണം), ഗ്യാസ് ശ്മശാനം (നാല് യുഎൽബികളിൽ അഞ്ച് എണ്ണം) എന്നിവയും നിഷ്ക്രിയമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.
- പാലക്കാട് മുനിസിപ്പാലിറ്റി ഫണ്ട് ഉറപ്പുവരുത്താതെ ഏഴ് പ്രധാന കെട്ടിടനിർമ്മാണ പദ്ധതികൾ ആരംഭിച്ചതുകാരണം, ₹14.17 കോടി ചെലവഴിച്ച് ആറ് വർഷം കഴിഞ്ഞിട്ടും എല്ലാ പ്രവൃത്തികളും അപൂർണ്ണമായി തുടർന്നു. ഭാഗികമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് പാട്ടക്കാരെ ലഭിച്ചില്ല, ഇത് ഫലപ്രദമല്ലാത്ത ചെലവിന് കാരണമായി.
- എസ്റ്റിമേറ്റിലെ ആവർത്തിച്ചുള്ള തിരുത്തലുകൾ, തർക്കങ്ങൾ, അപര്യാപ്തമായ പദ്ധതി മാനേജ്മെന്റ് എന്നിവ കാരണം ₹25.70 കോടി ചെലവഴിച്ചിട്ടും കൊച്ചി കോർപ്പറേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 17 വർഷത്തിനുശേഷവും അപൂർണ്ണമായി തുടർന്നു. കൂടാതെ, കെട്ടിടത്തിലെ വെള്ളക്കെട്ട് പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നത്, ആസൂത്രണത്തിന്റെയും മേൽനോട്ടത്തിന്റെയും അപര്യാപ്തതയെ സൂചിപ്പിക്കുന്നു.
- തിരഞ്ഞെടുത്ത ഏഴ് യുഎൽബികളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ, ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ തുടങ്ങിയ പ്ലാന്റുകളും യന്ത്രങ്ങളും ഉപയോഗശൂന്യമായി കിടന്നതിന്റെ ഫലമായി ₹2.66 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടായി.
- കോർപ്പറേഷനുകളിലെ 43.05 ശതമാനം വാഹനങ്ങളും മുനിസിപ്പാലിറ്റികളിലെ 24.88 ശതമാനം വാഹനങ്ങളും പ്രവർത്തനരഹിതമാണെന്ന് ഓഡിറ്റിൽ കണ്ടെത്തി. പ്രവർത്തനരഹിതമായ വാഹനങ്ങളുടെ അനുപാതം തൃശ്ശൂർ കോർപ്പറേഷനിലെ 17.65 ശതമാനം മുതൽ കൊച്ചി കോർപ്പറേഷനിലെ 74.12 ശതമാനം വരെ എന്ന പരിധിയിൽ ആയിരുന്നു. എസ്റ്റിമേറ്റ് അംഗീകരിക്കൽ, വർക്ക് ഓർഡർ നൽകൽ, വർക്ക്ഷോപ്പിലേക്ക് പണം നൽകൽ തുടങ്ങി വിവിധ തലങ്ങളിൽ കൊച്ചി കോർപ്പറേഷൻ കാലതാമസം വരുത്തിയതിനാൽ വാഹനങ്ങൾ ഏഴ് വർഷം വരെ പ്രവർത്തനരഹിതമായി കിടന്ന് അവയ്ക്ക് പരിഹരിക്കാനാകാത്ത കേടുപാടുകൾ ഉണ്ടാക്കുന്നതിനും പൊതുജനങ്ങളുടെ പണം നഷ്ടപ്പെടുന്നതിനും കാരണമായി.

(അദ്ധ്യായം V)

നഗര തദ്ദേശസ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

അംഗീകൃത ഏജൻസികൾ വഴി നടത്തിയ പ്രവൃത്തികൾക്ക് കോഴിക്കോട് കോർപ്പറേഷനും, പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളും സർക്കാർ ഉത്തരവുകൾ ലംഘിച്ച് ഉയർന്ന നിരക്കിൽ സെന്റേജ് ചാർജ് നൽകിയത് ₹50.35 ലക്ഷം അധികമായി നല്കുന്നതിന് കാരണമായി.

(ഖണ്ഡിക 6.1)

ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്, 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെയും മൂല്യവർദ്ധിത നികുതി ഉൾപ്പെട്ട വില സൂചികയുടെയും അടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് കരാർ നൽകുകയും പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യത്തിന് 12 ശതമാനം ജിഎസ്ടി കൂട്ടുതലായി നൽകുകയും ചെയ്തതിലൂടെ പാലക്കാട്, കോട്ടക്കൽ, കാസർഗോഡ് മുനിസിപ്പാലിറ്റികൾ അക്രഡിറ്റഡ് ഏജൻസികൾക്ക് ₹68.61 ലക്ഷം അധിക ജിഎസ്ടി നൽകുന്നതിന് കാരണമായി.

(ഖണ്ഡിക 6.3)

അദ്ധ്യായം – I

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അതിന്റെ ഓഡിറ്റിനെയും കുറിച്ചുള്ള ആമുഖം

അദ്ധ്യായം I
സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അതിന്റെ ഓഡിറ്റിനെയും കുറിച്ചുള്ള ആമുഖം

1.1 ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നും എഴുപത്തിനാലും ഭേദഗതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകുകയും അവയ്ക്ക് ഏകീകൃത ഘടന, ക്രമമായ തിരഞ്ഞെടുപ്പ്, നിയതമായ ധനാഗമം എന്നിവ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. ഈ ഭേദഗതികളെ തുടർന്ന് മൂന്നാംതല സർക്കാരായി പ്രവർത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സംസ്ഥാന നിയമസഭ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ നിയമം) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെഎം നിയമം) പാസാക്കി. ഭരണഘടനാ ഭേദഗതികളിലൂടെ അവതരിപ്പിച്ച പതിനൊന്നാമത്തെയും പന്ത്രണ്ടാമത്തെയും പട്ടികകൾ പ്രകാരം സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന തരത്തിലുള്ള അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും സംസ്ഥാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചു. ഭരണഘടനയും വിവിധ നിയമങ്ങളും നൽകിയ അധികാരങ്ങൾ നിറവേറ്റുന്നതിന്, ഭരണഘടനയുടെ പതിനൊന്നും പന്ത്രണ്ടും പട്ടികകളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ ഉൾപ്പെടെ, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾക്ക് രൂപരേഖകൾ തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യമാണ്. ഭരണഘടനയും നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തന മേഖലയിൽ സ്വയം ഭരണാവകാശവും സ്വാതന്ത്ര്യവും നൽകുമ്പോൾ, ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതു മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്.

1.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപരേഖ

2024 മാർച്ചിൽ കേരളത്തിൽ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്നു. അവയുടെ വിസ്തീർണ്ണം, വാർഡുകൾ/ഡിവിഷനുകൾ, ജനസംഖ്യ മുതലായവയുടെ വിശദാംശങ്ങൾ **പട്ടിക 1.1ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 1.1: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിസ്തീർണ്ണം, ജനസംഖ്യ, ജനസാന്ദ്രത മുതലായവ

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലം	എണ്ണം	വാർഡുകളുടെ എണ്ണം	വിസ്തീർണ്ണം (ചതുരശ്ര. കി.മീ)	ജനസംഖ്യ (2011 സെൻസസ് പ്രകാരം)	ഒരു ചതുരശ്ര കി.മീറ്ററിലെ ജനസാന്ദ്രത
1	മുനിസിപ്പൽ കോർപ്പറേഷനുകൾ	6	414	682.55	31.17	4566.70
2	മുനിസിപ്പാലിറ്റികൾ	87	3113	2374.57	45.09	1898.87
3	ജില്ലാപഞ്ചായത്തുകൾ	14	331	35805.39	258.41	721.71
4	ബ്ലോക്ക് പഞ്ചായത്തുകൾ	152	2080			
5	ഗ്രാമപഞ്ചായത്തുകൾ	941	15962			

(ഉറവിടം : സാമ്പത്തിക അവലോകനം 2023 കേരളം)

1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫണ്ടിന്റെ വരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും ഉൾപ്പെടുന്ന തനത് വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട്, കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകൾ, സംസ്ഥാന സർക്കാരിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റുകൾ നൽകുന്നു. 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 1.2ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 1.2: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ

(₹ കോടിയിൽ)

വിഭവങ്ങൾ	2018-19	2019-20	2020-21	2021-22	2022-23
ആകെ തനതു വരുമാനം	1671.77	1504.03	1581.64	1603.47	2200.93
ആകെ സംസ്ഥാന ഫണ്ട്	14405.01	11208.52	12707.78	11684.97	13435.97
ആകെ കേന്ദ്രസർക്കാർ ഗ്രാന്റുകൾ	5351.57	6046.39	8228.34	7197.92	7298.53
മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം : വായ്പകൾ	1623.14	1045.54	403.80	168.42	375.17
ആകെ വരുമാനം	**23051.49**	**19804.48**	**22921.56**	**20654.78**	**23310.60**

(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ഫിനാൻസ് കമ്മീഷൻ സെൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, കേരള നഗരഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ (കുടുംബശ്രീ) എന്നിവരിൽ നിന്ന് ലഭിച്ച വിവരങ്ങൾ)

2018–19 മുതൽ 2022–23 വരെയുള്ള കാലയളവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ ഘടന ശതമാനാടിസ്ഥാനത്തിൽ **ചാർട്ട് 1.1ൽ** കാണിച്ചിരിക്കുന്നു:

ചാർട്ട് 1.1: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ



- 2022-23 കാലയളവിൽ, മൊത്തം വരുമാനത്തിൽ, സംസ്ഥാന, കേന്ദ്ര, തനത് വരുമാനങ്ങളുടെയും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനങ്ങളുടെയും ശതമാനം യഥാക്രമം 57.64, 31.31, 9.44, 1.61 ആയിരുന്നു.
- ആകെ വരുമാനത്തിൽ കേന്ദ്രസർക്കാർ ഗ്രാന്റിന്റെ വിഹിതം 2018-19 ൽ 23.22 ശതമാനത്തിൽ നിന്ന് 2022-23 ൽ 31.31 ശതമാനമായി വർദ്ധിച്ചു.
- ആകെ വരുമാനത്തിൽ സംസ്ഥാന ഗ്രാന്റുകളുടെ വിഹിതം 2018-19 ൽ 62.49 ശതമാനത്തിൽ നിന്നും 2022-23 ൽ 57.64 ശതമാനമായി കുറഞ്ഞു.

പിആർഐകളുടെയും യുഎൽബികളുടെയും വിഭവങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ യഥാക്രമം അദ്ധ്യായം II ലും അദ്ധ്യായം IV ലും നൽകിയിരിക്കുന്നു.

1.4 ചുമതലകളുടെ കൈമാറ്റത്തിന്റെ സ്ഥിതിയും തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത മറ്റ് പ്രധാന പ്രവർത്തനങ്ങളും

കെപിആർ നിയമവും, കെഎം നിയമവും അനുസരിച്ച് ഈ നിയമങ്ങളുടെ പട്ടികയിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. കൂടാതെ പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളുടെ പൂർണമായ ഭരണാധികാരം അവർക്ക് മാത്രമാണെന്നും അതുമായി ബന്ധപ്പെട്ട് സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക നീതിക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്നും വ്യവസ്ഥ ചെയ്യുന്നു.

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യണമെന്ന് ഈ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഒരോ തലത്തിലും കൈമാറിയ ചുമതലകൾ പരസ്പരം അതിക്രമിക്കാത്ത വിധത്തിലായിരിക്കണം വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറേണ്ടത്.

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പിആർഐകളുമായി ബന്ധപ്പെട്ട 29 ചുമതലകൾ (**അനുബന്ധം 1.1**) ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ 26 ചുമതലകൾ സർക്കാർ പിആർഐകൾക്ക് കൈമാറി (1995 സെപ്റ്റംബർ). അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ യുഎൽബികളുമായി ബന്ധപ്പെട്ട 18 ചുമതലകൾ (**അനുബന്ധം 1.2**) ഉൾപ്പെട്ടിരിക്കുന്നു. അതിൽ 14 ചുമതലകൾ സർക്കാർ കൈമാറിയിട്ടുണ്ട്. പിആർഐകൾക്കും യുഎൽബികൾക്കുമുള്ള ചുമതലകളുടെ കൈമാറ്റത്തെക്കുറിച്ച് യഥാക്രമം II-ാം അദ്ധ്യായത്തിലും IV-ാം അദ്ധ്യായത്തിലും വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

ഭരണപരവും ചുമതലാപരവുമായ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുജനസേവന സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, ഡിസ്പെൻസറികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, അംഗനവാടികൾ, ജില്ലാ ഫാമുകൾ, മൃഗസംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾക്കും പ്രവർത്തനങ്ങൾക്കും പുറമേ, വികസന പരിപാടികൾ നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന പദ്ധതികളും ഏറ്റെടുക്കാറുണ്ട്. എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും ക്ഷേമപെൻഷൻ പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പാക്കുന്നത്.

1.5 ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരവും രീതിശാസ്ത്രവും

1.5.1 ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം

1.5.1.1 ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന് (സിഎജി) ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ 149-ഉം 151-ഉം അനുച്ഛേദങ്ങൾ അനുസരിച്ചും 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമവുമനുസരിച്ചാണ് (സിഎജിയുടെ ഡിപിസി നിയമം). സിഎജിയുടെ ഡിപിസി ആക്ടിലെ സെക്ഷൻ 14, 15, 20(1) എന്നിവ[1] സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്താൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ അധികാരപ്പെടുത്തുന്നു. വിവിധതരം ഓഡിറ്റുകളുടെ തത്വങ്ങളും രീതിശാസ്ത്രങ്ങളും സിഎജി പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷൻസിലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

സിഎജിയുടെ ഡിപിസി നിയമത്തിലെ സെക്ഷൻ 20 (1) ഉം 2020ലെ ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷൻസിലെ സെക്ഷൻ 120-ഉം അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനുള്ള ചുമതല സിഎജിയെ ഏൽപ്പിച്ചിരിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകാനുള്ള ചുമതല സിഎജിയെ 2024 മാർച്ച് മാസം വരെ കേരളസർക്കാർ ഏൽപ്പിച്ചു.

1.5.1.2 പ്രാഥമിക ഓഡിറ്റ് സ്ഥാപനങ്ങളുടെ ഓഡിറ്റ്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1994, കേരള പഞ്ചായത്ത് രാജ് നിയമം, 1994, കേരള മുനിസിപ്പാലിറ്റി നിയമം, 1994 എന്നിവ പ്രകാരം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ (കെഎസ്എഡി) ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപ്രകാരമുള്ള ഓഡിറ്ററാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം കെഎസ്എഡിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, 1996, ഓഡിറ്റ് നടത്തേണ്ട രീതി, ഓഡിറ്റ് റിപ്പോർട്ടുകളുടെ രൂപവും ഉള്ളടക്കവും, ചാർജിനും സർചാർജിനുമുള്ള നടപടിക്രമം എന്നിവ വ്യവസ്ഥചെയ്യുന്നു. കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് കെഎസ്എഡി പ്രവർത്തിക്കുന്നത്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ അടങ്ങിയ വാർഷിക ധനകാര്യ പത്രികകൾ തയ്യാറാക്കുകയും അടുത്ത സാമ്പത്തിക വർഷത്തിലെ ജൂലായ് 31ന് മുൻപ് അവരുടെ അക്കൗണ്ടുകൾ കെഎസ്എഡിയിൽ സമർപ്പിക്കുകയും വേണം. അക്കൗണ്ടുകൾ ലഭിച്ച് ആറ് മാസത്തിനുള്ളിൽ കെഎസ്എഡി അക്കൗണ്ടുകളുടെ ഓഡിറ്റ് പൂർത്തിയാക്കുകയും ഓഡിറ്റ് പൂർത്തിയായ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് നൽകുകയും വേണം. 2022-23 വർഷത്തെ അക്കൗണ്ടുകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത തീയതിക്ക് കെഎസ്എഡിക്കു ലഭിക്കുകയും അവയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ കെഎസ്എഡി നൽകുകയും ചെയ്തു (2024 ജൂൺ).

[1] സെക്ഷൻ 14: കേന്ദ്രത്തിൽ നിന്നോ സംസ്ഥാനത്തിൽ നിന്നോ ഗണ്യമായി ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളുടെയോ അതോറിറ്റികളുടെയോ വരവുകളുടെയും ചെലവുകളുടെയും ഓഡിറ്റ്
സെക്ഷൻ 15: മറ്റ് അതോറിറ്റികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്ന ധനസഹായങ്ങളുടെയോ വായ്പകളുടെയോ കാര്യത്തിൽ സിഎജിയുടെ ചുമതലകൾ
സെക്ഷൻ 20(1): ഏതാനും അതോറിറ്റികളുടെയോ സ്ഥാപനങ്ങളുടെയോ അക്കൗണ്ടുകളുടെ ഓഡിറ്റ്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (സെക്ഷൻ 23), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ (ചട്ടം 25) എന്നിവ പ്രകാരം, എല്ലാ വർഷവും സെപ്റ്റംബർ 30ന് മുമ്പ് ഡയറക്ടർ മുൻ സാമ്പത്തികവർഷത്തിൽ ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ ഒരു സമാഹൃത റിപ്പോർട്ട്, സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്ന വിശദാംശങ്ങൾ ഉൾപ്പെടുത്തി സർക്കാരിന് അയക്കണം. 2022-23 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2024 ജനുവരി 31ന് നിയമസഭയിൽ സമർപ്പിച്ചു. ലോക്കൽ ഫണ്ട് അക്കൗണ്ടുകൾക്കായുള്ള നിയമസഭാ സമിതി സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുന്നു.

1.5.2 ഓഡിറ്റിന്റെ രീതിശാസ്ത്രം

1.5.2.1 ഓഡിറ്റിന്റെ ജില്ലാ - കേന്ദ്രീകൃത സേവന വിതരണ അധിഷ്ഠിത സമീപനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് നിലവിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിന്റെ നിലവാരം വിലയിരുത്തുന്നതിനും, ഈ സേവനങ്ങൾ അവയുടെ അധികാര പരിധിയിലുള്ള അടിസ്ഥാന തലത്തിലുള്ള പൗരൻമാരെ എത്രത്തോളം അനുകൂലമായി സ്വാധീനിച്ചുവെന്ന് വിലയിരുത്തുന്നതിനുമാണ്.

ഒരു ജില്ലയിലെ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന വിതരണം ആഴത്തിൽ വിലയിരുത്തി സമഗ്രമായ ഒരു നിഗമനത്തിലെത്തുന്നതിന് വേണ്ടിയുള്ള ജില്ലാ കേന്ദ്രീകൃത സമീപനമാണ് പൊതുവേ ഓഡിറ്റിനായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പിൾ യൂണിറ്റുകളിൽ സ്വീകരിക്കാൻ ശ്രമിച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് ശ്രദ്ധിച്ച പ്രധാന്യമുള്ള മറ്റ് പ്രശ്നങ്ങളും ആവശ്യമായ പരിഹാര നടപടികൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമെ, വലിയ മുനിസിപ്പൽ കോർപ്പറേഷനുകളെ ഒറ്റപ്പെട്ട സ്ഥാപനങ്ങളായി കണ്ട് അവയുടെ പ്രവർത്തനങ്ങൾ, കാര്യക്ഷമത, അനുവർത്തനവിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ബാധകമായതെല്ലാം ഓഡിറ്റ് ചെയ്തിട്ടുണ്ട്.

1.6 റിപ്പോർട്ടിന്റെ ഘടന

റിപ്പോർട്ട് താഴെപ്പറയുന്ന അദ്ധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു:

അദ്ധ്യായം II – പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം

അദ്ധ്യായം III – പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ്

അദ്ധ്യായം IV – നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം

അദ്ധ്യായം V – നഗര തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

അദ്ധ്യായം VI – നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

അദ്ധ്യായം VII – നഗര തദ്ദേശ സ്ഥാപനങ്ങളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ്

1.7 ഓഡിറ്റിന്റെ മാനദണ്ഡങ്ങളും വ്യാപ്തിയും

ചുമതലകളുടെ വികേന്ദ്രീകരണത്തിന്റെ അവസ്ഥയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫണ്ടിന്റെ വിന്യാസവും, എസ്സിഎസ്പി, ടിഎസ്പി എന്നിവയ്ക്ക് കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നത്, യുഎൽബികളുടെ ആസ്തി പരിപാലനം എന്നിവ വിശകലനം ചെയ്യുക എന്നതായിരുന്നു ഓഡിറ്റിന്റെ പ്രധാന ലക്ഷ്യം.

ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയിൽ നിന്നാണ് ഉരുത്തിരിഞ്ഞത്:-

- കേരള പഞ്ചായത്ത് രാജ് നിയമം, 1994
- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2008
- കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011
- കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ, 2000
- കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനുള്ള മാനുവൽ, 2017
- സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ

1.8 കൃതജ്ഞത

കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ്, പരിശോധന നടത്തിയ യുഎൽബികൾ, പിആർഐകൾ എന്നിവർ വേണ്ട സഹകരണവും സഹായവും നല്കിയതിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഭാഗം – I

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ (പിആർഐ)

അദ്ധ്യായം II

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം

2.1 ആമുഖം

1992ലെ 73-ാമത് ഭരണഘടനാ ഭേദഗതിനിയമം രാജ്യത്തെ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകി. പഞ്ചായത്ത് രാജ് സംവിധാനം എന്നത് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ത്രിതല സംവിധാനമാണ്. 73-ാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ, കേരള സർക്കാർ 1994-ൽ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ നിയമം) നടപ്പിലാക്കി. ഇത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് (പിആർഐ) സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനും ആസൂത്രിത വികസനത്തിനും തദ്ദേശ ഭരണ കാര്യങ്ങളിൽ ജനങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഉതകുന്ന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകി. 73-ാമത് ഭരണഘടനാ ഭേദഗതി നിയമം പതിനൊന്നാം പട്ടിക അവതരിപ്പിക്കുകയും അതിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ പിആർഐകളെ ഏൽപ്പിക്കാവുന്ന ചുമതലകളാണെന്ന് കണ്ടെത്തുകയും ചെയ്തു.

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും ഉണ്ട്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഓരോ തലവും മറ്റൊന്നിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള പിആർഐകളുടെ എണ്ണം ജനസംഖ്യ, പ്രതിശീർഷ വരുമാനം എന്നിവ **പട്ടിക 2.1ൽ** നൽകിയിരിക്കുന്നു:

പട്ടിക 2.1: ജില്ല തിരിച്ചുള്ള പിആർഐകളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	ജില്ല	ഗ്രാമീണ ജനസംഖ്യ (ലക്ഷത്തിൽ)	പ്രതിശീർഷ വരുമാനം (₹) (ജില്ല)	പിആർഐകളുടെ വിശദാംശങ്ങൾ		
				ഗ്രാമ പഞ്ചായത്തുകൾ	ബ്ലോക്ക് പഞ്ചായത്തുകൾ	ജില്ല പഞ്ചായത്തുകൾ
1	തിരുവനന്തപുരം	15.30	145214	73	11	1
2	കൊല്ലം	14.48	180947	68	11	1
3	പത്തനംതിട്ട	10.65	113425	53	8	1
4	ആലപ്പുഴ	9.79	195817	72	12	1
5	കോട്ടയം	14.09	171528	71	11	1
6	ഇടുക്കി	10.57	149686	52	8	1
7	എറണാകുളം	10.48	202863	82	14	1
8	തൃശ്ശൂർ	10.25	164800	86	16	1
9	പാലക്കാട്	21.33	130112	88	13	1
10	മലപ്പുറം	22.96	109422	94	15	1
11	കോഴിക്കോട്	10.13	136648	70	12	1
12	വയനാട്	7.88	104305	23	4	1
13	കണ്ണൂർ	8.82	145441	71	11	1
14	കാസർഗോഡ്	7.98	127641	38	6	1
ആകെ				**941**	**152**	**14**

(ഉറവിടം : 2023ലെ സാമ്പത്തിക അവലോകനവും 2023ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിച്ച തദ്ദേശകവും)

2.2 സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം

കെപിആർ നിയമം, 1994 നടപ്പിലാക്കിയതിനെത്തുടർന്ന് പഞ്ചായത്തിന്റെ പൊതുവായ വികസനത്തിനായി ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാറുകൾ എന്നിവയിലൂടെ എല്ലാ വിഭാഗം ജനങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കി വികസന പരിപാടികൾ താഴെത്തട്ടിൽ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും പിആർഐകൾ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. എല്ലാ വർഷവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർന്നുള്ള വർഷത്തേക്കുള്ള ഒരു വികസന പദ്ധതി തയ്യാറാക്കുകയും, അത് ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരത്തിനായി സമർപ്പിക്കുകയും വേണം. വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഡിപിസി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരാണ് പദ്ധതി രൂപീകരണപ്രക്രിയയിലും അതിന്റെ നടത്തിപ്പിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ അഥവാ ഗ്രൂപ്പുകൾ.

കെപിആർ നിയമം അനുസരിച്ച്, നിയമത്തിന്റെ ബന്ധപ്പെട്ട പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് തങ്ങളുടെ അധികാര പരിധിയിൽ ഉള്ള പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട ചുമതല പിആർഐകൾക്കാണ്. പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളുടെ പൂർണ്ണമായ ഭരണാധികാരം പിആർഐകൾക്ക് മാത്രമാണെന്നും അതുമായി ബന്ധപ്പെട്ട് സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും പിആർഐകൾ ആണെന്നും വ്യവസ്ഥ ചെയ്യുന്നു.

2.3 ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി (പിആർഐകൾ) ബന്ധപ്പെട്ട 29 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു (**അനുബന്ധം 1.1**). സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് കെപിആർ നിയമം വിഭാവനം ചെയ്യുന്നു. കെപിആർ നിയമം അധികാരപ്പെടുത്തിയതനുസരിച്ച് ഇതിലെ 26 ചുമതലകൾ സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറി (1995 സെപ്റ്റംബർ). ചെറുകിട വനഉല്പന്നങ്ങൾ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പിലാക്കൽ എന്നീ ചുമതലകൾ ഇനിയും പിആർഐകൾക്ക് കൈമാറാനുണ്ട്. 1995 ഒക്ടോബർ 02 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ ഉദ്യോഗസ്ഥരോടൊപ്പം കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട് ആസ്തികൾ, ബാധ്യതകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവയും സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറി. എന്നിരുന്നാലും, കൈമാറ്റം ചെയ്യപ്പെട്ട 26 ചുമതലകളിൽ അഞ്ചെണ്ണത്തിൽ മാത്രമേ പിആർഐകൾക്ക് പൂർണ്ണ ഉത്തരവാദിത്തമുണ്ടായിരുന്നുള്ളൂവെന്നും 12 ചുമതലകളിൽ അവർക്ക് പരിമിതമായ പങ്കോ അല്ലെങ്കിൽ ഒരു പങ്കുമില്ലാതിരുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഒൻപത് ചുമതലകളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും സമാന്തരമായി പദ്ധതികൾ നടപ്പിലാക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 2.2ൽ** നൽകിയിരിക്കുന്നു:

പട്ടിക 2.2: പിആർഐകൾക്ക് ചുമതലകൾ കൈമാറിയതിന്റെ സ്ഥിതി

ക്രമ നമ്പർ	ഉത്തരവാദിത്തം	ചുമതലകൾ
1	**പൂർണ്ണ അധികാരം/ പ്രധാന സ്ഥാനം**	1. റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, കടത്ത്, ജലപാതകൾ, മറ്റ് ഗതാഗത മാർഗ്ഗങ്ങൾ 2. സാമൂഹിക ആസ്തികളുടെ പരിപാലനം 3. ഗ്രാമ ഭവന നിർമ്മാണം 4. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി 5. ചന്തകളും വിപണനമേളകളും

ക്രമ നമ്പർ	ഉത്തരവാദിത്തം	ചുമതലകൾ
2	**പരിമിതമായ സ്ഥാനം**	1. ചെറുകിട ജലസേചനം, ജല പരിപാലനം, നീർത്തട വികസനം 2. മത്സ്യബന്ധനം 3. ചെറുകിട വ്യവസായം, ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ ഉൾപ്പെടെ 4. ഖാദി, ഗ്രാമീണ, കുടിൽ വ്യവസായങ്ങൾ 5. കുടിവെള്ളം 6. പരമ്പരാഗതമല്ലാത്ത ഊർജ്ജസ്രോതസ്സുകൾ 7. സാങ്കേതിക പരിശീലനവും തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസവും 8. പ്രായപൂർത്തിയായവർക്കുള്ളതും അനൗപചാരികവുമായ വിദ്യാഭ്യാസം 9. ഗ്രന്ഥശാലകൾ 10. കുടുംബ ക്ഷേമം 11. ദുർബലവിഭാഗങ്ങളുടെ ക്ഷേമം, പ്രത്യേകിച്ച്, പട്ടിക ജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും
3	**സ്ഥാനമില്ല**	1. പൊതുവിതരണ സംവിധാനം
4	**അധികാരപരിധിയുടെ ഓവർലാപ്പിംഗ് – പിആർഐകളും സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പാക്കുന്ന പദ്ധതികൾ**	1. കൃഷി, കാർഷിക വിപുലീകരണം ഉൾപ്പെടെ 2. മൃഗസംരക്ഷണം, ക്ഷീരോൽപാദനം, കോഴി വളർത്തൽ 3. സാമൂഹ്യവനവൽക്കരണവും കാർഷികവനവൽക്കരണവും 4. വിറകും കാലിത്തീറ്റയും 5. വിദ്യാഭ്യാസം, പ്രൈമറി സെക്കൻഡറി വിദ്യാലയങ്ങൾ ഉൾപ്പെടെ 6. സാംസ്കാരിക പ്രവർത്തനങ്ങൾ 7. ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ എന്നിവ ഉൾക്കൊള്ളുന്ന ആരോഗ്യവും ശുചീകരണവും 8. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം 9. അംഗവൈകല്യമുള്ളവരുടേതും ബുദ്ധിമാന്ദ്യമുള്ളവരുടേതും ഉൾപ്പെടെ സാമൂഹ്യക്ഷേമം
5	**കൈമാറാത്ത ചുമതലകൾ**	1. ചെറുകിട വനോൽപ്പന്നം 2. ഭൂമിമെച്ചപ്പെടുത്തൽ, ഭൂപരിഷ്കരണങ്ങൾ നടപ്പിലാക്കൽ, ഭൂമി സംയോജനം, മണ്ണ് സംരക്ഷണം 3. ഗ്രാമീണ വൈദ്യുതീകരണം, വൈദ്യുതി വിതരണം ഉൾപ്പെടെ

(ഉറവിടം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ)

2.3.1 പദ്ധതികളുടെ സമാന്തര നിർവ്വഹണം

പ്രവർത്തനങ്ങളുടെ വ്യക്തമായ അതിർത്തി നിർണ്ണയത്തിന്റെ അഭാവത്തിൽ ചുമതലകളുടെ ഓവർലാപ്പിംഗ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പിആർഐകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈമാറ്റം ചെയ്ത് കിട്ടിയ ചുമതലകളിൽപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പിലാക്കി. പിആർഐകൾ വഴി നടപ്പിലാക്കുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നിവയുമായി ബന്ധപ്പെട്ട മിക്കവാറും എല്ലാ പ്രവർത്തനങ്ങളും അതത് വകുപ്പുകളും സമാന്തരമായി നടപ്പിലാക്കി.

ഗുണഭോക്തൃകേന്ദ്രീകൃത പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അതത് വാർഡ് പ്രദേശത്തെ യോഗ്യരായ അപേക്ഷകരെ കണ്ടെത്തി ഉൾപ്പെടുത്തേണ്ട ചുമതല വാർഡ് സഭകൾക്കാണെന്ന് കെപിആർ നിയമം അനുശാസിക്കുന്നു. പദ്ധതികൾ സർക്കാർ സമാന്തരമായി നടപ്പിലാക്കുന്നതിന്റെ ഫലമായി വകുപ്പുതല പദ്ധതികൾക്കായി ഗുണഭോക്താക്കളെ വകുപ്പുതല ഉദ്യോഗസ്ഥർ തിരഞ്ഞെടുക്കുന്നു. വകുപ്പുതല ഉദ്യോഗസ്ഥർ തയ്യാറാക്കിയ

ഗുണഭോക്തൃ പട്ടികകൾ വാർഡ് സഭകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ, അത്തരം തിരഞ്ഞെടുപ്പിൽ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. പിആർഐകളും സർക്കാർ വകുപ്പുകളും സമാനസ്വഭാവമുള്ള പദ്ധതികൾ സമാന്തരമായി നടപ്പാക്കുന്നത്, പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ പിആർഐകളുടെയും വകുപ്പുകളുടെയും ഉത്തരവാദിത്തം ദുർബ്ബലമാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ ഉൾപ്പെട്ട പദ്ധതികൾ വകുപ്പുകൾ തുടർന്നും നടപ്പിലാക്കുന്നത്, പിആർഐകളുടെ സ്വയംഭരണ അധികാരം കുറയ്ക്കുന്നതിലൂടെ വികേന്ദ്രീകരണ ആദർശങ്ങൾക്ക് എതിരാണ്.

2.3.2 കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പിആർഐകളുടെ അധികാരങ്ങളുടെയും ചുമതലകളുടെയും കാര്യത്തിലുള്ള അവ്യക്തത

കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പിആർഐകളുടെ അധികാരങ്ങളും ചുമതലകളും സംസ്ഥാനം വ്യക്തമായി നിശ്ചയിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച നല്കിയ ചുമതലകൾ നിർവ്വഹിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പാരാസ്റ്റാറ്റലുകൾ ഉൾപ്പെടെ തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ വ്യക്തതയില്ല. കൈമാറ്റം ചെയ്യപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും മാതൃ സർക്കാർ വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലാണ്. ജീവനക്കാരെ നിയമിക്കുന്നതും സ്ഥലം മാറ്റുന്നതും അവരുടെ ശമ്പളം നൽകുന്നതും സർക്കാരാണ്. അതിനാൽ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഭരണത്തിൽ പിആർഐകളുടെയും മാതൃവകുപ്പുകളുടെയും ഇരട്ട നിയന്ത്രണം നിലനിൽക്കുന്നു.

2.3.3 ഉദ്യോഗസ്ഥരുടെ കൈമാറ്റം

കൈമാറ്റം ചെയ്ത ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യോഗ്യതയുള്ളതും പരിശീലനം ലഭിച്ചതുമായ ഉദ്യോഗസ്ഥർ ആവശ്യമാണ്. പിആർഐകളിൽ 1213 ക്ലറിക്കൽ തസ്തികകൾ വേണമെന്ന് 2000 ജൂലൈയിൽ വിലയിരുത്തിയിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്തുകളിൽ 62 ജീവനക്കാരുടെയും ജില്ലാ പഞ്ചായത്തുകളിൽ 33 ജീവനക്കാരുടെയും കുറവുണ്ടായിരുന്നു (2024 ജനുവരി). സാമൂഹ്യനീതി വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ ആരെയും വിന്യസിച്ചിട്ടില്ല (2024 ജനുവരി).

2.4 പിആർഐകളുടെ സംഘടനാ രൂപം

സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ, ഓരോ തലവും മറ്റൊന്നിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ധനകാര്യം, അക്കൗണ്ടുകളുടെ പരിപാലനം, ഓഫീസ് നിർവ്വഹണം, പദ്ധതികളുടെ രൂപീകരണം, സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തിരഞ്ഞെടുപ്പ്, ഗ്രാമസഭയുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ദേശീയ സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്. പ്രസിഡന്റ് ആണ് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മുഖ്യ ഭരണത്തലവൻ. ഓരോ പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെയും മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ അതിന്റെ സെക്രട്ടറിയാണ്. പിആർഐകളിലെ ഓരോ തലത്തിലെയും അംഗങ്ങളാണ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്.

സർക്കാർ 2022 ഒക്ടോബറിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ തലവനാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളായ, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണവകുപ്പ്, തദ്ദേശ

സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവയും മുനിസിപ്പൽ കോമൺ സർവ്വീസും സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് കോമൺ സർവ്വീസ് രൂപീകരിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നിവ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (റൂറൽ) എന്നീ രണ്ട് വിഭാഗങ്ങൾ രൂപീകരിച്ചു. തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിഭാഗം എന്നും നഗര-ഗ്രാമാസൂത്രണ വിഭാഗത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം എന്നും പുനർനാമകരണം ചെയ്തു. സർക്കാർ തലത്തിലും പിആർഐ തലത്തിലുമുള്ള സംഘടനാഘടന **ചാർട്ട് 2.1ൽ** നൽകിയിരിക്കുന്നു.

ചാർട്ട് 2.1: സർക്കാർ തലത്തിലും പിആർഐ തലത്തിലുമുള്ള സംഘടനാഘടന



2.5 വിവിധ കമ്മിറ്റികളുടെ രൂപീകരണം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162-ാം വകുപ്പ് ഓരോ പഞ്ചായത്തിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ രൂപീകരണത്തെക്കുറിച്ചും, 162 ബി ഓരോ പഞ്ചായത്തിലെയും സ്റ്റിയറിംഗ് കമ്മിറ്റികളുടെ രൂപീകരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികൾ

പഞ്ചായത്ത് സമിതികളിൽ പ്രശ്നങ്ങളും നിർദ്ദേശങ്ങളും തീരുമാനമെടുക്കുന്നതിനായി പരിഗണിക്കുന്നതിന് മുമ്പ് അവ സ്റ്റാന്റിംഗ് കമ്മിറ്റികൾ[2] വിശകലനം ചെയ്യുന്നു. ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നാല്[3] സ്റ്റാന്റിംഗ് കമ്മിറ്റികൾ വീതവും ജില്ലാ പഞ്ചായത്തിന് അഞ്ച്[4] സ്റ്റാന്റിംഗ് കമ്മിറ്റികളുമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അവരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഓരോ തീരുമാനവും പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ അടുത്ത പഞ്ചായത്ത് സമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്. ആവശ്യമെങ്കിൽ, പഞ്ചായത്ത് സമിതിക്ക് തീരുമാനങ്ങളിൽ ഭേദഗതി വരുത്താം.

സ്റ്റിയറിംഗ് കമ്മിറ്റി

സ്റ്റിയറിംഗ് കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവർ ഉൾപ്പെടുന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റി.

ജില്ലാ ആസൂത്രണ സമിതി

ഇന്ത്യൻ ഭരണഘടനയുടെ 74-ാം ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ ആർട്ടിക്കിൾ 243 ഇസ്സഡ് ഡി, ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ ഏകീകരിക്കുന്നതിനും ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനുമായി ഓരോ സംസ്ഥാനത്തും ജില്ലാ തലത്തിൽ ഒരു ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 243 ഇസ്സഡ് ഡി പ്രകാരം ഉൾപ്പെടുത്തിയ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53-ാം വകുപ്പ്, ഓരോ ജില്ലയിലേയും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നതിനായി ഒരു ജില്ലാ ആസൂത്രണ സമിതി (ഡിപിസി) രൂപീകരിക്കുന്നത് അനുശാസിക്കുന്നു. ഡിപിസിയുടെ കാലാവധി അഞ്ചു വർഷമാണ്.

പതിനഞ്ച് അംഗങ്ങൾ[5] അടങ്ങിയതാണ് ഡിപിസി. അതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായിരിക്കും ബന്ധപ്പെട്ട ജില്ലയെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗവും (എംപി) നിയമസഭാ അംഗവും (എംഎൽഎ) ആ ജില്ലയിലെ ജില്ലാ ആസൂത്രണ സമിതിയുടെ സ്ഥിരം ക്ഷണിതാക്കളും സർക്കാർ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിമാരും ആണ്. എല്ലാ വർഷവും സെപ്റ്റംബർ 30ന് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ജില്ലയ്ക്കുള്ള പൂർണ്ണമായ കരട് വികസന പദ്ധതി ഡിപിസികൾ തയ്യാറാക്കുകയും കമ്മിറ്റി ചെയർമാൻ അത് സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുകയും ചെയ്യേണ്ടതാണെങ്കിലും, 2018-19 മുതൽ ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

2.6 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള പ്രതികരണം

അക്കൗണ്ടന്റ് ജനറൽ പരിഹാര നടപടികൾക്കായി പുറപ്പെടുവിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് നിർദ്ദിഷ്ട നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് എത്രയും വേഗം

[2] തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും അവർ തിരഞ്ഞെടുക്കുന്ന അംഗങ്ങളാണ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉള്ളത്

[3] (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

[4] (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (5) ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

[5] ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ജില്ലാകളക്ടർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആസൂത്രണ നടത്തിപ്പിൽ ഗണ്യമായ പരിചയമുള്ള ഒരാൾ, ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യ തമ്മിലുള്ള അനുപാതത്തിന് അനുസൃതമായി, ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്ന് പന്ത്രണ്ടു അംഗങ്ങൾ

മറുപടി നൽകാൻ 2010ലും 2017ലും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓഡിറ്റ് തടസ്സങ്ങൾ/പരിശോധനാ റിപ്പോർട്ടുകൾ/കരട് ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയുള്ള നിർദ്ദേശങ്ങളടങ്ങിയ കൈപ്പുസ്തകം വ്യവസ്ഥ ചെയ്യുന്നു. ഓഫീസ് മേധാവികളും തൊട്ടടുത്ത ഉയർന്ന അധികാരികളും പരിശോധനാ റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ പാലിക്കുകയും പോരായ്മകളും, ഒഴിവാക്കലുകളും പരിഹരിക്കുകയും പരിശോധന റിപ്പോർട്ടുകൾ ലഭിച്ച് നാല് ആഴ്ചകൾക്കുള്ളിൽ പരിഹാര നടപടി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും വേണം. 2022-23ലെ കണക്കനുസരിച്ച്, പിആർഐകളിൽ 401 പരിശോധന റിപ്പോർട്ടുകൾ (1941 ഖണ്ഡികകൾ) തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടു. അവശേഷിക്കുന്ന പരിശോധന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 2.1ൽ** നൽകിയിരിക്കുന്നു.

2.6.1 നിയമസഭാ സമിതിയുടെ ചർച്ച

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് വർഷംതോറും നിയമസഭയിൽ വയ്ക്കുന്ന ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകൾ 2003 ഫെബ്രുവരി 18 മുതൽ പ്രാബല്യത്തിൽ വന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുന്നു. കേരള നിയമസഭയിലെ നടപടി ക്രമങ്ങളുടെയും വ്യവഹാര നടത്തിപ്പുകളുടെയും ചട്ടങ്ങൾ അനുസരിച്ച്, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് സ്പീക്കർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു ചുമതലകളും കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

പിആർഐകളുമായി ബന്ധപ്പെട്ട സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ വന്ന എല്ലാ ഖണ്ഡികകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്തു (2024 ജൂൺ).

2.7 ഉത്തരവാദിത്ത സംവിധാനവും ധനകാര്യ റിപ്പോർട്ടിങ്ങും

2.7.1 ഫണ്ടിന്റെ ഉറവിടം

മതിയായ സാമ്പത്തിക സ്രോതസ്സുകളുടെ പിന്തുണയോടെ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക കൈമാറ്റങ്ങളിലൂടെയും കേന്ദ്ര ധനകാര്യകമ്മീഷന്റെ ശിപാർശകൾ പാലിക്കുന്നതിലൂടെയും സ്വന്തം വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിലൂടെയുമാണ് സാമ്പത്തികസ്രോതസ്സുകൾ ലഭിക്കുന്നത്. പിആർഐകളുടെ വിഭവ സ്രോതസ്സുകളിൽ തനത് വരുമാനമായ നികുതി, നികുതിയേതര വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഞ്ചിത നിധിയിൽ നിന്ന് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു. അതായത് ഗ്രാന്റുകൾ (പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട്), സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം എന്നിവ. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ പിആർഐകളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 2.3ൽ** നൽകിയിരിക്കുന്നു.

പട്ടിക 2.3: 2018-23 കാലയളവിലെ പിആർഐകളുടെ വിഭവങ്ങളുടെ ഘടന

(₹ കോടിയിൽ)

വിഭവങ്ങൾ	2018-19	2019-20	2020-21	2021-22	2022-23
തനതു വരുമാനം: i. നികുതി വരുമാനം	587.74	561.47	554.89	422.24	703.39
ii. നികുതിയേതര വരുമാനം	158.70	161.66	150.04	116.27	276.10

വിഭവങ്ങൾ	2018-19	2019-20	2020-21	2021-22	2022-23
ആകെ തനതു വരുമാനം	**746.44**	**723.13**	**704.93**	**538.51**	**979.49**
സംസ്ഥാന ഫണ്ട്: i. പരമ്പരാഗതമായ ചുമതലകൾ	2181.16	1284.29	1354.02	1545.64	1475.79
ii. പരിപാലനത്തിനുള്ള ഫണ്ട് (റോഡ് ആസ്തികളും റോഡിതര ആസ്തികളും)	1905.02	2227.34	2391.65	2656.48	2433.27
iii. വികസനവും പുരോഗതിയും	4308.97	4278.73	4168.01	3901.30	4394.34
iv. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകൾ	2267.48	236.79	361.41	168.57	327.63
v. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം	255.29	210.61	314.98	391.71	768.25
ആകെ സംസ്ഥാന ഫണ്ടുകൾ	**10917.92**	**8237.76**	**8590.07**	**8663.70**	**9399.28**
കേന്ദ്രസർക്കാർ ധനസഹായം: i. കേന്ദ്രാവിഷ്കൃത പദ്ധതികൾ	2609.62	3620.70	4394.40	3716.55	4279.78
ii. വികസനവും പുരോഗതിയും (15-ാമത് ധനകാര്യകമ്മീഷൻ)	904.03	1093.48	2219.94	2113.62	1598.34
ആകെ കേന്ദ്രസർക്കാർ ധനസഹായം	**3513.65**	**4714.18**	**6614.34**	**5830.17**	**5878.12**
മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം : വായ്പകൾ	**1195.95**	**515.12**	**208.65**	**76.61**	**354.31**
ആകെ വരുമാനം	**16373.96**	**14190.19**	**16117.99**	**15108.99**	**16611.20**

(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, കേരള നഗരഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (കെയുആർഡിഎഫ്സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവയിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ലഭിച്ച മൊത്തം വരുമാനത്തിൽ സംസ്ഥാന ഫണ്ടിന്റെ വിഹിതം 66.68 ശതമാനത്തിൽ നിന്നും 56.58 ശതമാനമായി കുറഞ്ഞു. കേന്ദ്രഫണ്ട് 21.46 ശതമാനത്തിൽ നിന്ന് 35.39 ശതമാനമായും തനത് വരുമാനം 4.56 ശതമാനത്തിൽ നിന്ന് 5.90 ശതമാനവും വർദ്ധിച്ചു.

2.7.2 സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകളിൽ പിആർഐകൾ നടത്തിയ ചെലവ്

സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു; അതായത് പൊതു ആവശ്യഫണ്ട്, വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്. സർക്കാരിന്റെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IVൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഫണ്ടുകളുടെ വിഹിതം നൽകിയിരിക്കുന്നു. 2022-23 കാലയളവിൽ അനുവദിച്ച ഫണ്ടുകളുടെയും അവയുടെ ചെലവിന്റെയും വിശദാംശങ്ങൾ **പട്ടിക 2.4ൽ** നൽകിയിരിക്കുന്നു.

പട്ടിക 2.4: 2022–23 കാലയളവിൽ പിആർഐകൾ നടത്തിയ ചെലവ്

(₹ കോടിയിൽ)

ക്രമ നമ്പർ.	ഫണ്ടിന്റെ തരം	അക്കൗണ്ട് ശീർഷകം	അനുവദിച്ച തുക	ചെലവ്	ചെലവഴിക്കാത്ത ബാക്കി തുക
1.	പൊതുആവശ്യ ഫണ്ട്	3604-00-200-83 (03 to 05)	1475.79	1473.98	1.81
2.	മെയിന്റനൻസ് ഫണ്ട് (റോഡിതരം)	3604-00-200-82 (03 to 05)	911.76	721.88	189.88
3.	മെയിന്റനൻസ് ഫണ്ട് (റോഡ്)	3054-80-196-37, 3054-80-198-37	1521.51	999.50	522.01
4.	വികസനവും പുരോഗതിയും	3604-00-200-81 (03,08,13,04,09,14,05,10,15)-35	4394.34	3833.41	560.93
	ആകെ		**8303.40**	**7028.77**	**1274.63**

(ഉറവിടം: സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, സർക്കാർ ഉത്തരവുകൾ, വൗച്ചർ ലെവൽ കംമ്പ്യൂട്ടറൈസേഷൻ സംഖ്യകൾ)

വികസന, മെയിന്റനൻസ് ഫണ്ടുകളായി ആകെ അനുവദിച്ച ₹6827.61 കോടിയിൽ, ₹1272.82 കോടി (18.64 ശതമാനം) സാമ്പത്തിക വർഷാവസാനത്തോടെ കാലഹരണപ്പെട്ടു.

2.7.3 വിഭവങ്ങളുടെ വിനിയോഗം

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ ഉത്പാദന, അടിസ്ഥാന സൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും, മറ്റ് ചെലവുകളും[6] ഉൾപ്പെടുന്നു. 2018–2019 മുതൽ 2022–23 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള വികസന ചെലവ് **പട്ടിക 2.5ൽ** നൽകിയിരിക്കുന്നു.

പട്ടിക 2.5: പിആർഐകളുടെ വിഭവങ്ങളുടെ വിനിയോഗം

(₹ കോടിയിൽ)

മേഖല	2018-19	2019-20	2020-21	2021-22	2022-23	ആകെ
ഉത്പാദന മേഖല	948.82	661.86	1171.34	1009.30	1076.14	4867.46
പശ്ചാത്തല മേഖല	4986.21	4079.69	4699.43	5107.19	5597.12	24469.64
സേവന മേഖല	2387.28	1598.08	3375.56	2144.88	1967.90	11473.70
ആകെ വികസന ചെലവ്	**8322.31**	**6339.63**	**9246.33**	**8261.37**	**8641.16**	**40810.80**

(ഉറവിടം : ഐകെഎം സമർപ്പിച്ച വിവരങ്ങൾ)

- 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്തം വികസന ചെലവ് ₹40810.80 കോടി ആയിരുന്നു. ഉത്പാദനമേഖല, അടിസ്ഥാനസൗകര്യ മേഖല, സേവനമേഖല എന്നിവയിലെ ചെലവിന്റെ ശതമാനം യഥാക്രമം 11.93 ശതമാനം, 59.96 ശതമാനം, 28.11 ശതമാനം എന്നിങ്ങനെ ആയിരുന്നു.

- 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിൽ ഉത്പാദനമേഖലയ്ക്കായി ചെലവഴിച്ച തുക 10.44 ശതമാനം മുതൽ 12.67 ശതമാനം വരെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയവയ്ക്ക് കുറഞ്ഞ പരിഗണനയാണ് നൽകിയതെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

---

[6] ശമ്പളവും ഹോണറേറിയവും, കണ്ടിജൻസി ചെലവ്, മറ്റ് ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ

2.7.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

2018–19 മുതൽ 2022–23 വരെയുള്ള കാലയളവിൽ രൂപീകരിച്ചതും, ഏറ്റെടുത്തതും, പൂർത്തിയാക്കിയതുമായ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ **പട്ടിക 2.6ൽ** നൽകിയിരിക്കുന്നു.

പട്ടിക 2.6: രൂപീകരിച്ച, ഏറ്റെടുത്ത, ചെലവഴിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

വർഷം	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇനം	പദ്ധതികളുടെ എണ്ണം			തുക (₹ കോടിയിൽ)			ചെലവിന്റെ ശതമാനം[7]
		രൂപീകരിച്ചത്	ഏറ്റെടുത്തത്	പൂർത്തിയാക്കിയത്	രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തൽ	ഏറ്റെടുത്ത പദ്ധതികളുടെ ചെലവ്	പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ്	
2018-19	ജിപി	194142	137526	118586	11959.58	6261.91	3924.11	52.36
	ബിപി	16496	12794	10345	1448.24	892.96	726.33	61.66
	ഡിപി	13670	7309	5539	2322.72	1167.04	878.81	50.24
2019-20	ജിപി	207892	118396	82030	12156.81	4985.02	2775.17	41.00
	ബിപി	17422	10123	6254	1415.99	628.27	392.64	44.00
	ഡിപി	14585	5255	3039	2290.63	726.41	340.05	32.00
2020-21	ജിപി	227830	176260	147490	13307.50	6750.16	5144.30	50.72
	ബിപി	19214	16049	12583	1588.88	993.12	752.62	62.50
	ഡിപി	13898	9828	7714	2453.84	1491.89	1086.53	60.80
2021-22	ജിപി	144715	110352	83449	9874.68	5048.72	3370.24	51.13
	ബിപി	13715	11142	7914	1361.28	788.32	549.64	57.91
	ഡിപി	6940	3714	2566	1505.44	836.19	597.25	55.54
2022-23	ജിപി	150456	106911	84267	11194.88	5011.22	3592.75	44.76
	ബിപി	14678	11387	8367	1458.31	865.79	645.91	59.37
	ഡിപി	7267	3682	2266	1562.71	790.22	594.04	50.57
ആകെ		**1062920**	**740728**	**582409**	**75901.49**	**37237.24**	**25370.39**	**49.06**

(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)

- രൂപീകരിച്ച പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികൾ ജിപികളിൽ 57 ശതമാനം മുതൽ 77 ശതമാനം വരെയും ബിപികളിൽ 58 ശതമാനം മുതൽ 84 ശതമാനം വരെയും ഡിപികളിൽ 36 ശതമാനം മുതൽ 71 ശതമാനം വരെയും ആയിരുന്നു.

- നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം ജിപികളിൽ 69 ശതമാനം മുതൽ 86 ശതമാനം വരെയും ബിപികളിൽ 62 ശതമാനം മുതൽ 81 ശതമാനം വരെയും ഡിപികളിൽ 58 ശതമാനം മുതൽ 78 ശതമാനം വരെയും ആയിരുന്നു.

- രൂപീകരിച്ച പദ്ധതികൾക്കായുള്ള ഫണ്ടിന്റെ വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ, ഫണ്ടിന്റെ വിനിയോഗം ജിപികളിൽ 41 ശതമാനം മുതൽ 52 ശതമാനം വരെയും ബിപികളിൽ 44 ശതമാനം മുതൽ 63 ശതമാനം വരെയും ഡിപികളിൽ 32 ശതമാനം മുതൽ 61 ശതമാനം വരെയും ആയിരുന്നു.

---

[7] പദ്ധതികൾക്കായി മൊത്തം വകയിരുത്തിയതിൽ ഏറ്റെടുത്ത പദ്ധതികളുടെ ചെലവിന്റെ ശതമാനം

2.8 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

ഭരണഘടനയുടെ ആർട്ടിക്കിൾ 243ഐ പ്രകാരം, സംസ്ഥാന ധനകാര്യ കമ്മീഷൻ (എസ്എഫ്സി), പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുകയും (i)സംസ്ഥാനം ചുമത്തുന്ന നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ അറ്റാദായം സംസ്ഥാനത്തിനും പഞ്ചായത്തുകൾക്കുമിടയിൽ വിതരണം ചെയ്യൽ, അത്തരം വരുമാനത്തിന്റെ വിഹിതം എല്ലാ പഞ്ചായത്തുകൾക്കുമിടയിൽ വീതിച്ച് നൽകൽ (ii)പഞ്ചായത്തുകൾക്ക് ചുമത്താവുന്നതോ, വിനിയോഗിക്കാവുന്നതോ ആയ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ നിർണ്ണയം (iii) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പഞ്ചായത്തുകൾക്കുള്ള ഗ്രാന്റുകൾ (iv) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികൾ മുതലായ തത്വങ്ങളിൽ ശിപാർശകൾ നൽകുകയും ചെയ്യണം. 1996 മുതൽ 2001 വരെയുള്ള കാലയളവിലേക്ക് വേണ്ടി ആദ്യത്തെ എസ്എഫ്സി രൂപീകരിച്ചത് 1994 ഏപ്രിൽ 23ന് ആണ്. അതിനുശേഷം സംസ്ഥാനത്ത് ആറ് എസ്എഫ്സി കൾ രൂപീകരിച്ചു (2024 മാർച്ച്). അഞ്ചാമത്തെയും ആറാമത്തെയും എസ്എഫ്സി കളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ സ്ഥിതിവിവരം **പട്ടിക 2.7ൽ** നൽകിയിരിക്കുന്നു.

പട്ടിക 2.7: എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചതിന്റെയും നടപ്പാക്കിയതിന്റെയും സ്ഥിതി വിവരം

എസ്എഫ്സി	കാലയളവ്	ആകെ ശിപാർശകൾ	സർക്കാർ അംഗീകരിച്ചത്	മാറ്റിവച്ചത്	അംഗീകരിക്കാത്തത്	ഭാഗീകമായി അംഗീകരിച്ചത്	നടപ്പാക്കിയത്
അഞ്ചാം എസ്എഫ്സി	2016-17 മുതൽ 2020-21 വരെ	103	74	3	26	0	36
ആറാം എസ്എഫ്സി	2021-22 മുതൽ 2025-26 വരെ	136	109	3	20	4	44

(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകളും എസ്എഫ്സി സെൽ, ധനകാര്യവകുപ്പ് സമർപ്പിച്ച വിവരങ്ങളും)

അഞ്ചാം എസ്എഫ്സിയുടെ അംഗീകരിച്ച 74 ശിപാർശകളിൽ 36 ശിപാർശകൾ മാത്രമേ സംസ്ഥാനം നടപ്പാക്കിയിട്ടുള്ളൂ. ആറാം എസ്എഫ്സിയുടെ അംഗീകരിച്ച 109 ശിപാർശകളിൽ 44 ശിപാർശകൾ മാത്രമേ ഇതു വരെ (2024 ഡിസംബർ) നടപ്പാക്കിയിട്ടുള്ളൂ.

2.8.1 ഫണ്ട് കൈമാറ്റത്തിന്റെ സ്ഥിതി

പിആർഐകളുടെ സാമ്പത്തിക സ്രോതസ്സിന്റെ പ്രധാന പങ്ക് എസ്എഫ്സി ശിപാർശ ചെയ്യുന്ന ഗ്രാന്റുകൾക്കാണ്. 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിൽ സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതവും പിആർഐകൾക്ക് യഥാർത്ഥത്തിൽ അനുവദിച്ച ഫണ്ടുകളും **പട്ടിക 2.8ൽ** നൽകിയിരിക്കുന്നു.

പട്ടിക 2.8: 2019-20 മുതൽ 2022-23 വരെ പിആർഐകൾക്ക് നൽകേണ്ടിയിരുന്നതും അനുവദിച്ചതുമായ ഗ്രാന്റുകളുടെ വിശദാംശങ്ങൾ

(₹ കോടിയിൽ)

വർഷം	സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതം	ബജറ്റിൽ യഥാർത്ഥത്തിൽ അനുവദിച്ചത് – അനുബന്ധം IV	സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പിൽ നിന്നും യഥാർത്ഥത്തിൽ അനുവദിച്ചത്[8]	കുറവ് (-)/ അധികം (+) അനുവദിച്ചത്	കുറവ്(-)/ അധികം(+) അനുവദിച്ചതിന്റെ ശതമാനം
2019-20	8022.23	8022.23	7995.49	(-) 26.74	(-) 0.33
2020-21	7735.41	7192.14	7913.68	(+) 178.27	(+) 2.30
2021-22	7922.04	7873.45	8103.43	(+) 181.39	(+) 2.29
2022-23	8332.48	8292.36	8303.39	(-) 29.09	(-) 0.35
ആകെ	**32012.16**	**31380.18**	**32315.99**	**(+) 303.83**	

(ഉറവിടം : എസ്എഫ്സി സെൽ, ധനകാര്യ വകുപ്പ് സമർപ്പിച്ച വിവരങ്ങൾ)

2019-20ലും 2022-23ലും സർക്കാർ യഥാക്രമം ₹26.74 കോടിയും ₹29.09 കോടിയും പിആർഐകൾക്ക് കുറച്ച് അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

2.8.2 ഫണ്ട് അനുവദിച്ചതിലെ കാലതാമസം

ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫണ്ട് അനുവദിച്ചുകൊണ്ടുള്ള അനുമതി സംസ്ഥാനം മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലെ 25-ാം തീയതിക്കു മുമ്പായി നൽകേണ്ടതും അടുത്ത മാസത്തെ ആദ്യ പ്രവൃത്തി ദിവസം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് വിനിയോഗിക്കാവുന്നതുമാണ്. ഒരു സാമ്പത്തിക വർഷത്തിലെ മാർച്ച് 31-നകം ഫണ്ടുകൾ പിൻവലിക്കാതിരുന്നാൽ അവ സ്വയമേ അസാധുവായിത്തീരും. 2022-23ൽ വികസന ഫണ്ടുകൾ അനുവദിക്കുന്നതിലും മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നതിലും യഥാക്രമം 80-ഉം 42-ഉം ദിവസത്തെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. ഫണ്ട് അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് ഉപയോഗപ്രദമാക്കുന്നതിനുള്ള സമയവും കുറച്ചു.

2.9 കേന്ദ്ര ധനകാര്യ കമ്മീഷന്റെ (സിഎഫ്സി) ശിപാർശകളും സിഎഫ്സി ഫണ്ടുകളുടെ വിനിയോഗവും

ഭരണഘടനയുടെ ആർട്ടിക്കിൾ 280(3)(ബി ബി) പ്രകാരം, അതാത് സംസ്ഥാനങ്ങളിലെ എസ്എഫ്സികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ വിഭവങ്ങൾ വർദ്ധിപ്പിക്കാനായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർബന്ധിതമാണ്.

പിആർഐകൾക്ക് ബേസിക് ഗ്രാന്റും പെർഫോമൻസ് ഗ്രാന്റും നൽകാൻ പതിനാലാം സിഎഫ്സി ശിപാർശ ചെയ്തപ്പോൾ, പതിനഞ്ചാം സിഎഫ്സി ബേസിക് ഗ്രാന്റും ടൈഡ് ഗ്രാന്റും നൽകാൻ ശിപാർശ ചെയ്തു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ പിആർഐകൾക്ക് ലഭിച്ച പതിനാലാമത്തെയും, പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 2.9ൽ** കാണിച്ചിരിക്കുന്നു.

---

[8] മുൻവർഷം ചെലവഴിക്കാതെ മിച്ചം വന്ന തുകയുടെ പുനഃഅംഗീകരിച്ച തുക ഉൾപ്പെടെ

പട്ടിക 2.9: 2018-19 മുതൽ 2022-23 വരെ പിആർഐകൾക്ക് ലഭിച്ച പതിനാലാമത്തെയും പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ[9]

(₹ കോടിയിൽ)

വർഷം	ബേസിക് ഗ്രാന്റുകൾ			പെർഫോമൻസ് ഗ്രാന്റുകൾ/ ടൈഡ് ഗ്രാന്റുകൾ			വിനിയോഗം
	കേന്ദ്രസർക്കാർ അനുവദിച്ചത്	കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത്	സംസ്ഥാന സർക്കാർ പിആർഐകൾക്ക് നൽകിയത്	കേന്ദ്ര സർക്കാർ അനുവദിച്ചത്	കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത്	സംസ്ഥാന സർക്കാർ പിആർഐകൾക്ക് നൽകിയത്	
2018-19	802.78	802.78	802.78	101.25	0	101.25	680.43
2019-20	1084.73	1084.73	1084.73	132.57	0	0	493.53
2020-21	814.00	814.00	814.00	814.00	814.00	814.00	1294.00
2021-22	481.20	481.20	481.20	721.80	721.80	721.80	1543.17
2022-23	498.40	498.40	498.40	747.60	747.60	747.60	2395.98
ആകെ	**3681.11**	**3681.11**	**3681.11**	**2517.22**	**2283.40**	**2384.65**	**6407.11**

(ഉറവിടം : എസ്എഫ്സി സെൽ, ധനകാര്യവകുപ്പ് നൽകിയ വിവരങ്ങൾ)

- 2018-19, 2019-20 കാലയളവിലെ ₹233.82 കോടിയുടെ പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ടതായിരുന്നുവെങ്കിലും, ആ തുക ഇന്നുവരെ (2024 മാർച്ച്) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. സംസ്ഥാനം ₹233.82 കോടിയിൽ ₹101.25 കോടി പിആർഐകൾക്ക് അനുവദിച്ചു.

- ധനകാര്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഗ്രാന്റ് സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിനുശേഷം 15 ദിവസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. കാലതാമസമുണ്ടായാൽ ഗഡുവിനോടൊപ്പം റിസർവ്വ് ബാങ്കിന്റെ നിലവിലുള്ള ബാങ്ക് നിരക്കിൽ താമസമുണ്ടായ കാലയളവിലെ പലിശയും സംസ്ഥാന സർക്കാർ സ്വന്തം ഫണ്ടിൽ നിന്ന് നൽകണം. 2019-20 സാമ്പത്തിക വർഷത്തിൽ, ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്[10] ഉള്ള ബേസിക് ഗ്രാന്റിന്റെ ആദ്യ ഗഡുവിന്റെ ബാക്കി തുക അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയതിന് പലിശയായി ₹26.75 ലക്ഷം രൂപ പിആർഐകൾക്ക് വിതരണം ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

2.10 രേഖകളുടെ പരിപാലനം

താഴെത്തട്ടിലുള്ള പിആർഐകൾ ഉയർന്ന തലങ്ങളിലേക്കും, ഉയർന്ന തലങ്ങളിൽ നിന്ന് സർക്കാരിലേക്കും സമർപ്പിക്കുന്നതിനായി കെപിആർ നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന റിപ്പോർട്ടുകൾ/റിട്ടേണുകൾ **പട്ടിക 2.10ൽ** നൽകിയിരിക്കുന്നു.

9 ചെലവഴിക്കാത്ത തുകകളുടെ പുനഃഅംഗീകാരവും ആരോഗ്യമേഖല ഗ്രാന്റും ഇതിൽ ഉൾപ്പെടുന്നില്ല

10 2019 ഓഗസ്റ്റ് 08-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (ആർടി) 6335/2019/ധനം

പട്ടിക 2.10: താഴെ തട്ടിലുള്ള പിആർഐകൾക്ക് ഉയർന്ന തലങ്ങളിലേക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകളും/റിട്ടേണുകളും

താഴെ തട്ടിലുള്ളവ ഉയർന്ന തലങ്ങളിലുള്ളവയ്ക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ/റിട്ടേണുകൾ	റിപ്പോർട്ടുകളും/റിട്ടേണുകളും സമർപ്പിക്കപ്പെടേണ്ട അധികാരി	നിയമവും/ ചട്ടങ്ങളും
ബജറ്റ് (ജിപി, ബിപി, ഡിപി)	സർക്കാരും ജില്ലാ ആസൂത്രണസമിതിയും	കെപിആർ നിയമം-214 (7)
ജിപി, ബിപി, ഡിപികളുടെ വികസന പദ്ധതികൾ	ജില്ലാ ആസൂത്രണ സമിതി	കെപിആർ നിയമം -175 (1)
ജിപിയുടേയും ബിപിയുടേയും ഭരണ റിപ്പോർട്ട്	ജില്ലാ പഞ്ചായത്ത്	കെപിആർ നിയമം -192(3)
ഏകീകൃത ജില്ലാ ഭരണ റിപ്പോർട്ട്	സർക്കാർ	കെപിആർ നിയമം -192(4)
പിആർഐകളുടെ വാർഷിക അക്കൗണ്ടുകൾ	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	കെപിആർ നിയമം -215

2.11 പിആർഐകളുടെ അക്കൗണ്ട് പരിപാലനം

2011-12 മുതൽ സംസ്ഥാനത്തെ പിആർഐകൾ ഡബിൾ എൻട്രി അക്രൂവൽ അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടർന്നുവരുന്നു. ഇൻഫർമേഷൻ കേരള മിഷൻ വഴി കേരള സർക്കാർ വികസിപ്പിച്ചെടുത്ത സാംഖ്യ സോഫ്റ്റ്‌വെയറുപയോഗിച്ചാണ് അക്കൗണ്ടുകൾ തയ്യാറാക്കുന്നത്. സാംഖ്യയിൽ തയ്യാറാക്കിയ അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികകളും നിയമപ്രകാരമുള്ള ഓഡിറ്ററായ സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) സമർപ്പിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ, ചട്ടം 64 പ്രകാരം, പിആർഐകളുടെ അക്കൗണ്ടുകളുടെ ഓഡിറ്റിന്റെ ഉത്തരവാദിത്തം കെഎസ്എഡിക്കാണ്. എല്ലാ പിആർഐകളുടെയും 2022-23 വരെയുള്ള അക്കൗണ്ടുകളുടെ ഓഡിറ്റ് പ്രാഥമിക ഓഡിറ്റർ ആയ കെഎസ്എഡി പൂർത്തിയാക്കുകയും 2022-23 വരെയുള്ള കാലയളവിലെ അക്കൗണ്ടുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തു (2024 ജൂൺ).

2.11.1 ഓഡിറ്റ് ഓൺലൈനിൽ അപ്‌ലോഡ് ചെയ്തതിന്റെ സ്ഥിതി

പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ച മോഡൽ അക്കൗണ്ടിംഗ് സിസ്റ്റം സംസ്ഥാന സർക്കാർ അംഗീകരിച്ചു. സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം, പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള മോഡൽ അക്കൗണ്ടിംഗ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ളതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അക്കൗണ്ടുകൾ 2022-23 കാലയളവ് വരെ അന്തിമമാക്കുകയും ഓഡിറ്റ് ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട് (2024 ജൂൺ).

2.11.2 സിഎജി നടത്തുന്ന അനുബന്ധ ഓഡിറ്റ്

2021-2022നും 2022-23നുമിടയിൽ കെഎസ്എഡി ഓഡിറ്റ് ചെയ്ത 110 അക്കൗണ്ടുകൾ അവർക്ക് നൽകുന്ന ടെക്നിക്കൽ ഗൈഡൻസിന്റെയും സപോർട്ടിന്റെയും അടിസ്ഥാനത്തിൽ സിഎജി സപ്ലിമെന്ററി ഓഡിറ്റിന് വിധേയമാക്കി. 101 കേസുകളിൽ ആസ്തികളുടെയും ബാദ്ധ്യതകളുടെയും തെറ്റായ അക്കൗണ്ടിങ്ങും 108 കേസുകളിൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചറിന്റെ (റെസീപ്റ്റ്സ് ആന്റ് പേയ്മെന്റ്സ്) തെറ്റായ അക്കൗണ്ടിങ്ങും കണ്ടെത്തി. വാർഷിക ധനകാര്യ പത്രികയിൽ താരതമ്യ തുകകൾ ഉൾപ്പെടുത്താത്തതും സാമ്പത്തിക/പ്രധാന അനുപാതങ്ങൾ ഉൾപ്പെടുത്താത്തതുമായ യഥാക്രമം 88 കേസുകളും 59 കേസുകളും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 2.2ൽ** നൽകിയിരിക്കുന്നു.

2.12 സോഷ്യൽ ഓഡിറ്റ്

2011-ലെ എംജിഎൻആർഇജിഎ പദ്ധതി ചട്ടങ്ങളുടെ ഓഡിറ്റ് അനുസരിച്ച് 2015-ൽ[11] സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (എസ്എയു) സ്ഥാപിതമായി. എന്നാൽ ഒരു സ്വതന്ത്ര സൊസൈറ്റിയായി സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് നടത്താനുള്ള നിയമപരമായ അധികാരത്തോടുകൂടി എസ്എയു കേരള – മഹാത്മാഗാന്ധി എൻആർഇജിഎ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എംജിഎൻഎസ്എഎസ്കെ)-1955-ലെ തിരുവിതാംകൂർ – കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട് പ്രവർത്തനം ആരംഭിച്ചത് 2017 ഡിസംബറിൽ മാത്രമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ നിയമിക്കപ്പെടുന്ന റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തുക എന്നതായിരുന്നു എസ്എയുവിന്റെ പ്രധാന ഉത്തരവാദിത്തം. പദ്ധതി പ്രവർത്തനങ്ങളുടെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കൽ, കലണ്ടറിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യൽ, നാഷണൽ വെബ് പോർട്ടലിൽ (എംഐഎസ്) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യൽ എന്നിവയായിരുന്നു എസ്എയുവിന്റെ ഡയറക്ടർ നിർവ്വഹിച്ചിരുന്ന പ്രധാന പ്രവർത്തനങ്ങൾ. 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിലെ കേരള എസ്എയുവിന്റെ ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയുടെ ഓഫീസ് 2022 സെപ്റ്റംബറിൽ നടത്തി.

---

[11] 2015 ഡിസംബർ 30ലെ സർക്കാർ ഉത്തരവ് നമ്പർ (ആർടി) 3906/2015/എൽഎസ്ജിഡി പ്രകാരം

അദ്ധ്യായം III

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജില്ലാ-കേന്ദ്രീകൃത ഓഡിറ്റ്

3.1 ആമുഖം

എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതിയെത്തുടർന്ന് സംസ്ഥാന നിയമസഭ, കേരള പഞ്ചായത്ത് രാജ് നിയമം, 1994 (കെപിആർ നിയമം) നടപ്പിലാക്കുകയുണ്ടായി. ഈ നിയമം, സംസ്ഥാനത്ത് ആസൂത്രണ വികസനത്തിലും തദ്ദേശഭരണത്തിലും ഉയർന്ന പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതു ലക്ഷ്യമിട്ടുള്ള ത്രിതല പഞ്ചായത്ത് രാജ് സംവിധാനം സ്ഥാപിതമാക്കുകയും. അതിലൂടെ ഗ്രാമ, മദ്ധ്യവർത്തി, ജില്ലാതലങ്ങളിൽ യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു. എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതിയിലൂടെ നിയുക്തമായ ചുമതലകൾ എത്രമാത്രം ഫലപ്രദമായാണ് ഈ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നതെന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ (പിആർഐകൾ) ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് വിലയിരുത്തുന്നു.

3.1.1 ഓഡിറ്റിന്റെ ശ്രദ്ധാകേന്ദ്രങ്ങൾ

തദ്ദേശ ഭരണത്തിൽ സേവനം പ്രദാനം ചെയ്യുന്നതിലെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുന്നതിനായി പിആർഐകളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പിആർഐകൾ കാര്യക്ഷമമായി സേവനങ്ങൾ നൽകുന്നുണ്ടോ, വികസന ലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോ, സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ എന്നിവ ഓഡിറ്റ് വിലയിരുത്തുന്നു.

സേവന വിതരണത്തിൽ ഓഡിറ്റ് ഊന്നൽ നൽകുന്ന പ്രധാന മേഖലകളിൽ ഇവ ഉൾപ്പെടുന്നു:

i. വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ആസൂത്രണവും നടപ്പാക്കലും - പദ്ധതികൾ പ്രാദേശിക ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തൽ.

ii. ഗുണമേന്മയുള്ളതും ഫലപ്രദവുമായ സേവന വിതരണം - ജലവിതരണം, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ അവശ്യ സേവനങ്ങൾ നിർദ്ദിഷ്ട നിലവാരങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ.

iii. സാമ്പത്തിക നിർവ്വഹണവും ഫണ്ടുകളുടെ വിനിയോഗവും - ശരിയായ കണക്കുസൂക്ഷിക്കലും ധനകാര്യ റിപ്പോർട്ടിംഗും ചെലവ് ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തലും ഉറപ്പുവരുത്തൽ.

iv. സുതാര്യതയും പൊതുജനപങ്കാളിത്തവും - ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഉപസമിതികൾ മുതലായവയുടെ യോഗതീരുമാനങ്ങൾ പരിശോധിക്കൽ.

v. ചട്ടങ്ങളും നിയമങ്ങളും പാലിക്കൽ - നിയമം, പദ്ധതി മാർഗ്ഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന്.

vi. നിരീക്ഷണവും വിലയിരുത്തൽ സംവിധാനങ്ങളും - പദ്ധതികളുടെ പുരോഗതിയും അതിന്റെ അനന്തരഫലവും നിരീക്ഷിക്കുന്നതിന് പിആർഐകൾക്ക് ഉചിതമായ സംവിധാനങ്ങളുണ്ടോ എന്ന് വിലയിരുത്തുന്നതിന്.

3.2 ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

3.2.1 ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി (ഡിസിഎ) തിരഞ്ഞെടുത്ത ചുമതല

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് 73-ാം ഭരണഘടനാ ഭേദഗതി നിയമം (1992) നിക്ഷിപ്തമാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും (എസ്ടി) പട്ടികജാതി വിഭാഗങ്ങളുടെയും (എസ്‌സി) വികസനം ലക്ഷ്യമിട്ട് കുറഞ്ഞത്

ജനസംഖ്യാനുപാതത്തിലെങ്കിലും പദ്ധതി വിഹിതം ക്രമീകരിക്കുന്നതിന് കേന്ദ്ര സർക്കാർ (ജിഒഐ) യഥാക്രമം പട്ടികവർഗ്ഗ ഉപപദ്ധതിയും (1974-75) പട്ടികജാതി ഉപപദ്ധതിയും[12] (1979-80) ആരംഭിച്ചു. 2011ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ യഥാക്രമം 9.10 ശതമാനവും 1.45 ശതമാനവും 30.39 ലക്ഷം ജനസംഖ്യയുള്ള പട്ടികജാതിവിഭാഗവും, 4.85 ലക്ഷം ജനസംഖ്യയുള്ള പട്ടികവർഗ്ഗവിഭാഗവും ആയിരുന്നു.

പട്ടികജാതി ഉപപദ്ധതിയുടെ (എസ്‌സിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെപറയുന്നവ ആയിരുന്നു:

- പട്ടികജാതി ജനവിഭാഗങ്ങളിലെ ദാരിദ്ര്യവും, തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ
- പട്ടികജാതി ജനവിഭാഗങ്ങളിലെ സാമൂഹിക - സാമ്പത്തിക വികസനത്തിലെ പോരായ്മകൾ നികത്തൽ

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ (ടിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെ പറയുന്നവയായിരുന്നു:

- വിദ്യാഭ്യാസം, ആരോഗ്യം എന്നീ സേവന മേഖലകളിൽ അവരുടെ പ്രാപ്യത വർദ്ധിപ്പിച്ചു കൊണ്ടുള്ള മാനവവിഭവശേഷി വികസനം,
- ഗോത്രവർഗ്ഗ മേഖലകളിൽ/പ്രദേശങ്ങളിൽ ഭവനനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതുവഴി ജീവിത നിലവാരം ഉയർത്തൽ,
- ദാരിദ്ര്യവും തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ, ഉത്പാദനക്ഷമമായ ആസ്തികളും വരുമാന വർദ്ധനയ്ക്കുള്ള അവസരങ്ങളും സൃഷ്ടിക്കൽ,
- അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അവകാശങ്ങളും ആനുകൂല്യങ്ങളും നേടുന്നതിനും മറ്റ് മേഖലകളുമായി തുല്യത കൈവരിക്കുന്നതിന് മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള ശേഷി വർദ്ധിപ്പിക്കൽ,
- ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ സംരക്ഷണം.

പഞ്ചായത്ത് സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ അടിസ്ഥാനമാക്കിയുള്ള ഓഡിറ്റിന്റെ ഭാഗമായി ഭരണഘടനയുടെ 11-ാം ഷെഡ്യൂളിലെ 27-ാം നമ്പർ ആയ 'ദുർബല വിഭാഗങ്ങളുടെ ക്ഷേമം പ്രത്യേകിച്ചും പട്ടികജാതി വിഭാഗങ്ങളുടെയും, പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും' എന്ന ചുമതലയുടെ കീഴിൽ എസ്‌സിഎസ്‌പിയും ടിഎസ്‌പിയും പദ്ധതികൾ പിആർഐകൾ രൂപീകരിച്ചതിന്റെയും നടപ്പാക്കിയതിന്റെയും ഓഡിറ്റ്, ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി തിരഞ്ഞെടുക്കപ്പെട്ടു.

3.2.2 ഓഡിറ്റിന്റെ വ്യാപ്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും ചേർന്നാണ് സംസ്ഥാനത്തെ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന എസ്‌സിഎസ്‌പിയിലും ടിഎസ്‌പിയിലുമായി ഓഡിറ്റിന്റെ വ്യാപ്തി പരിമിതപ്പെടുത്തി.

ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ നാലു ജില്ലകൾ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത ഈ നാലു ജില്ലകളിലെ പിആർഐകളിലെ എസ്‌സി, എസ്‌ടി ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം യഥാക്രമം 8.56 ശതമാനവും 0.66 ശതമാനവും ആയിരുന്നു. തിരഞ്ഞെടുത്ത ജില്ലകളിലെ നാല് ജില്ലാ പഞ്ചായത്തുകളിലും 16 ബ്ലോക്ക് പഞ്ചായത്തുകളിലും 48 ഗ്രാമപഞ്ചായത്തുകളിലും 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ഓഡിറ്റ് നടത്തി. തിരഞ്ഞെടുത്ത 68 പിആർഐകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1ൽ** കൊടുത്തിരിക്കുന്നു.

---

[12] തുടക്കത്തിൽ പ്രത്യേക ഘടക പദ്ധതി എന്നറിയപ്പെട്ടു

3.2.3 ഓഡിറ്റ് മാനദണ്ഡങ്ങളും രീതിയും

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ, സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ എന്നിവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും ഉരുത്തിരിഞ്ഞത്.

ഓഡിറ്റ് ചെയ്ത പിആർഐകളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ/പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന, ഓഡിറ്റ് എൻക്വയറി നൽകൽ, സംയുക്ത ഭൗതിക പരിശോധന നടത്തൽ, ഗുണഭോക്തൃ സർവ്വേകൾ തുടങ്ങിയവ ഓഡിറ്റ് രീതിയിൽ ഉൾപ്പെടുന്നു. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ധനകാര്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2023 മാർച്ച് 27ന് ഒരു എൻട്രി കോൺഫറൻസ് നടന്നു. അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റിന്റെ സമാപനത്തിൽ 2024 സെപ്റ്റംബർ 12-ന് ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

3.3 തിരഞ്ഞെടുത്ത ചുമതലയുടെയും ജില്ലകളുടെയും അവലോകനം

3.3.1 ചുമതലയുടെ അവലോകനം

1992ലെ എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ പതിനൊന്നാം ഷെഡ്യൂൾ ഇന്ത്യൻ ഭരണഘടനയോട് ചേർക്കപ്പെട്ടു. അതിൽ 27-ാം ഇനം 'ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങളുടെയും പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ക്ഷേമം' എന്നത് ആണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം പിആർഐകൾക്ക് ഈ ചുമതല കൈമാറുകയും ഇതിലെ III, IV, V ഷെഡ്യൂളുകൾ ഓരോ തലത്തിലുമുള്ള പിആർഐയുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഓരോ തലത്തിലെയും പിആർഐകളുടെ ചുമതലകൾ **പട്ടിക 3.1ൽ** നൽകിയിരിക്കുന്നു:

പട്ടിക 3.1: ഓരോ തലത്തിലെയും പിആർഐകളുടെ ചുമതലകൾ

ജിപികളുടെ ചുമതലകൾ	ബിപികളുടെ ചുമതലകൾ	ഡിപികളുടെ ചുമതലകൾ
1. എസ്‌സിഎസ്‌പി, ടിഎസ്‌പി ഇവയുടെ കീഴിൽ ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾ നടപ്പാക്കുക 2. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നഴ്സറി സ്കൂളുകൾ നടത്തുക 3. പട്ടികജാതി-പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക 4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് സഹായം നൽകുക 5. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക	1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക 2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക	1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക 2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ നടത്തുക

(ഉറവിടം : കേരള പഞ്ചായത്ത് രാജ് നിയമം, 1994)

എന്നാൽ, പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ, വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് സമാന്തരമായി ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

തൽഫലമായി പിആർഐകൾ നിർവ്വഹിക്കുന്ന ചുമതല സംസ്ഥാന സർക്കാരിന്റെ അനുബന്ധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ഓവർലാപ്പ് ചെയ്യുന്നു.

3.3.2 തിരഞ്ഞെടുത്ത ജില്ലകളുടെ അവലോകനം

തിരഞ്ഞെടുത്ത നാല് ജില്ലകളിലെ ഭൂമിശാസ്ത്രപരമായ വ്യാപ്തി, ജനസംഖ്യാ സ്ഥിതിവിവരക്കണക്കുകൾ, ഭരണ വിഭാഗങ്ങൾ, സാമൂഹിക ഘടന എന്നിവയെക്കുറിച്ചുള്ള പ്രധാന മാനദണ്ഡങ്ങൾ **പട്ടിക 3.2ൽ** വിവരിച്ചിരിക്കുന്നു.

പട്ടിക 3.2: തിരഞ്ഞെടുത്ത ജില്ലകളുടെ വിശദാംശങ്ങൾ

ക്രമ നം	വിശദാംശങ്ങൾ	കോട്ടയം	തൃശ്ശൂർ	മലപ്പുറം	കോഴിക്കോട്
1	വിസ്തീർണ്ണം (ചതുരശ്ര കിലോമീറ്ററിൽ)	2208	3032	3550	2344
2	ജനസംഖ്യ (ലക്ഷത്തിൽ)	19.75	31.21	41.13	30.86
3	ജനസാന്ദ്രത (വ്യക്തികൾ/ചതുരശ്ര കിലോമീറ്റർ)	895	1031	1157	1316
4	ഗ്രാമീണ ജനസംഖ്യ	14.09	10.25	22.96	10.13
5	പിആർഐകളുടെ എണ്ണം	ബിപി: 11 ജിപി: 71	ബിപി: 16 ജിപി: 86	ബിപി: 15 ജിപി: 94	ബിപി: 12 ജിപി: 70
6	പട്ടികജാതി ജനസംഖ്യയുടെ ശതമാനം	7.80	10.40	7.50	6.50
7	പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനം	1.10	0.30	0.60	0.50

(ഉറവിടം : സാമ്പത്തിക അവലോകനം 2023 - വാല്യം I)

3.3.3 സംഘടനാ സംവിധാനം

ദേശീയ, സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി പിആർഐകൾക്ക് പൊതുവായ മാർഗ്ഗരേഖകൾ നൽകുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി തലവനായിട്ടുള്ള തദ്ദേശ സ്വയംഭരണവകുപ്പിന് അധികാരമുണ്ട്. പിആർഐകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനുള്ള പ്രോജക്റ്റുകൾ ഉൾപ്പെടുന്ന വാർഷിക വികസന പദ്ധതികൾ തയ്യാറാക്കി അവ ജില്ലാ ആസൂത്രണ സമിതിയ്ക്ക് (ഡിപിസി) അംഗീകാരത്തിനായി സമർപ്പിക്കുകയും **പട്ടിക 3.3ൽ** കാണിച്ചിരിക്കുന്നതുപോലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പിആർഐകൾ പ്രോജക്റ്റുകൾ നടപ്പാക്കുകയും ചെയ്യുന്നു.

പട്ടിക 3.3: പിആർഐകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ

ക്രമ നം	എസ്സിഎസ്പി/ടിഎസ്പിയ്ക്ക് കീഴിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്	നടപ്പാക്കുന്ന പ്രോജക്റ്റുകൾ ഏതുമായി ബന്ധപ്പെട്ട്
1.	പിആർഐ സെക്രട്ടറി	മൊത്തത്തിലുള്ള ഏകോപനവും നടപ്പാക്കലും
2.	അസിസ്റ്റന്റ് സെക്രട്ടറി	ആശ്രയ, എംജിഎൻആർഇജിഎസ്, സ്വയം തൊഴിൽ, പ്രത്യേകം നിർവ്വഹണ ഉദ്യോഗസ്ഥരില്ലാത്ത മറ്റ് പ്രോജക്റ്റുകൾ
3.	അസിസ്റ്റൻറ് എഞ്ചിനീയർ	നിർമ്മാണവും പരിപാലനവും
4.	സർക്കാർ സ്കൂളിലെ ഹെഡ് മാസ്റ്റർ/ പ്രിൻസിപ്പൽ	വിദ്യാഭ്യാസം

ക്രമ നം	എസ്സിഎസ്പി/ടിഎസ്പിയ്ക്ക് കീഴിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്	നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതുമായി ബന്ധപ്പെട്ട്
5.	മെഡിക്കൽ ഓഫീസർമാർ	അലോപ്പതി, ആയുർവേദം, ഹോമിയോ,എന്നീ വൈദ്യശാസ്ത്രസേവനങ്ങൾ
6.	വെറ്ററിനറി സർജൻ	മൃഗസംരക്ഷണം
7.	കൃഷി ഓഫീസർ	കൃഷി
8.	ഐസിഡിഎസ് സൂപ്പർവൈസർ	വനിതാ-ശിശു ക്ഷേമം, സപ്ലിമെന്ററി പോഷകാഹാര പദ്ധതി
9.	പട്ടികജാതി വികസന ഓഫീസർ	പട്ടികജാതി വിഭാഗക്കാർക്കുള്ള സാമൂഹിക ക്ഷേമപരിപാടികൾ
10.	ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ	പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സാമൂഹിക ക്ഷേമപരിപാടികൾ
11.	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	ഭവനനിർമ്മാണം, ഭവന പരിപാലനം, മാലിന്യ സംസ്കരണം, മറ്റ് സാമൂഹികക്ഷേമ പരിപാടികൾ
12.	ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ	ലഘു നിർമ്മാണ കേന്ദ്രങ്ങൾ, സ്വയം തൊഴിൽ മുതലായവയ്ക്കുള്ള സഹായം

(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)

ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ മൂന്ന് സുപ്രധാന മേഖലകളിലായി തിരിച്ചിരിക്കുന്നു (i) ആസൂത്രണം – പിആർഐകളിലെ ആസൂത്രണ പ്രക്രിയകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നു (ii) ധനകാര്യ മാനേജ്മെന്റ് – എസ്സിഎസ്പിയ്ക്കും ടിഎസ്പിയ്ക്കും അനുവദിച്ച ഫണ്ടുകളുടെ മാനേജ്മെന്റ് വിലയിരുത്തുന്നു (iii) പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും – വിവിധ മേഖലകളിലെ പ്രോജക്ടുകളുടെ രൂപീകരണവും നിർവ്വഹണവും വിലയിരുത്തുന്നു.

3.4 ആസൂത്രണം

എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയുടെയും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും നടപ്പാക്കലിനെ തുടർന്ന് ഏറ്റവും അടിസ്ഥാനതലത്തിൽ എല്ലാ വിഭാഗം ജനങ്ങളുടേയും സജീവ പങ്കാളിത്തം ഉൾപ്പെടുത്തി, വികസന പരിപാടികൾ രൂപീകരിക്കുന്നതിലും, നടപ്പാക്കുന്നതിലും പിആർഐകൾ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് പിആർഐകൾ എല്ലാ വർഷവും വരുംവർഷത്തേക്കുള്ള ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതും അത് ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. പിആർഐകൾ തയ്യാറാക്കുന്ന വാർഷിക പദ്ധതി, ഡിപിസി സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുന്നു. പ്രോജക്ടുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ഉൾപ്പെട്ടിട്ടുള്ള വിവിധ അധികാരികൾ/സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ എന്നിവ **ചാർട്ട് 3.1ൽ** ചിത്രീകരിച്ചിരിക്കുന്നു.

ചാർട്ട് 3.1: എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിലുള്ള പ്രോജക്ടുകളുടെ നിർവ്വഹണാധികാരത്തിന്റെ ചിത്രീകരണം



(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)
**ഒരു ട്രൈബൽ പ്രദേശത്തെ ആളുകൾ ഒത്തുചേർന്ന് പ്രാദേശിക വികസന ആവശ്യങ്ങൾ ചർച്ച ചെയ്യുന്ന സമൂഹ തല യോഗം.*

വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ, വർക്കിംഗ് ഗ്രൂപ്പുകൾ, വാർഡ് സഭകൾ/ വാർഡ് സമിതികൾ, ഉപ-സമിതികൾ, ഡിപിസി, നിർവ്വഹണ ഓഫീസർമാർ എന്നിവരാണ് ആസൂത്രണ രൂപീകരണ പ്രക്രിയയിലും, നടപ്പാക്കലിലും ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ. പിആർഐകൾ വഴിയുള്ള ആസൂത്രണത്തിൽ താഴെ പറയുന്ന പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

3.4.1 പുതുക്കിയ എസ്‌സി/എസ്‌ടി ഡാറ്റയുടെ അഭാവം

ജനസംഖ്യ, വസ്തു ഉടമസ്ഥത, അടിസ്ഥാന സൗകര്യങ്ങളായ ഭവനം, കുടിവെള്ളം, വൈദ്യുതി, ശുചിത്വം, തൊഴിൽ ലഭ്യത, വിദ്യാഭ്യാസ പദവി, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നിവയുടെ ലഭ്യത തുടങ്ങിയവയെല്ലാം വിശകലനം ചെയ്തുകൊണ്ട് പിആർഐകൾ എസ്‌സി/എസ്‌ടി വകുപ്പുകളുമായി ചേർന്ന് 2008-10 ലും (എസ്‌ടി) 2010-11ലും (എസ്‌സി) എസ്‌സി/എസ്‌ടി ജനവിഭാഗങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഒരു സർവ്വേ നടത്തുകയും റിപ്പോർട്ടുകൾ യഥാക്രമം 2011 ഒക്ടോബറിലും 2013 നവംബറിലും കേരള സർക്കാർ പ്രസിദ്ധീകരിക്കുകയും ചെയ്തു. എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ സമഗ്ര സർവ്വേയിലൂടെ ഈ ഡാറ്റയുടെ കൃത്യമായ പുതുക്കൽ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച

13-ാമത്തെയും 14-ാമത്തെയും പഞ്ചവൽസര പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുകയുണ്ടായി. എസ്സി/എസ്ടി വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനായി പുതുക്കിയ സർവ്വേ ഡാറ്റയുടെ അടിസ്ഥാനത്തിൽ എസ്സിഎസ്പി/ടിഎസ്പിയ്ക്കു കീഴിൽ പ്രോജക്ടുകൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ പിആർഐകൾക്ക് നിർദ്ദേശം നൽകി. എന്നാൽ, പരിശോധിച്ച 68 പിആർഐകളിൽ 29 എണ്ണം മാത്രമേ പട്ടികജാതി ജനസംഖ്യാ ഡാറ്റ പുതുക്കിയിരുന്നുള്ളൂ. അതുപോലെ, 35 പിആർഐകൾ മാത്രമേ പട്ടികവർഗ്ഗ ജനസംഖ്യാ ഡാറ്റ പുതുക്കിയിരുന്നുള്ളൂ. ജനസംഖ്യാ കണക്കുകൾ പുതുക്കിയതൊഴിച്ചാൽ ഈ വിഭാഗങ്ങളുടെ വികസന പോരായ്മകൾ വിലയിരുത്തുന്നതിന് സഹായകരമായ, സാമൂഹിക സാമ്പത്തിക പദവി ഉറപ്പുവരുത്തുന്നതിനുള്ള സമഗ്രമായ ഒരു സർവ്വേയും പരിശോധന നടത്തിയ പിആർഐകൾ ഒന്നും തന്നെ നടത്തിയിരുന്നില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഒരു സർവ്വേ നടത്താൻ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുകയും (2020 ഡിസംബർ) സംസ്ഥാന സർക്കാർ ആ ശിപാർശ സ്വീകരിക്കുകയും ചെയ്തിരുന്നെങ്കിലും ഇതു സംബന്ധിച്ച് പിആർഐകളോ എസ്ടി വകുപ്പോ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. എസ്സി/എസ്ടി വിഭാഗങ്ങളിലെ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയുടെ വ്യാപ്തിയെക്കുറിച്ച് നിലവിൽ സംസ്ഥാനത്തിന് ഒരു ഡാറ്റയും ലഭ്യമല്ല എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി (2024 മാർച്ച്). പുതുക്കിയ സർവ്വേ ഡാറ്റയുടെ അഭാവത്തിൽ, എസ്സിഎസ്പിയുടെയും ടിഎസ്പിയുടെയും പദ്ധതികളുടെ രൂപീകരണത്തിനും എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ വകയിരുത്തലിനുമായി, 12-15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡാറ്റയാണ് പിആർഐകൾ/സംസ്ഥാന സർക്കാർ ഇപ്പോഴും ആശ്രയിക്കുന്നത്.

3.4.2 ഗ്രാമസഭ/ഊരുകൂട്ടങ്ങളും എസ്സി/എസ്ടി വർക്കിംഗ് ഗ്രൂപ്പുകളും ശിപാർശ ചെയ്ത പ്രാഥമിക ആവശ്യങ്ങൾ സംബന്ധിച്ച പ്രോജക്ടുകൾ രൂപീകരിക്കാത്തത്

ഏറ്റവും അടിസ്ഥാന തലത്തിൽ ജനപങ്കാളിത്തം പരിപോഷിപ്പിച്ചുകൊണ്ടും, പൗരന്മാരുടേയും ഗുണഭോക്താക്കളുടേയും ആവശ്യങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ടും തദ്ദേശീയ ജനാധിപത്യത്തിന്റെ ആധാരശിലയായി വർത്തിക്കുന്നത് ഗ്രാമസഭ/ഊരുകൂട്ടം ആണ്. പിആർഐകളിൽ നിശ്ചിത വാർഡുകൾക്കോ സ്ഥലങ്ങൾക്കോ ആയി വികസന പ്രവർത്തനങ്ങൾ ശിപാർശ ചെയ്യുന്നതിന് അധികാരമുള്ള[13] ഗ്രാമസഭ/ഊരുകൂട്ടം തദ്ദേശ ഭരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

വൈവിധ്യമാർന്ന പൊതുജന കാഴ്ചപ്പാടുകൾ, പ്രത്യേകിച്ച് ജനപ്രതിനിധികൾ, തദ്ദേശീയ വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നുള്ളവ, ഏകീകരിച്ചുകൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ[14], സമഗ്രമായ ആസൂത്രണത്തിന് കളമൊരുക്കുന്നു. ഗ്രാമസഭയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കാനുള്ള പ്രോജക്ടുകളുടെ പട്ടിക ക്രോഡീകരിക്കുക, എസ്സി/എസ്ടി വിഭാഗങ്ങളുടെ പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, ഈ റിപ്പോർട്ടുകളും പ്രോജക്ട് പട്ടികകളും പഞ്ചായത്ത് കമ്മിറ്റി മുൻപാകെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുക എന്നിവ എസ്സി/എസ്ടി വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

കുടിവെള്ള വിതരണം, ശൗചാലയ സൗകര്യങ്ങൾ, മാലിന്യസംസ്കരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് എസ്സി/എസ്ടി സെറ്റിൽമെന്റുകളിലെ അടിസ്ഥാന

---

[13] കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷനുകൾ 3 (എ)യും, 3 (ബി)യും

[14] സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സർക്കാർ ഉദ്യോഗസ്ഥർ, വിഷയ വിദഗ്ധർ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്) അംഗങ്ങൾ, എസ്സി/എസ് ടി/വനിതാ അംഗങ്ങൾ, അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകൾ (ആശ) ഉടങ്ങിയവർ ഉൾപ്പെടുന്നുന്നതാണ് വർക്കിംഗ് ഗ്രൂപ്പുകൾ

ആവശ്യങ്ങൾക്ക് മുൻഗണന നൽകാൻ 13-ാമത്തെയും 14-ാമത്തെയും പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ പിആർഐകൾക്ക് നിർദ്ദേശം നൽകുന്നു. എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിൽ ജീവിക്കുന്നവരുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നു എന്നുറപ്പുവരുത്തിക്കൊണ്ട് നിർബന്ധിതമായവ ഒഴികെ[15] മറ്റെല്ലാ പ്രോജക്റ്റുകളേയും മറികടന്നുകൊണ്ട് ഈ അവശ്യ സേവനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെട്ട പിആർഐകളുടെ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വാർഷിക ചെലവ് പത്രികയോടൊപ്പം ഊരുകൂട്ടത്തിലും എസ്‌സി/എസ്ടി വർക്കിംഗ് ഗ്രൂപ്പ്[16] മിനിറ്റ്സുകളിലും രേഖപ്പെടുത്തിയ രണ്ട് അവശ്യ സേവനങ്ങളായ കുടിവെള്ളം, ശൗചാലയ സൗകര്യങ്ങൾ എന്നിവയ്ക്ക് വേണ്ടിയുള്ള ഡിമാന്റുകൾ, ഓഡിറ്റ് ഒത്തു നോക്കുകയുണ്ടായി. തങ്ങളുടെ വാർഷിക പദ്ധതിയ്ക്ക് രൂപം നൽകുമ്പോൾ ഈ യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട കുടിവെള്ളം, ശൗചാലയ സൗകര്യങ്ങൾ എന്നിവയ്ക്ക് വേണ്ടിയുള്ള ഡിമാന്റുകൾ പരിഗണിക്കുന്നതിൽ പരിശോധന നടത്തിയ പിആർഐകൾ വീഴ്ചവരുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെ വിശദീകരിച്ചിരിക്കുന്നു.

(എ) കുടിവെള്ള സൗകര്യങ്ങൾക്കുവേണ്ടിയുള്ള ഡിമാന്റുകൾ

എസ്‌സി/എസ്ടി വർക്കിംഗ് ഗ്രൂപ്പിന്റെയും ഊരുകൂട്ടത്തിന്റെയും യോഗങ്ങളിൽ ഉണഭോക്താക്കൾ ആവശ്യപ്പെട്ട കുടിവെള്ള വിതരണ സൗകര്യങ്ങളുടെ രൂപീകരണത്തിലും നടപ്പാക്കലിലും 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഗണ്യമായ ഒരു കുറവ് നിരീക്ഷിക്കപ്പെട്ടു. മുപ്പത്തി എട്ട് പിആർഐകളിൽ ഉന്നയിക്കപ്പെട്ട 173 ഡിമാന്റുകളിൽ 96 പ്രോജക്റ്റുകൾ (55.49 ശതമാനം) മാത്രമേ രൂപീകൃതമായിട്ടുള്ളൂ. അതായത് 77 ഡിമാന്റുകളിൽ പ്രോജക്റ്റുകളൊന്നും തന്നെ രൂപീകൃതമായില്ല. കൂടാതെ, പ്രസ്തുത കാലയളവിൽ രൂപീകൃതമായ പ്രോജക്റ്റുകളിൽ 73 എണ്ണം (76.04 ശതമാനം) മാത്രമേ നടപ്പാക്കിയുള്ളൂ, അതായത് 23 പ്രോജക്റ്റുകൾ നടപ്പാക്കിയില്ല. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 3.4ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 3.4: ഡിമാന്റിന് അനുസൃതമായി കുടിവെള്ള പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ ശതമാനം

കാലയളവ്	ജില്ലയുടെ പേര്	പിആർഐ കളുടെ എണ്ണം	ഡിമാൻറുകളുടെ എണ്ണം	രൂപീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം	രൂപീകരണ ശതമാനം	നടപ്പാക്കിയ പ്രോജക്റ്റുകൾ	ഡിമാന്റു ചെയ്ത പ്രോജക്റ്റുകൾക്ക് അനുസൃതമായി നടപ്പാക്കിയവയുടെ ശതമാനം	ഡിമാന്റുകൾക്കനുസൃതമായ നടപ്പാക്കലിൽ വന്ന കുറവിന്റെ ശതമാനം
2020-21 മുതൽ 2022-23 വരെ	കോട്ടയം	8	42	20	47.62	16	38.10	61.90
	തൃശ്ശൂർ	12	54	35	64.81	30	55.56	44.44
	മലപ്പുറം	8	32	17	53.13	8	25.00	75.00
	കോഴിക്കോട്	10	45	24	53.33	19	42.22	57.78
ആകെ		**38**	**173**	**96**	**55.49**	**73**	**42.20**	**57.80**

(ഉറവിടം : ഗ്രാമസഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിട്ട്സ്)

കുടിവെള്ള വിതരണത്തിനു വേണ്ടിയുള്ള ഡിമാൻറുകളിൽ 42.20 ശതമാനം മാത്രമാണ് പിആർഐകൾ നിറവേറ്റിയത്; ഇത്, ഉണഭോക്താക്കളുടെ ആവശ്യങ്ങൾ

15 സപ്ലിമെന്ററി പോഷകാഹാര പദ്ധതി, സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ, സാന്ത്വന പരിചരണം മുതലായവ

16 ഓരോ പിആർഐയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു വാർഡ്/ഗ്രാമസഭ/ഊരുകൂട്ടം

അഭിസംബോധന ചെയ്യുന്നതിൽ വന്ന ഗണ്യമായ വിടവുകൾ എടുത്തുകാണിക്കുന്നു. ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകളുടെ നടപ്പാക്കലിന്റെ സ്ഥിതി **ചാർട്ട് 3.2ൽ** കാണിച്ചിരിക്കുന്നു.

ചാർട്ട് 3.2: ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകളുടെ നടപ്പാക്കലിന്റെ സ്ഥിതി



ഗുണഭോക്താക്കൾ ഉന്നയിക്കുന്ന ഡിമാന്റുകൾക്കനുസൃതമായി പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കുന്നതിൽ വന്ന ഈ കുറവുകൾ, പരിശോധിച്ച പിആർഐകളിലെ വാർഡ് സഭ/ഊരുകൂട്ടങ്ങളുടെ രൂപീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യത്തെ പരാജയപ്പെടുത്തി.

(ബി) ശൗചാലയ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള ഡിമാന്റുകൾ

എസ്‌സി/എസ്ടി ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള ശൗചാലയ സൗകര്യങ്ങൾ നടപ്പാക്കുന്നതിൽ ഗണ്യമായ ഒരു പൊരുത്തക്കേട് കണ്ടെത്തുകയുണ്ടായി. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ നടന്ന 130 വർക്കിംഗ് ഗ്രൂപ്പുകളുടെയും ഊരുകൂട്ടങ്ങളുടെയും യോഗങ്ങളിൽ എസ്‌സി/എസ്ടി ഗുണഭോക്താക്കൾ ശൗചാലയ സൗകര്യങ്ങൾക്ക് വേണ്ടി ഡിമാന്റ് ഉന്നയിച്ചെങ്കിലും, 36 പിആർഐകളിൽ, നാല് പിആർഐകളിൽ മാത്രം[17], ഒമ്പത് പ്രോജക്ടുകളാണ് രൂപീകരിച്ചതെന്ന് ഓഡിറ്റ് കണ്ടെത്തി. ഉചിതമായ ശുചിത്വ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള അടിയന്തിരാവശ്യം പരിഗണിക്കുമ്പോൾ ഇതൊരു അമ്പരപ്പിക്കുന്ന പോരായ്മ തന്നെയാണ്. ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെയും നടപ്പാക്കപ്പെട്ട പ്രോജക്ടുകളുടെയും വിശദാംശങ്ങൾ **പട്ടിക 3.5ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 3.5: ശൗചാലയ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള ഡിമാൻഡ്

കാലയളവ്	ജില്ലകളുടെ പേര്	പിആർഐകളുടെ എണ്ണം	ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെ എണ്ണം	രൂപീകൃതമായ പ്രോജക്ടുകൾ	രൂപീകൃതമായ പ്രോജക്ടുകളുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകൾ	ഡിമാൻഡ് ചെയ്ത പ്രോജക്ടുകളുടെ നടപ്പാക്കൽ ശതമാനം	ഡിമാൻഡുകൾക്കനുസൃതമായി നടപ്പാക്കലിലെ കുറവിന്റെ ശതമാനം
2020-21 മുതൽ 2022-23 വരെ	കോട്ടയം	8	27	2	7.41	2	7.41	92.59
	തൃശ്ശൂർ	12	41	4	9.76	3	7.32	92.68
	മലപ്പുറം	7	35	2	5.71	ഇല്ല	0	100
	കോഴിക്കോട്	9	27	1	3.70	1	3.70	96.30
ആകെ		**36**	**130**	**9**	**6.92**	**6**	**4.62**	**95.38**

(ഉറവിടം : ഗ്രാമസഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിട്ട്സ്)

[17] കുറിച്ചി, കോടശ്ശേരി, എടവണ്ണ, ഉണ്ണിക്കുളം ജിപികൾ

ഈ ഡാറ്റ, ഉന്നയിക്കപ്പെട്ട ഡിമാന്റുകളും നടപ്പാക്കപ്പെട്ട പ്രോജക്ടുകളും തമ്മിലുള്ള ഗണ്യമായ അന്തരം എടുത്തുകാണിക്കുന്നു. ശൗചാലയ സൗകര്യങ്ങൾക്ക് വേണ്ടിയുള്ള 130 ഡിമാന്റുകളിൽ, ഒമ്പത് എണ്ണം (6.92 ശതമാനം) മാത്രമാണ് പ്രോജക്ട് രൂപീകരണത്തിനു വേണ്ടി പരിഗണിക്കപ്പെട്ടത്; ഇതിൽ തന്നെ വെറും ആറ് എണ്ണം (4.62 ശതമാനം) മാത്രമാണ് നടപ്പാക്കിയത്; ഇത് പരിശോധനാ വിധേയമായ 36 പിആർഐകളിലെ ശുചിത്വ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിലുണ്ടായ ഗണ്യമായ പോരായ്മകൾ വെളിപ്പെടുത്തുന്നു. ഉന്നയിക്കപ്പെട്ട ഡിമാന്റുകൾക്ക് അനുസൃതമായി ശൗചാലയ സൗകര്യങ്ങളുടെ നടപ്പാക്കലിന്റെ സ്ഥിതി **ചാർട്ട് 3.3ൽ** ചിത്രീകരിച്ചിരിക്കുന്നു.

ചാർട്ട് 3.3: ഡിമാന്റുകൾക്ക് അനുസൃതമായി ടോയ്‌ലറ്റ് സൗകര്യങ്ങൾ നടത്തിപ്പിന്റെ സ്ഥിതി



ഈ കുറവ്, ശുചിത്വം ഉൾപ്പെടെയുള്ള അവശ്യ സേവനങ്ങൾ നൽകുന്നതിന് തദ്ദേശ ഭരണകൂടങ്ങളെ അധികാര്യപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള, കേരള പഞ്ചായത്ത് രാജ് നിയമം 1994ൽ അനുശാസികുന്നതുപോലെ, ഗ്രാമസഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ദുർബ്ബലമാക്കുന്നു.

സാർവ്വത്രിക ശുചിത്വ പരിരക്ഷ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ 2014ൽ ആരംഭിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പോലെയുള്ള സംരംഭങ്ങൾ ഉണ്ടായിരുന്നിട്ടും 4.62 ശതമാനം എന്ന നിർവ്വഹണ തോത്, പ്രാദേശിക തലത്തിൽ കൂടുതൽ ഫലപ്രദമായ ആസൂത്രണത്തിന്റേയും നടപ്പാക്കലിന്റേയും, ശുചിത്വ പരിപാടികളുടെ നിരീക്ഷണത്തിന്റേയും ആവശ്യകതയെ സൂചിപ്പിക്കുന്നു.

3.4.3 വിവര, വിദ്യാഭ്യാസ, ആശയവിനിമയ പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാർ 13-ഉം, 14-ഉം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖകളിലൂടെ, സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പരിപാടികൾ/ പദ്ധതികൾക്ക് വ്യാപകമായ പ്രചാരം നൽകുന്നതിനും ഗ്രാമസഭ/ഊരുകൂട്ടം യോഗങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി.

തൊണ്ണൂറ്റി ആറ് എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ ഓഡിറ്റ് നടത്തിയ ഗുണഭോക്തൃ സർവ്വേയിൽ, സർവ്വേയ്ക്ക് വിധേയമായ എസ്‌സി ഗുണഭോക്താക്കളിൽ 27.27 ശതമാനവും (495ൽ 135) സർവ്വേ ചെയ്യപ്പെട്ട എസ്‌ടി ഗുണഭോക്താക്കളിൽ 35.36 ശതമാനവും (280ൽ 99), പിആർഐകൾ രൂപീകരിച്ച് നടപ്പാക്കുന്ന പദ്ധതികളേയും പ്രോജക്ടുകളേയും കുറിച്ച് ബോധവാന്മാരായിരുന്നില്ല എന്ന് വെളിപ്പെടുത്തി.

പരിശോധിച്ച പിആർഐകൾ എടുത്ത നടപടികൾ എസ്‌സി/എസ്‌ടി വിഭാഗങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലും ഗ്രാമസഭ/ഊരുകൂട്ടം യോഗങ്ങളിൽ അവരുടെ

പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും ഫലപ്രദമായിരുന്നില്ല എന്ന് സർവ്വേ ഫലങ്ങൾ സൂചിപ്പിക്കുന്നു.

3.5 സാമ്പത്തിക നിർവ്വഹണം

ഭൗതികവും, ധനകാര്യവുമായ കാര്യങ്ങളിൽ, ജനസംഖ്യയ്ക്ക് ആനുപാതികമായെങ്കിലും എസ്‌സികളുടേയും, എസ്‌ടികളുടേയും വികസനത്തിനുവേണ്ടി പൊതു വിഭാഗത്തിൽ നിന്നും വിഹിതങ്ങളും, ആനുകൂല്യങ്ങളും വഴിതിരിച്ചുവിടുക എന്നതായിരുന്നു എസ്‌സിഎസ്‌പിയുടേയും ടിഎസ്‌പിയുടേയും അടിസ്ഥാനലക്ഷ്യം. സംസ്ഥാന സർക്കാർ 2020–22-ൽ എസ്‌സിഎസ്‌പി ഫണ്ടുകളുടെ 37.53 ശതമാനവും 2022–23ൽ 37.48 ശതമാനവും വകയിരുത്തുകയുണ്ടായി. അതുപോലെ, 2020–22ൽ ടിഎസ്‌പി ഫണ്ടിന്റെ 21.56 ശതമാനവും 2022–23ൽ 21.57 ശതമാനവും സംസ്ഥാനത്തെ പിആർഐകളിലേയ്ക്ക് വകയിരുത്തുകയുണ്ടായി. പിആർഐകൾക്കുള്ള ഫണ്ട് വകയിരുത്തലിന്റെ വിശദാംശങ്ങൾ **പട്ടിക 3.6ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 3.6: പിആർഐകൾക്കുള്ള എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ട് വകയിരുത്തൽ

(₹ കോടിയിൽ)

വർഷം	പട്ടികജാതി ഉപപദ്ധതി			പട്ടികവർഗ്ഗ ഉപപദ്ധതി		
	മൊത്തം എസ്‌സിഎസ്‌പി ബജറ്റ് വിഹിതം*	പിആർഐകൾക്കുള്ള എസ്‌സിഎസ്‌പി വിഹിതത്തിന്റെ ശതമാനം	പിആർഐകൾക്കുള്ള എസ്‌സിഎസ്‌പി വിഹിതം	മൊത്തം ടിഎസ്‌പി ബജറ്റ് വിഹിതം*	പിആർഐകൾക്കുള്ള ടിഎസ്‌പി വിഹിതത്തിന്റെ ശതമാനം	പിആർഐകൾക്കുള്ള ടിഎസ്‌പി വിഹിതം
2020-21	2708.54	37.53	1016.61	781.36	21.56	168.45
2021-22	2708.54	37.53	1016.61	781.36	21.56	168.45
2022-23	2979.40	37.48	1116.63	859.50	21.57	185.43

(ഉറവിടം : സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നുള്ള ഡാറ്റ)

**മൊത്തം ബജറ്റ് വകയിരുത്തൽ, എസ്‌സി/എസ്‌ടി വകുപ്പുകൾക്കും, പിആർഐകൾക്കും, യുഎൽബികൾക്കുമായി വിഭജിച്ച് നൽകിയിരിക്കുന്നു*

എസ്‌സിഎസ്‌പികൾക്കും ടിഎസ്‌പികൾക്കും നീക്കി വച്ച വാർഷിക ഫണ്ടുകൾ സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്എഫ്‌സി) ശിപാർശകളെ അടിസ്ഥാനപ്പെടുത്തി എൽഎസ്‌ജിഐകൾക്ക് വീതിച്ചു നൽകുകയുണ്ടായി. ഓഡിറ്റ് ചെയ്യപ്പെട്ട കാലയളവിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച അഞ്ചും ആറും സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത വിഭജനം നടത്തിയത്. എസ്‌സിഎസ്‌പി ഫണ്ടുകൾ 83.25 : 16.75 എന്ന അനുപാതത്തിലാണ് പിആർഐകൾക്കും യുഎൽബികൾക്കും വിതരണം ചെയ്യപ്പെട്ടത്. ടിഎസ്‌പി ഫണ്ടുകൾ പിആർഐകൾക്കും യുഎൽബികൾക്കും ഇടയിൽ യഥാക്രമം 92:8 എന്ന അനുപാതത്തിൽ വിതരണം ചെയ്യപ്പെട്ടു. എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകൾ ജിപികൾ, ബിപികൾ, ഡിപികൾ എന്നിവയ്ക്കിടയിൽ 60:20:20 എന്ന അനുപാതത്തിൽ വിതരണം ചെയ്യപ്പെട്ടു.

പിആർഐകൾക്കും യുഎൽബികൾക്കും ഇടയിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വിതരണം **ചാർട്ട് 3.4ൽ** പരാമർശിച്ചിരിക്കുന്നു.

ചാർട്ട് 3.4: പിആർഐകൾക്കും യുഎൽബികൾക്കും ഇടയിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വിതരണം



(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ)

എസ്‌സിഎസ്‌പിയ്ക്കും ടിഎസ്‌പിയ്ക്കും കീഴിലുള്ള ഫണ്ടുകളുടെ വകയിരുത്തൽ ഓഡിറ്റ് വിശകലനം ചെയ്യുകയും അവയുടെ വകയിരുത്തലിലും വിനിയോഗത്തിലും താഴെ പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

3.5.1 പരിശോധിച്ച പിആർഐകളിൽ എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിലെ കുറവ്

പിആർഐകളിലേയ്ക്കുള്ള എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ 2020-21 വരെ ജനസംഖ്യാടിസ്ഥാനത്തിൽ മാത്രമായിരുന്നു നടത്തിയിരുന്നത്. എന്നാൽ 2021-22 മുതൽ 60:40 എന്ന അനുപാതത്തിൽ ജനസംഖ്യയ്ക്കും ദാരിദ്ര്യ സൂചികയ്ക്കും മുൻതൂക്കം നൽകികൊണ്ട് സംസ്ഥാന ധനകാര്യ കമ്മീഷൻ പുതിയൊരു വകയിരുത്തൽ രീതി അവതരിപ്പിക്കുകയുണ്ടായി. ഭൂരഹിതരും, ഭവനരഹിതരുമായ കുടുംബക്കാർ, ഭവനങ്ങളുടെ സ്ഥിതി, ഭവന സൗകര്യങ്ങൾ, തൊഴിലില്ലായ്മയുടെ സ്ഥിതി, വിദ്യാഭ്യാസം, അധിവാസ കേന്ദ്രങ്ങളിലെ ജനസംഖ്യ എന്നിങ്ങനെ ഏഴ് സുപ്രധാന സൂചകങ്ങൾക്ക് തുല്യമായ മുൻതൂക്കം നൽകികൊണ്ടാണ് ദാരിദ്ര്യ സൂചിക കണക്കാക്കിയത്. 2008-2011 കാലയളവിൽ നടത്തിയ എസ്‌സി/എസ്‌ടി സാമൂഹിക സാമ്പത്തിക സർവ്വേയിൽ നിന്നുള്ള ഡാറ്റ ആണ് കണക്കെടുപ്പിന് സ്വീകരിച്ചത്.

പരിശോധിച്ച പിആർഐകൾക്ക് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ വകയിരുത്തിയ എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളിൽ ഗണ്യമായ കുറവുണ്ടായതായി ഓഡിറ്റ് കണ്ടെത്തി. പരിശോധിച്ച പിആർഐകൾക്ക് 2020-21 മുതൽ 2022-23 വരെയുള്ള എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ വാർഷിക വകയിരുത്തലിന്റേയും ചെലവുകളുടേയും വിശദാംശങ്ങൾ **പട്ടിക 3.7ൽ** കൊടുത്തിരിക്കുന്നു:

പട്ടിക 3.7: പരിശോധന നടത്തിയ 68 പിആർഐകളിലെ എസ്‌സിഎസ്‌പി/ടിഎസ്‌പി വകയിരുത്തലിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ

(₹ കോടിയിൽ)

വർഷം	തദ്ദേശ സ്ഥാപനം	എസ്‌സിഎസ്‌പി				ടിഎസ്‌പി			
		വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവിന്റെ ശതമാനം	വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവിന്റെ ശതമാനം
2020-21	ജിപി	46.11	34.81	11.30	75.49	10.00	6.98	3.02	69.80

വർഷം	തദ്ദേശ സ്ഥാപനം	എസ്‌സിഎസ്‌പി				ടിഎസ്‌പി			
		വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവിന്റെ ശതമാനം	വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവിന്റെ ശതമാനം
	ബിപി	32.11	25.36	6.75	78.98	4.37	2.89	1.48	66.13
	ഡിപി	86.56	56.24	30.32	64.97	6.25	4.21	2.04	67.36
	ആകെ	**164.78**	**116.41**	**48.37**	**70.65**	**20.62**	**14.08**	**6.54**	**68.28**
2021-22	ജിപി	40.30	35.24	5.06	87.44	8.74	7.49	1.25	85.70
	ബിപി	24.50	20.75	3.75	84.69	3.44	2.70	0.74	78.49
	ഡിപി	73.27	54.04	19.23	73.75	4.17	3.42	0.75	82.01
	ആകെ	**138.07**	**110.03**	**28.04**	**79.69**	**16.35**	**13.61**	**2.74**	**83.24**
2022-23	ജിപി	46.22	35.62	10.60	77.07	10.07	8.13	1.94	80.73
	ബിപി	29.07	22.10	6.97	76.02	4.45	3.46	0.99	77.75
	ഡിപി	82.03	55.05	26.98	67.11	3.93	3.39	0.54	86.26
	ആകെ	**157.32**	**112.77**	**44.55**	**71.68**	**18.45**	**14.98**	**3.47**	**81.20**

(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ വാർഷിക ചെലവ് പത്രിക)

- 2020-21ലും 2021-22ലും പിആർഐകളിലേയ്ക്കുള്ള എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ മൊത്തം വകയിരുത്തൽ യഥാക്രമം ₹1016.61 കോടിയും ₹168.45 കോടിയും ആയിരുന്നെങ്കിലും പരിശോധന നടത്തിയ പിആർഐകളിലേയ്ക്കുള്ള എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ വകയിരുത്തലിലെ കുറവ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2021-22ൽ എസ്‌സിഎസ്‌പി ഫണ്ട് വകയിരുത്തൽ 16.21 ശതമാനം കുറഞ്ഞപ്പോൾ ടിഎസ്‌പിഫണ്ട് 20.71 ശതമാനമാണ് കുറഞ്ഞത്.
- 2021-22 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2022-23ൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ വർദ്ധനവുണ്ടായിരുന്നെങ്കിലും, 2020-21 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ മൊത്തത്തിൽ എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ 4.53 ശതമാനവും ടിഎസ്‌പിയിൽ 10.52 ശതമാനവും കുറവുണ്ടായി.
- ഈ ഫണ്ടുകളുടെ ചെലവ് എസ്‌സിഎസ്‌പിയുടെ കാര്യത്തിൽ 70.65 ശതമാനം മുതൽ 79.69 ശതമാനം വരെയും ടിഎസ്‌പിയുടെ കാര്യത്തിൽ 68.28 ശതമാനം മുതൽ 83.24 ശതമാനം വരെയും ആയിരുന്നു.
- എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ ചെലവ് യഥാക്രമം അഞ്ച് പിആർഐകളിലും[18] 15 പിആർഐകളിലും[19] 50 ശതമാനത്തിന് താഴെ ആയിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി.

ഫണ്ടുകളുടെ വകയിരുത്തലിൽ വരുന്ന കുറവ് പാർശ്വവൽകൃത സമൂഹങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ വിപരീത സ്വാധീനത്തിന് കാരണമാകാം.

എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ വികസനത്തെ സഹായിക്കുന്നതിന് ഈ ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം സംസ്ഥാന സർക്കാരിന്റെ മാർഗ്ഗരേഖകൾ ഊന്നിപ്പറയുന്നുണ്ടെങ്കിലും, ഫണ്ടുകളുടെ ഉപയോഗക്കുറവ്, എസ്‌സി/എസ്‌ടി ജനവിഭാഗങ്ങൾക്ക് വേണ്ടി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ നടപ്പാക്കലിലെ

[18] തൃശ്ശൂർ ഡിപി, പാമ്പാടി ബിപി, കുറിച്ചി, മൂന്നിലവ്, പോത്തുകല്ല് ജിപികൾ

[19] കോട്ടയം ഡിപി, അരീക്കോട്, ചാലക്കുടി, വണ്ടൂർ, പാമ്പാടി, കൊടുവള്ളി ബിപികൾ, പാമ്പാടി, അതിരപ്പിള്ളി, ചാത്തമംഗലം, ഏരുമേലി, കോടശ്ശേരി, പഴയന്നൂർ, പോത്തുകല്ല്, പുതൂർ, പഴയന്നൂർ ജിപികൾ

അലംഭാവമാണ് സൂചിപ്പിക്കുന്നത്. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ കാര്യക്ഷമമായും, ഫലപ്രദമായും വകയിരുത്തപ്പെടുന്നു/വിനിയോഗിക്കപ്പെടുന്നു എന്നുറപ്പു വരുത്താൻ മെച്ചപ്പെട്ട നിർവ്വഹണവും മേൽനോട്ടവും ആവശ്യമാണെന്ന് ഓഡിറ്റ് കണ്ടെത്തലുകൾ എടുത്തു കാണിക്കുന്നു.

3.5.2 പരിശോധിച്ച പിആർഐകളിലേയ്ക്കുള്ള ടിഎസ്‌പി ഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്

ജനസംഖ്യാടിസ്ഥാനത്തിൽ എസ്‌എഫ്‌സി നിശ്ചയിച്ച മുൻഗണക്കം അടിസ്ഥാനപ്പെടുത്തി പരിശോധിച്ച പിആർഐകൾക്ക് കൃത്യമായി ലഭിക്കേണ്ട എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ, പിആർഐകൾക്ക് വകയിരുത്തപ്പെട്ട യഥാർത്ഥ തുകകളുമായി ഓഡിറ്റ് താരതമ്യപ്പെടുത്തി. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ യഥാക്രമം നാല്, എട്ട്, എട്ട് എന്നിങ്ങനെ പിആർഐകൾക്ക് ഒരു ടിഎസ്‌പി ഫണ്ടും ലഭിച്ചില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. അതു കൂടാതെ, 2021-22ലും 2022-23ലും 32 പിആർഐകൾക്ക് അർഹിക്കുന്നതിലും കുറഞ്ഞ വകയിരുത്തലാണ് ലഭിച്ചത്. **പട്ടിക 3.8ൽ** വിശദമാക്കിയിരിക്കുന്നതുപോലെ ടിഎസ്‌പി ഫണ്ട് വകയിരുത്തലിലെ മൊത്തം കുറവ് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹5.43 കോടി ആയിരുന്നു.

പട്ടിക 3.8: ടിഎസ്‌പിഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്

(₹ കോടിയിൽ)

വർഷം	ജില്ല	കുറഞ്ഞ വകയിരുത്തൽ ലഭിച്ച പിആർഐ കളുടെ എണ്ണം	തുക	വകയിരുത്തൽ ഒന്നും ലഭിക്കാത്ത പിആർഐകളുടെ എണ്ണം	കിട്ടേണ്ട തുക
2020-21	കോട്ടയം	0	0	0	0
	തൃശ്ശൂർ	0	0	1	0.01
	മലപ്പുറം	0	0	2	0.14
	കോഴിക്കോട്	0	0	1	0.03
ആകെ		0	0	4	0.18
2021-22	കോട്ടയം	16	1.98	1	0.01
	തൃശ്ശൂർ	4	0.11	3	0.04
	മലപ്പുറം	2	0.02	2	0.08
	കോഴിക്കോട്	10	0.24	2	0.03
ആകെ		32	2.35	8	0.16
2022-23	കോട്ടയം	16	2.17	1	0.02
	തൃശ്ശൂർ	4	0.12	3	0.04
	മലപ്പുറം	2	0.02	2	0.08
	കോഴിക്കോട്	10	0.26	2	0.03
ആകെ		32	2.57	8	0.17
ആകെ മൊത്തം			**4.92**		**0.51**

(ഉറവിടം : ആറാമത് എസ്‌എഫ്‌സി റിപ്പോർട്ടും സംസ്ഥാന ധനകാര്യ കമ്മീഷൻ സെല്ലിൽ നിന്നുമുള്ള ഡാറ്റയും)

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിയുടെയും സബ്സിഡിയുടെയും മാർഗ്ഗരേഖകളിൽ പറഞ്ഞിട്ടുള്ളതുപോലെ, എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിലെ അഭാവം/കുറവ്, വിവിധ മേഖലകളിൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള പിആർഐകളുടെ ശേഷിയെ കുറയ്ക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി.

3.5.3 പ്രോജക്റ്റുകൾ നടപ്പാക്കാത്തതുമൂലം എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ കാലഹരണപ്പെടൽ

എസ്‌സിഎസ്‌പി/ടിഎസ്‌പിയുടെ കീഴിൽ വകയിരുത്തുന്ന ഫണ്ടുകൾ വകമാറ്റുകയോ കാലഹരണപ്പെടുകയോ ചെയ്യരുതെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യക്തമായി പ്രസ്താവിക്കുന്നു. എന്നാൽ, താഴെ **പട്ടിക 3.9ൽ** വിശദമാക്കിയിരിക്കുന്നതുപോലെ, എസ്‌സിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്റ്റുകളിൽ 18–28 ശതമാനവും, ടിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്റ്റുകളിൽ 10–17 ശതമാനവും ഓഡിറ്റ് കാലയളവിൽ പരിശോധിച്ച പിആർഐകൾ നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പട്ടിക 3.9: പരിശോധിച്ച പിആർഐകളിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ ഉപയോഗിച്ച് രൂപീകരിച്ച പ്രോജക്റ്റുകൾ നടപ്പാക്കാത്തത്

(₹ കോടിയിൽ)

വർഷം	രൂപീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം	പ്രോജക്റ്റ് ചെലവ്	നടപ്പാക്കാത്ത പ്രോജക്റ്റുകളുടെ എണ്ണം	നടപ്പിലാക്കാത്തതിനാൽ കാലഹരണപ്പെട്ട തുക	ഭാഗികമായി നടപ്പിലാക്കിയതിനാൽ കാലഹരണപ്പെട്ട തുക
എസ്‌സിഎസ്‌പി					
2020-21	2020	164.78	360	23.88	24.48
2021-22	1386	138.07	277	17.74	10.30
2022-23	1513	157.31	428	27.11	17.43
ആകെ	**4919**	**460.16**	**1065**	**68.73**	**52.21**
ടിഎസ്‌പി					
2020-21	641	20.62	112	3.79	2.75
2021-22	476	16.34	47	1.60	1.14
2022-23	509	18.45	57	1.30	2.17
ആകെ	**1626**	**55.41**	**216**	**6.69**	**6.06**

(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ വാർഷിക ചെലവ് പത്രിക)

പ്രോജക്റ്റുകൾ നടപ്പാക്കാതിരിക്കൽ, ഏറ്റെടുത്ത പ്രോജക്റ്റുകൾ പൂർത്തീകരിക്കാത്ത സ്ഥിതി, പൂർത്തിയായ പ്രോജക്റ്റുകളിൽ നിന്നുള്ള മിച്ചം വിനിയോഗിക്കാതിരിക്കൽ എന്നിങ്ങനെയുള്ള വിവിധ കാരണങ്ങളാൽ ₹120.94 കോടിയുടെ എസ്‌സിഎസ്‌പി ഫണ്ടുകളും ₹12.75 കോടിയുടെ ടിഎസ്‌പി ഫണ്ടുകളും കാലഹരണപ്പെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മതിയായ എണ്ണം ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തത് വികലമായ ആസൂത്രണം, ഭരണപരമായ കൃത്യ വിലോപങ്ങൾ കാരണം ഫണ്ടുകൾ ലഭ്യമാകാത്തത് എന്നിവയായിരുന്നു പ്രോജക്റ്റുകൾ നടപ്പാക്കാത്തതിന് പിന്നിലുള്ള പ്രധാന കാരണങ്ങൾ ഇതു സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ താഴെ വിവരിച്ചിരിക്കുന്നു:

- പുതുപ്പാടി ഗ്രാമപഞ്ചായത്ത് എസ്‌സിഎസ്‌പി ഫണ്ട് ഉപയോഗിച്ച് 2021–22, 2022–23 വർഷങ്ങളിൽ ₹27.19 ലക്ഷം ചെലവിൽ ശ്മശാന ഷെഡ്ഡിന്റെ നിർമ്മാണം, ശ്മശാനത്തിലെ കൽപ്പടവുകൾ, ഒരു റോഡിന്റെ നിർമ്മാണം എന്നിങ്ങനെ മൂന്ന് പ്രൊജക്റ്റുകൾ രൂപീകരിച്ചു. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റുകൾ നടപ്പാക്കിയില്ല. സംസ്ഥാന സർക്കാർ സ്പിൽഓവർ

പ്രോജക്ടുകൾക്കുവേണ്ടി ഫണ്ടുകൾ വകയിരുത്താത്തത് കാരണം പ്രോജക്ട് നടപ്പാക്കിയില്ലെന്നാണ് അതിന് കാരണമായി ഗ്രാമപഞ്ചായത്ത് പറഞ്ഞത്.

- ചാലിയാർ ഗ്രാമപഞ്ചായത്ത് ബിരുദതല ഏഴ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി ഒരു പ്രോജക്ട് രൂപീകരിക്കുകയും (2020-21) അതിനായി ₹1.92 ലക്ഷം കെൽട്രോണിന് മുൻകൂറായി നൽകുകയും ചെയ്തു (2021 മാർച്ച്). എന്നാൽ, ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് കെൽട്രോണിന് യഥാസമയം വർക്ക് ഓർഡർ നൽകുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതിനാൽ പ്രോജക്ട് നടപ്പാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ 2022 ഫെബ്രുവരിയോടുകൂടി മാത്രമാണ് കെൽട്രോണിൽ അന്വേഷണം നടത്തിയതെന്നും അപ്പോഴേയ്ക്കും ലാപ്ടോപ്പിന്റെ വില ഒന്നിന് ₹16,000 വർദ്ധനവ് ഉണ്ടായതായും ഓഡിറ്റ് കണ്ടെത്തുകയുണ്ടായി. അതിനാൽ, പ്രോജക്ട് നടപ്പാക്കാതെ തുക സർക്കാരിലേക്ക് തിരിച്ചടച്ചു. അങ്ങനെ ഭരണപരമായ കൃത്യ വിലോപം മൂലം അർഹരായ ഏഴ് വിദ്യാർത്ഥികൾക്ക് (നാല് എസ്‌സി മൂന്ന് എസ്ടി) ലാപ്ടോപ്പ് സഹായം നിഷേധിക്കപ്പെട്ടു.

3.6 പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും

ഭൂരഹിത ഭവനരഹിത അവസ്ഥകൾ, ഉപജീവന ഭദ്രതയില്ലായ്മ, ഉന്നത പഠനത്തിനും ഉചിതമായ തൊഴിലവസരങ്ങൾക്കുമുള്ള പ്രവേശനം ലഭിക്കുതിനുള്ള ബുദ്ധിമുട്ടുകൾ, അധിവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, എസ്‌സി/എസ്ടി അധിവാസ കേന്ദ്രങ്ങളിൽ ഐറ്റി, വിനിമയ സൗകര്യങ്ങൾ എന്നിവയുടെ ശോചനീയമായ അഭിഗമ്യത മുതലായ പ്രതിബന്ധങ്ങൾ സംസ്ഥാനം തിരിച്ചറിയുകയും, 13-ഉം 14-ഉം പഞ്ചവത്സരപദ്ധതികളിൽ ഇവ പരിഹരിക്കാൻ ലക്ഷ്യമിടുകയും ചെയ്തു. എസ്‌സിഎസ്പി/ടിഎസ്പിയക്കു കീഴിൽ വാർഷിക വികസന പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപം കൊടുത്ത പ്രോജക്ടുകൾ, (i) പശ്ചാത്തല മേഖല (ii) ഉത്പാദന മേഖല (iii) സേവന മേഖല എന്നീ വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. ഈ മൂന്ന് മേഖലകൾക്ക് കീഴിലുള്ള വിവിധ ഉപമേഖലകളുടെ ചിത്രീകരണം **ചിത്രം 3.1ൽ** കൊടുത്തിരിക്കുന്നു.

ചിത്രം 3.1: മൂന്ന് മേഖലകൾക്ക് കീഴിലുള്ള വിവിധ ഉപമേഖലകൾ

സേവന മേഖല	ഉല്പാദന മേഖല	പശ്ചാത്തല മേഖല
• വിദ്യാഭ്യാസം • കല, സംസ്കാരം കായികോന്മുഖ പദ്ധതികൾ • യുവജനക്ഷേമം • ആരോഗ്യ,കുടിവെള്ള വിതരണ പദ്ധതികൾ • ശുചിത്വ, മാലിന്യ സംസ്കരണ പദ്ധതികൾ • ഭവന നിർമ്മാണം വൈദ്യുതീകരണം മുതലായവ	• കാർഷിക പദ്ധതികൾ • മൃഗസംരക്ഷണ പദ്ധതികൾ • ജലസേചനം • ക്ഷീരവികസനം • മത്സ്യബന്ധനം • നൈപുണ്യവികസനം, തൊഴിൽ പദ്ധതികൾ മുതലായവ	• റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ • സംരക്ഷണഭിത്തികൾ നടപ്പാത എന്നിവയുടെ നിർമ്മാണം • ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ മുതലായവ

(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ തിരഞ്ഞെടുക്കപ്പെട്ട തദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും, നടപ്പാക്കലും പട്ടികജാതി ഉപപദ്ധതിയുടെയും,

പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും ഓഡിറ്റ് പരിശോധിക്കുകയും താഴെ വിവരിച്ചിരിക്കുന്ന രീതിയിൽ മൂന്നു മേഖലകളിലായി ഓഡിറ്റിന്റെ കണ്ടെത്തലുകൾ പ്രാഥമികമായി തരംതിരിക്കുകയും ചെയ്തിട്ടുണ്ട്:

സേവന മേഖല

പാർശ്വവൽകൃത സമുദായങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ വികസനം ഉറപ്പാക്കുന്നതിന് സേവന മേഖലാ പ്രോജക്ടുകളുടെ ഫലപ്രദമായ നടപ്പാക്കൽ നിർണ്ണായകമാണ്. 2020-2023 കാലയളവിൽ, 68 പിആർഐകളുടെ വാർഷിക ചെലവ് പത്രികകളുടെ വിശകലനം, എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളുടെ ഗണ്യമായ ഒരു ഭാഗം (യഥാക്രമം 77.98 ശതമാനവും 81.45 ശതമാനവും) സേവനമേഖലാ പ്രോജക്ടുകൾക്ക് വേണ്ടി വകയിരുത്തിയതായി വെളിപ്പെടുത്തുകയുണ്ടായി. ഈ പ്രോജക്ടുകൾ പ്രാഥമികമായും ശ്രദ്ധ ഊന്നിയത് വിദ്യാഭ്യാസം, ഭവന നിർമ്മാണം, കുടിവെള്ളം വിതരണം എന്നിവയിലാണ്.

എസ്‌സിഎസ്‌പി ഫണ്ടിൽ നിന്നും ₹358.83 കോടി നീക്കിവച്ചുകൊണ്ട് പരിശോധിച്ച പിആർഐകൾ ഓഡിറ്റ് കാലയളവിൽ സേവന മേഖലയുടെ കീഴിൽ 3312 പ്രോജക്ടുകൾ രൂപീകരിച്ചു. ഇവയിൽ, 2663 പ്രോജക്ടുകൾ (80.40 ശതമാനം) ₹282.26 കോടി (78.66 ശതമാനം) ചെലവഴിച്ചുകൊണ്ട് ഈ കാലയളവിൽ നടപ്പാക്കുകയും ചെയ്തു. അതുപോലെ, സേവന മേഖലയിൽ ₹45.14 കോടി എസ്റ്റിമേറ്റിൽ രൂപീകരിച്ച 1327 ടിഎസ്‌പി പ്രോജക്ടുകളിൽ 1155 എണ്ണം (87.04 ശതമാനം), ₹34.55 കോടി (76.54 ശതമാനം) ചെലവഴിച്ച് നടപ്പാക്കുകയുണ്ടായി. ഇവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.2ൽ** കൊടുത്തിരിക്കുന്നു. സേവനമേഖലയിൽ പ്രമുഖ ഉപമേഖലകൾക്കു കീഴിലെ പ്രോജക്ടുകളുടെ മൂല്യനിർണ്ണയം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

3.6.1 വിദ്യാഭ്യാസം

പിന്നാക്കവിഭാഗങ്ങളുടേയും, സാമൂഹികമായി ദുർബലരായ വിഭാഗങ്ങളുടേയും ഉന്നമനത്തിനുള്ള ഏത് പരിപാടിയുടേയും മുഖ്യഘടകം വിദ്യാഭ്യാസം ആണ്. വിജ്ഞാനം, നൈപുണ്യം, മൂല്യങ്ങൾ എന്നിങ്ങനെ കുട്ടികളുടെ വ്യക്തിപരമായ വളർച്ചയ്ക്കും വികസനത്തിനും അനിവാര്യമായ ഘടകങ്ങൾ കൊണ്ട് അവരെ ശാക്തീകരിക്കുന്നതിലും അതിലൂടെ ആത്യന്തികമായി അവരുടെ ജീവിതം രൂപാന്തരപ്പെടുത്തുന്നതിനും ശോഭനമായ ഭാവി കരുപിടിപ്പിക്കുന്നതിനും ഈ ഉപമേഖലയ്ക്കു കീഴിലുള്ള പ്രോജക്ടുകളുടെ ഫലപ്രദമായ നടപ്പാക്കൽ നിർണ്ണായകമാണ്. തിരഞ്ഞെടുത്ത പ്രോജക്ടുകളുടെ നടപ്പാക്കൽ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു:

3.6.1.1 സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കൽ

എസ്‌സി/എസ്‌ടി വികസന വകുപ്പുകൾ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കിയ സ്കോളർഷിപ്പ് പദ്ധതിക്കു പുറമേ, പ്രൊഫഷണൽ/ബിരുദ/പോളിടെക്നിക് കോഴ്സുകൾ പഠിക്കുന്ന എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പിആർഐകൾ പദ്ധതി നടപ്പാക്കുകയുണ്ടായി.

തുടർന്നു വരുന്ന ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ളതുപോലെ, വരുമാനത്തെ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡമായി സ്വീകരിക്കൽ, തിരഞ്ഞെടുപ്പിന്റെ നിർദ്ദിഷ്ട നടപടി ക്രമങ്ങളിൽ നിന്നുള്ള വ്യതിചലനം, ഭരണപരമായ വീഴ്ചകൾ മൂലം സ്കോളർഷിപ്പ് കിട്ടാതിരിക്കൽ മുതലായ അപര്യാപ്തതകൾ/വീഴ്ചകൾ ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി:

i. വരുമാനം സ്കോളർഷിപ്പിനുള്ള യോഗ്യതാമാനദണ്ഡമായി സ്വീകരിക്കൽ

എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചപ്പോൾ സ്കോളർഷിപ്പ് നൽകുന്നതിന് ഒരു യോഗ്യതാ മാനദണ്ഡവും നിശ്ചയിച്ചില്ല. എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വരുമാനം ഒരു

മാനദണ്ഡമാകരുത് എന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 16[20] പിആർഐകൾ, സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി, വരുമാനം നിശ്ചയിക്കുകയുണ്ടായി എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. **പട്ടിക 3.10ൽ** ജില്ലാതല വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു.

പട്ടിക 3.10: വരുമാനപരിധി യോഗ്യതാ മാനദണ്ഡമായി നിശ്ചയിച്ച പിആർഐകളുടെ വിശദാംശങ്ങൾ

ജില്ലയുടെ പേര്	വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച പിആർഐകളുടെ എണ്ണം	വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച പിആർഐകളുടെ പേര്
കോട്ടയം	7	കോട്ടയം ഡിപി, പാമ്പാടി ജിപി, പള്ളം ബിപി, കുറിച്ചി ജിപി, പള്ളിക്കത്തോട് ജിപി, മേലുകാവ് ജിപി, തലനാട് ജിപി
തൃശ്ശൂർ	3	നടത്തറ ജിപി, പരിയാരം ജിപി, ആതിരപ്പിള്ളി ജിപി,
മലപ്പുറം	4	പാണ്ടിക്കാട് ജിപി, കാളികാവ് ബിപി, വണ്ടൂർ ജിപി,ചൊക്കാട് ജിപി
കോഴിക്കോട്	2	പുതുപ്പാടി ജിപി ,കൊടുവള്ളി ബിപി
ആകെ	**16**	

(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ പ്രോജക്ട് പത്രിക)

ii. സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള തിരഞ്ഞെടുപ്പ് നടപടിക്രമം സ്വീകരിക്കാതിരിക്കൽ

ഓരോ പ്രോജക്ടിനുകീഴിലും ആനുകൂല്യങ്ങളുടെ നീതിപൂർണ്ണമായ വിതരണം ഉറപ്പാക്കാൻ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിൽ നിന്നും വളരെ കൂടുതൽ അപേക്ഷകരുള്ളപ്പോൾ വാർഡു തലത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പദ്ധതിരൂപീകരണ മാർഗ്ഗരേഖകൾ ഒരു ഫോർമുല നിശ്ചയിക്കുകയുണ്ടായി. ഒരു വാർഡിലെ യോഗ്യരായ അപേക്ഷകരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള ഫോർമുല, (വാർഡിലെ യോഗ്യരായ അപേക്ഷകരുടെ എണ്ണം ÷ എല്ലാ വാർഡുകളിലേയും യോഗ്യരായ അപേക്ഷകരുടെ ആകെ എണ്ണം)× സ്കോളർഷിപ്പികളുടെ മൊത്തം എണ്ണം, ആയിരുന്നു. ഉദാഹരണത്തിന്, വാർഡ് എ യിലെ അപേക്ഷകരുടെ എണ്ണം എട്ടും എല്ലാ വാർഡുകളിലേയും അപേക്ഷകരുടെ മൊത്തം എണ്ണം 32 ഉം ലഭ്യമായ സ്കോളർഷിപ്പുകളുടെ എണ്ണം 20 ഉം ആണെങ്കിൽ വാർഡ് എ-യ്ക്കു ലഭിക്കേണ്ട സ്കോളർഷിപ്പുകളുടെ ആനുപാതിക എണ്ണം, 8÷32×20 = 5 ആയിരിക്കും.

തിരഞ്ഞെടുക്കപ്പെട്ട പിആർഐകളിലെ സ്കോളർഷിപ്പിനു വേണ്ടിയുള്ള ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് രീതി ഓഡിറ്റ് വിശകലനം ചെയ്യുകയും നിർദ്ദിഷ്ട തിരഞ്ഞെടുപ്പ് നടപടി ക്രമം പാലിക്കാതെ ബന്ധപ്പെട്ട പിആർഐകൾ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് കാലയളവിൽ 10 പിആർഐകൾ[21] 368[22] വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിച്ചതായി കണ്ടെത്തുകയും ചെയ്തു. **പട്ടിക 3.11ൽ** ജില്ലാതല വിശദാംശങ്ങൾ കൊടുത്തിരിക്കുന്നു.

---

[20] കോട്ടയം ഡിപി, കാളികാവ്, പള്ളം, വണ്ടൂർ, കൊടുവള്ളി ബിപികൾ, പാണ്ടിക്കാട്, പുതുപ്പാടി, പാമ്പാടി, നടത്തറ, കുറിച്ചി, ചോക്കാട്, പരിയാരം, പള്ളിക്കത്തോട്, അതിരപ്പിള്ളി, മേലുകാവ്, തലനാട് ജിപികൾ

[21] കോട്ടൂർ, കോടശ്ശേരി, കുന്ദമംഗലം, അതിരപ്പിള്ളി, പുത്തൂർ, പരിയാരം, പാമ്പാടി, മാമ്പാട്, എരുമേലി, കോടഞ്ചേരി ജിപികൾ

[22] 2020-21ൽ: 98 ഗുണഭോക്താക്കൾ, 2021-22ൽ: 103 ഗുണഭോക്താക്കൾ, 2022-23ൽ: 167 ഗുണഭോക്താക്കൾ

പട്ടിക 3.11 : മാനദണ്ഡങ്ങൾ ലംഘിച്ച് വിതരണം ചെയ്ത സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ

ജില്ലയുടെ പേര്	നിർദ്ദിഷ്ട തിരഞ്ഞെടുപ്പ് നടപടി ക്രമം പാലിക്കാത്ത പിആർഐകളുടെ എണ്ണം	ലഭിച്ച അപേക്ഷകളുടെ എണ്ണം	ഓരോ ജില്ലയിലും സ്കോളർഷിപ്പുകൾ അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം	സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളുടെ എണ്ണം
കോട്ടയം	2	158	86	22
തൃശ്ശൂർ	3	459	107	34
മലപ്പുറം	1	116	34	12
കോഴിക്കോട്	4	258	141	22
ആകെ	**10**	**991**	**368**	**90**

(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകൾ നൽകിയ ഡാറ്റ)

മാർഗ്ഗരേഖകൾ പാലിക്കാതിരുന്നതുമൂലം 10 പിആർഐകളിൽ അർഹരായ 90 വിദ്യാർത്ഥികൾ സ്കോളർഷിപ്പുകൾ ലഭിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടു. സംസ്ഥാന സർക്കാർ നിശ്ചയിച്ചിരുന്ന നടപടിക്രമം പാലിക്കാതിരുന്നതുമൂലം എസ്‌സി/എസ്ടി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ കീഴിലെ ആനുകൂല്യങ്ങളുടെ ന്യായവും സമതുല്യവുമായ വിതരണം എന്ന ഉദ്ദേശ്യം തന്നെ പരാജയപ്പെട്ടു.

ഉദാഹരണത്തിന്, കോട്ടയം ജില്ലയിലെ പാമ്പാടി ജിപിയിൽ 2020-21ൽ ആറാം വാർഡിൽ നിന്നും സ്കോളർഷിപ്പിനുളള നാല് അപേക്ഷകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കുകയുണ്ടായി, എന്നാൽ, ആർക്കും തന്നെ സ്കോളർഷിപ്പ് നൽകിയില്ല. എല്ലാ വാർഡുകളിൽ നിന്നുമായി ആ വർഷം ജിപിയ്ക്ക് 32 അപേക്ഷകൾ ലഭിച്ചതിൽ 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി. ഫോർമുല പാലിച്ചായിരുന്നെങ്കിൽ ആറാം വാർഡിൽ നിന്നും രണ്ട് വിദ്യാർത്ഥികൾക്ക് (4÷32×15=1.88) സ്കോളർഷിപ്പുകൾ ലഭിക്കുമായിരുന്നു.

iii. മലപ്പുറം ജില്ലയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭരണപരമായ വീഴ്ചമൂലം 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകാതിരുന്നത്

മലപ്പുറം ജില്ലയിലെ ചാലിയാർ ജിപിയിൽ 2021-22ൽ കോണമുണ്ട ജിഎൽപി സ്കൂൾ ഹെഡ്മാസ്റ്ററെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്കിക്കൊണ്ട് പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനുള്ള ഒരു പ്രോജക്ട് രൂപീകരിക്കപ്പെട്ടു. പ്രോജക്ടിനായി കണക്കാക്കപ്പെട്ട ചെലവ് ₹95,160 ആയിരുന്നു. 14 അപേക്ഷകൾ ലഭിച്ചതിൽ, അഞ്ച് പട്ടികജാതി വിദ്യാർഥികളെ സ്കോളർഷിപ്പിനായി തിരഞ്ഞെടുത്തു. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് നടപ്പാക്കിയില്ല. 2021-22ൽ ആനുകൂല്യം നിഷേധിക്കപ്പെട്ട അഞ്ച് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് 2022-23ൽ 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ₹3.05 ലക്ഷം ചെലവ് കണക്കാക്കി വീണ്ടും പ്രോജക്ട് രൂപീകരിച്ചു. എന്നാൽ, ഹെഡ്മാസ്റ്റർ (നിർവ്വഹണ ഉദ്യോഗസ്ഥൻ) ഫണ്ടുകൾക്കു വേണ്ടി ജിപിയ്ക്ക് അപേക്ഷ സമർപ്പിച്ചത് 2023 മാർച്ചിൽ മാത്രമായിരുന്നു. ഫണ്ടുകളുടെ ലഭ്യത കുറവ് കാരണം പ്രോജക്ട് നടപ്പാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ആവർത്തിച്ച വീഴ്ചകൾ 2021-22ൽ അഞ്ച് പട്ടികജാതി വിദ്യാർത്ഥികൾക്കും 2022-23ൽ 15 പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ നിഷേധിക്കുന്നതിൽ കലാശിച്ചു.

3.6.1.2 സർവ്വ ശിക്ഷാ അഭിയാൻ – എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ – ₹0.67 കോടി

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ, സർവ്വ ശിക്ഷാ അഭിയാൻ (എസ്‌എസ്‌എ)[23] പരിപാടിയുടെ നടപ്പാക്കലിനായി പദ്ധതി ഫണ്ടുകളുടെ നിർബന്ധമായ വകയിരുത്തൽ നിഷ്കർഷിക്കുന്നു. എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള എസ്‌എസ്‌എ വിഹിതം, വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി വകയിരുത്തേണ്ടതാണെന്ന് മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ എസ്‌സിഎസ്‌പിയ്ക്കു കീഴിലുള്ള 14 പിആർഐകളും ടിഎസ്‌പിയ്ക്കു കീഴിലുള്ള ആറ് പിആർഐകളും, എസ്‌സി/എസ്‌ടി വിദ്യാർത്ഥികൾക്ക് യഥാർത്ഥത്തിൽ ആവശ്യമായതിനേക്കാൾ കൂടുതൽ എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടാണ് പ്രോജക്ടുകൾ രൂപീകരിച്ചത്. ഇത്, **പട്ടിക 3.12ലും പട്ടിക 3.13ലും** വിശദമാക്കിയിരുന്നതുപോലെ, 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ എസ്‌സിഎസ്‌പിയ്ക്കു കീഴിൽ ₹0.50 കോടിയുടേയും, ടിഎസ്‌പിയ്ക്കു കീഴിൽ ₹0.17 കോടിയുടേയും ഫണ്ട് പൊതുവിഭാഗത്തിന്റെ ആനുകൂല്യത്തിനായി വകമാറ്റി ചെലവഴിക്കുന്നതിനു കാരണമായി.

പട്ടിക 3.12: എസ്‌എസ്‌എയിലേക്ക് എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകമാറ്റം

(₹ ലക്ഷത്തിൽ)

കാലയളവ്	വകമാറ്റിയ തുക				വകമാറ്റിയ മൊത്തം എസ്‌സിഎസ്‌പി ഫണ്ട്
	കോട്ടയം	തൃശ്ശൂർ	മലപ്പുറം	കോഴിക്കോട്	
2020-21	0.92	1.25	14.34	2.70	19.21
2021-22	1.28	1.90	7.92	2.79	13.89
2022-23	5.96	1.86	4.15	5.07	17.04
ആകെ	**8.16**	**5.01**	**26.41**	**10.56**	**50.14**

(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റയും വാർഷിക ചെലവ് പത്രികകളും)

പട്ടിക 3.13: എസ്‌എസ്‌എയിലേക്ക് ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റം

(₹ ലക്ഷത്തിൽ)

കാലയളവ്	വകമാറ്റിയ തുക				വകമാറ്റിയ മൊത്തം ടിഎസ്‌പി ഫണ്ട്
	കോട്ടയം	തൃശ്ശൂർ	മലപ്പുറം	കോഴിക്കോട്	
2020-21	2.53	ഇല്ല	4.04	ഇല്ല	6.57
2021-22	3.04	ഇല്ല	3.95	ഇല്ല	6.99
2022-23	0.93	ഇല്ല	2.43	ഇല്ല	3.36
ആകെ	**6.50**	**ഇല്ല**	**10.42**	**ഇല്ല**	**16.92**

(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റയും വാർഷിക ചെലവ് പത്രികകളും)

എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ, എസ്‌എസ്‌എ (പൊതു) വഹിതത്തിലേക്ക് ഗണ്യമായി വകമാറ്റിയതായി മുകളിലത്തെ കണക്കുകൾ സൂചിപ്പിക്കുന്നു, പ്രത്യേകിച്ചും മലപ്പുറം ജില്ലയിൽ.

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ജിപിയിൽ എസ്‌എസ്‌എ പദ്ധതിയിൽ 5526 വിദ്യാർത്ഥികൾക്കുവേണ്ടി എസ്‌സിഎസ്‌പിയ്ക്കു കീഴിൽ ₹അഞ്ച് ലക്ഷം വകയിരുത്തിക്കൊണ്ട് 2020-21ൽ ഒരു പ്രോജക്ട് രൂപീകരിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. എന്നാൽ, ഈ 5526 വിദ്യാർത്ഥികളിൽ 483 പേർ മാത്രമാണ് പട്ടികജാതി വിഭാഗക്കാർ, ബാക്കിയുള്ള 5043 പേരും പൊതുവിഭാഗത്തിൽ

---

[23] സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം കൈവരിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സമഗ്രവും, സംയോജിതവുമായ ഒരു സുപ്രധാന പരിപാടിയാണ് എസ്‌എസ്‌എ

പെടുന്നവരാണ്. വസ്തുത ഇതായിരിക്കെ, പട്ടികജാതി വിദ്യാർത്ഥികളുടെ ആനുപാതിക വിഹിതം ₹0.44 ലക്ഷം മാത്രമായിരുന്നു, ₹4.56 ലക്ഷത്തിന്റെ എസ്‌സിഎസ്‌പി ഫണ്ട് പൊതുവിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വകമാറ്റപ്പെട്ടു. ഈ ഫണ്ട് വകമാറ്റം, പട്ടികജാതി ജനവിഭാഗങ്ങളുടെ വികസനത്തിനെ പിൻതാങ്ങുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന എസ്‌സിഎസ്‌പിയുടെ ഉദ്ദേശ്യത്തെ ദുർബലപ്പെടുത്തുന്നു.

തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ തിരഞ്ഞെടുത്ത പിആർഐകളിൽ ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റം ഉള്ളതായി ഓഡിറ്റ് കണ്ടെത്തിയില്ല.

3.6.2 കുടിവെള്ളം

അടിസ്ഥാന ആരോഗ്യ പരിപാലനത്തിനും ശുചിത്വത്തിനും ആവശ്യമായ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത എല്ലാ പൗരന്മാർക്കും ഒരു നിശ്ചിത അളവിലെങ്കിലും കേന്ദ്ര സർക്കാരും സംസ്ഥാനങ്ങളും, തദ്ദേശീയ സർക്കാരുകളും ഉറപ്പാക്കണമെന്ന് 2012ലെ ദേശീയ ജലനയം നിഷ്കർഷിക്കുന്നു. ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികളെ തുടർന്ന് കുടിവെള്ള വിതരണത്തിന്റെ ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും സേവന മേഖലാ ചെലവുകളുടെ യഥാക്രമം 5.82 ശതമാനവും 4.50 ശതമാനവും പരിശോധന നടത്തിയ പിആർഐകൾ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയ കുടിവെള്ള വിതരണ (ഡിഡബ്ല്യുഎസ്) പദ്ധതികളുടേതായിരുന്നു.

ഓഡിറ്റ് കാലയളവിൽ പരിശോധിച്ച പിആർഐകൾ പട്ടികജാതിക്കാരുടെ പ്രയോജനത്തിനായി ₹32.35 കോടി പ്രോജക്ട് ചെലവ് വരുന്ന 452 ഡിഡബ്ല്യുഎസ് പ്രോജക്ടുകളും പട്ടിക വർഗ്ഗക്കാരുടെ പ്രയോജനത്തിനായി ₹2.51 കോടി പ്രോജക്ട് ചെലവ് വരുന്ന 73 ഡിഡബ്ല്യുഎസ് പ്രോജക്ടുകളും രൂപീകരിക്കുകയുണ്ടായി. എന്നാൽ 37 പിആർഐകൾ പട്ടികജാതി ഗുണഭോക്താക്കൾക്കായി ₹10.87 കോടി പ്രോജക്ട് ചെലവ് വരുന്ന 168 പ്രോജക്ടുകളും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വേണ്ടി ₹0.65 കോടി പ്രോജക്ട് ചെലവ് വരുന്ന 22 പ്രോജക്ടുകളും നടപ്പാക്കിയില്ല. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.3ലും, അനുബന്ധം 3.4ലും** കൊടുത്തിരിക്കുന്നു. തിരഞ്ഞെടുത്ത പ്രോജക്ടുകളുടെ നടപ്പാക്കൽ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ചെയ്തു:

3.6.2.1 ജലസ്രോതസ്സുകളുടെ മലിനീകരണം മൂലം 65 എസ്‌സി/എസ്‌ടി അധിവാസ കേന്ദ്രങ്ങളിൽ കുടിക്കാൻയോഗ്യമല്ലാത്ത ജലത്തിന്റെ ഉപയോഗം

ഓഡിറ്റ്, 45 പിആർഐകളിലെ 65 എസ്‌സി/എസ്‌ടി അധിവാസകേന്ദ്രങ്ങളിൽ (35 എസ്‌സി, 30 എസ്‌ടി സെറ്റിൽമെന്റുകൾ) കുടിവെള്ള സ്രോതസ്സുകളുടെ സംയുക്ത ഭൗതിക പരിശോധന നടത്തുകയുണ്ടായി. ജല സാമ്പിളുകൾ ശേഖരിക്കുകയും പിഎച്ച്, ടോട്ടൽ ഡിസോള്വ്ഡ് സോളിഡ്സ് (ടിഡിഎസ്), ക്ലോറൈഡുകൾ, കോളിഫോം, ഇ-കോളി ബാക്ടീരിയകളുടെ എണ്ണം എന്നിവ ഉൾപ്പെടെ പൊതുവായ കുടിവെള്ള ഗുണനിലവാരം സർക്കാർ അംഗീകൃത ലാബുകളിൽ പരീക്ഷണ വിധേയമാക്കുകയും ചെയ്തു. 88 ശതമാനം (57) സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയയുടേയും 60 ശതമാനം (39) സാമ്പിളുകളിൽ ഇ-കോളി ബാക്ടീരിയയുടേയും സാന്നിധ്യം കണ്ടെത്തുകയും 63 ശതമാനം (41) സാമ്പിളുകളിൽ വെള്ളത്തിന്റെ താഴ്ന്ന പിഎച്ച് ശ്രദ്ധയിൽ പെടുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.5ൽ** കൊടുത്തിരിക്കുന്നു. 45 പിആർഐകളിലെ എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ പരിശോധിച്ച എല്ലാ കുടിവെള്ള സ്രോതസ്സുകളും മലിനീകൃതവും, കുടിക്കാൻ യോഗ്യമല്ലതാത്തതും ആണെന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ 12 സാമ്പിളുകളിൽ, കോളിഫോം, ഇ-കോളി ബാക്ടീരിയകളുടെ സാന്നിധ്യം 'എണ്ണാവുന്നതിലും അധികം' ആയിരുന്നു. വിശദാംശങ്ങൾ **പട്ടിക 3.14ൽ** കൊടുത്തിരിക്കുന്നു:

പട്ടിക 3.14: കുടിവെള്ള പരിശോധനാ ഫലങ്ങളുടെ ക്രോഡീകരണം

വിഭാഗം	ജില്ല	പിആർഐകളുടെ എണ്ണം	സാമ്പിളുകൾ ശേഖരിച്ച സ്രോതസ്സുകളുടെ എണ്ണം	ഉയർന്ന കലക്കൽ*	താഴ്ന്ന പിഎച്ച്*	കോളി ഫോം ബാക്ടീരിയുടെ സാന്നിദ്ധ്യം*	ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം*	ഇരുമ്പിന്റെ ഉയർന്ന സാന്നിദ്ധ്യം*
എസ്‌സി സെറ്റിൽ മെന്റ്	കോട്ടയം	8	8	ഇല്ല	7	6	4	ഇല്ല
	തൃശ്ശൂർ	8	8	1	6	8	5	1
	മലപ്പുറം	7	7	ഇല്ല	2	7	6	3
	കോഴിക്കോട്	12	12	3	7	9	6	3
ആകെ		**35**	**35**	**4**	**22**	**30**	**21**	**7**
എസ്‌ടി സെറ്റിൽ മെന്റ്	കോട്ടയം	7	7	1	6	6	6	ഇല്ല
	തൃശ്ശൂർ	6	6	ഇല്ല	4	5	4	ഇല്ല
	മലപ്പുറം	9	9	ഇല്ല	3	9	6	4
	കോഴിക്കോട്	8	8	ഇല്ല	6	7	2	ഇല്ല
ആകെ		**30**	**30**	**1**	**19**	**27**	**18**	**4**

(ഉറവിടം : പിആർഐകളിൽ നിന്ന് ശേഖരിച്ച കുടിവെള്ള സാമ്പിളുകളുടെ പരിശോധനാ ഫലം)
**കലങ്ങിയ അവസ്ഥയുടെ അഭിലഷണീയ പരിധി 1 എൻടിയു - 5 എൻടിയു, പിഎച്ച് : 6.5 - 8.5, ഇരുമ്പ് : 0.3 മില്ലിഗ്രാം/ലിറ്റർ, കോളിഫോമും ഇ-കോളിയും : ഇല്ല എന്നായിരിക്കണം.*

ചാലിയാർ ജിപിയിലെ വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ ഗാർഡൻ ഹോസുകൾ ഉപയോഗപ്പെടുത്തി ഗുരുത്വാകർഷണ ബലം വഴി ചൂരപ്പുഴ അരുവിയിൽ നിന്നും നേരിട്ട് രണ്ട് പിവിസി ടാങ്കുകളിൽ വെള്ളം ശേഖരിക്കുന്നതായി ഓഡിറ്റ് കണ്ടു. ടാങ്കിൽ നിന്നും എടുത്ത വെള്ളത്തിന്റെ സാമ്പിൾ പൊതുവായ കുടിവെള്ള ഗുണനിലവാരം അറിയാൻ കെഡബ്ല്യുഎ ലാബിൽ പരിശോധിക്കുകയും കോളിഫോം, ഇ-കോളി ബാക്ടീരിയ (രണ്ടുതരം ബാക്ടീരിയയുടേയും സാന്നിധ്യം എണ്ണിപ്പറയാവുന്നതിനുമപ്പുറം അധികമായിരുന്നു) മൂലം മലിനീകൃതമായിരുന്നതിനാൽ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. വിശദാംശങ്ങൾ ഖണ്ഡിക 3.6.10ൽ നല്കിയിട്ടുണ്ട്.

ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാൻ പിആർഐകൾ പരാജയപ്പെട്ടതുമൂലം, ലഭ്യമായ സ്രോതസ്സുകളിൽ നിന്ന് ശുദ്ധീകരിക്കാത്ത വെള്ളം കുടിക്കാൻ തദ്ദേശവാസികൾ നിർബന്ധിതരാവുകയും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്തു.

3.6.2.2 പതിനാല് എസ്‌സി, അഞ്ച് എസ്‌ടി സെറ്റിൽമെന്റുകളിൽ കുടിവെള്ള വിതരണ സൗകര്യങ്ങൾക്ക് ഉണ്ടായ ₹1.18 കോടിയുടെ നിഷ്ഫല ചെലവ്

വൻകിട പദ്ധതികൾ പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ ചെറുകിട, ആവശ്യ-പ്രേരിത കമ്യൂണിറ്റി നേതൃത്വത്തിലുള്ള ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നത്, കുടിവെള്ള ലഭ്യതയ്ക്കുള്ള ഒരു പ്രായോഗിക പരിഹാരമാർഗ്ഗമാണ്. സമൂഹോന്മുഖ കുടിവെള്ള പദ്ധതികൾ വിജകരമായി നടപ്പാക്കുന്നതിന്, പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനു മുൻപായി, ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ യീൽഡ് പരിശോധനകൾ വഴി ജല ലഭ്യത ഉറപ്പാക്കേണ്ടതും ആവശ്യമാണ്.

തിരഞ്ഞെടുത്ത എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ നടത്തിയ ഒരു സംയുക്ത ഭൗതിക പരിശോധനയിൽ, 2020-21 കാലയളവിൽ, മൊത്തം ₹1.18 കോടി ചെലവിൽ, എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ നടപ്പാക്കിയ 19 ചെറുകിട കുടിവെള്ള വിതരണ സംവിധാനങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെട്ടതായി ഓഡിറ്റ് കണ്ടെത്തി. ഡിഡബ്ല്യുഎസ് സംവിധാനങ്ങളുടെ ജില്ലാതല വിശദാംശങ്ങൾ **പട്ടിക 3.15ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 3.15: കുടിവെള്ള പദ്ധതികളിലെ നിഷ്ഫല ചെലവുകൾ

(₹ കോടിയിൽ)

ജില്ല	എസ്‌സിഎസ്‌പിയ്ക്ക് കീഴിലെ ഡിഡബ്ല്യുഎസ് സംവിധാനങ്ങൾ		ടിഎസ്‌പിയ്ക്ക് കീഴിലെ ഡിഡബ്ല്യുഎസ് സംവിധാനങ്ങൾ	
	എണ്ണം	ഉണ്ടായ ചെലവ്	എണ്ണം	ഉണ്ടായ ചെലവ്
കോട്ടയം	6	0.26	3	0.07
മലപ്പുറം	3	0.12	0	0.00
തൃശ്ശൂർ	2	0.15	1	0.07
കോഴിക്കോട്	3	0.49	1	0.02
ആകെ	**14**	**1.02**	**5**	**0.16**

(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)

പരാജയകാരണങ്ങളിൽ, താഴെ വിവരിച്ചിരിക്കുന്നതുപോലെ, അനുചിതമായ സാദ്ധ്യതാ പഠനങ്ങൾ, അനുയോജ്യമല്ലാത്ത സ്ഥലങ്ങളുടെ കണ്ടെത്തൽ, മോട്ടോർ പമ്പുകളുടെ കൃത്യമായ ഇടവേളകളിലുള്ള പരിപാലനത്തിന്റെ അഭാവം, പൊട്ടിയ പൈപ്പുകൾ, ജലലഭ്യതക്കുറവ് മുതലായവ ഉൾപ്പെടുന്നു:

വികലമായ ആസൂത്രണം മൂലം പ്രോജക്ടുകളുടെ പരാജയം

ഏഴ് പിആർഐകളിലെ[24] എസ്‌സി സെറ്റിൽമെന്റുകളിൽ ₹0.63 കോടി ചെലവിൽ, നടപ്പാക്കിയ എട്ട് ഡിഡബ്ല്യുഎസ് പ്രോജക്ടുകൾ, കുത്തിയ കിണറുകളിലെ വെള്ളത്തിന്റെ ലഭ്യതക്കുറവ്, മാലിന്യങ്ങളുടെ സാന്നിദ്ധ്യം മൂലം ജലത്തിന്റെ ഉപയോഗശൂന്യത മുതലായവ മൂലം നിഷ്ഫലങ്ങളായിത്തീർന്നു. യീൽഡ് പരിശോധനയിലൂടെ ജലലഭ്യത ഉറപ്പുവരുത്താതെയും ജലഗുണനിലവാരപഠനം നടത്താതെയും, പ്രോജക്ടുകൾ നടപ്പാക്കിയതാണ് പ്രോജക്ടുകളുടെ പരാജയത്തിന് കാരണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ₹0.30 കോടി ചെലവിൽ നാല് പിആർഐകളിൽ (രണ്ട് എസ്‌സിയും രണ്ട് എസ്‌ടിയും)[25] പടുത്തുയർത്തിയ ആറ് കുടിവെള്ള വിതരണ സംവിധാനങ്ങൾ, ജലം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ സ്ഥാപിക്കാതിരുന്നത്, വാട്ടർടാങ്കുകളുടെ നിർമ്മാണം/പരിപാലനം നടക്കാത്തത് മുതലായ കാരണങ്ങളാൽ പ്രവർത്തനരഹിതമായി തുടരുകയും, ഇത് ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കേണ്ട പ്രയോജനങ്ങളുടെ നിഷേധത്തിനിടയാക്കുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.6ൽ** കൊടുത്തിരിക്കുന്നു.

കൃത്യമായ ഇടവേളകളിലുള്ള പരിപാലനങ്ങളുടെ അഭാവം

അഞ്ച് എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ[26] ₹0.25 കോടി മൊത്തം ചെലവിൽ സ്ഥാപിച്ച അഞ്ച് ഡിഡബ്ല്യുഎസ് പ്രോജക്ടുകൾ സംഭരണ ടാങ്കിലെ ചോർച്ച മൂലം പ്രവർത്തനരഹിതമായി. കൃത്യമായ പരിപാലനത്തിന്റെ അഭാവമാണ്, ഉദ്ദേശിച്ച ഗുണഭോക്താക്കൾക്ക് കുടിവെള്ളം നിഷേധിക്കുന്നതിന് ഇടയാക്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.7ൽ** കൊടുത്തിരിക്കുന്നു.

ജനവിഭാഗങ്ങളുടെ നേതൃത്വത്തിലുള്ള കുടിവെള്ള പദ്ധതികളുടെ വിജയം ഉറപ്പാക്കാൻ ശ്രദ്ധാപൂർവ്വമായ ആസൂത്രണം, ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ കണ്ടെത്തൽ, കൃത്യമായ അറ്റകുറ്റപ്പണികൾ എന്നിവയുടെ ആവശ്യകത, മുകളിൽ പറഞ്ഞ സന്ദർഭങ്ങൾ എടുത്തുകാണിക്കുന്നു.

3.6.2.3 കുടിവെള്ള പദ്ധതികൾ നടപ്പാക്കാത്തത് - മലപ്പുറം ജില്ല

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്ത്, 2021-22, 2022-23 വർഷങ്ങളിൽ വിവിധ എസ്‌സി സെറ്റിൽമെന്റുകളിൽ ചെറുകിട കുടിവെള്ള വിതരണ സംവിധാനങ്ങളുടെ നിർമ്മാണത്തിനായി, ₹0.85 കോടി മൊത്തം പദ്ധതിചെലവു വരുന്ന

---

24 പള്ളം, നിലമ്പൂർ, കുന്ദമംഗലം, കൊടുവള്ളി, കാഞ്ഞിരപ്പള്ളി ബിപികൾ, എടവണ്ണ, കോടശ്ശേരി ജിപികൾ

25 തൃശ്ശൂർ ഡിപി, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട ബിപികൾ, മൂന്നിലവ് ജിപി

26 ബാലുശ്ശേരി, കാളികാവ്, കൊടകര ബിപികൾ, കൂടരഞ്ഞി, മൂന്നിലവ് ജിപികൾ

12 പ്രോജക്ടുകൾ (**അനുബന്ധം 3.8**) രൂപീകരിക്കുകയുണ്ടായി. എന്നാൽ ₹54.43 ലക്ഷം ചെലവ് ചെയ്ത്, ₹61.05 ലക്ഷം പ്രോജക്ട് ചെലവുള്ള എട്ട് പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

ഓഡിറ്റ് ₹24.34 ലക്ഷം ചെലവുവരുന്ന നാല് പ്രോജക്ടുകൾ നടപ്പാക്കാതിരിക്കാനുള്ള കാരണങ്ങൾ വിശകലനം ചെയ്തു. അനുയോജ്യമല്ലാത്ത ഭൂമി കണ്ടെത്തൽ പ്രോജക്ട് രൂപീകരണത്തിനു മുൻപായി ഭൂജല വകുപ്പിൽ (ജിഡബ്ല്യുഡി) നിന്ന് സാധ്യതാ സാക്ഷ്യപത്രം നേടാതിരിക്കൽ എന്നിവയാണ് പ്രോജക്ടുകൾ നടപ്പാക്കാതിരിക്കുന്നതിന് കാരണമായി ഓഡിറ്റ് നിരീക്ഷിച്ചത്. ഫലപ്രദമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വരുത്തിയ വീഴ്ച ഗുണഭോക്താക്കൾക്ക് കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാൻ ഇടയാക്കി.

3.6.2.4 എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ട് വകയിൽ ₹42 ലക്ഷം കേരള ഭൂജല വകുപ്പിൽ തടയപ്പെട്ടത് സംബന്ധിച്ച് - കോട്ടയം ജില്ല

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, 2017-18ൽ ₹0.76 കോടി ചെലവിൽ ഒരു സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഏഴ് ജിപികളിലെ പട്ടികജാതി സെറ്റിൽമെന്റുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 16 കുഴൽ കിണറുകൾ കുഴിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. കാഞ്ഞിരപ്പള്ളി ബിപി സെക്രട്ടറിയും ജിഡബ്ല്യുഡി ജില്ലാ ഓഫീസറും തമ്മിൽ ഒരു കരാർ ഒപ്പു വയ്ക്കുകയും (2018 ഫെബ്രുവരി) പൂർത്തീകരണത്തിന് ഒരു മാസം (2018 മാർച്ച്) സമയം നിശ്ചയിക്കുകയും മുഴുവൻ തുകയും ജിഡബ്ലിയുഡിയിൽ നിക്ഷേപിക്കുകയും ചെയ്തു (2018 ഫെബ്രുവരി). എന്നാൽ, 16 കുഴൽ കിണറുകളിൽ ജിഡബ്ല്യുഡി മൂന്ന് എണ്ണത്തിന്റെ നിർമ്മാണം മാത്രമേ പൂർത്തിയാക്കിയുള്ളൂ. നിർമ്മിച്ച ഏഴ് കുഴൽ കിണറുകളിൽ മതിയായ ജലത്തിന്റെ അഭാവത്താൽ ഇലക്ട്രിക് പമ്പ് സ്ഥാപിക്കുകയുണ്ടായില്ല, പകരം ഹാന്റ് പമ്പുകൾ ആണ് സ്ഥാപിച്ചത്. ആറ് സൈറ്റുകളിൽ ജലലഭ്യത ഇല്ലാത്തതിനാൽ കുഴൽ കിണറുകൾ നിർമ്മിച്ചിട്ടില്ല. ₹0.34 കോടി ചെലവു ചെയ്തതിനുശേഷം, പ്രോജക്ട് 2024 മേയിൽ നിർമ്മാണം നിർത്തുകയും ബാക്കി തുകയായ ₹0.42 കോടി കഴിഞ്ഞ അഞ്ച് വർഷമായി (2023 മാർച്ച്) ജിഡബ്ല്യുഡി കൈവശം വച്ചിരിക്കുകയുമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ ഗണ്യമായ കുറവുകൾ ഓഡിറ്റിൽ വെളിപ്പെടുകയുണ്ടായി. കാര്യമായ നിക്ഷേപങ്ങൾ ഉണ്ടായിരുന്നിട്ടും, പല പ്രോജക്ടുകളും പ്രവർത്തനരഹിതമോ, അപൂർണ്ണമോ, മലിനീകൃത ജലം നൽകുന്നതോ ആയി കാണപ്പെട്ടു. ഇത് ഏറ്റവും പിന്നാക്ക സമുദായങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കുന്നതിൽ കലാശിച്ചു.

3.6.3 ഭവനനിർമ്മാണ പദ്ധതികളുടെ നടപ്പാക്കൽ

കേരള സംസ്ഥാന ഭവനനിർമ്മാണ നയം 2011, സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളുടെ, പ്രത്യേകിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, ഭൂരഹിതർ, അഗതികൾ, സ്ത്രീകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ, ദരിദ്രരിൽ ഏറ്റവും ദരിദ്രർ എന്നിവരുടെ ഭവനനിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ശ്രമങ്ങൾ ശക്തമാക്കുക എന്നത് ലക്ഷ്യമിട്ടുള്ളതാണ്. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളോടെ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുതിനുള്ള ഉത്തരവാദിത്തം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

സംസ്ഥാനത്തെ ഭൂരഹിതരും, ഭവനരഹിതരും ആയ എല്ലാ കുടുംബങ്ങൾക്കും അന്തസ്സോടെയും സുരക്ഷിതമായും വസിക്കാനുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യമിട്ടുള്ള സംസ്ഥാനതല ഭവന നിർമ്മാണ പദ്ധതിയാണ് ലൈഫ് പദ്ധതി - ഉപജീവനവും ഉൾപ്പെടുത്തലും ധനകാര്യ ശാക്തീകരണവും (ലൈഫ്). ഈ പദ്ധതിക്കു കീഴിൽ എസ്‌സി/എസ്ടി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ₹നാല് ലക്ഷം വീതവും വിദൂര ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ഗുണഭോക്താക്കൾക്ക്

₹ആറ് ലക്ഷം വീതവും നൽകുന്നു. ഈ സഹായധനം വീടുകളുടെ ഘട്ടം ഘട്ടമായുള്ള നിർമ്മാണം അടിസ്ഥാനപ്പെടുത്തി നാല് തവണകളായിട്ടാണ് നൽകുന്നത്.

ഓഡിറ്റിന്റെ ഒരു ടീമും 96 എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിലെ അതാത് പിആർഐകളുടെ ഔദ്യോഗിക പ്രതിനിധികളും സംയുക്തമായി നടത്തിയ ഒരു ഗുണഭോക്തൃ സർവ്വേയിൽ സർവ്വേ ചെയ്യപ്പെട്ട പട്ടികജാതി കുടുംബങ്ങളുടെ 6.46 ശതമാനത്തിനും (32) പട്ടികവർഗ്ഗ കുടുംബങ്ങളുടെ 7.50 ശതമാനത്തിനും (21) സ്വന്തമായി വീടുകളില്ല എന്ന് വെളിപ്പെട്ടു. പരിശോധിച്ച പിആർഐകളിലെ എസ്‌സിഎസ്പി/ടിഎസ്പിയ്ക്ക് കീഴിലെ ലൈഫ് പ്രോജക്ടുകളുടെ നടപ്പാക്കൽ ഓഡിറ്റ് വിശകലനം ചെയ്യുകയും താഴെ പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

3.6.3.1 ലൈഫ് പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കളുടെ പട്ടികയിൽ ഭവനരഹിതരും, ഭൂരഹിതരും ആയ എസ്‌സി/എസ്ടി വിഭാഗക്കാരെ ഉൾപ്പെടുത്താതിരുന്നത്

പരിശോധിച്ച 40 പിആർഐകൾ നൽകിയ കണക്കനുസരിച്ച്, 5683 ഭവനരഹിതരും[27] 2795 ഭൂരഹിതരും ഭവനരഹിതരും[28] ആയ എസ്‌സി/എസ്ടി കുടുംബങ്ങൾ ഉണ്ടായിരുന്നു. ഭവനരഹിതരായ 5085 കുടുംബങ്ങളും (എസ്‌സി 4090, എസ്ടി 995) ഭൂരഹിതരായ 2398 കുടുംബങ്ങളും (എസ്‌സി 1873, എസ്ടി 525) മാത്രമാണ് ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നത് എന്ന് ഓഡിറ്റ് കണ്ടെത്തി. അതനുസരിച്ച്, 598 ഭവനരഹിത കുടുംബങ്ങളും (എസ്‌സി 460, എസ്ടി 138) 397 ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങളും (എസ്‌സി 300, എസ്ടി 97), പരിശോധിച്ച 12 പിആർഐകളിലെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടു (2023 മാർച്ച്). വിശദാംശങ്ങൾക്ക് **പട്ടിക 3.16ലും പട്ടിക 3.17ലും** കാണിച്ചിരിക്കുന്നു.

പട്ടിക 3.16: ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തലിന്റെ/ഒഴിവാക്കലിന്റെ അവസ്ഥ – എസ്‌സിഎസ്പി

ജില്ല	പിആർഐകളിലെ ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം	പിആർഐ കളിലെ ഭൂരഹിത ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം	ആകെ	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം	ആകെ	ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത ഭവനരഹിത എസ്‌സിക്കാരുടെ എണ്ണം
കോട്ടയം	664	479	1143	569	412	981	162
തൃശ്ശൂർ	1346	779	2125	1336	779	2115	10
മലപ്പുറം	1350	594	1944	1254	456	1710	234
കോഴിക്കോട്	1190	321	1511	931	226	1157	354
ആകെ	**4550**	**2173**	**6723**	**4090**	**1873**	**5963**	**760**

(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)

[27] എസ്‌സി 4550, എസ്ടി 1133

[28] എസ്‌സി 2173, എസ്ടി 622

പട്ടിക 3.17: ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തലിന്റെ/ഒഴിവാക്കലിന്റെ അവസ്ഥ – ടിഎസ്പി

ജില്ല	പിആർഐകളിലെ ഭവനരഹിത എസ്ടിക്കാരുടെ എണ്ണം	പിആർഐ കളിലെ ഭൂരഹിത ഭവനരഹിത എസ്ടിക്കാരുടെ എണ്ണം	ആകെ	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിത എസ്ടിക്കാരുടെ എണ്ണം	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത ഭവന രഹിത എസ്ടിക്കാരുടെ എണ്ണം	ആകെ	ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത ഭവനരഹിതരുമായ എസ്ടിക്കാരുടെ എണ്ണം
കോട്ടയം	355	182	537	278	104	382	155
തൃശ്ശൂർ	204	94	298	194	91	285	13
മലപ്പുറം	265	275	540	260	273	533	7
കോഴിക്കോട്	309	71	380	263	57	320	60
ആകെ	**1133**	**622**	**1755**	**995**	**525**	**1520**	**235**

(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)

പിആർഐ തിരിച്ചുള്ള ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം **അനുബന്ധം 3.9ൽ** കൊടുത്തിരിക്കുന്നു.

മലപ്പുറം ജില്ലയിലെ വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ, 27 കുടുംബങ്ങൾ പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് പൊതിഞ്ഞ ഇടിഞ്ഞുപൊളിഞ്ഞ 17 ഓലമേഞ്ഞ കുടിലുകളിലായാണ് താമസിക്കുന്നതെന്ന് ഓഡിറ്റ് കണ്ടെത്തി. എന്നാൽ, ഈ 27 കുടുംബങ്ങളിൽ മൂന്ന് എണ്ണം മാത്രമാണ് ലൈഫിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ ഖണ്ഡിക 3.6.10ൽ നൽകിയിരിക്കുന്നു.

അർഹരായ കുടുംബങ്ങളെ തിരഞ്ഞ് കണ്ടെത്തുന്നതിന് സമഗ്രമായ ഒരു സർവ്വേ നടത്തുന്നതിനു പകരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം പിആർഐകൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയത് മൂലമാണ് അർഹരായ പല കുടുംബങ്ങളും പട്ടികയിൽ ഉൾപ്പെട്ടില്ലാത്തത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

3.6.3.2 നിർദ്ദിഷ്ട കാലയളവിനുള്ളിൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാത്തത്

ലൈഫ് പദ്ധതി മാർഗ്ഗരേഖകൾ അനുസരിച്ച് ഭവനനിർമ്മാണം ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ് സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നത് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയ്ക്കാണ്. തവണകൾ സ്വീകരിച്ചതിനു ശേഷവും നിർമ്മാണം തുടങ്ങുന്നതിന്/ പൂർത്തികരിക്കുന്നതിന് ശേഷിയില്ലാത്ത ഗുണഭോക്താക്കളെ സഹായിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. എന്നാൽ, പരിശോധിച്ച പിആർഐകളിൽ 2023 മാർച്ച് വരെ ഗുണഭോക്താക്കൾക്ക് ₹6.66 കോടിയുടെ എസ്സിഎസ്പി ഫണ്ടുകൾ വിതരണം ചെയ്ത 317 ഭവനങ്ങൾ, വിവിധ ഘട്ടങ്ങളിൽ അപൂർണ്ണമായി നിലനിൽക്കുന്നു (2024 മാർച്ച്) എന്ന് ഓഡിറ്റ് കണ്ടെത്തി. 2023-24ൽ തുടർ തവണകൾ ഒന്നും തന്നെ നൽകിയിട്ടില്ലെന്നും, ഭവനങ്ങൾ അപൂർണ്ണമായിത്തന്നെ നിലനില്ക്കുന്നു എന്നും ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ താഴെ **പട്ടിക 3.18ൽ** നൽകിയിരിക്കുന്നു:

പട്ടിക 3.18 : വിതരണം ചെയ്യപ്പെട്ട എസ്‌സിഎസ്‌പി ഫണ്ടും ഗുണഭോക്താക്കളുടെ എണ്ണവും

(₹ ലക്ഷത്തിൽ)

പദ്ധതിയുടെ പേര്	കോട്ടയം		തൃശ്ശൂർ		മലപ്പുറം		കോഴിക്കോട്	
	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക
ലൈഫ് I-ാംഘട്ടം	7	8.09	-	-	-	-	-	-
ലൈഫ് 2020	3	5.30	26	48.14	5	2.60	3	7.40
ലൈഫ് II -ാം ഘട്ടം	1	2.00	7	13.80	-	-	3	9.00
ലൈഫ് III -ാം ഘട്ടം	32	81.97	5	11.50	1	2.00	4	7.40
ലൈഫ് എസ്‌സി അഡീഷണൽ	40	107.60	7	18.50	40	58.70	85	187.72
ആവാസ് പ്ലസ്	1	3.76	-	-	-	-	-	-
പിഎംഎവൈ	7	17.36	7	10.40	29	51.56	4	10.70
ആകെ	**91**	**226.08**	**52**	**102.34**	**75**	**114.86**	**99**	**222.22**

(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)

കൂടാതെ, **പട്ടിക 3.19ൽ** വിശദീകരിച്ചിരിക്കുന്നതു പോലെ, 109 ഭവനങ്ങൾ കഴിഞ്ഞ ഒരു വർഷമായി വിവിധ ഘട്ടങ്ങളിൽ അപൂർണ്ണമായി നിലകൊണ്ടു (2024 മാർച്ച്). പരിശോധിച്ച പിആർഐകളിൽ ₹3.98 കോടിയുടെ ടിഎസ്‌പി ഫണ്ടുകൾ പ്രസ്തുത ഭവനങ്ങൾക്കായി ഗുണഭോക്താക്കൾക്ക് നൽകി.

പട്ടിക 3.19: വിതരണം ചെയ്ത ടിഎസ്‌പി ഫണ്ടുകളും ഗുണഭോക്താക്കളുടെ എണ്ണവും

(₹ ലക്ഷത്തിൽ)

സ്കീമിന്റെ പേര്	കോട്ടയം		തൃശ്ശൂർ		മലപ്പുറം		കോഴിക്കോട്	
	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക
ലൈഫ് I-ാംഘട്ടം	-	-	-	-	-	-	-	-
ലൈഫ് 2020	6	9.90	-	-	-	-	-	-
ലൈഫ് II-ാംഘട്ടം	-	-	1	2	-	-	1	4.2
ലൈഫ് III-ാംഘട്ടം	4	14.80	-	-	1	3	-	-
ലൈഫ് എസ്ടി അഡീഷണൽ	10	39.50	5	19.60	26	85.40	41	175.52
ആവാസ് പ്ലസ്	-	-	-	-	-	-	2	7.04
പിഎംഎവൈ	7	25.57	2	3.90	2	3.38	1	3.76
ആകെ	**27**	**89.77**	**8**	**25.50**	**29**	**91.78**	**45**	**190.52**

(ഉറവിടം : പിആർഐകൾ നൽകിയ ഡാറ്റ)

ലൈഫ് മിഷൻ മാർഗ്ഗരേഖകൾ അനുസരിച്ച് പൊതുജനത്തേയും എൻജിഒകളേയും ഉൾപ്പെടുത്തിക്കൊണ്ട്, പ്രത്യേകിച്ചും സാമ്പത്തികമായോ, മറ്റ് നിർമ്മാണം സംബന്ധിച്ചോ ഉള്ള പ്രശ്നങ്ങൾ നേരിടുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണങ്ങളുടെ പൂർത്തീകരണം സുഗമമാക്കേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ സാമ്പത്തിക പ്രശ്നങ്ങൾ, വസ്തുതർക്കങ്ങൾ, ഗുണഭോക്താക്കളുടെ മരണം, ഗുണഭോക്താവിന്റേയോ, കുടുംബാംഗങ്ങളുടെയോ ആശുപത്രിവാസം പോലെയുള്ള അടിയന്തിര ആവശ്യങ്ങൾക്ക് വേണ്ടി ഫണ്ടുകളുടെ വക മാറ്റി ചെലവഴിക്കൽ, ലൈഫ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ എന്നിങ്ങനെയുള്ള കാരണങ്ങൾ കൊണ്ട് ഭവനങ്ങളുടെ നിർമ്മാണം അപൂർണ്ണമായി തുടരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി.

പിആർഐകളുടെ ഫലപ്രദമായ ഇടപെടൽ ഇല്ലാത്തതുകൊണ്ടാണ് ഭവനനിർമ്മാണം അപൂർണ്ണമായി തുടരുന്നതെന്ന് ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി. ഇത്തരം കേസുകളിൽ തുടർ നടപടികൾ എടുക്കുന്നതിലും വിവിധ ഘട്ടങ്ങളിൽ നിലച്ചുപോയ ഭവനങ്ങളുടെ പൂർത്തീകരിണത്തിന് ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിലും പരിശോധിച്ച പിആർഐകൾ വീഴ്ചവരുത്തി.

3.6.3.3 ചുങ്കത്തറ ജിപി, ടിഎസ്‌പിയുടെ കീഴിൽ 22 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കാൻ വെള്ളക്കെട്ടുള്ള പാടങ്ങൾ വാങ്ങിയതു സംബന്ധിച്ച് – ₹24.83 ലക്ഷത്തിന്റെ നിഷ്ഫല ചെലവ് – മലപ്പുറം ജില്ല

മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപ്പഞ്ചായത്ത്, 22 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി മൊത്തം ₹24.83 ലക്ഷത്തിന്[29], 2013 മാർച്ചിൽ നിലമ്പൂർ താലൂക്കിലെ കുറുമ്പലങ്ങോട് ഗ്രാമത്തിൽ സർവ്വേ നമ്പർ 98/804ൽ, 89.35 സെന്റ് ഭൂമി വാങ്ങുകയുണ്ടായി. പൊതു ആവശ്യങ്ങൾക്ക് ജിപി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത 8.20 സെന്റ് കഴിച്ച്, ബാക്കി ഭൂമി 22 ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പേരിൽ നേരിട്ട് രജിസ്റ്റർ ചെയ്തു.

വർഷങ്ങൾക്കു മുൻപ് തങ്ങളുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തെങ്കിലും, ഗുണഭോക്താക്കൾക്ക് ആധാരങ്ങൾ കൈമാറിക്കിട്ടിയില്ല എന്നു ഓഡിറ്റ് നിരീക്ഷിച്ചു. എന്നു മാത്രമല്ല, കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം (2023 ഓഗസ്റ്റ്), നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ടതും, റോഡ് ഗതാഗതം ഇല്ലാത്തതുമായ പ്രസ്തുത ഭൂമി ഭവനനിർമ്മാണത്തിനായി ഉപയോഗിക്കാൻ കഴിഞ്ഞില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, സംസ്ഥാനത്തെ നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും മറ്റേതെങ്കിലും ആവശ്യത്തിന് ഉപയേഗപ്പെടുത്തുന്നതു നിരോധിച്ചിരിക്കുകയാണെങ്കിലും, പ്രസ്തുത ഭൂമി തരം മാറ്റുക എന്ന ഉദ്ദേശ്യത്തോടെ അതിൽ റബ്ബർ മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നു എന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു **(ചിത്രം 3.2ഉം ചിത്രം 3.3ഉം)**.

ചിത്രം 3.2 ഉം ചിത്രം 3.3 ഉം: മലപ്പുറം ജില്ലയിലെ ചുങ്കത്തറ ജിപിയിൽ റബ്ബർ മരം നട്ട് പിടിപ്പിച്ച വെള്ളകെട്ടുള്ള പാടങ്ങൾ (ഓഡിറ്റ് 2024 ജനുവരി 3ന് എടുത്ത ചിത്രങ്ങൾ)

[29] സെന്റിന് ₹30,000 വീതം 81.15 സെന്റ് + രജിസ്ട്രേഷൻ ഫീസ്

പട്ടികവർഗ്ഗ ഭവന നിർമ്മാണത്തിനായി വെള്ളക്കെട്ടുള്ള ഭൂമി വാങ്ങിക്കാനുള്ള ചുങ്കത്തറ ജിപിയുടെ വിവേക ശൂന്യമായ തീരുമാനം ഈ 22 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനങ്ങൾ നിഷേധിക്കപ്പെടുന്നതിനും മറ്റ് ഭവനപദ്ധതികളിൽ നിന്ന് പുറം തള്ളപ്പെടുന്നതിനും ഇടയാക്കി. ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഭവനപദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഒന്നിലും തന്നെ ഈ 22 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളെ നാളിതുവരെയും ഉൾപ്പെടുത്തിയിട്ടില്ലെന്ന് (2023 മാർച്ച്) ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി.

3.6.4 സപ്ലിമെന്ററി പോഷകാഹാരപരിപാടി – ₹0.70 കോടിയുടെ എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ

സപ്ലിമെന്ററി പോഷകാഹാരപരിപാടി (എസ്എൻപി)[30] നടപ്പാക്കുന്നതിന്, പദ്ധതിഫണ്ടുകളുടെ നിർബന്ധമായ വകയിരുത്തൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്നു. ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി, അതതു പിആർഐകൾ, എസ്‌സി/എസ്ടി വിദ്യാർത്ഥികളുടെ എസ്എൻപി വിഹിതം അനുവദിക്കണമെന്നും മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്യുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ട് എസ്‌സി/എസ്ടി ഗുണഭോക്താക്കൾക്കും, വികസന ഫണ്ട് (പൊതു) വകയിരുത്തിക്കൊണ്ട് പൊതുവിഭാഗ ഗുണഭോക്താക്കൾക്കും, പരിശോധിച്ച പിആർഐകൾ, വെവ്വേറെ പ്രോജക്ടുകൾ രൂപികരിക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ എണ്ണവും, ആറ് വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടി കേന്ദ്ര സർക്കാരിന്റെ വനിതാ-ശിശു വികസനമന്ത്രാലയം നിശ്ചയിച്ചിട്ടുള്ള നിരക്കുകളെയും അടിസ്ഥാനപ്പെടുത്തിയാണ് പ്രോജക്ട് ചെലവ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ, 13 പിആർഐകൾ, ₹1.94 കോടിയുടെ പ്രോജക്ടുകൾക്ക് രൂപം കൊടുക്കുകയും അതിൽ നിന്ന് ₹0.56 കോടി, എസ്‌സി ഗുണഭോക്തക്കൾക്ക് ആനുപാതികമായി വകയിരുത്തേണ്ടതിൽ കവിഞ്ഞ് വകയിരുത്തുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. അതുപോലെ, ഏഴ് പിആർഐകൾ, ₹0.47 കോടിയുടെ പ്രോജക്ടുകൾ രൂപീകരിക്കുകയും അതിൽ നിന്ന് ₹0.14 കോടി, എസ്ടി ഗുണഭോക്താക്കൾക്ക് ആനുപാതികമായി വകയിരുത്തേണ്ടതിൽ കവിഞ്ഞ് വകയിരുത്തുകയും ചെയ്തു. അധിക വകയിരുത്തലുകളുടെ വിശദാംശങ്ങൾ **പട്ടിക 3.20ലും പട്ടിക 3.21ലും** കൊടുത്തിരിക്കുന്നു.

പട്ടിക 3.20 : എസ്എൻപിയ്ക്കു വേണ്ടി എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ

(₹ ലക്ഷത്തിൽ)

കാലയളവ്	വകമാറ്റിയ തുക				വകമാറ്റിയ മൊത്തം എസ്‌സിഎസ്‌പി ഫണ്ട്
	കോട്ടയം	തൃശ്ശൂർ	മലപ്പുറം	കോഴിക്കോട്	
2020-21	0.17	2.25	12.39	0.50	15.31
2021-22	14.05	0.45	7.82	1.95	24.27
2022-23	0.24	0.00	15.76	0.30	16.30
ആകെ	**14.46**	**2.70**	**35.97**	**2.75**	**55.88**

(ഉറവിടം : വാർഷിക ചെലവ് പത്രികയും പിആർഐകൾ നൽകിയ ഡാറ്റയും)

30 കുട്ടികളിലും (ആറ് മാസം മുതൽ ആറ് വർഷം വരെ പ്രായം) ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ശിപാർശ ചെയ്യപ്പെട്ട ഡയറ്ററി അലവൻസും (ആർഡിഎ) ദൈനം ദിന ഉപഭോഗവും (എഡിഐ) തമ്മിലുള്ള വിടവുനികത്താനായാണ് എസ്എൻപി പ്രാഥമികമായി രൂപകൽപ്പന ചെയ്തിരിക്കുന്നത്

പട്ടിക 3.21: എസ്എൻപിയ്ക്ക് വേണ്ടി ടിഎസ്പി ഫണ്ടുകളുടെ വകമാറ്റൽ

(₹ ലക്ഷത്തിൽ)

കാലയളവ്	വകമാറ്റിയ തുക				വകമാറ്റിയ മൊത്തം ടിഎസ്പി ഫണ്ട്
	കോട്ടയം	തൃശ്ശൂർ	മലപ്പുറം	കോഴിക്കോട്	
2020-21	-	-	1.89	-	1.89
2021-22	0.05	-	6.11	-	6.16
2022-23	0.92	-	5.29	-	6.21
ആകെ	**0.97**	**-**	**13.29**	**-**	**14.26**

(ഉറവിടം : വാർഷിക ചെലവ് പത്രികയും പിആർഐകൾ നൽകിയ ഡാറ്റയും)

ഈ ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ നികത്താൻ സ്ഥാപിക്കപ്പെട്ട എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ തന്നെ വിട്ടുവീഴ്ച ചെയ്യുന്നതായിരുന്നു, ഫണ്ടുകളുടെ വകമാറ്റൽ. ഉദ്ദേശിക്കപ്പെട്ട ആവശ്യത്തിൽ നിന്ന് ഫണ്ടുകൾ വകമാറ്റുന്നതിലൂടെ പിആർഐകൾ, നിലവിലുള്ള അന്തരം അബദ്ധവശാൽ നിലനിർത്തുകയും അതുവഴി, സാമൂഹികനീതിയും സമത്വവും പ്രോത്സാഹിപ്പിക്കുന്നതിനു ലക്ഷ്യം വച്ചുള്ള സർക്കാരിന്റെ സംരംഭങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

ഉത്പാദന മേഖല

എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുകയും ഉത്പാദനക്ഷമമായ ആസ്തികളും, വരുമാനോത്പാദന അവസരങ്ങളും സൃഷ്ടിക്കുകയും ആണ്. 13-ഉം 14-ഉം പഞ്ചവത്സര പദ്ധതികളും, സംസ്ഥാന സർക്കാർ മാർഗ്ഗരേഖകളും കാർഷികോത്പാദനം, നൈപുണ്യ വികസനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വരുമാനോത്പാദനം പ്രവർത്തനങ്ങൾ എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട് ഉത്പാദന മേഖലയിൽ പ്രോജക്ടുകളുടെ മുൻഗണന നിഷ്കർഷിക്കുന്നു. ഉത്പാദനമേഖലയിലെ പ്രമുഖ ഉപമേഖലകൾക്ക് കീഴിലുള്ള പ്രോജക്ടുകളുടെ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

3.6.5 ഉത്പാദനമേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിനും നടപ്പാക്കലിനും മുൻഗണന നൽകാത്തത്

താഴെ **ചാർട്ട് 3.5ൽ** കാണിച്ചിരിക്കുന്നതു പോലെ ലക്ഷ്യമിട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പദവി, വരുമാനത്തിലൂടെയും തൊഴിൽ ഉത്പാദനത്തിലൂടെയും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഉത്പാദന മേഖലാ പ്രോജക്ടുകൾക്ക്, ഏറ്റവും താഴ്ന്ന മുൻഗണനയാണ് നൽകിയതെന്ന് തിരഞ്ഞെടുത്ത പിആർഐകളുടെ ഓഡിറ്റ് വെളിപ്പെടുത്തുകയുണ്ടായി:

ചാർട്ട് 3.5: എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ മേഖല തിരിച്ചുള്ള വകയിരുത്തൽ



(ഉറവിടം : തിരഞ്ഞെടുത്ത പിആർഐകളുടെ വാർഷിക ചെലവ് പത്രിക)

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഉത്പാദനമേഖലയിലെ ഫണ്ടുകളുടെ വകയിരുത്തൽ ഓഡിറ്റ് വിശകലനം ചെയ്യുകയും പരിശോധിച്ച പിആർഐകൾ 4.07 ശതമാനം മുതൽ 10.92 ശതമാനം വരെയുള്ള പ്രോജക്ടുകൾ മാത്രമേ രൂപീകരിച്ചുള്ളു എന്നും ഉത്പാദനമേഖലയ്ക്കായി എസ്‌സിഎസ്‌പി ഫണ്ടുകളുടെ 1.37 ശതമാനം മുതൽ 10.06 ശതമാനം വരെ മാത്രമേ വകയിരുത്തിയിട്ടുള്ളു എന്നും കണ്ടെത്തുകയും ചെയ്തു. അതുപോലെ, ടിഎസ്‌പി ഫണ്ടുകളുടെ കാര്യത്തിൽ ഉത്പാദനമേഖലയിൽ 2.25 ശതമാനം മുതൽ 13.07 ശതമാനം വരെ പ്രോജക്ടുകൾ മാത്രം രൂപികരിക്കുകയും 2.36 ശതമാനം മുതൽ 17.87 ശതമാനം വരെ ഫണ്ടുകൾ മാത്രം വകയിരുത്തുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 3.10ലും അനുബന്ധം 3.11ലും** നൽകിയിരിക്കുന്നു.

പട്ടിക 3.22ൽ വിവരിച്ചിരിക്കുന്നതു പോലെ കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ എന്നീ ഉപമേഖലകളിലെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തിരഞ്ഞെടുത്ത പിആർഐകൾ വളരെ താഴ്ന്ന മുൻഗണന മാത്രമേ നൽകിയിട്ടുള്ളു എന്ന് ഉത്പാദന മേഖലകൾക്ക് കീഴിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ഉപമേഖലാതലത്തിലുള്ള വിശകലനം വെളിപ്പെടുത്തി. കൂടുതൽ വിവരങ്ങൾ **അനുബന്ധം 3.12ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 3.22: എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ ഉപമേഖലാതലത്തിലെ വകയിരുത്തൽ

(₹ കോടിയിൽ)

ആവശ്യങ്ങൾ	വിനിയോഗിച്ച മൊത്തം എസ്‌സിഎസ്‌പി ഫണ്ട്	വിനിയോഗിച്ച എസ്‌സിഎസ്‌പി ഫണ്ട്	മൊത്തം എസ്‌സിഎസ്‌പി വകയിരുത്തലിൽ എസ്‌സിഎസ്‌പിയുടെ വിനിയോഗ ശതമാനം	പിആർഐകളിലെ മുഴുവൻ മേഖലകളിലെയും മൊത്തം ടിഎസ്‌പി വകയിരുത്തൽ	വിനിയോഗിച്ച ടിഎസ്‌പി ഫണ്ട്	മൊത്തം ടിഎസ്‌പി വകയിരുത്തലിൽ ടിഎസ്‌പിയുടെ വിനിയോഗ ശതമാനം
കൃഷി		1.02	0.30		1.04	2.44
മൃഗസംരക്ഷണം	339.21	1.76	0.52	42.67	1.45	3.40
സ്വയം തൊഴിൽ		3.62	1.07		0.08	0.19

(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)

കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികളിൽ യഥാക്രമം 0.30 ശതമാനം, 0.52 ശതമാനം, 1.07 ശതമാനം എസ്‌സിഎസ്‌പി ഫണ്ടുകൾ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ എന്ന് കണ്ടെത്തി. അതുപോലെ കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായപദ്ധതികളിൽ യഥാക്രമം 2.44 ശതമാനം, 3.40 ശതമാനം, 0.19 ശതമാനം ടിഎസ്‌പി ഫണ്ടുകൾ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. വരുമാനോത്പാദന പ്രവർത്തനങ്ങളിലെ ഈ താല്പര്യമില്ലായ്മ എസ്‌സി/എസ്‌ടി ജനവിഭാഗങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുക എന്ന ലക്ഷ്യത്തെ ദുർബലപ്പെടുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

3.6.6 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ നടപ്പാക്കൽ

പരിശോധന നടത്തിയ പിആർഐകൾ ഓഡിറ്റ് കാലയളവിൽ എസ്‌സിഎസ്‌പി ഫണ്ട് ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്ടുകളിൽ 74 ശതമാനം മുതൽ 84 ശതമാനം വരെ നടപ്പാക്കുകയും ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ 60 ശതമാനം മുതൽ 72 ശതമാനം വരെ ചെലവഴിക്കുകയും ചെയ്തു. അതുപോലെ, **അനുബന്ധം 3.13ൽ** വിവരിച്ചിരിക്കുന്നതുപോലെ പരിശോധിച്ച പിആർഐകൾ ടിഎസ്‌പി ഫണ്ട് ഉപയോഗിച്ച് രൂപം കൊടുത്ത പ്രോജക്ടുകളിൽ 89 ശതമാനം മുതൽ 94 ശതമാനം വരെ നടപ്പാക്കുകയും ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ 75 ശതമാനം മുതൽ 85 ശതമാനം വരെ ചെലവഴിക്കുകയും ചെയ്തു. കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവയുടെ നിർവ്വഹണ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി:

3.6.6.1 കൃഷി

എസ്‌സിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കിയ കൃഷി സംബന്ധമായ പ്രോജക്ടുകളുടെ ഒരു സൂക്ഷ്മ പരിശോധന ആശങ്കാകുലമായ ഒരു പ്രവണത വെളിപ്പെടുത്തി. പരിശോധിച്ച 68 പിആർഐകളിൽ 16 എണ്ണം മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹1.02 കോടി ചെലവു ചെയ്ത് കൃഷിസംബന്ധമായ പ്രോജക്ടുകൾ (27 എണ്ണം) നടപ്പാക്കിയുള്ളൂ. അതുപോലെ ടിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് 11 പിആർഐകൾ മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹1.04 കോടി ചെലവഴിച്ച് കൃഷി സംബന്ധമായ പ്രോജക്ടുകൾ (33 എണ്ണം) നടപ്പാക്കിയുള്ളൂ.

പതിമൂന്നാമതും പതിനാലാമതും പഞ്ചവത്സര പദ്ധതികളിൽ മുൻഗണന നല്കിയതും, 29.90 ശതമാനം പട്ടികജാതി ജനവിഭാഗത്തിന്റെയും 69.52 ശതമാനം പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെയും ഉപജീവനമാർഗ്ഗവുമായ കാർഷിക മേഖലയ്ക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കുറഞ്ഞ മുൻഗണനയാണ് നല്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

3.6.6.2 സ്വയംതൊഴിൽ സഹായ പദ്ധതികൾ

സ്വയംതൊഴിലും തൊഴിൽ സഹായ പ്രോജക്ടുകൾക്കുമുള്ള എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വിനിയോഗം വളരെ താഴ്ന്നതായിരുന്നു. പരിശോധിച്ച 68 പിആർഐകളിൽ 31 എണ്ണം മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹3.62 കോടി രൂപ ചെലവഴിച്ച് സ്വയംതൊഴിൽ സഹായ പ്രോജക്ടുകൾ നടപ്പാക്കിയുള്ളൂ. അതുപോലെ, ടിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് അഞ്ച് പിആർഐകൾ ഓഡിറ്റ് കാലയളവിൽ ₹0.08 കോടി ചെലവു ചെയ്ത് അഞ്ച് തൊഴിൽ സഹായ പ്രോജക്ടുകൾ നടപ്പാക്കി.

3.6.6.3 മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണത്തിലും മത്സ്യബന്ധനത്തിലും ചെലവഴിച്ച തുക, മൊത്തം എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ 0.88 ശതമാനമായിരുന്നു എന്ന് ഓഡിറ്റ് വെളിപ്പെടുത്തി. ഇത്, ഈ നിർണ്ണായക മേഖലകളെക്കുറിച്ചുള്ള ശ്രദ്ധയുടെയും വിഭവങ്ങളുടെയും അഭാവത്തെ സൂചിപ്പിക്കുന്നു.

എസ്‌സി/എസ്‌ടി വിഭാഗക്കാരുടെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുക, അവരും സമൂഹത്തിന്റെ ഇതര വിഭാഗങ്ങളും തമ്മിലുള്ള സാമൂഹ്യ-

സാമ്പത്തിക വികസന സൂചകങ്ങളിലെ വിടവുകൾ നികത്തുക എന്നിവ എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ആയിരുന്നതിനാൽ ഉത്പാദന മേഖലയിൽ എസ്‌സികൾക്കും എസ്ടികൾക്കും വേണ്ടി വരുമാനോത്പാദന പരിപാടികളുടെ രൂപീകരണവും നിർവ്വഹണവും അത്യന്താപേക്ഷിതമാണ്.

3.6.7 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ തെറ്റായ വർഗ്ഗീകരണം

ഉത്പാദന മേഖലയിൽ എസ്‌സിഎസ്‌പി/ടിഎസ്‌പി പ്രോജക്ടുകളുടെ രൂപീകരണത്തിൽ കൃഷി, തൊഴിൽ സഹായം, മൃഗസംരക്ഷണം, സ്വയം തൊഴിൽ പദ്ധതികൾ എന്നിവയ്ക്ക് കീഴിലുള്ള പ്രോജക്ടുകൾ ഉൾപ്പെടുന്നു. എന്നാൽ, സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, വീടുകളിലെ സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പോലെയുള്ള ചില പ്രോജക്ടുകൾ ഉത്പാദന മേഖലയിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് രേഖകളുടെ ഒരു അവലോകനം വെളിപ്പെടുത്തി. തിരഞ്ഞെടുത്ത പിആർഐകളിലെ തെറ്റായ വർഗ്ഗീകരണത്തിന്റെ വിശദാംശങ്ങൾ **പട്ടിക 3.23ൽ** കൊടുത്തിരിക്കുന്നു:

പട്ടിക 3.23: ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ തെറ്റായ വർഗ്ഗീകരണം

വർഷം	എസ്‌സിഎസ്‌പി					ടിഎസ്‌പി				
	പിആർഐകളുടെ എണ്ണം	ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദനമേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത പ്രോജക്ടുകളുടെ ചെലവ് (₹ കോടിയിൽ)	ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ ശതമാനം	പിആർഐകളുടെ എണ്ണം	ഉത്പാദനമേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദനമേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത പ്രോജക്ടുകളുടെ ചെലവ് (₹ കോടിയിൽ)	ഉത്പാദന മേഖലയിൽ തെറ്റായി ചേർത്ത സേവനമേഖലാ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
2020-21	10	56	38	3.24	67.86	3	7	5	0.07	71.43
2021-22	5	26	13	0.23	50.00	1	4	1	0.03	25.00
2022-23	4	27	12	0.70	44.44	2	5	2	0.15	40.00
ആകെ		**109**	**63**	**4.17**	**57.80**		**16**	**8**	**0.25**	**50.00**

(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)

തെറ്റായ ഈ വർഗ്ഗീകരണം ഉത്പാദനമേഖലയിൽ ഊതിപ്പെരുപ്പിച്ച സംഖ്യകൾ എടുത്തു കാണിക്കുന്നതിൽ കലാശിച്ചു. മൂന്ന് പിആർഐകൾ[31] എസ്‌സിഎസ്‌പി ഫണ്ടുകളുടെ ₹2.93 കോടിയും (24.40 ശതമാനം) രണ്ട് പിആർഐകൾ[32] ടിഎസ്‌പി ഫണ്ടുകളുടെ ₹0.16 കോടിയും (5.41 ശതമാനം) ഉപയോഗപ്പെടുത്തി മിനിമാസ്റ്റ് സൗരവിളക്ക് പ്രോജക്ടുകൾ സ്ഥാപിക്കുകയും ഇത് ഉത്പാദന മേഖലാ ചെലവിനങ്ങളിൽ തെറ്റായി ഉൾപ്പെടുത്തുകയും അതുവഴി സർക്കാർ മാർഗ്ഗരേഖകൾ ലംഘിക്കുകയും ചെയ്തു എന്നു ഓഡിറ്റ് നിരീക്ഷിച്ചു. ഉത്പാദന മേഖലയിൽ എസ്‌സിഎസ്‌പി ഫണ്ട് വിനിയോഗിച്ച് മലപ്പുറം ഡിപി നടപ്പാക്കിയ 25 പ്രോജക്ടുകളിൽ (₹3.48 കോടി), ₹2.96 കോടി പദ്ധതിചെലവുവരുന്ന 18 സേവനമേഖലാ പ്രോജക്ടുകൾ തെറ്റായി ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തിയതായി ഓഡിറ്റ് കണ്ടെത്തി.

---

[31] മലപ്പുറം ഡിപി, അരീക്കോട് ബിപി, കോരുത്തോട് ജിപി

[32] നിലമ്പൂർ ബിപി, കോരുത്തോട് ജിപി

ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ശതമാനത്തിൽ കൃത്രിമ വർദ്ധനവ് വരുന്നതിനാൽ ഈ പൊരുത്തക്കേടുകൾ കാര്യമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. തെറ്റായ ഈ വർഗ്ഗീകരണം, എസ്‌സിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെ യഥാർത്ഥ ശതമാനം 79.39ൽ നിന്ന് 61.84 ആയും ടിഎസ്‌പി ഫണ്ടുകളുടേത് 90.44ൽ നിന്ന് 84.56 ആയും കുറഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു. ജില്ല തിരിച്ചുള്ള തെറ്റായ വർഗ്ഗീകരണം **അനുബന്ധം 3.14ലും അനുബന്ധം 3.15ലും** വിവരിച്ചിരിക്കുന്നു.

പശ്ചാത്തല മേഖല

സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യന്താപേക്ഷിതമായ പശ്ചാത്തല മേഖലയിലെ പ്രോജക്റ്റുകൾ രൂപീകരിക്കുന്നതിൽ പിആർഐകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. പശ്ചാത്തല മേഖലാ പ്രോജക്റ്റുകളുടെ രൂപീകരണത്തിന്റേയും, നടപ്പാക്കലിന്റേയും വിശകലനം താഴെ പറയുന്ന വസ്തുതകൾ വെളിപ്പെടുത്തുകയുണ്ടായി:

3.6.8 പശ്ചാത്തല മേഖലയ്ക്ക് കീഴിലെ പ്രോജക്റ്റുകളുടെ സ്ഥിതി

പരിശോധിച്ച പിആർഐകൾ ഓഡിറ്റ് കാലയളവിൽ പശ്ചാത്തല മേഖലയിൽ രൂപീകരിച്ച് നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ **പട്ടിക 3.24ലും** ജില്ലാതല ഡാറ്റ, **അനുബന്ധം 3.16ലും അനുബന്ധം 3.17ലും** നൽകിയിരിക്കുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല മേഖലയിൽ ഏറ്റെടുക്കപ്പെട്ട പ്രമുഖ പ്രവർത്തനങ്ങൾ റോഡുകളുടെ നിർമ്മാണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്നിവയായിരുന്നു.

പട്ടിക 3.24: എസ്‌സിഎസ്‌പി/ടിഎസ്‌പി – പരിശോധിച്ച 68 പിആർഐകളിലെ പശ്ചാത്തല മേഖലാ ചെലവുകളുടെ വിശദാംശങ്ങൾ

(₹ കോടിയിൽ)

വർഷം	എസ്‌സിഎസ്‌പി					ടിഎസ്‌പി				
	രൂപീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം	വകയിരുത്തിയ തുക	നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം	ചെലവ്	ചെലവിന്റെ ശതമാനം	രൂപീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം	വകയിരുത്തിയ തുക	നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം	ചെലവ്	ചെലവിന്റെ ശതമാനം
2020-21	568	34.57	470	22.71	65.69	98	3.41	78	2.39	70.09
2021-22	322	20.07	247	11.29	56.25	35	1.94	32	1.77	91.24
2022-23	358	27.48	192	10.97	39.92	30	1.33	22	1.02	76.69
ആകെ	**1248**	**82.12**	**909**	**44.97**	**54.76**	**163**	**6.68**	**132**	**5.18**	**77.54**

(ഉറവിടം : പിആർഐകളുടെ വാർഷിക ചെലവ് പത്രിക)

പരിശോധിച്ച പിആർഐകൾ 2020–23 കാലയളവിൽ രൂപീകരിച്ച അടിസ്ഥാന സൗകര്യ പ്രോജക്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഓഡിറ്റ് കണ്ടെത്തി. എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ രൂപീകരിച്ച പ്രോജക്റ്റുകളിൽ 37 ശതമാനം കുറവുണ്ടായപ്പോൾ ടിഎസ്‌പിക്ക് കീഴിൽ രൂപീകരിച്ച പശ്ചാത്തല മേഖല പ്രോജക്റ്റുകളിൽ 69 ശതമാനം കുറവുണ്ടായി. കൂടാതെ, പശ്ചാത്തല മേഖലയ്ക്ക് കീഴിൽ രൂപീകരിച്ച 72.84 ശതമാനം എസ്‌സിഎസ്‌പി പ്രോജക്റ്റുകളും 80.98 ശതമാനം ടിഎസ്‌പി പ്രോജക്റ്റുകളും മാത്രമേ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയുള്ളൂ.

പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെയും ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിലെ അടിസ്ഥാനസൗകര്യ ലഭ്യതയുടെയും സൂക്ഷ്മപരിശോധനയിൽ

താഴെ വിവരിക്കുന്നതു പോലെ, ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, സൃഷ്ടിക്കപ്പെട്ട ആസ്തികൾ വിനിയോഗിക്കാതിരിക്കൽ മുതലായവ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു:

3.6.9 എസ്‌സിഎസ്‌പി/ടിഎസ്‌പിയുടെ കീഴിൽ സൃഷ്ടിച്ച ആസ്തികളുടെ നിഷ്ക്രിയാവസ്ഥ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രയോജനത്തിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ, മുതിർന്നവർക്കുള്ള പകൽവീടുകൾ, ശൗചാലയങ്ങൾ, ശ്മശാനം, പഠനകേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിന് എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ പരിശോധിച്ച പിആർഐകൾ വിനിയോഗിച്ചു. സൃഷ്ടിച്ച ആസ്തികൾ ഉദ്ദേശിച്ച ആവശ്യങ്ങൾക്കാണോ വിനിയോഗിക്കപ്പെട്ടതെന്നും അവ ശരിയാംവണ്ണം കാത്തുസൂക്ഷിക്കുന്നുണ്ടോ എന്നും അറിയുന്നതിന് ഓഡിറ്റ് അത്തരം ആസ്തികളുടെ രേഖകൾ പരിശോധിക്കുയും സംയുക്ത ഭൗതിക പരിശോധനകൾ നടത്തുകയുമുണ്ടായി. പരിശോധിച്ച 10 പിആർഐകളിൽ ₹2.28 കോടി വിനിയോഗിച്ച് പരിശീലന കേന്ദ്രം, ശ്മശാനം എന്നീ ആവശ്യങ്ങൾക്കായി പണിത 13 കെട്ടിടങ്ങൾ നിഷ്ക്രിയമായി കിടക്കുകയാണെന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **പട്ടിക 3.25ൽ** നൽകിയിരിക്കുന്നു.

പട്ടിക 3.25: എസ്‌സിഎസ്‌പി/ടിഎസ്‌പിയുടെ കീഴിൽ സൃഷ്ടിച്ച ആസ്തികളുടെ നിഷ്ക്രിയാവസ്ഥ

ജില്ല	നിഷ്ക്രിയ ആസ്തികൾ	മൊത്തം ചെലവ് (₹ ലക്ഷത്തിൽ)	പൂർത്തിയായ വർഷം	നിഷ്ക്രിയാവസ്ഥയുടെ കാരണങ്ങൾ
എസ്‌സിഎസ്‌പി				
കോട്ടയം	എസ്‌സി കമ്മ്യൂണിറ്റി സെന്റർ, ഈരാറ്റുപേട്ട ബി.പി	7.71	2020	വെള്ളം/ വൈദ്യുതി കണക്ഷനില്ല
	എസ്‌സി വനിതാ പരിശീലന കേന്ദ്രം, പാമ്പാടി ജി.പി	5.77	2023	പ്രത്യേക കാരണം നൽകിയിട്ടില്ല
തൃശ്ശൂർ	എസ്‌സി വനിതാ പരിശീലന കേന്ദ്രം, തൃശ്ശൂർ ഡി.പി	37.86	2020	വാട്ടർ കണക്ഷൻ ഇല്ല
	എസ്‌സി ശ്മശാനം, ചാലക്കുടി ബി.പി	4.62	2021	വെള്ളം/ വൈദ്യുതി കണക്ഷനില്ല
	കമ്മ്യൂണിറ്റി സ്റ്റഡി സെന്റർ, ചാലക്കുടി ബി.പി	7.84	2020	വൈദ്യുതീകരണം ചെയ്തിട്ടില്ല.
	പട്ടികജാതി വെൽഫെയർ സെന്റർ, തൃക്കൂർ ജിപി	47.40	2015	പ്രത്യേക കാരണം നൽകിയിട്ടില്ല
മലപ്പുറം	എസ്‌സി പകൽ വീട്, പുൽപ്പറ്റ ജിപി	6.56	2015	പ്രത്യേക കാരണം നൽകിയിട്ടില്ല
കോഴിക്കോട്	എസ്‌സി കമ്മ്യൂണിറ്റി സെന്റർ, കോഴിക്കോട് ഡിപി	42.91	2022	വൈദ്യുതി കണക്ഷൻ ഇല്ല
	എസ്‌സി വനിതാ തൊഴിൽ പരിശീലന കേന്ദ്രം, കുന്ദമംഗലം ബിപി	6.09	2020	പ്രത്യേക കാരണം നൽകിയിട്ടില്ല
	എസ്‌സി കൾച്ചറൽ സെന്റർ, കോഴിക്കോട് ഡിപി	35.97	2021	പ്രത്യേക കാരണം നൽകിയിട്ടില്ല
	എസ്‌സി മൾട്ടി പർപ്പസ് സെന്റർ, കോഴിക്കോട് ഡിപി	20.15	2020	പ്രത്യേക കാരണം നൽകിയിട്ടില്ല
ആകെ	**11**	**222.88**		

ജില്ല	നിഷ്ക്രിയ ആസ്തികൾ	മൊത്തം ചെലവ് (₹ ലക്ഷത്തിൽ)	പൂർത്തിയായ വർഷം	നിഷ്ക്രിയാവസ്ഥ യുടെ കാരണങ്ങൾ
		ടിഎസ്പി		
കോട്ടയം	പട്ടികവർഗ്ഗ വനിതകൾക്കായുള്ള ഉത്പാദന വിൽപ്പന കേന്ദ്രം, മേലുകാവ് ജിപി	4.03	2019	പ്രത്യേക കാരണം നൽകിയിട്ടില്ല
	എസ്ടി തൊഴിൽ പരിശീലന കേന്ദ്രം, മൂന്നിലവ് ജിപി	0.77	2020	പ്രത്യേക കാരണം നൽകിയിട്ടില്ല
ആകെ	**2**	**4.8**		

(ഉറവിടം : പിആർഐകൾ സമർപ്പിച്ച വിവരങ്ങൾ)

വൈദ്യുതി, ജല കണക്ഷനുകൾ ലഭ്യമല്ലാത്തതിനാൽ 13 കെട്ടിടങ്ങളിൽ അഞ്ചെണ്ണം മൂന്ന് വർഷത്തിലേറെയായി ഉപയോഗശൂന്യമായി കിടക്കുകയാണെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്.

കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത ഏജൻസികൾ/പദ്ധതികൾ മുഖേന തൊഴിൽ പരിശീലന പരിപാടികൾ നടത്താൻ പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ എസ്സിഎസ്പി/ടിഎസ്പി ഫണ്ട് വിനിയോഗിച്ച് എസ്സി/എസ്ടി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടെ തൃശ്ശൂർ ഡിപി, കുന്ദമംഗലം ബിപി, പാമ്പാടി ബിപി എന്നിവർ 2020-23ൽ നാല് തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിച്ചു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ കെട്ടിടങ്ങൾ നിഷ്ക്രിയമാക്കിയതും പിആർഐകളുടെ ഭാഗത്തുനിന്നുള്ള കടുത്ത വീഴ്ചയെ സൂചിപ്പിക്കുന്നു.

3.6.10 96 എസ്സി/എസ്ടി സെറ്റിൽമെന്റുകളിലെ ഗുണഭോക്തൃ സർവ്വേ ഫലങ്ങൾ

ഓഡിറ്റ് ഉദ്യോഗസ്ഥരുടെയും 42 പിആർഐകളിൽ നിന്നുള്ള പ്രതിനിധികളുടേയും ഒരു സംയുക്ത സംഘം നാല് ജില്ലകളിലായി 96 സെറ്റിൽമെന്റുകളിൽ (62 എസ്സിയും 34 എസ്ടിയും) ഒരു സർവ്വേ നടത്തുകയുണ്ടായി. എസ്സിഎസ്പി/ടിഎസ്പി പദ്ധതികൾക്കു കീഴിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് പ്രസ്തുത ടീം 775 ഗുണഭോക്താക്കളുമായി (495 എസ്സിയും 280 എസ്ടിയും) സംവദിച്ചു. ഗുണഭോക്താക്കൾക്കു വേണ്ട അവശ്യസൗകര്യങ്ങളിലെ പോരായ്മകൾ സർവ്വേയിലൂടെ ശ്രദ്ധയിൽപ്പെട്ടു. കണ്ടെത്തിയ ന്യൂനതകൾ **ചാർട്ട് 3.6ൽ** വിശദമാക്കുന്നു.

ചാർട്ട് 3.6 : പിആർഐകളിലെ എസ്‌സിഎസ്പി/ടിഎസ്പി ഗുണഭോക്തൃ സർവ്വേ



താഴെപറയുന്ന കുറവുകൾ സർവ്വേ എടുത്തുകാണിക്കുന്നു.

- **അപര്യാപ്തമായ ഐഇസി പ്രവർത്തനങ്ങൾ** – സർവ്വേയ്ക്ക് വിധേയമായ എസ്‌സി ഗുണഭോക്താക്കളിൽ 27.27 ശതമാനത്തിനും (495ൽ 135) എസ്ടി ഗുണഭോക്താക്കളിൽ 35.36 ശതമാനത്തിനും (280ൽ 99), പിആർഐകൾ നടപ്പാക്കിയ പദ്ധതികളേയും പരിപാടികളേയും കുറിച്ച് അറിവില്ലായിരുന്നു.
- **വരുമാനോത്പാദനത്തിനു വേണ്ട തൊഴിലുകളുടെ അഭാവം** – 40 സെറ്റിൽമെന്റുകളിലെ 90 എസ്‌സി കുടുംബങ്ങൾക്കും (18.18 ശതമാനം) 21 സെറ്റിൽമെന്റുകളിലെ 45 എസ്ടി കുടുംബങ്ങൾക്കും (16.07 ശതമാനം) വരുമാനോത്പാദനത്തിനു വേണ്ട തൊഴിൽ ഇല്ലായിരുന്നു.
- **റോഡ് സൗകര്യത്തിന്റെ അഭാവം** – നാല് ജില്ലകളിലെ 62 സെറ്റിൽമെന്റുകളിൽ നിന്നുള്ള 495 ഗുണഭോക്താക്കളിൽ 81 പട്ടികജാതി ഗുണഭോക്താക്കളും (16.36 ശതമാനം) 91 പട്ടികവർഗ്ഗ ഗുണഭോക്താക്കളും (32.50 ശതമാനം), തങ്ങളുടെ ഗ്രാമങ്ങളിലെത്തിച്ചേരാൻ റോഡുമാർഗ്ഗങ്ങളില്ല എന്ന് അഭിപ്രായപ്പെട്ടു.
- **അപര്യാപ്തമായ ഭവന സൗകര്യങ്ങൾ** – സർവ്വേ ചെയ്ത പട്ടികജാതി കുടുംബങ്ങളിൽ 6.46 ശതമാനത്തിനും (495ൽ 32), പട്ടികവർഗ്ഗ കുടുംബങ്ങളിൽ 7.50 ശതമാനത്തിനും (280ൽ 21) സ്വന്തമായി വീടില്ലായിരുന്നു എന്നു സർവ്വേ വെളിപ്പെടുത്തി.
- **ഭൂമി ഇല്ലായ്മ** – സർവ്വേ ചെയ്ത 775 ഗുണഭോക്താക്കളിൽ 38 പേർക്ക് സ്വന്തമായി ഭൂമി ഇല്ലായിരുന്നു.

എസ്‌സി/എസ്ടി കുടുംബങ്ങൾക്കുവേണ്ട അവശ്യ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും പ്രകടമായ കുറവുകൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ അത്യാവശ്യമാണെന്ന് സർവ്വേയുടെ കണ്ടെത്തലുകൾ അടിവരയിടുന്നു. ഐഇസി പ്രവർത്തനങ്ങൾ, വരുമാനോത്പാദന അവസരങ്ങൾ, റോഡ് സൗകര്യം, ഭവനസൗകര്യങ്ങൾ, ഭൂമി ഉടമസ്ഥത എന്നിവയിലെ അപര്യാപ്തതകൾ ഈ

പാർശ്വവൽകൃത ജനവിഭാഗങ്ങളോടുളള വ്യവസ്ഥാപരമായ അവഗണന വെളിപ്പെടുത്തുന്നു.

വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിലെ ഗോത്രവർഗ്ഗക്കാരുടെ ജീവിത നിലവാരത്തെക്കുറിച്ചുള്ള പഠനം

എടവണ്ണ വനമേഖലയിലെ ഒരു നിബിഡവനത്തിലാണ് വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റ് സ്ഥിതി ചെയ്യുന്നത്. വെറ്റിലക്കൊല്ലി ഗോത്രവർഗ്ഗ സെറ്റിൽമെന്റിലെ താമസക്കാർ പട്ടിക വർഗ്ഗത്തിലെ പണിയർ വിഭാഗത്തിൽ നിന്നുളളവരാണ്. ഇവർ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കവും ദരിദ്രരുമായ വിഭാഗങ്ങളാണ്. 94 ആളുകൾ ഉളള 27 കുടുംബങ്ങൾ 17 ഓല മേഞ്ഞ വീടുകളിലായി താമസിക്കുകയായിരുന്നു. പുരുഷ-സ്ത്രീ അനുപാതം 48 : 46 ആയിരുന്നു. ഒരു വയസ്സ് മുതൽ അഞ്ച് വയസ്സ് വരെ പ്രായത്തിലുളള എട്ട് കുട്ടികളും ആറ് വയസ്സ് മുതൽ 18 വയസ്സ് വരെ പ്രായത്തിലുളള 23 കുട്ടികളും ജനസംഖ്യയിൽ ഉൾപ്പെട്ടിരുന്നു.

1. **ഭവനസൗകര്യം**

സെറ്റിൽമെന്റിൽ ഉണ്ടായിരുന്ന 22 കുടുംബങ്ങൾ, പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് മറച്ച ഇടിഞ്ഞു പൊളിഞ്ഞ അവസ്ഥയിലുളള 12 കുടിലുകളിലായി താമസിച്ചിരുന്നു. ഈ 22 കുടുംബങ്ങളിൽ രണ്ട് എണ്ണം മാത്രമേ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളളൂ എന്ന് ഓഡിറ്റ് കണ്ടെത്തി.

ചിത്രം 3.4 ഉം ചിത്രം 3.5 ഉം :ചാലിയാർ ജിപിയിലെ വെറ്റിലക്കൊല്ലി സെറ്റിൽമെന്റിലെ ഓല മേഞ്ഞ കുടിലുകൾ (2023 ഡിസംബർ 29ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രങ്ങൾ)

2. **ശോചനീയമായ റോഡുഗതാഗതം**

ചാലിയാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ഏകദേശം 18 കിലോമീറ്റർ അകലെയാണ് സെറ്റിൽമെന്റ് സ്ഥിതി ചെയ്യുന്നത്. ഏറ്റവും അടുത്ത ആശുപത്രി, സ്കൂളുകൾ, ചന്ത, മറ്റ് ഓഫീസുകൾ മുതലായവ സെറ്റിൽമെന്റിൽ നിന്നും 18 കിലോമീറ്റർ അകലെയാണ്. വനമേഖലയിലെ ആറ് കിലോമീറ്റർ ദൂരം റോഡ് ഇല്ലാത്ത സ്ഥിതിയിലും പരിചയ സമ്പന്നരായ ഡ്രൈവർമാർ ഓടിക്കുന്ന ജീപ്പുകൾ പോലെയുളള നാല് ചക്ര വാഹനങ്ങളിൽ മാത്രം എത്തിപ്പെടുവാൻ പറ്റുന്നവയാണെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ സ്ഥിതിയിൽ ആശുപത്രിയിൽ പോകേണ്ട ഒരു അടിയന്തിര സാഹചര്യം ഉണ്ടായാൽ ഒരു ആംബുലൻസിന്റെ സേവനം പോലും സെറ്റിൽമെന്റുകാർക്ക് ലഭിക്കില്ല. സെറ്റിൽമെന്റിലേക്ക് പ്രവേശന സൗകര്യം ഒരുക്കുന്നതിനായി ചാലിയാർ ജിപി നാളിതുവരെ ഒരു പ്രോജക്റ്റിനും രൂപം നൽകിയിട്ടില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

3. **അനാരോഗ്യകരമായ കുടിവെള്ള സൗകര്യം**

സെറ്റിൽമെന്റിലെ ഗ്രോത്രവർഗ്ഗക്കാർക്ക് കുടിവെള്ളസൗകര്യമില്ല. ചൂരപ്പുഴ അരുവിയിൽ നിന്നുളള വെള്ളം വിതരണം ചെയ്യുന്നതിനായി 2021-22ൽ ₹1.84 ലക്ഷത്തിന്റെ സിഎഫ്സി ഗ്രാന്റ് വിനിയോഗിച്ച് ജിപി ഒരു പ്രോജക്റ്റ് നടപ്പാക്കിയിരുന്നു.

നദിയിൽ നിന്നും ഗാർഡൻ ഹോസുകൾ ഉപയോഗിച്ച് ഗുരുത്വാകർഷണബലം വഴി, 1000 ലിറ്റർ വീതം ശേഷിയുള്ള രണ്ട് പിവിസി ടാങ്കുകളിൽ വെള്ളം ശേഖരിച്ചിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വേനൽക്കാലത്ത് വെള്ളം ലഭ്യമല്ലെന്ന് നിവാസികൾ പറയുകയുണ്ടായി. വെവ്വേറെയോ പൊതുവായോ ഉള്ള ടാപ്പുകൾ ഒന്നും ജിപി ഏർപ്പെടുത്താത്തതിനാൽ ടാങ്കുകളിൽ നിന്നും വെള്ളം തുടർച്ചയായി കവിഞ്ഞൊഴുകുന്നുണ്ടായിരുന്നു. പൊതുവായ കുടിവെള്ള ഗുണനിലവാരം അറിയാൻ ടാങ്കിൽ നിന്നെടുത്ത വെള്ളത്തിന്റെ സാമ്പിൾ, കെഡബ്ല്യുഎ ലാബിൽ പരിശോധിക്കുകയും, അതിൽ കോളിഫോം, ഇ-കോളി ബാക്ടീരിയകളാൽ (ഇരു ബാക്ടീരിയകളും എണ്ണാൻ ആകാത്ത വിധം അധികമായിരുന്നു) മലിനമായതിനാൽ വെള്ളം കുടിക്കാൻ യോഗ്യമല്ല എന്നു കണ്ടെത്തുകയും ചെയ്തു.

ചിത്രം 3.6 ഉം ചിത്രം 3.7 ഉം: അരുവിയിൽ നിന്നും വെള്ളം കൊണ്ടു വരുന്നതിനായി സ്ഥാപിച്ച ജലടാങ്കുകളും ഗാർഡൻ ഹോസുകളും (2023 ഡിസംബർ 29ന് ഓഡിറ്റ് എടുത്ത ചിത്രങ്ങൾ)

4. ശൗചാലയ സൗകര്യങ്ങൾ

മൊത്തം 94 അംഗങ്ങളുള്ള 27 കുടുംബക്കാർ, പൊതുവായതോ വെവ്വേറെയുള്ളതോ ആയ ശൗചാലയ സൗകര്യങ്ങൾ ഇല്ലാതെ സെറ്റിൽമെന്റിൽ താമസിക്കുകയായിരുന്നു. തങ്ങളുടെ പ്രാഥമികാവശ്യങ്ങൾക്ക് വനഭൂമിയെ പൂർണ്ണമായും ആശ്രയിക്കുകയും ആയിരുന്നു.

5. വൈദ്യുതി

നാളിതുവരെ സെറ്റിൽമെന്റുകളിൽ വൈദ്യുതി എത്തിയിട്ടില്ല; രാത്രി കാലങ്ങളിൽ മണ്ണെണ്ണ വിളക്കുകളെയാണ് അവർ പൂർണ്ണമായും ആശ്രിയിക്കുന്നത്. എന്നാൽ, മൂന്നു കുടുംബങ്ങൾക്ക് നൽകിയ റേഷൻ കാർഡുകളുടെ സൂക്ഷ്മ പരിശോധനയിൽ, അവരുടെ വീടുകൾ വൈദ്യുതീകരിക്കപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതും അതിനാൽ അവർക്ക് പ്രതിമാസം, കുറഞ്ഞ അളവിൽ (500 മില്ലിലിറ്റർ) മണ്ണെണ്ണയ്ക്കു മാത്രമേ അർഹതയുണ്ടായിരുന്നുള്ളൂ എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

6. ഗതാഗത സൗകര്യങ്ങളുടെ അഭാവം മൂലം 2022-23 അധ്യയന വർഷത്തിൽ 14 സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക്

പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ അവകാശ നിയമം നിർബ്ബന്ധിത വിദ്യാഭ്യാസം ഉറപ്പാക്കുന്നു. സൗജന്യമായി വിദ്യാഭ്യാസം ലഭിക്കുക എന്നത് അത്തരം പ്രായപരിധിയിലുള്ളവരുടെ നിയമപരമായ അവകാശമായി മാറിക്കഴിഞ്ഞു. 14 വയസ്സുവരെ തുടർച്ചയായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി, വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഴി നടപ്പാക്കുന്നതിന്, സംസ്ഥാന സർക്കാർ ഗോത്ര സാരഥി പദ്ധതി അവതരിപ്പിക്കുകയുണ്ടായി. എന്നാൽ, ഉയർന്ന യാത്ര ചെലവു മൂലം, വെറ്റിലക്കൊല്ലി സെറ്റിൽമെന്റിനുള്ള ഗോത്രസാരഥി പദ്ധതി, 2022 ഏപ്രിൽ മുതൽ ചാലിയാർ ജിപി നിർത്തലാക്കി. നാലാം ക്ലാസ് വരെയുള്ള ക്ലാസുകളിൽ

പഠിക്കുന്ന സെറ്റിൽമെന്റിലെ 14 കുട്ടികളുടെ (ഒന്നാം ക്ലാസ്സിലെ രണ്ട് കുട്ടികൾ, രണ്ടും മൂന്നും ക്ലാസ്സുകളിലെ ഓരോ കുട്ടിവീതം, നാലാം ക്ലാസ്സിലെ 10 കുട്ടികൾ) പഠനം, ഗതാഗത സൗകര്യങ്ങളില്ലാത്തതുമൂലം 2022-23ൽ മുടങ്ങുകയും കൊഴിഞ്ഞുപോവുകയും ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. സംസ്ഥാന സർക്കാർ, 'മൾട്ടിഗ്രേഡ് ലേണിംഗ് സെന്റർ' (എംജിഎൽസി)[33] പദ്ധതി നിർത്തലാക്കിയതും ഗ്രാമപഞ്ചായത്തിൽ ഗതാഗത സൗകര്യം നിർത്തലാക്കിയതും 14 കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുന്നതിന് ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

3.7 നിരീക്ഷണ സംവിധാനം

എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ നിരീക്ഷണം, ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കാനുള്ള ഒരു അവശ്യപ്രവർത്തനമാണ്. തുടർന്നുവരുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ, ലഭിച്ച എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചു എന്നുറപ്പുവരുത്തുന്നതിനായി, നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം പരിശോധിച്ച പിആർഐകളിൽ ഓഡിറ്റ് കണ്ടെത്തി.

3.7.1 മോണിറ്ററിംഗ് കമ്മിറ്റികൾ എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതിരുന്നത്

ഒരു വർഷത്തെ പദ്ധതി രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക്, ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച്, രൂപം കൊടുക്കുകയും നടപ്പാക്കുകയും ചെയ്ത ഓരോ പ്രോജക്ടും നിരന്തരം നിരീക്ഷിക്കേണ്ടതാണെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, പരിശോധിച്ച 68 പിആർഐകളിൽ 17 പിആർഐകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചില്ല.

കൂടാതെ, മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, നിർവ്വഹണ ഉദ്യോഗസ്ഥനായി മാറുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. എന്നാൽ, പരിശോധിച്ച 68 പിആർഐകളിൽ, 54 എണ്ണത്തിൽ, കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാറിയപ്പോൾ, മോണിറ്ററിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കപ്പെട്ടില്ല; നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ മോണിറ്ററിംഗ് കമ്മിറ്റികൾ ആയി പ്രവർത്തിച്ചു.

3.7.2 സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിക്കാത്തതും സാമൂഹിക ഓഡിറ്റിന്റെ അഭാവവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുടെ സാമൂഹിക ഓഡിറ്റ് നടത്താൻ വാർഡ്/സ്ഥാപനതലങ്ങളിൽ ഒരു സാമൂഹിക ഓഡിറ്റ് സമിതി രൂപീകരിക്കേണ്ടതാണെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, കൊടകര ബ്ലോക്ക് പഞ്ചായത്ത് ഒഴികെ, പരിശോധിച്ച മറ്റ് പിആർഐകളിലൊന്നും തന്നെ സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടില്ലെന്നും, വ്യവസ്ഥചെയ്തിരുന്നതുപോലെ സാമൂഹിക ഓഡിറ്റ് നടത്തിയിട്ടില്ലെന്നും വെളിപ്പെടുകയുണ്ടായി.

3.7.3 പദ്ധതികളുടെ വിലയിരുത്തൽ നടത്താതിരിക്കൽ

പ്രോജക്ടുകളുടെയും പദ്ധതികളുടെയും വിലയിരുത്തൽ വഴി പദ്ധതികൾ/പ്രോജക്ടുകൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനും അതുവഴി വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം പ്രോത്സാഹിപ്പിക്കാനും കഴിയുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ പതിവായ

---

33 സംസ്ഥാനത്തെ വിദൂര പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളായിരുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ

മൂല്യനിർണ്ണയം, എസ്സി/എസ്ടി വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതിയുടെ ഉന്നമനത്തിൽ അവയുടെ സ്വാധീനം വിലയിരുത്താൻ അത്യന്താപേക്ഷിതമാണ്. എന്നാൽ സംസ്ഥാന/പിആർഐ തലത്തിൽ അത്തരം വിലയിരുത്തൽ പഠനങ്ങൾ നാളിതു വരെ നടത്തിയിട്ടില്ല.

3.8 ഉപസംഹാരം

കേരളത്തിലെ തിരഞ്ഞെടുത്ത ജില്ലകളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പട്ടികജാതി ഉപപദ്ധതിയുടെയും (എസ്സിഎസ്പി) പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും (ടിഎസ്പി) നടപ്പാക്കലിൽ ഗണ്യമായ പോരായ്മകളുണ്ടെന്ന് ഓഡിറ്റ് വെളിപ്പെടുത്തി. കാലഹരണപ്പെട്ട ഡാറ്റയുടെ ഉപയോഗം, ഉത്പാദന മേഖലാ പ്രോജക്ടുകൾക്കുള്ള അപര്യാപ്തമായ വകയിരുത്തൽ, പിആർഐകൾക്കുള്ള കുറഞ്ഞ വകയിരുത്തൽ, എസ്സിഎസ്പിയിൽ നിന്നും ടിഎസ്പിയിൽ നിന്നു യഥാക്രമം ₹68.73 കോടിയുടെയും ₹6.69 കോടിയുടെയും ഫണ്ടുകളുടെ പാഴാക്കൽ എന്നിവയെല്ലാം ശ്രദ്ധേയമായ ആശങ്കകളാണ്. കൂടാതെ, 65 പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ മലിനമായ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തി. സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ പരിഹരിക്കുന്നതിന്, സമൂഹ-കേന്ദ്രീകൃത നടപടികൾക്കും ശക്തമായ നിരീക്ഷണ സംവിധാനങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് എസ്സിഎസ്പി/ടിഎസ്പി നിർവ്വഹണം നവീകരിക്കേണ്ടത് അനിവാര്യമാണ്.

3.9 ശിപാർശകൾ

പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനായി തഴെപ്പറയുന്ന ശിപാർശകൾ നൽകിയിരിക്കുന്നു:

1. ***സമഗ്രമായ സർവ്വേകൾ നടത്തുക: എസ്സിഎസ്പി/ടിഎസ്പി പദ്ധതി രൂപീകരണം ഫലപ്രദമായി സാധ്യമാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി തിരിച്ചറിയുന്നതിനായി പിആർഐകൾ പതിവായി സർവ്വേകൾ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുക.***

2. ***അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകുക: പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾക്കായി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ, കുടിവെള്ള വിതരണ പദ്ധതികൾക്കും ശൗചാലയ സൗകര്യങ്ങൾക്കും മുൻഗണന നൽകുക.***

3. ***സംരംഭകത്വം പ്രോത്സാഹിപ്പിക്കുക: പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിൽ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ രൂപീകരിക്കുക.***

ഭാഗം II

നഗര തദ്ദേശ സ്ഥാപനങ്ങൾ (യുഎൽബി)

അദ്ധ്യായം IV
നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം

4.1 ആമുഖം

1992-ലെ എഴുപത്തിനാലാം ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ ജനാധിപത്യ വികേന്ദ്രീകരണത്തിന് വ്യക്തമായ ഒരു അധികാരം ഇന്ത്യൻ ഭരണഘടന നൽകി. സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനും അധികാരങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും വികേന്ദ്രീകരണത്തിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും ആവശ്യമായ അധികാരങ്ങളും അവകാശങ്ങളും നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നിയമങ്ങൾ നിർമ്മിക്കാൻ ആർട്ടിക്കിൾ 243ഡബ്ല്യു സംസ്ഥാന നിയമസഭകൾക്ക് അധികാരം നൽകി. എഴുപത്തിനാലാമത് ഭരണഘടനാ ഭേദഗതി നിയമം പന്ത്രണ്ടാം പട്ടിക അവതരിപ്പിക്കുകയും അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ നഗര തദ്ദേശ സ്ഥാപനങ്ങളെ (യുഎൽബികൾ) ഏൽപ്പിക്കാവുന്ന ചുമതലകളാണെന്ന് കണ്ടെത്തുകയും ചെയ്തു. 74-ാമത് ഭരണഘടനാ ഭേദഗതി നിയമത്തിനനുസൃതമായി യുഎൽബികൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനാവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകിക്കൊണ്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെഎം നിയമം) രൂപീകരിച്ചു. 2024 മാർച്ച് വരെ സംസ്ഥാനത്ത് 87 മുനിസിപ്പാലിറ്റികളും ആറ് മുനിസിപ്പൽ കോർപ്പറേഷനുകളും ഉണ്ടായിരുന്നു. ജില്ല തിരിച്ചുള്ള നഗരതദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം, ജനസംഖ്യ, പ്രതിശീർഷവരുമാനം എന്നിവ **പട്ടിക 4.1ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.1: ജില്ല തിരിച്ചുള്ള യുഎൽബികളുടെ എണ്ണം, നഗര ജനസംഖ്യ, പ്രതിശീർഷവരുമാനം

ക്രമ നമ്പർ	ജില്ല	നഗര ജനസംഖ്യ (ലക്ഷത്തിൽ)	പ്രതിശീർഷ വരുമാനം (₹) (ജില്ല)	യുഎൽബികളുടെ എണ്ണം	
				മുനിസിപ്പാലിറ്റി	മുനിസിപ്പൽ കോർപ്പറേഷൻ
1.	തിരുവനന്തപുരം	17.72	145214	4	1
2.	കൊല്ലം	11.82	180947	4	1
3.	പത്തനംതിട്ട	1.32	113425	4	0
4.	ആലപ്പുഴ	11.48	195817	6	0
5.	കോട്ടയം	5.65	171528	6	0
6.	ഇടുക്കി	0.52	149686	2	0
7.	എറണാകുളം	22.34	202863	13	1
8.	തൃശ്ശൂർ	20.96	164800	7	1
9.	പാലക്കാട്	6.77	130112	7	0
10.	മലപ്പുറം	18.17	109422	12	0
11.	കോഴിക്കോട്	20.73	136648	7	1
12.	വയനാട്	0.32	104305	3	0
13.	കണ്ണൂർ	16.41	145441	9	1
14.	കാസർഗോഡ്	5.09	127641	3	0
	ആകെ			**87**	**6**

(ഉറവിടം : 2023ലെ എക്കണോമിക് റിവ്യൂവും തദ്ദേശ സ്വയംഭരണവകുപ്പ് പ്രസിദ്ധീകരിച്ച തദ്ദേശകവും)

4.2 ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ നഗര തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 18 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

കൈമാറ്റം ചെയ്യുന്നതിന് കെഎം നിയമം വിഭാവനം ചെയ്യുന്നു. കേരള സർക്കാർ ഇതിൽ 14 ചുമതലകൾ യുഎൽബികൾക്ക് കൈമാറി (സെപ്റ്റംബർ 1995). ഭൂവിനിയോഗത്തിന്റെയും കെട്ടിടനിർമ്മാണത്തിന്റെയും നിയന്ത്രണം, ഗാർഹിക, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ജലവിതരണം, അഗ്നിശമന സേവനങ്ങൾ, നഗരവനവൽക്കരണം, പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതികമായ കാഴ്ചപ്പാടുകളുടെ പ്രചരണം എന്നീ ചുമതലകൾ യുഎൽബികൾക്ക് കൈമാറിയിട്ടില്ല (മാർച്ച് 2024). ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിലെ 18 ചുമതലകളിൽ 14 എണ്ണവും കൈമാറ്റം ചെയ്യപ്പെട്ടെങ്കിലും, കെഎം നിയമത്തിന്റെ ഒന്നാം പട്ടികയിലെ പൊതുവായ, അനിവാര്യ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളെ ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയുമായി ബന്ധിപ്പിക്കുന്ന രേഖാമൂലമുള്ള മാപ്പിംഗ് ഉണ്ടായിരുന്നില്ല. കൈമാറ്റം ചെയ്ത 14 ചുമതലകളിൽ ഏഴെണ്ണത്തിൽ മാത്രമേ യുഎൽബികൾക്ക് പരിപൂർണ്ണ ഉത്തരവാദിത്തമുണ്ടായിരുന്നുള്ളുവെന്നും **പട്ടിക 4.2ൽ** വിശദീകരിക്കുന്നതു പോലെ ഏഴ് ചുമതലകളിൽ പരിമിതമായ പങ്കോ അല്ലെങ്കിൽ ഒരു പങ്കും ഇല്ലാതിരുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പട്ടിക 4.2: യുഎൽബികൾക്ക് ചുമതലകൾ കൈമാറിയതിന്റെ സ്ഥിതി

ക്രമ നമ്പർ	ഉത്തരവാദിത്തം	ചുമതലകൾ
1	**പൂർണ്ണ അധികാരം/ പ്രധാന സ്ഥാനം**	1. ചേരി മെച്ചപ്പെടുത്തലും നവീകരണവും 2. റോഡുകളും പാലങ്ങളും 3. നഗര ദാരിദ്ര്യ ലഘൂകരണം 4. ശവസംസ്കാരങ്ങളും, ശ്മശാനങ്ങളും ശവദാഹങ്ങളും ശവദാഹഭൂമികളും വൈദ്യുത ശ്മശാനങ്ങളും 5. ജനന മരണ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സുപ്രധാന സ്ഥിതി വിവരക്കണക്കുകൾ 6. തെരുവ് വിളക്കുകൾ,പാർക്ക് ചെയ്യാനുള്ള സ്ഥലങ്ങൾ, ബസ് സ്റ്റോപ്പുകൾ, മുതലായ പൊതു സൗകര്യങ്ങൾ. 7. കശാപ്പുശാലകളുടെയും തുകൽപ്പണിശാലകളുടെയും നിയന്ത്രണം
2	**പരിമിതമായ സ്ഥാനം**	1. ടൗൺ പ്ലാനിംഗ് ഉൾപ്പെടെയുള്ള നഗരാസൂത്രണം 2. സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനുവേണ്ടിയുള്ള ആസൂത്രണം. 3. പൊതുജനാരോഗ്യവും ശുചിത്വ സംരക്ഷണവും ഖരമാലിന്യപരിപാലനവും 4. ശാരീരികമായും ബൗദ്ധികമായും വൈകല്യമുള്ളവരുടേതുൾപ്പെടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കൽ. 5. പാർക്കുകൾ, പൂന്തോട്ടങ്ങൾ, കളിസ്ഥലങ്ങൾ മുതലായ നാഗരിക സൗകര്യങ്ങൾ ലഭ്യമാക്കൽ. 6. സാംസ്കാരികപരവും വിദ്യാഭ്യാസപരവും സൗന്ദര്യപരവുമായ കാഴ്ചപ്പാടുകളുടെ പ്രചരണം 7. കന്നുകാലി പൗണ്ടുകൾ, മൃഗങ്ങളോടുള്ള ക്രൂരത തടയൽ
3	**കൈമാറാത്ത ചുമതലകൾ**	1. ഭൂവിനിയോഗത്തിന്റെയും കെട്ടിട നിർമ്മാണത്തിന്റെയും നിയന്ത്രണം. 2. ഗാർഹിക, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ജലവിതരണം 3. അഗ്നിശമന സേവനങ്ങൾ 4. നഗരവനവൽക്കരണവും പരിസ്ഥിതി സംരക്ഷണവും പാരിസ്ഥിതികമായ കാഴ്ചപ്പാടുകളുടെ പ്രചരണവും.

(ഉറവിടം: എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിശദാംശങ്ങൾ)

4.2.1 യുഎൽബികൾക്ക് കൈമാറിയ പദ്ധതികൾ സർക്കാർ വകുപ്പുകൾ സമാന്തരമായി നിർവ്വഹിക്കുന്നത്

യുഎൽബികളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈമാറ്റം ചെയ്തു കിട്ടിയ ചുമതലകളിൽപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പിലാക്കിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. യുഎൽബികൾ ഏറ്റെടുത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ വകുപ്പു ഫണ്ടുകൾ ഉപയോഗിച്ച് പട്ടികജാതി വികസന വകുപ്പ് സമാന്തരമായി നടപ്പിലാക്കി. പട്ടികജാതി സ്ത്രീകൾക്കുള്ള വിവാഹ ധനസഹായം, എസ്സി/എസ്ടി വിഭാഗത്തിൽപ്പെട്ടവർക്ക് ലാപ്ടോപ് വിതരണം എന്നിവ യുഎൽബികളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നടപ്പിലാക്കിയതായി കണ്ടു. സർക്കാർ പദ്ധതികൾ സമാന്തരമായി നടപ്പാക്കുന്നതിന്റെ ഫലമായി യുഎൽബികളിൽ നടപ്പിലാക്കുന്ന വകുപ്പുതല പദ്ധതികൾക്കായി വകുപ്പുതല ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സ്ഥിതി ഉണ്ടായി. വകുപ്പുതല ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികകൾ വാർഡ് കമ്മിറ്റിയുടെയോ വാർഡ് സഭകളുടെയോ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായിരുന്നില്ല. ആ കാരണത്താൽ, അത്തരം തിരഞ്ഞെടുപ്പിൽ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഉണ്ടാകാനുള്ള സാധ്യത ഉണ്ട്.

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധപ്പെട്ട സമാന സ്വഭാവമുള്ള പദ്ധതികൾ യുഎൽബികളും സർക്കാരും സമാന്തരമായി നടപ്പാക്കുന്നത് പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ യുഎൽബികളുടെയും വകുപ്പുകളുടെയും ഉത്തരവാദിത്തക്കുറവിന് കാരണമാകും. കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽപ്പെട്ട പദ്ധതികൾ വകുപ്പുകൾ തുടർന്നും നടപ്പിലാക്കുന്നത് യുഎൽബികളുടെ സ്വയംഭരണ അധികാരത്തെ കുറക്കുന്നതിനാൽ വികേന്ദ്രീകരണ ആശയങ്ങൾക്ക് എതിരാണ്.

4.2.2 ഉദ്യോഗസ്ഥരുടെ അപൂർണ്ണമായ കൈമാറ്റം

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യോഗ്യതയുള്ളവരും പരിശീലനം ലഭിച്ചവരുമായ ഉദ്യോഗസ്ഥർ ആവശ്യമാണ്. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ 10 വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളെ സർക്കാർ കൈമാറി (സെപ്റ്റംബർ 1995). എന്നിരുന്നാലും കൈമാറ്റം പൂർണ്ണമായ രീതിയിൽ നടന്നില്ല. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറെ മുനിസിപ്പാലിറ്റികൾ/മുനിസിപ്പൽ കോർപ്പറേഷനുകളിലേക്ക് മാറ്റിയെങ്കിലും അദ്ദേഹത്തിന്റെ സേവനം യുഎൽബികൾക്ക് ലഭ്യമായിരുന്നില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2000 ജൂലൈയിൽ യുഎൽബികളിൽ 89 ക്ലറിക്കൽ തസ്തികകൾ വേണമെന്ന് കണക്കാക്കിയെങ്കിലും 2024 മാർച്ച് മാസത്തിൽ 61 ജീവനക്കാരുടെ കുറവുണ്ടായിരുന്നു.

എഴുപത്തിനാലാം ഭരണഘടനാഭേദഗതി നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ സ്വയംഭരണാവകാശം നൽകിയിരുന്നെങ്കിലും, യുഎൽബികൾ സർക്കാർ നിയന്ത്രണത്തിൽ നിന്ന് പൂർണ്ണമായും മുക്തമായിരുന്നില്ല. ഭരണഘടനാഭേദഗതിക്ക് ശേഷം 25 വർഷത്തിലേറെ ആയിട്ടും ബന്ധപ്പെട്ട ചുമതലകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ യുഎൽബികളിലേയ്ക്കുള്ള കൈമാറ്റം പൂർത്തിയായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയുക്തമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന പാരാസ്റ്റാറ്റലുകളും തമ്മിലുള്ള ബന്ധത്തിൽ വ്യക്തത ഇല്ലെന്നും, ഇത് വ്യക്തമായി പ്രസ്താവിക്കണമെന്നും നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിരീക്ഷിച്ചു. സർക്കാർ ശിപാർശ അംഗീകരിച്ചെങ്കിലും, തുടർ നടപടികൾ എടുക്കേണ്ട സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ ഇക്കാര്യത്തിൽ ഒരു നടപടിയും എടുത്തില്ല (2024 മാർച്ച്).

4.3 യുഎൽബികളുടെ സംഘടനാ രൂപം

എല്ലാ യുഎൽബികളുടെയും ഭരണനിർവ്വഹണത്തിനുള്ള നോഡൽ വകുപ്പാണ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള തദ്ദേശ സ്വയംഭരണവകുപ്പ് (എൽഎസ്ജിഡി). ധനകാര്യം, അക്കൗണ്ടുകളുടെ പരിപാലനം, ഓഫീസ് മാനേജ്മെന്റ്, പദ്ധതികളുടെ രൂപീകരണം, പരിസ്ഥിതി നിയന്ത്രണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ദേശീയ, സംസ്ഥാന നയങ്ങൾക്കനുസൃതമായി എൽഎസ്ജിഐകൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ എൽഎസ്ജിഡിയ്ക്ക് അധികാരമുണ്ട്.

ചെയർപേഴ്സൺ/മേയർ ആണ് യുഎൽബികളുടെ ഭരണത്തലവൻ. ഓരോ യുഎൽബിക്കും മുഖ്യനിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു സെക്രട്ടറി ഉണ്ട്. യുഎൽബികളുടെ കൗൺസിലർമാരാണ് ചെയർപേഴ്സൺ/മേയർ, വൈസ് ചെയർപേഴ്സൺ/ ഡെപ്യൂട്ടിമേയർ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്. സർക്കാർ തലത്തിലും യുഎൽബി തലത്തിലുമുള്ള ഓർഗനോഗ്രാം **ചിത്രം 4.1ൽ** കൊടുത്തിരിക്കുന്നു.

ചിത്രം 4.1 : യുഎൽബികളുടെ ഓർഗനോഗ്രാം



4.4 വിവിധ കമ്മിറ്റികളുടെ രൂപീകരണം

യുഎൽബികൾക്ക് നൽകിയിട്ടുള്ള ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് കെഎം നിയമം വിഭാവനം ചെയ്തിട്ടുണ്ട്. കെഎം നിയമത്തിലെ 20-ാം വകുപ്പ് ഓരോ യുഎൽബിയിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ

രൂപീകരിക്കുന്നതിനെക്കുറിച്ചും 23-ാം വകുപ്പ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികൾ

മുനിസിപ്പൽ കൗൺസിലുകളുടെ തീരുമാനത്തിനായി പരിഗണിക്കുന്നതിന് മുമ്പ്, സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശകലനം ചെയ്യണം. ഓരോ മുനിസിപ്പാലിറ്റിയിലും ആറ്[34] സ്റ്റാന്റിംഗ് കമ്മിറ്റികളും ഓരോ കോർപ്പറേഷനിലും എട്ട്[35] സ്റ്റാന്റിംഗ് കമ്മിറ്റികളുമുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശം, മേൽനോട്ടം, നിയന്ത്രണം എന്നിവയ്ക്ക് കീഴിലാണ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ അതാത് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ അവരുടെ ഇടയിൽ നിന്നാണ് തിരഞ്ഞെടുക്കുന്നത്. ഡെപ്യൂട്ടി ചെയർപേഴ്സണാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എക്സ് ഓഫിഷ്യോ അംഗവും ചെയർപേഴ്സണും. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അവരുടെ വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാൻ അധികാരമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഓരോ പ്രമേയവും യുഎൽബികളുടെ മുനിസിപ്പൽ കൗൺസിലിന്റെ അടുത്ത യോഗത്തിൽ അവതരപ്പിക്കേണ്ടതുണ്ട്. ആവശ്യമെങ്കിൽ, കൗൺസിലിന് പ്രമേയങ്ങളിൽ ഭേദഗതി വരുത്താൻ കഴിയും.

സ്റ്റിയറിംഗ് കമ്മിറ്റി

കെഎം നിയമത്തിലെ ഖണ്ഡിക 23-ാം വകുപ്പ് അനുസരിച്ച്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക, കൂടാതെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏൽപ്പിച്ചിട്ടുള്ള മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുക എന്നിവ സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സണും ഉൾപ്പെടുന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റി. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

വാർഡ് കമ്മിറ്റികളും/വാർഡ് സഭകളും

ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് സഭകളും, ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റികളും ആസൂത്രണ പ്രക്രിയയിൽ ഒരു പ്രധാനപങ്ക് വഹിക്കുന്നു. ഗുണഭോക്തൃകേന്ദ്രീകൃത പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ മുൻഗണനകൾ തീരുമാനിക്കുന്നതും പദ്ധതികൾക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും അവരാണ്. വാർഡിലെ എല്ലാ വിഭാഗം ആളുകളെയും വിശാലമായി പ്രതിനിധീകരിക്കുന്ന വിധത്തിൽ വാർഡ് കമ്മിറ്റികളിൽ റസിഡന്റ്സ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, വിദ്യാഭ്യാസ സ്ഥാപനമേധാവികൾ, പ്രൊഫഷണലുകൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള കുറഞ്ഞത് 55 മുതൽ 60 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. വാർഡ് കമ്മിറ്റികൾക്ക് ആകെ അംഗങ്ങളുടെ അഞ്ചിലൊന്നും, വാർഡ് സഭകൾക്ക് വാർഡിലെ ആകെ വോട്ടർമാരുടെ പത്തിലൊന്ന് പേരുമാണ് അവരുടെ യോഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ക്വാറം.

4.5 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള പ്രതികരണം

അക്കൗണ്ടന്റ് ജനറൽ പരിഹാര നടപടികൾക്കായി പുറപ്പെടുവിച്ച പരിശോധന റിപ്പോർട്ടുകൾക്ക് നിർദ്ദിഷ്ട നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പോരായ്മകൾ,

34 (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി(3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (5) വിദ്യാഭ്യാസം, കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി (6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

35 (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി (3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (5) വിദ്യാഭ്യാസ, കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി (6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (7) നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി (8) നികുതി അപ്പീൽ സ്റ്റാന്റിംഗ് കമ്മിറ്റി

വീഴ്ചകൾ മുതലായവയ്ക്ക് ഉത്തരവാദിത്തത്തോടെ എത്രയും വേഗം മറുപടി നൽകാൻ 2010 ലും 2017 ലും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓഡിറ്റ് തടസ്സങ്ങൾ/പരിശോധന റിപ്പോർട്ടുകൾ/കരട് ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയ്ക്കുള്ള നിർദ്ദേശങ്ങളുടെ കൈപ്പുസ്തകം വ്യവസ്ഥ ചെയ്യുന്നു. ഓഫീസ് മേധാവികളും, അടുത്ത ഉയർന്ന അധികാരികളും പരിശോധന റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ പാലിക്കുകയും, പോരായ്മകളും ഒഴിവാക്കലുകളും പരിഹരിക്കുകയും, പരിശോധന റിപ്പോർട്ടുകൾ ലഭിച്ച് നാല് ആഴ്ചയ്ക്കുള്ളിൽ പരിഹാര നടപടി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും വേണം. 2023 മാർച്ച് വരെ, യുഎൽബികളിൽ 130 പരിശോധന റിപ്പോർട്ടുകൾ (888 ഖണ്ഡികകൾ) തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടു. അവശേഷിക്കുന്ന പരിശോധന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.1ൽ** നൽകിയിരിക്കുന്നു.

4.5.1 സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ നിയമസഭാ സമിതിയുടെ ചർച്ച

സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിൽ യുഎൽബികളുമായി ബന്ധപ്പെട്ട ഖണ്ഡികകളിൻമേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അവശേഷിക്കുന്ന ചർച്ചകളെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.3ൽ** നൽകിയിരിക്കുന്നു:

പട്ടിക 4.3: സിഎജിയുടെ റിപ്പോർട്ടിൻമേൽ നിയമസഭാ സമിതിയുടെ ചർച്ച

ഓഡിറ്റ് റിപ്പോർട്ടിന്റെ പേര്	റിപ്പോർട്ടിന്റെ വർഷം	ചർച്ച അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം (2024 ജൂൺ വരെ)
നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്നതിനെക്കുറിച്ചുള്ള സിഎജിയുടെ റിപ്പോർട്ട് (സ്റ്റാൻഡെലോൺ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട്)	2021 മാർച്ച് (2022 വർഷത്തെ റിപ്പോർട്ട് നമ്പർ 9)	അദ്ധ്യായങ്ങൾ IV, V, VI

4.6 ഉത്തരവാദിത്ത സംവിധാനവും ധനകാര്യ റിപ്പോർട്ടിംഗ് പ്രശ്നങ്ങളും

4.6.1 വസ്തു നികുതി ബോർഡ്

പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്ത് ഒരു വസ്തുനികുതി ബോർഡ് രൂപീകരിക്കാൻ ഉത്തരവിട്ടു. അതനുസരിച്ച്, ഒരു ചെയർപേഴ്സണും മൂന്ന് അംഗങ്ങളും ഉള്ള ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കാനുള്ള ഉത്തരവ് സർക്കാർ (2011 ഫെബ്രുവരി) പുറപ്പെടുവിച്ചു. നികുതി ചുമത്താവുന്ന എല്ലാ വസ്തുക്കളിലും വസ്തു നികുതി ചുമത്തുന്നതും, ശേഖരിക്കുന്നതും ഉറപ്പാക്കുക, മൂല്യനിർണ്ണയത്തിൽ വൈദഗ്ധ്യം പങ്കിടുക, യുഎൽബിയിലെ ജീവനക്കാർക്ക് ഇക്കാര്യത്തിൽ പരിശീലനം നൽകുക എന്നീ കാര്യങ്ങളിൽ ബോർഡ് നടപടിയെടുക്കണം. സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളെയും, മുനിസിപ്പൽ കോർപ്പറേഷനുകളെയും അവയുടെ അധികാര പരിധിയിലുള്ള എല്ലാ വസ്തുക്കളും എണ്ണിത്തിട്ടപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സ്വതന്ത്രവും സുതാര്യവുമായ ഒരു നടപടിക്രമം നടപ്പിലാക്കാൻ സഹായിക്കുക, വസ്തുക്കളുടെ വിലയിരുത്തലിനും, മൂല്യനിർണ്ണയത്തിനും അവയുടെ കാലിക പരിഷ്കരണങ്ങൾക്കും അനുയോജ്യമായ അടിസ്ഥാനങ്ങൾ നിർദ്ദേശിക്കുക എന്നുള്ളവയായിരുന്നു ബോർഡിന്റെ ലക്ഷ്യം.

സംസ്ഥാനത്ത് വസ്തു നികുതി ബോർഡ് രൂപീകരിച്ചുവെങ്കിലും ബോർഡ് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല (2024 ഫെബ്രുവരി).

4.6.2 നഗര തദ്ദേശ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകൾ

മതിയായ സാമ്പത്തിക സ്രോതസ്സുകളുടെ പിന്തുണയോടെ മാത്രമേ കൈമാറിയ ചുമതലകൾ യുഎൽബികൾക്ക് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂ. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക കൈമാറ്റങ്ങളിലൂടെയും കേന്ദ്രധനകാര്യ കമ്മീഷന്റെ ശിപാർശകൾ പാലിക്കുന്നതിലൂടെയും ചെലവ് ആവശ്യങ്ങൾക്കനുസൃതമായി സ്വന്തം വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെയുമാണ് സാമ്പത്തിക സ്രോതസ്സുകൾ ലഭിക്കുന്നത്. യുഎൽബികളുടെ വിഭവസ്രോതസ്സുകളിൽ തനതു വരുമാനമായ നികുതി, നികുതിയേതര വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, കേന്ദ്രസർക്കാർ നൽകുന്ന ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഞ്ചിത നിധിയിൽ നിന്ന് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു, അതായത് ഗ്രാന്റുകൾ (പൊതു ആവശ്യ ഫണ്ട്, മെയിൻറ്റനൻസ് ഫണ്ട്, വികസന ഫണ്ട്) സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം എന്നിവ. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ യുഎൽബികളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 4.4ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.4: യുഎൽബികളുടെ വിഭവങ്ങളുടെ ഘടന

(₹ കോടിയിൽ)

വിഭവങ്ങൾ	2018-19	2019-20	2020-21	2021-22	2022-23
തനതു വരുമാനം: i. നികുതി വരുമാനം	795.13	667.34	684.13	824.15	909.27
ii. നികുതിയേത വരുമാനം	130.20	113.56	192.58	240.81	312.17
ആകെ തനതു വരുമാനം	**925.33**	**780.90**	**876.71**	**1064.96**	**1221.44**
സംസ്ഥാന ഫണ്ട്: i. പരമ്പരാഗതമായ ചുമതലകൾ	493.51	351.40	367.76	413.88	385.26
ii. പരിപാലനത്തിനുള്ള ഫണ്ട് (റോഡ് ആസ്തികളും റോഡ് ഇതര ആസ്തികളും)	442.05	519.15	552.17	633.57	573.06
iii. വികസനവും പുരോഗതിയും	1015.04	890.13	1298.23	1137.03	1236.76
iv. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകൾ	1162.92	928.24	1156.86	623.31	1275.53
v. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം	373.56	281.85	742.68	213.46	566.08
ആകെ സംസ്ഥാന ഫണ്ടുകൾ	**3487.08**	**2970.77**	**4117.70**	**3021.25**	**4036.69**
കേന്ദ്രസർക്കാർ ധനസഹായം: i. കേന്ദ്രാവിഷ്കൃത പദ്ധതികൾ	1002.39	385.18	284.15	457.47	674.93
ii. വികസനവും പുരോഗതിയും (15 -ാമത് ധനകാര്യ കമ്മീഷൻ)	835.53	947.03	1329.85	910.29	745.48
ആകെ കേന്ദ്രസർക്കാർ ഗ്രാന്റ്	**1837.92**	**1332.21**	**1614.00**	**1367.76**	**1420.41**
മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം: വായ്പകൾ	**427.19**	**530.42**	**195.03**	**91.81**	**20.86**
ആകെ വരുമാനം	**6677.52**	**5614.30**	**6803.44**	**5545.78**	**6699.40**

(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടർ, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ(കെയുആർഡിഎഫ് സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)

- 2022-23 കാലയളവിൽ, മൊത്തം വരുമാനത്തിൽ, സംസ്ഥാന, കേന്ദ്ര, തനത് വരുമാനം, വായ്പകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം എന്നിവയുടെ ശതമാനം യഥാക്രമം 60.25 ശതമാനം, 21.20 ശതമാനം, 18.23 ശതമാനം, 0.31 ശതമാനം എന്നിങ്ങനെ ആയിരുന്നു.

- ആകെ വരുമാനത്തിൽ കേന്ദ്രസർക്കാർ ധനസഹായത്തിന്റെ വിഹിതം 2018-19ൽ 27.52 ശതമാനത്തിൽ നിന്ന് 2022-23-ൽ 21.20 ശതമാനമായി കുറഞ്ഞു.
- 2018-19 മുതൽ 2022-23 വരെ മൊത്തം വരുമാനത്തിൽ സംസ്ഥാന ഗ്രാന്റുകളുടെ വിഹിതം 52.22 ശതമാനം മുതൽ 60.52 ശതമാനം വരെ ആയിരുന്നു.

4.6.3 സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകളിൽ യുഎൽബികൾ നടത്തിയ ചെലവ്

സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു; അതായത് പൊതു ആവശ്യ ഫണ്ട്, വികസന ഫണ്ട്, മെയിൻ്റനൻസ് ഫണ്ട്. സർക്കാരിന്റെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IVൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഫണ്ടുകളുടെ വിഹിതം നൽകിയിരിക്കുന്നു. 2022-23ൽ അനുവദിച്ച ഫണ്ടുകളുടെയും ചെലവ് ചെയ്തതിന്റെയും വിശദാംശങ്ങൾ **പട്ടിക 4.5ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.5: 2022-23ൽ യുഎൽബികൾ നടത്തിയ ചെലവ്

(₹ കോടിയിൽ)

ക്രമ നമ്പർ	ഫണ്ടിന്റെ തരം	അക്കൗണ്ട് ശീർഷകം	അനുവദിച്ച തുക	ചെലവ്	ചെലവഴി-ക്കാത്ത ബാക്കി
1	പൊതു ആവശ്യ ഫണ്ട്	3604-00-200-83 (01,02)	385.26	384.88	0.38
2	മെയിൻ്റനൻസ് ഫണ്ട് (റോഡിതരം)	3604-00-200-82 (01,02)	244.27	191.59	52.68
3	മെയിൻ്റനൻസ് ഫണ്ട് (റോഡ്)	3054-80-191-37 , 3054-80-192-37	328.79	220.97	107.82
4	വികസന ഫണ്ട്	3604-00-200-81 (01 ,06,11,02,07,12)-35	1236.76	1012.66	224.10
	ആകെ		**2195.08**	**1810.10**	**384.98**

(ഉറവിടം: സർക്കാർ ഉത്തരവുകൾ, വൗച്ചർ തലത്തിലുള്ള കമ്പ്യൂട്ടർവൽകൃത വിവരങ്ങൾ)

വികസന, മെയിൻ്റനൻസ് ഫണ്ടുകളിലായി ആകെ അനുവദിച്ച ₹1809.82 കോടിയിൽ ₹384.60 കോടി (21.25 ശതമാനം) സാമ്പത്തിക വർഷം അവസാനത്തോടെ കാലഹരണപ്പെട്ടു.

4.6.4 വിഭവങ്ങളുടെ വിനിയോഗം

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ, ഉത്പാദന, അടിസ്ഥാനസൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും, മറ്റ് ചെലവുകളും[36] ഉൾപ്പെടുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ടുകളിൽ നിന്നുമുള്ള യുഎൽബികളുടെ ചെലവ് **പട്ടിക 4.6ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.6: യുഎൽബികളുടെ വിഭവങ്ങളുടെ വിനിയോഗം

(₹ കോടിയിൽ)

മേഖല	2018-19	2019-20	2020-21	2021-22	2022-23	ആകെ
ഉത്പാദന മേഖല	81.37	52.69	155.56	97.79	124.34	511.75
പശ്ചാത്തല മേഖല	857.93	670.25	1251.70	1132.11	1296.20	5208.20
സേവന മേഖല	754.20	420.53	1117.39	627.40	587.56	3507.08
ആകെ വികസന ചെലവ്	**1693.50**	**1143.47**	**2524.65**	**1857.30**	**2008.10**	**9227.03**

(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)

---

[36] ശമ്പളവും ഹോണറേറിയവും, കണ്ടിജൻസി ചെലവ്, മറ്റ് ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ

- 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്തം വികസന ചെലവ് ₹9227.03 കോടി ആയിരുന്നു. അതിൽ ഉത്പാദന മേഖല, പശ്ചാത്തല മേഖല, സേവന മേഖല എന്നിവയിലെ ചെലവിന്റെ ശതമാനം യഥാക്രമം 5.55 ശതമാനം, 56.44 ശതമാനം, 38.01 ശതമാനം എന്നിങ്ങനെ ആയിരുന്നു.

- ഉത്പാദനമേഖലയ്ക്കായി ചെലവഴിച്ച തുക 4.61 ശതമാനം (2019-20) മുതൽ 6.19 ശതമാനം (2022-23) വരെയായിരുന്നു. ഇത് സൂചിപ്പിക്കുന്നത് യുഎൽബികൾ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായങ്ങൾ തുടങ്ങിയ ഉത്പാദന മേഖലയ്ക്ക് കുറഞ്ഞ മുൻഗണനയാണ് നൽകിയിട്ടുള്ളത് എന്നാണ്.

4.6.5 നഗര തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

രൂപീകരിച്ചതും, ഏറ്റെടുത്തതും, പൂർത്തിയാക്കിയതുമായ പദ്ധതികളുടെയും ചെലവായ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 4.7ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.7: ഏറ്റെടുത്ത പദ്ധതികളുടെയും ചെലവായ തുകയുടെയും വിവരങ്ങൾ (2018-19 മുതൽ 2022-23 വരെ)

വർഷം	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തരം	പദ്ധതികളുടെ എണ്ണം			തുക (₹ കോടിയിൽ)		പൂർത്തിയാക്കിയ പദ്ധതികൾക്കുള്ള ചെലവ്	പദ്ധതികൾക്കായി മൊത്തം വകയിരുത്തിയതിൽ ഉപയോഗിച്ച തുകയുടെ ശതമാനം
		രൂപീകരിച്ചത്	ഏറ്റെടുത്തത്	പൂർത്തിയാക്കിയത്	രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തൽ	ഏറ്റെടുത്ത പദ്ധതികളുടെ ചെലവ്		
2018-19	മുനിസിപ്പാലിറ്റി	30802	19382	16147	2448.17	1036.54	808.96	42.34
	കോർപ്പറേഷൻ	7897	4412	3257	1436.03	656.17	431.87	45.69
2019-20	മുനിസിപ്പാലിറ്റി	32661	13898	9226	2475.11	728.02	452.16	29.41
	കോർപ്പറേഷൻ	8467	2808	1566	1552.44	416.48	211.54	26.83
2020-21	മുനിസിപ്പാലിറ്റി	34400	24140	20115	2712.26	1441.43	1129.82	53.14
	കോർപ്പറേഷൻ	8599	6245	5175	1912.69	1073.47	781.09	56.12
2021-22	മുനിസിപ്പാലിറ്റി	18335	12270	9144	1479.83	840.00	607.12	56.76
	കോർപ്പറേഷൻ	4306	2542	1953	1106.26	527.69	418.72	47.70
2022-23	മുനിസിപ്പാലിറ്റി	20731	12447	9234	1652.29	850.98	610.05	51.50
	കോർപ്പറേഷൻ	5608	2852	1897	1381.66	607.09	431.53	43.94
	ആകെ	**171806**	**100996**	**77714**	**18156.74**	**8177.87**	**5882.86**	**45.04**

(ഉറവിടം : ഐകെഎം സമർപ്പിച്ച വിവരങ്ങൾ)

- രൂപീകരിച്ച പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികൾ മുനിസിപ്പാലിറ്റികളിൽ 43 ശതമാനം മുതൽ 70 ശതമാനം വരെയും കോർപ്പറേഷനുകളിൽ 33 ശതമാനം മുതൽ 73 ശതമാനം വരെയും ആയിരുന്നു.

- നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം മുനിസിപ്പാലിറ്റികളിൽ 66 ശതമാനം മുതൽ 83 ശതമാനം വരെയും കോർപ്പറേഷനുകളിൽ 56 ശതമാനം മുതൽ 83 ശതമാനം വരെയും ആയിരുന്നു.

- രൂപീകരിച്ച പദ്ധതികൾക്കായി വകയിരുത്തിയ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ ഫണ്ട് വിനിയോഗം മുനിസിപ്പാലിറ്റികളിൽ 29

ശതമാനം മുതൽ 57 ശതമാനം വരെയും കോർപ്പറേഷനുകളിൽ 27 ശതമാനം മുതൽ 56 ശതമാനം വരെയും ആയിരുന്നു.

4.7 സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്എഫ്സി) ശിപാർശകളും എസ്എഫ്സി ഫണ്ടുകളുടെ വിനിയോഗവും

4.7.1 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഘടന

പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി അവലോകനം ചെയ്യുന്നതിനായി രൂപീകരിച്ച ധനകാര്യ കമ്മീഷൻ, മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതിയും അവലോകനം ചെയ്യണമെന്ന് ആർട്ടിക്കിൾ 243-വൈ വിഭാവനം ചെയ്യുന്നു. 1996-2001 കാലയളവിലേക്കായി, ആദ്യത്തെ എസ്എഫ്സി 1994 ഏപ്രിൽ 23-ന് രൂപീകരിച്ചു. അതിനുശേഷം, സംസ്ഥാനത്ത് ആറ് എസ്എഫ്സികൾ രൂപീകരിച്ചു (ഡിസംബർ 2023).

4.7.2 സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്എഫ്സി) ശിപാർശകൾ

അഞ്ചാമത്തെയും ആറാമത്തെയും എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ സ്ഥിതിവിവരം **പട്ടിക 4.8ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.8: എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ

എസ്എഫ്സി	കാലഘട്ടം	ആകെ ശിപാർശകളുടെ എണ്ണം	കേരള സർക്കാർ അംഗീകരിച്ചത്	മാറ്റിവച്ചത്	അംഗീകരിക്കാത്തത്	ഭാഗികമായി അംഗീകരിച്ചത്	നടപ്പിലാക്കിയത്
അഞ്ചാമത് എസ്എഫ്സി	2016-17 മുതൽ 2020-21 വരെ	103	74	3	26	0	36
ആറാമത് എസ്എഫ്സി	2021-22 മുതൽ 2025-26 വരെ	136	109	3	20	4	44

(ഉറവിടം:- സംസ്ഥാന ധനകാര്യകമ്മീഷനുകളുടെ റിപ്പോർട്ടുകളിൻ മേലുള്ള നടപടി റിപ്പോർട്ടുകളും, ആറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നും രണ്ടും ഭാഗങ്ങളും)

അഞ്ചാം എസ്എഫ്സി യുടെ അംഗീകരിക്കപ്പെട്ട 74 ശിപാർശകളിൽ 36 ശിപാർശകൾ മാത്രമേ സംസ്ഥാനം നടപ്പിലാക്കിയിട്ടുള്ളൂ. ആറാമത്തെ എസ്എഫ്സിയുടെ 109 ശിപാർശകളിൽ 44 ശിപാർശകൾ മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ (ഡിസംബർ 2024).

4.7.3 സംസ്ഥാനത്തിനും യുഎൽബികൾക്കും ഇടയിൽ ഉള്ള ഫണ്ട് കൈമാറ്റത്തിന്റെയും വരുമാനം പങ്കിടുന്നതിന്റെയും അവസ്ഥ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടുകൾ, പരിപാലന ഫണ്ടുകൾ, പൊതു ആവശ്യ ഫണ്ടുകൾ എന്നിവ നൽകാൻ എസ്എഫ്സികൾ ശിപാർശ ചെയ്തിരുന്നു. യുഎൽബികളുടെ സാമ്പത്തിക സ്രോതസ്സുകളിൽ ഭൂരിഭാഗവും എസ്എഫ്സികൾ ശിപാർശചെയ്യുന്ന ധനസഹായം ആയിരുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതവും യുഎൽബികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങളും **പട്ടിക 4.9ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.9: 2018-19 മുതൽ 2022-23 വരെ എസ്എഫ്സി ശിപാർശ പ്രകാരം നൽകേണ്ടതും അനുവദിച്ചതുമായ ധനസഹായത്തിന്റെ വിശദാംശങ്ങൾ

(₹ കോടിയിൽ)

വർഷം	സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതം	ബജറ്റിലെ യഥാർത്ഥ വിഹിതം അനുബന്ധം IV	കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിൽ നിന്നുള്ള യഥാർത്ഥ വിതരണം[37]	നൽകിയതിലെ കുറവ് (-) / അധികം(+)	നൽകിയതിലെ കുറവ് (-) / അധികത്തിന്റെ (+) ശതമാനം
2018-19	1719.33	1948.19	1950.59	(+) 231.26	(+) 13.45
2019-20	1706.46	1706.46	1760.68	(+) 54.22	(+) 3.18
2020-21	1864.49	1881.63	2218.16	(+) 353.67	(+) 18.97
2021-22	1964.19	2070.79	2184.48	(+) 220.29	(+) 11.22
2022-23	2152.85	2192.97	2195.07	(+) 42.22	(+) 1.96
ആകെ	**9407.32**	**9800.04**	**10308.98**	**(+) 901.66**	**(+) 9.58**

(ഉറവിടം: എസ്എഫ്സി സെല്ലും, ധനകാര്യവകുപ്പും നൽകിയ വിവരങ്ങൾ)

4.7.3.1 എസ്എഫ്സി വിഹിതത്തിന്റെ വൈകിയ/കുറഞ്ഞ വിതരണം

സർക്കാർ നിർദ്ദേശങ്ങൾ (മാർച്ച് 2015) പ്രകാരം ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫണ്ട് ധനകാര്യവകുപ്പ് എല്ലാ വർഷവും മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലെ 25-ാം തീയതിയ്ക്ക് മുമ്പായി അനുവദിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്ത മാസത്തെ ആദ്യപ്രവൃത്തി ദിവസം മുതൽ ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്. ഒരു സാമ്പത്തിക വർഷത്തിൽ, മാർച്ച് 31 വരെ പിൻവലിക്കാത്ത ഫണ്ടുകൾ സ്വാഭാവികമായും കാലഹരണപ്പെടും. 2022-23 കാലയളവിൽ വികസന ഫണ്ടുകളുടെയും പരിപാലന ഫണ്ടുകളുടെയും വിതരണത്തിൽ യഥാക്രമം 80 ദിവസത്തിന്റെയും 42 ദിവസത്തിന്റെയും കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. ഫണ്ട് വിതരണം വൈകിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ലഭ്യമായ സമയം കുറച്ചു.

4.8 കേന്ദ്ര ധനകാര്യ കമ്മീഷന്റെ (സിഎഫ്സി) ശിപാർശകളും സിഎഫ്സി ഫണ്ടുകളുടെ വിനിയോഗവും

ഭരണഘടനയുടെ അനുച്ഛേദം 280(3) (സി) പ്രകാരം, അതത് സംസ്ഥാനങ്ങളിലെ എസ്എഫ്സി കളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, മുനിസിപ്പാലിറ്റികളുടെ വിഭവങ്ങൾ മെച്ചപ്പെടുത്താനായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർബന്ധിതമാണ്.

പതിനാലാം സിഎഫ്സി യുഎൽബികൾക്ക് ബേസിക് ഗ്രാന്റും പെർഫോർമൻസ് ഗ്രാന്റും നൽകാൻ ശിപാർശ ചെയ്തപ്പോൾ, പതിനഞ്ചാം സിഎഫ്സി പ്രത്യേക ഉദ്ദേശ്യങ്ങളോട് കൂടിയല്ലാത്ത അടിസ്ഥാന ഗ്രാന്റും, പ്രത്യേക ഉദ്ദേശ്യഗ്രാന്റും നൽകാൻ ശിപാർശചെയ്തു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ലഭിച്ച 14-ഉം, 15-ഉം സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.10ൽ** കാണിച്ചിരിക്കുന്നു.

[37] മുൻവർഷത്തെ ചെലവഴിക്കാത്ത തുകയുടെ പുനർഅംഗീകാരം ഉൾപ്പെടുന്നു

പട്ടിക 4.10: 2018-19 മുതൽ 2022-23 വരെ സംസ്ഥാനത്തുള്ള യുഎൽബികൾക്ക് ലഭിച്ച പതിനാലാമത്തെയും പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ[38]

(₹ കോടിയിൽ)

വർഷം	പൊതുവായ ബേസിക് ഗ്രാന്റുകൾ			പെർഫോർമൻസ് ഗ്രാന്റ് / പ്രത്യേക ഉദ്ദേശ്യഗ്രാന്റ്			വിനിയോഗം
	കേന്ദ്രസർക്കാർ അനുവദിച്ചത്	കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത്	സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകിയത്	കേന്ദ്രസർക്കാർ അനുവദിച്ചത്	കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ചത്	സംസ്ഥാന സർക്കാർ യുഎൽബികൾക്ക് അനുവദിച്ചത്	
2018-19	650.84	650.84	650.84	184.69	0	184.69	476.45
2019-20	879.42	879.42	879.42	241.83	0	0	248.64
2020-21	222.50	222.50	222.50	561.50	561.50	561.50	760.64
2021-22	134.40	134.40	134.40	457.60	457.60	457.60	484.88
2022-23	139.20	139.20	139.20	473.80	473.80	473.80	509.31
ആകെ	**2026.36**	**2026.36**	**2026.36**	**1919.42**	**1492.90**	**1677.59**	**2479.92**

(ഉറവിടം: എസ്എഫ്സി സെൽ നൽകിയ വിവരങ്ങൾ)

2018-19, 2019-20 വർഷങ്ങളിലായി ₹426.52 കോടിയുടെ പെർഫോർമൻസ് ഗ്രാന്റ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ടിയിരുന്നെങ്കിലും, ആ തുക ഇന്നു വരെ ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനം ₹426.52 കോടിയിൽ ₹184.69 കോടി യുഎൽബികൾക്ക് അനുവദിച്ചു.

4.9 രേഖകളുടെ പരിപാലനം

കെഎം നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം യുഎൽബികൾ സർക്കാരിലേക്ക് സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ/റിട്ടേണുകൾ **പട്ടിക 4.11ൽ** നൽകിയിരിക്കുന്നു.

പട്ടിക 4.11: യുഎൽബികളുടെ റിപ്പോർട്ടുകളുടെയും/ റിട്ടേണുകളുടെയും സമർപ്പിക്കൽ

നിയമങ്ങളും ചട്ടങ്ങളും പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന റിപ്പോർട്ടുകളും/ റിട്ടേണുകളും	സമർപ്പിക്കപ്പെടേണ്ട അധികാരി	ചട്ടത്തിലെ വ്യവസ്ഥ
ബജറ്റ്	സർക്കാരും ജില്ലാ ആസൂത്രണ സമിതിയും	കെഎം നിയമം -289
വികസന പദ്ധതികൾ	ജില്ലാ ആസൂത്രണസമിതി	കെഎം നിയമം -69(1)
വാർഷിക ഭരണ റിപ്പോർട്ട്	നിയമസഭയിൽ വയ്ക്കാനായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്	കെഎം നിയമം -63
വാർഷിക അക്കൗണ്ടുകൾ	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ലോക്കൽ ഫണ്ട് പരിശോധന	കെഎം നിയമം -295

4.10 യുഎൽബികളുടെ അക്കൗണ്ട് പരിപാലനം

2007-08 മുതൽ സംസ്ഥാനത്തെ യുഎൽബികൾ സാംഖ്യ ഡബിൾ എൻട്രി (അക്രൂവൽ അധിഷ്ഠിതം) അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടർന്നു വരുന്നു. സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം, ഭവന നഗരവികസന മന്ത്രാലയം നിർദ്ദേശിക്കുന്നതും, സർക്കാർ അംഗീകരിച്ചതും, നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ, 2004 അടിസ്ഥാനമാക്കിയുള്ളതുമാണ്. ഇൻഫർമേഷൻ കേരള മിഷൻ വഴി സംസ്ഥാന സർക്കാർ വികസിപ്പിച്ചെടുത്ത സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അക്കൗണ്ടുകൾ തയ്യാറാക്കുന്നത്. തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികകൾ നിയമപ്രകാരമുള്ള

[38] ചെലവഴിക്കാത്ത തുകയുടെ പുനരംഗീകാരവും ആരോഗ്യമേഖലഗ്രാന്റും ഇതിൽ ഉൾപ്പെടുന്നില്ല.

ഓഡിറ്ററായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്[39] (കെഎസ്എഡി) സമർപ്പിക്കുന്നു. 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം, യുഎൽബികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റിനുള്ള അധികാരം കെഎസ്എഡിയ്ക്കാണ്. പ്രാഥമിക ഓഡിറ്ററായ കെഎസ്എഡി എല്ലാ യുഎൽബികളുടെയും 2022-23 കാലയളവിലേക്കുള്ള ഓഡിറ്റ് പൂർത്തിയാക്കി, സിറ്റി ഫിനാൻസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഈ യുഎൽബികളുടെ 2022-23 കാലയളവ് വരെയുള്ള അക്കൗണ്ടുകൾ നിയമപ്രകാരമുള്ള ഓഡിറ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്(2024 ജൂൺ).

4.11 സിഎജിയുടെ അനുബന്ധ ഓഡിറ്റ്

കെഎസ്എഡി ഓഡിറ്റ് ചെയ്ത പത്ത് അക്കൗണ്ടുകൾ[40] സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും[41] നൽകുന്നതിന്റെ ഭാഗമായി 2021-22 നും 2022-23 നുമിടയിൽ സിഎജി കൂടുതൽ പരീക്ഷണ പരിശോധനയ്ക്ക് വിധേയമാക്കി. ആസ്തികളുടെയും ബാധ്യതകളുടെയും തെറ്റായ കണക്കെടുപ്പ് ഒൻപത് കേസുകളിലും വരുമാനത്തിന്റെയും ചിലവിന്റെയും തെറ്റായ കണക്കെടുപ്പ് (റെസീപ്റ്റ്സ് & പേമെന്റ്സ്) 10 കേസുകളിലും കണ്ടെത്തി. വാർഷിക ധനകാര്യ പത്രികകളിൽ താരതമ്യ തുകകൾ ഉൾപ്പെടുത്താത്തതും സാമ്പത്തിക/പ്രധാന അനുപാതം ഉൾപ്പെടുത്താത്തതും യഥാക്രമം ഒൻപതും രണ്ടും കേസുകളിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 4.2ൽ** നൽകിയിരിക്കുന്നു.

39 യുഎൽബികളുടെ അക്കൗണ്ടുകളുടെ സാക്ഷ്യപ്പെടുത്തലിന്

40 കോർപ്പറേഷൻ - ഒന്ന്, മുനിസിപ്പാലിറ്റി - ഒൻപത്

41 2023 സെപ്റ്റംബർ 25 ലെ സർക്കാർ ഉത്തരവ് നമ്പർ 101/2023/ധനം

അദ്ധ്യായം V

നഗര തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

5.1 ആമുഖം

ആസ്തികൾ എന്നത് ഒരു സ്ഥാപനം നിയന്ത്രിക്കുന്നതും അവയിൽ നിന്ന് ഭാവിയിൽ സാമ്പത്തിക നേട്ടങ്ങളോ സേവന സാധ്യതകളോ ആ സ്ഥാപനത്തിലേക്ക് പ്രവഹിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതുമായ വിഭവങ്ങളാണ്. അധികാര വികേന്ദ്രീകരണത്തോടെ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ (കെഎം നിയമം) ഒന്നാം ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പദ്ധതികൾ, കെട്ടിടങ്ങൾ, മറ്റ് സ്വത്തുക്കൾ എന്നിവ കേരള സർക്കാർ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കൈമാറി (1995 സെപ്റ്റംബർ). തൽഫലമായി, നഗര തദ്ദേശസ്ഥാപനങ്ങൾ (യുഎൽബികൾ) അവയുടെ പരമ്പരാഗത ആസ്തികൾക്ക് പുറമേ കൈമാറ്റം ചെയ്തു കിട്ടിയ ധാരാളം ആസ്തികളുടെയും സൂക്ഷിപ്പുകാരായി മാറുകയും നഗര പ്രദേശങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്നായി ആസ്തി പരിപാലനം മാറുകയും ചെയ്തു. ആസ്തികളിൽ പ്രയോഗിക്കുന്ന സാമ്പത്തിക, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് വിഭാഗങ്ങളുടെ സംയോജനമാണ് ആസ്തി പരിപാലനം. ആസ്തികളുടെ സൃഷ്ടിക്കൽ, പ്രവർത്തിപ്പിക്കൽ, പരിപാലനം, കൈയ്യൊഴിക്കൽ എന്നിവയിലൂടെ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ ആവശ്യമായ സേവന നിലവാരം കൈവരിക്കുക എന്നതാണ് ആസ്തി പരിപാലനത്തിന്റെ ലക്ഷ്യം.

ചിത്രം 5.1 : ആസ്തി പരിപാലന ചക്രം



ആസ്തികളെ സംബന്ധിച്ച ഡേറ്റബേസിന്റെ പരിപാലനവും ആസ്തികളുടെ കൃത്യമായ ഇടവേളകളിലെ വിലയിരുത്തലും ആസ്തി പരിപാലനത്തിൽ ഉൾപ്പെടുന്നു. പൊതുജനങ്ങൾക്ക് വിവിധ നഗരസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കെഎം നിയമത്തിന്റെ ഒന്നാം ഷെഡ്യൂൾ യുഎൽബികളെ ചുമതലപ്പെടുത്തുന്നു, അതിനായി ആസ്തികൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.

5.2 ഓഡിറ്റ് വ്യാപ്തിയും രീതിയും, സാംപ്ലിംഗും

2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നഗര തദ്ദേശസ്ഥാപനങ്ങളുടെ ആസ്തി പരിപാലനത്തെക്കുറിച്ചുള്ള ഒരു പ്രവർത്തനക്ഷമതാ

ഓഡിറ്റ് ഉൾപ്പെടുത്തിയിരുന്നു. 2023 ഓഗസ്റ്റിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-2023) പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്തു. ഇപ്പോഴത്തെ അനുവർത്തന ഓഡിറ്റ് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിയാണ് നടത്തിയത്.

രേഖകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷ്മ പരിശോധന, ഓഡിറ്റ് ചോദ്യാവലികൾ നൽകൽ, സംയുക്ത ഭൗതിക പരിശോധനകൾ, ഫോട്ടോഗ്രാഫിക് തെളിവുകളുടെ ശേഖരണം എന്നിവ ഉൾപ്പെടുന്നതായിരുന്നു ഓഡിറ്റിന്റെ രീതി. എട്ട് ജില്ലകളിൽ നിന്നായി 24 യുഎൽബികളെ (ഓരോ ജില്ലയിൽ നിന്നും മൂന്ന് യുഎൽബികൾ വീതം) വിശദ പരിശോധനയ്ക്കായി തിരഞ്ഞെടുത്തു (**അനുബന്ധം 5.1**). എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2023 മാർച്ച് 27ന് ഒരു എൻട്രി കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റ് അവസാനിച്ചശേഷം, 2024 സെപ്റ്റംബർ 12ന് ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ നൽകിയ അഭിപ്രായങ്ങൾ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

5.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെപ്പറയുന്നവ വിലയിരുത്തുന്നതിനായിരുന്നു ഓഡിറ്റ് നടത്തിയത്.

1. ആസ്തികൾ ആർജ്ജിക്കൽ അല്ലെങ്കിൽ സൃഷ്ടിക്കൽ കാര്യക്ഷമമായും ഫലപ്രദമായും ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തോ.
2. ആസ്തിപരിപാലനത്തിന്റെ രേഖപ്പെടുത്തലുകൾ, കണക്ക് സൂക്ഷിക്കൽ, നിരീക്ഷണം (അവയുടെ കൈയ്യൊഴിക്കൽ ഉൾപ്പെടെ) എന്നിവയ്ക്ക് ഫലപ്രദമായ സംവിധാനം നിലവിലുണ്ടായിരുന്നോ.
3. സാമൂഹിക ആസ്തികളുടെ ശരിയായ പരിപാലനം ഉറപ്പാക്കുന്നതിന് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ഫലപ്രദമായും, സാമ്പത്തികക്ഷമതയോടെയും കൈകാര്യം ചെയ്തോ.
4. 1994ലെ കെഎം നിയമത്തിലും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനായുള്ള മാനുവലിലും വിഭാവനം ചെയ്യുന്ന രീതിയിൽ യുഎൽബികളുടെ ആസ്തികളുടെ ഉപയോഗം, സംരക്ഷണം, പരിപാലനം, കൈയ്യൊഴിക്കൽ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്തോ.

5.4 ഓഡിറ്റ് മാനദണ്ഡം

താഴെ പറയുന്നവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ രൂപീകരിച്ചത്.

- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനായുള്ള മാനുവൽ, 2017
- കേരള സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ
- കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, 2012
- കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ, 2000
- കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, 2000
- ആസ്തികൾ പരിപാലനം ചെയ്യുന്നതിനായി കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ

ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ താഴെപ്പറയുന്ന വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു :

- ആസൂത്രണം
- ആസ്തികളുടെ കണക്ക് സൂക്ഷിക്കൽ
- സ്ഥാപനതല സംവിധാനം
- സാമ്പത്തിക മാനേജ്മെൻറ്
- ആസ്തികൾ സൃഷ്ടിക്കൽ
- ആസ്തികളുടെ ഉപയോഗവും പരിപാലനവും
- ആസ്തികൾ കൈയ്യൊഴിക്കൽ
- നിരീക്ഷണം

5.5 ആസൂത്രണം

ആസ്തികളുടെ പരിപാലനത്തിനായുള്ള ആസൂത്രണത്തെ അടിസ്ഥാനമാക്കിയാണ് കാര്യക്ഷമമായ ഒരു ആസ്തി പരിപാലന സംവിധാനം നിർമ്മിക്കപ്പെടുന്നത്. ആസ്തി പരിപാലന തന്ത്രം തയ്യാറാക്കൽ, ഫണ്ടുകളുടെ സ്രോതസ്സുകൾ കണ്ടെത്തൽ എന്നിവ ആസൂത്രണത്തിൽ ഉൾപ്പെടുന്നു. ഇത് ആസ്തികളുടെ വ്യവസ്ഥാനുസൃതമായ സൃഷ്ടിക്കലും പരിപാലനവും ഉറപ്പാക്കാൻ യുഎൽബികളെ പ്രാപ്തമാക്കും. ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടത്ര ആസൂത്രണം ഇല്ലാതിരുന്നത് മൂലം ആസ്തികൾ സൃഷ്ടിക്കുന്ന പ്രക്രിയ പൂർത്തിയാകാതിരിക്കുന്നതിനും സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കാതിരിക്കുന്നതിനും ഫണ്ടുകൾ തടസ്സപ്പെടുന്നതിനും ഇടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ ഇത് ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാതിരിക്കുന്നതിൽ കലാശിച്ചു.

5.5.1 ആസ്തി പരിപാലനതന്ത്രവും പദ്ധതിയും തയ്യാറാക്കൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി പരിപാലന പ്രക്രിയകളും നടപടിക്രമങ്ങളും ദീർഘകാല വീക്ഷണത്തോടെ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള മാനദണ്ഡങ്ങളും നാഴികക്കല്ലുകളും ഉൾക്കൊള്ളുന്ന ഒരു രേഖയാണ് ആസ്തി പരിപാലന തന്ത്രം (എഎംഎസ്). തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏൽപ്പിക്കപ്പെട്ട ഓരോ പ്രവർത്തനത്തിനും സ്ഥാപനത്തിനും അഞ്ചു വർഷത്തിൽ ഒരിക്കൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ആസ്തി പരിപാലന തന്ത്രം തയ്യാറാക്കണം എന്ന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തിപരിപാലനത്തിനായുള്ള മാനുവൽ, 2017 (എഎം മാനുവൽ, 2017) വിഭാവനം ചെയ്യുന്നു. ആസ്തി പരിപാലന തന്ത്രത്തെ അടിസ്ഥാനമാക്കി ഒരു നിർദ്ദിഷ്ട തലത്തിലുള്ള സേവനം നൽകുമ്പോൾ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ ആസ്തികൾ പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും പുതുക്കുന്നതിനും ലക്ഷ്യമിട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ആസ്തി പരിപാലന പദ്ധതി (എഎംപി) രൂപീകരിക്കേണ്ടതായിരുന്നു. കൂടാതെ, യുഎൽബികൾ വാർഷിക പരിപാലന പദ്ധതി തയ്യാറാക്കണമെന്ന് കേരള സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, പരിശോധന നടത്തിയ ഒരു യുഎൽബിയും അതിന്റെ അധികാര പരിധിയിലുള്ള ആസ്തികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ആസ്തി പരിപാലന തന്ത്രമോ പദ്ധതിയോ തയ്യാറാക്കിയിട്ടില്ല. കൂടാതെ സർക്കാരോ പരിശോധന നടത്തിയ യുഎൽബികളോ ആസ്തിപരിപാലനത്തിനുള്ള ഒരു നയം രൂപീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തി.

ആസ്തി പരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുമെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

5.5.2 അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാത്തത്

അതാത് യുഎൽബിയുടെ ചെയർപേഴ്സൺ അല്ലെങ്കിൽ മേയർ ചെയർപേഴ്സണായും, സെക്രട്ടറിയും മുനിസിപ്പൽ എഞ്ചിനീയറും കൺവീനർമാരായും, കൈമാറിക്കിട്ടിയ

സ്ഥാപനങ്ങളുടെ[42] തലവൻമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ആസ്തികളുടെ സംരക്ഷകർ തുടങ്ങിയവർ അംഗങ്ങളുമായി അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (എഎംഎംസി) രൂപീകരിക്കണമെന്ന് 2017ലെ എഎം മാനുവൽ വ്യവസ്ഥ ചെയ്യുന്നു. ആസ്തി പരിപാലന നയം തയ്യാറാക്കുന്നതിനും ആസ്തി പരിപാലന തന്ത്രത്തിന്റെയും ആസ്തികളുടെ വാർഷിക സ്ഥിതി വിലയിരുത്തലിന്റെയും (എഎസ്എഎസി) അടിസ്ഥാനത്തിൽ ആസ്തി പരിപാലന പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിനും എഎംഎംസി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കേണ്ടതും ഗ്രാമസഭയുടെ അംഗീകാരത്തിനും ബജറ്റിൽ ഉൾപ്പെടുത്തുന്നതിനുമായി ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച ഒരു യുഎൽബിയും എഎംഎംസി രൂപീകരിച്ചിട്ടില്ല. അതിനാൽ വാർഷിക ആസ്തി പരിപാലനത്തിന്റെയും പദ്ധതിയുടെയും തയ്യാറാക്കൽ യാഥാർത്ഥ്യമായില്ല.

മിക്ക മുനിസിപ്പാലിറ്റികളും ആസ്തി പരിപാലന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും കമ്മിറ്റികൾ തുടർനടപടികൾ സ്വീകരിച്ചുവരുകയാണെന്നും സർക്കാർ അറിയിച്ചു (2024 നവംബർ). എന്നാൽ മുനിസിപ്പാലിറ്റികളുടെ വിശദാംശങ്ങളോ മറുപടിയെ സാധൂകരിക്കുന്ന രേഖകളോ ലഭ്യമാക്കിയിട്ടില്ല.

5.5.3 ആസ്തികളുടെ വാർഷിക സ്ഥിതി വിലയിരുത്തൽ (എഎസ്എഎസി)

2017ലെ എഎം മാനുവൽ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ ആസ്തികളുടെയും അവസ്ഥ വർഷം തോറും വിലയിരുത്തേണ്ടതാണ്. ഈ പരിശോധനയുടെ പ്രാഥമിക ലക്ഷ്യം, ആസ്തികളിൽ നിന്ന് പ്രതീക്ഷിക്കുന്ന സേവനത്തിന്റെ അഥവാ പ്രവർത്തനത്തിന്റെ നിലവാരവുമായി ബന്ധപ്പെട്ട് ആസ്തിയുടെ അവസ്ഥ വിലയിരുത്തുകയും അതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ തിരിച്ചറിയുകയും ചെയ്യുക എന്നതായിരുന്നു. എഎസ്എഎസിയുടെ ദ്വിതീയ ലക്ഷ്യം ആസ്തികളുടെ വാർഷിക ഭൗതിക പരിശോധന നടത്തുകയും ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്നതായിരുന്നു. എഎസ്എഎസി നടത്തുന്നതിനുള്ള ടീമുകളുടെ രൂപീകരണത്തിനും എഎസ്എഎസി റിപ്പോർട്ട് ഏകോപിപ്പിക്കുന്നതിനും കമ്മിറ്റികൾ/വർക്കിംഗ് ഗ്രൂപ്പുകൾ മുമ്പാകെ സമർപ്പിക്കുന്നതിനുമുള്ള ചുമതല യുഎൽബി സെക്രട്ടറിയ്ക്ക് ആയിരുന്നു. പരിശോധന നടത്തിയ ഒരു യുഎൽബിയും ഓഡിറ്റ് കാലയളവിൽ എഎസ്എഎസി നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആസ്തി സ്ഥിതി വിലയിരുത്തലിന്റെ അഭാവം കാരണം, പരിശോധന നടത്തിയ യുഎൽബികളിൽ ഖണ്ഡിക 5.6, 5.10 എന്നിവയിൽ വിശദമാക്കിയിരിക്കുന്നതുപോലെ ആസ്തികൾ ഉപയോഗിക്കാതിരിക്കൽ/പരിപാലനം നടത്താതിരിക്കൽ, യുഎൽബികളുടെ ഭൂമിയിലെ കൈയ്യേറ്റങ്ങൾ, ആസ്തി രജിസ്റ്ററുകളുടെ അനുചിതമായ സൂക്ഷിക്കൽ തുടങ്ങിയവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ശിപാർശ :

സർക്കാർ ഒരു ആസ്തി പരിപാലന നയം തയ്യാറാക്കുകയും, യുഎൽബികൾ അവരുടെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ ഫലപ്രദമായ പരിപാലനത്തിനുള്ള ആസ്തി പരിപാലന തന്ത്രവും പദ്ധതിയും സർക്കാർ നയത്തിന് അനുസൃതമായി തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

5.6 ആസ്തികളുടെ കണക്ക് സൂക്ഷിക്കൽ

ആസ്തികളുടെ കണക്ക് സൂക്ഷിക്കൽ എന്നത് ആസ്തികളുടെ ശരിയായ പരിപാലനം, കൃത്യമായ ഇടവേളകളിലെ പരിശോധന, ആസ്തികളുടെ കൃത്യസമയത്തുള്ള വിവേകപൂർണമായ മാറ്റിസ്ഥാപിക്കൽ അല്ലെങ്കിൽ കൈയ്യൊഴിക്കൽ എന്നിവ

---

42 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കൃഷി ഭവനുകൾ, സർക്കാർ വിദ്യാലയങ്ങൾ തുടങ്ങി 10 ഡിപ്പാർട്ടുമെന്റുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളെ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പാക്കാനായി സംസ്ഥാന സർക്കാർ കൈമാറി (1995 സെപ്റ്റംബർ)

സുഗമമാക്കുന്നതിന് ആസ്തികളെ കുറിച്ചുള്ള പൂർണ്ണവും, കൃത്യവും, നിഷ്പക്ഷവുമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതും ഉൾപ്പെടുന്നതാണ്. തിരഞ്ഞെടുത്ത യുഎൽബികളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ താഴെപ്പറയുന്ന പോരായ്മകൾ കണ്ടെത്തി:

5.6.1 ആസ്തികളുടെ സമഗ്രമായ വിവരങ്ങളുടെ അഭാവം

ആസ്തികളുടെ ഫലപ്രദമായ സാമ്പത്തിക, സാങ്കേതിക പരിപാലനത്തിന് സഹായകമാകുകയും, നിയമപരമായ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്ന തരത്തിൽ ഓരോ ആസ്തികളുടെയും വിവരങ്ങൾ അടങ്ങിയ ഒരു രേഖയാണ് ആസ്തി രജിസ്റ്റർ. ആസ്തികളുടെ അവസ്ഥയുടെ സുതാര്യത, ഉത്തരവാദിത്തം, ആസ്തിപരിപാലന വിവരങ്ങളുടെ സൃഷ്ടി, ആസ്തികൾ ആർജ്ജിക്കൽ, കൈമാറ്റം, കൈയ്യൊഴിക്കൽ, ആസ്തികളുടെ സേവന വിതരണശേഷി എന്നിവയിൽ തീരുമാനങ്ങൾ എടുക്കൽ തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കുന്നതിനായി ആസ്തികളുടെ ഭൗതികവും, സാമ്പത്തികവുമായ സ്ഥിതി വിവരങ്ങൾ സൂക്ഷിക്കണമെന്ന് 2017ലെ എഎം മാനുവൽ നിർദ്ദേശിക്കുന്നു. ശരിയായ സാമ്പത്തിക വിവരം ലഭ്യമാക്കുന്നതിനും ആസ്തി രജിസ്റ്റർ സഹായിക്കുന്നു. ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള ഉത്തരവാദിത്തം യുഎൽബികളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്.

വിവിധ വിഭാഗത്തിലുള്ള ആസ്തികൾക്ക്[43] വെവ്വേറെ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കേരള സർക്കാർ നിർദ്ദേശം നൽകുകയും അവയ്ക്കുള്ള രൂപരേഖ നിർദ്ദേശിക്കുകയും ചെയ്തു (2005 ഡിസംബർ). പിന്നീട്, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും അവരുടെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യാനും ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം)[44] വികസിപ്പിച്ചെടുത്ത സചിത്ര സോഫ്റ്റ്‌വെയറിൽ ഡിജിറ്റൽ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കാനും നിർദ്ദേശിച്ചു (2010 ജനുവരി). ആസ്തി രജിസ്റ്ററുകൾ ഇലക്ട്രോണിക് രീതിയിൽ കാലാകാലങ്ങളിൽ പുതുക്കുന്നതിനുള്ള ഉത്തരവാദിത്തം യുഎൽബികളിലെ സെക്രട്ടറിമാർക്ക് ആണ്. എന്നാൽ, നിർദ്ദേശിച്ച പ്രകാരമുള്ള ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ പരിശോധന നടത്തിയ 24 യുഎൽബികളിൽ ഒന്നുപോലും പൂർത്തിയാക്കിയിരുന്നില്ല. കൂടാതെ പരിശോധന നടത്തിയ യുഎൽബികൾ ഡിജിറ്റൽ ആസ്തി രജിസ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ പുതുക്കിയില്ല.

പരിശോധന നടത്തിയ യുഎൽബികൾ സൂക്ഷിച്ചിരുന്ന സചിത്ര ലാൻഡ് ആന്റ് ബിൽഡിംഗ് ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ ഡാറ്റയുടെ (2023 ഡിസംബർ വരെ) ഡാറ്റ അനലിറ്റിക്സ് ടൂൾ ഉപയോഗിച്ച് നടത്തിയ വിശകലനത്തിൽ, ഭൂമി ആസ്തി രജിസ്റ്ററുകൾ അപൂർണ്ണമാണെന്ന് കണ്ടെത്തി. പരിശോധന നടത്തിയ യുഎൽബികളിൽ ഭൂമിയുടെ തരം, വാർഡ് നമ്പർ തുടങ്ങിയ വിശദാംശങ്ങൾ യഥാക്രമം 24 ശതമാനവും 66 ശതമാനവും ആസ്തികളിൽ ഉണ്ടായിരുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന 95 ശതമാനം ആസ്തികളിലും ആർജ്ജിച്ച തീയതിയും ആസ്തി മൂല്യവും ഇല്ലായിരുന്നു. കൂടാതെ 40 ആസ്തികളിൽ ഭൂമിയുടെ വിസ്തീർണ്ണം പോലും രേഖപ്പെടുത്തിയിരുന്നില്ല.

ഇതിനുപുറമെ, പരിശോധന നടത്തിയ യുഎൽബികൾ സൂക്ഷിച്ചിരിക്കുന്ന കെട്ടിട ആസ്തി രജിസ്റ്ററുകളിൽ 48 ശതമാനം മുതൽ 73 ശതമാനം വരെ ആസ്തികളിലും വാർഡ് നമ്പർ, നിർമ്മിച്ച വർഷം, നിർമ്മാണ ചെലവ് തുടങ്ങിയ സുപ്രധാന വിവരങ്ങൾ ഇല്ലായിരുന്നു. 150 കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം പോലും ഉണ്ടായിരുന്നില്ല. ഖണ്ഡിക 5.10, 5.11 എന്നിവയിൽ വിശദമാക്കിയിരിക്കുന്നതുപോലെ, ആസ്തികളുടെ സമഗ്രമായ ഡാറ്റാബേസിന്റെ അഭാവത്തിൽ, ആസ്തികളുടെ ശരിയായ വിനിയോഗം,

---

43 ഭൂമി, കെട്ടിടം, റോഡ്, ജലവിതരണം, വൈദ്യുതി, ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, ജംഗമ ആസ്തികൾ തുടങ്ങിയ പത്ത് വിഭാഗങ്ങളിലായി ആസ്തികളെ തരംതിരിച്ചിരിക്കുന്നു

44 ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിടി) ആപ്ലിക്കേഷനുകൾ വഴി തദ്ദേശ സ്വയംഭരണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ

പരിപാലനം, സമയബന്ധിതമായ കൈയ്യൊഴിക്കൽ എന്നിവ ആസൂത്രണം ചെയ്യുന്നതിൽ പരിശോധന നടത്തിയ യുഎൽബികൾ പരാജയപ്പെട്ടു.

സചിത്ര ആസ്തി രജിസ്റ്റർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

5.6.2 സുലേഖയും സാംഖ്യയുമായി സചിത്ര സോഫ്റ്റ്‌വെയറിന്റെ ഏകോപനം

ആസ്തി രജിസ്റ്ററുകളുടെ ഓട്ടോമാറ്റിക് അപ്ഡേഷൻ, ഡിപ്രീസിയേഷന്റെ ഓട്ടോമാറ്റിക് കണക്ക് കൂട്ടൽ, വാർഷിക പദ്ധതി തയ്യാറാക്കലിന് സഹായിക്കൽ, ശരിയായ സാമ്പത്തിക റിപ്പോർട്ടിങ്ങിന് സഹായിക്കൽ, തുടങ്ങിയവ ഉറപ്പാക്കുന്നതിനായി സാംഖ്യ (വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ), സുലേഖ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ) എന്നിവയുമായി സചിത്ര ഡാറ്റയുടെ സംയോജിപ്പിക്കൽ സാദ്ധ്യമാക്കാൻ കേരള സർക്കാർ ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകി (2012 ഓഗസ്റ്റ്). എന്നാൽ, ഐകെഎം ഇതുവരെ സചിത്ര സോഫ്റ്റ്‌വെയറിനെ സാംഖ്യ, സുലേഖ എന്നിവയുമായി സംയോജിപ്പിച്ചിട്ടില്ല. സംയോജിത ഡാറ്റാബേസിന്റെ അഭാവത്തിൽ വിഭാവനം ചെയ്തതു പോലെയുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

സോഫ്റ്റ്‌വെയറുകളുടെ സംയോജനം കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ പരിഹരിക്കപ്പെടുമെന്ന് എക്സിറ്റ് കോൺഫറൻസിൽ എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്താവിച്ചു (2024 സെപ്റ്റംബർ).

5.6.3 ആസ്തികളുടെ ജിഐഎസ് മാപ്പിംഗ്

ഭൂമിശാസ്ത്രപരമായ വിവര സംവിധാനം (ജിഐഎസ്) ഉപയോഗിച്ച് റോഡ്, റോഡിതര ആസ്തികൾ മാപ്പിംഗ് നടത്താനും ആസ്തിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കൃത്യമായ ഇടവേളകളിൽ പുതുക്കുന്നതിനും ആസ്തികളുടെ ഡൈമെൻഷണൽ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തുന്നതിനുമായി ഒരു ഡൈനാമിക് ഡാറ്റാബേസ് രൂപകൽപ്പന ചെയ്യാൻ നാലാമത്തെയും അഞ്ചാമത്തെയും ആറാമത്തെയും സംസ്ഥാന ധനകാര്യ കമ്മീഷനുകൾ ശിപാർശ ചെയ്തിരുന്നു.

ഐകെഎമ്മിന്റെ വസ്തു നികുതി മാപ്പിംഗിനായുള്ള സഞ്ചയ സോഫ്റ്റ്‌വെയർ, ഡിജിറ്റൽ ആസ്തി രജിസ്റ്ററിനുള്ള സചിത്ര സോഫ്റ്റ്‌വെയർ എന്നിവയുമായി സംയോജനം സാധ്യമാക്കുന്നതിനായി എല്ലാ സ്ഥാവരവസ്തുക്കളുടെയും ജിഐഎസ് മാപ്പിംഗ് നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സർക്കാർ നിർദ്ദേശം നൽകി (2016 ഫെബ്രുവരി). പരിശോധന നടത്തിയ യുഎൽബികളിൽ അഞ്ച് മുനിസിപ്പാലിറ്റികൾ[45] എല്ലാ സ്വത്തുക്കളുടെയും ജിഐഎസ് മാപ്പിംഗ് നടത്തിയപ്പോൾ തിരുവനന്തപുരം കോർപ്പറേഷൻ അതിന്റെ സ്വന്തം ആസ്തികൾ മാപ്പിംഗ് ചെയ്യുന്നതിന് ജിഐഎസ് മാപ്പിംഗ് നടത്തി (2020 മാർച്ച്). എന്നാൽ, സചിത്ര സോഫ്റ്റ്‌വെയറുമായി ജിഐഎസ് ഡാറ്റയുടെ സംയോജനം ഐകെഎം സാധ്യമാക്കാത്തതിനാൽ ആസ്തികളുടെ മാപ്പിംഗ് നടത്തിയത് ഈ യുഎൽബികൾക്ക് ഉപയോഗിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ, യുഎൽബികളുടെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ ഉടമസ്ഥാവകാശ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഡാറ്റ പരിശോധനയുടെ അഭാവവും അഞ്ച് മുനിസിപ്പാലിറ്റികളിലും ജിഐഎസ് മാപ്പ് ചെയ്ത ആസ്തികളുടെ ഡാറ്റാബേസിന്റെ വിശ്വാസ്യത ഇല്ലാതെയാക്കി. തിരുവനന്തപുരം കോർപ്പറേഷൻ അവരുടെ ആസ്തികൾക്ക് മാത്രമായി ജിഐഎസ് മാപ്പിംഗ് നടത്തിയെങ്കിലും ഡാറ്റാബേസ് തയ്യാറാക്കുന്നതിന് വളരെ മുമ്പ് തന്നെ

[45] വർക്കല (2021), കളമശ്ശേരി (2013), കൊടുവള്ളി (2019), കൊടുങ്ങല്ലൂർ (2022), പൊന്നാനി (2018) മുനിസിപ്പാലിറ്റികൾ

നിർമ്മിച്ചതോ ഏറ്റെടുത്തതോ ആയ നിരവധി കെട്ടിടങ്ങളും ആസ്തികളും[46] ഒഴിവാക്കപ്പെട്ടതിനാൽ ജിഐഎസ് ഡാറ്റാബേസ് അപൂർണ്ണമായിരുന്നു. കൂടാതെ, പ്രാരംഭ ജിഐഎസ് മാപ്പിംഗ് നടത്തിയതിന് ശേഷം തയ്യാറാക്കിയ ഡാറ്റാബേസ് മുകളിൽ പറഞ്ഞ ഒരു യുഎൽബികളും അപ്ഡേറ്റ് ചെയ്തിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ ജിഐഎസ് മാപ്പിംഗിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരികയാണെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ). റോഡുകളുടെ ജിഐഎസ് മാപ്പിംഗ് നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണെന്നും പിന്നീടത് മറ്റ് ആസ്തികളിലെ ഡാറ്റായിലേക്കും വ്യാപിപ്പിക്കുമെന്നും പ്രസ്താവിച്ചു.

5.6.4 ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്ന രേഖകളുടെ അഭാവം

കെഎം നിയമം, 1994 ഉം എഎം മാനുവൽ, 2017 ഉം പ്രകാരം എല്ലാ മുനിസിപ്പൽ സ്വത്തുക്കളുടെയും അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കൈവശമുള്ള ആസ്തികളുടെ ഉടമസ്ഥാവകാശ രേഖകളുടെയും സംരക്ഷകൻ മുനിസിപ്പൽ സെക്രട്ടറി ആയിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഏതെങ്കിലും ആസ്തികളുടെ ഉടമസ്ഥാവകാശ രേഖകൾ ഇല്ലെങ്കിൽ, അവർ ആ ആസ്തികൾ രേഖകളിൽ ഉൾപ്പെടുത്തുകയും അവയ്ക്ക് നിയമപരമായി ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുകയും വേണം.

എന്നാൽ, പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള 82 ശതമാനം ഭൂമി ആസ്തികളിലും ഉടമസ്ഥാവകാശ രേഖയോ മറ്റ് സാധുവായ കൈവശാവകാശ രേഖകളോ ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 5.2ൽ** കൊടുത്തിരിക്കുന്നു.

പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൈയ്യേറ്റങ്ങൾ നടന്നതായി ഓഡിറ്റിൽ കണ്ടെത്തി. ഖണ്ഡിക 5.10.6ൽ വിശദമാക്കിയിരിക്കുന്നതുപോലെ, അവയിൽ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിൽ യുഎൽബികൾ പരാജയപ്പെടുകയും തത്ഫലമായി കൈയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കഴിയാതെവരുകയും ചെയ്തു.

ശിപാർശകൾ :

എല്ലാ യുഎൽബികളും അവരുടെ ആസ്തികളുമായി ബന്ധപ്പെട്ട പൂർണ്ണ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററുകളുടെ യഥാസമയ അപ്ഡേറ്റ്, ശരിയായ സാമ്പത്തിക റിപ്പോർട്ടിംഗ് എന്നിവ സാധ്യമാക്കുന്നതിന് സചിത്ര, സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകൾ സംയോജിപ്പിക്കുവാൻ സർക്കാർ മതിയായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

യുഎൽബികൾ അവരുടെ ആസ്തികളുടെ ജിഐഎസ് മാപ്പിംഗ് നടത്തുകയും അത് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കുകയും അതിന്റെ പതിവായുള്ള അപ്ഡേറ്റ് നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം സ്ഥാപിക്കുകയും ചെയ്യുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.

5.7 സ്ഥാപന സംവിധാനം

5.7.1 എഞ്ചിനീയറിംഗ് വിഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ, അറ്റകുറ്റപ്പണി പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് ഒരു എഞ്ചിനീയറിംഗ് വിഭാഗം കേരള സർക്കാർ സൃഷ്ടിച്ചു (2007 നവംബർ). അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/

[46] തിരുവല്ലം സോണിൽ കോളിയൂർ മിനിസ്റ്റേഡിയം, വിഴിഞ്ഞം സോണിൽ രണ്ടു കമ്മ്യൂണിറ്റി ഹാളുകൾ, കുറവൻകോണത്ത് സർവ്വേ നമ്പർ പി.ടി.എം. 3116 ൽ ഉൾപ്പെട്ട സ്ഥലം എന്നിവ

അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിലുള്ള മുനിസിപ്പൽ എഞ്ചിനീയർ മുനിസിപ്പാലിറ്റികളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നേതൃത്വം നൽകുകയും ഓവർസീയർമാർ സഹായിക്കുകയും ചെയ്യുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ റാങ്കിലുള്ള കോർപ്പറേഷൻ എഞ്ചിനീയർ മുനിസിപ്പൽ കോർപ്പറേഷനുകളിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ തലവനും, എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർമാർ എന്നിവർ അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുന്നു.

ആസ്തി സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എഞ്ചിനീയറിംഗ് വിഭാഗം രൂപം നൽകിയ പദ്ധതികളുടെ നടപ്പാക്കൽ തിരഞ്ഞെടുത്ത യുഎൽബികളിൽ ഓഡിറ്റ് വിശകലനം ചെയ്യുകയും പദ്ധതി നടപ്പാക്കലിന്റെ ശതമാനം വളരെ കുറവാണെന്ന് കണ്ടെത്തുകയും ചെയ്തു. ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾ 50 ശതമാനം മുതൽ 59 ശതമാനം വരെയും ആസ്തികൾ പരിപാലിക്കുന്ന പദ്ധതികൾ 51 ശതമാനം മുതൽ 61 ശതമാനം വരെയും മാത്രമേ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയുള്ളൂ. വിശദാംശങ്ങൾ **പട്ടിക 5.1ൽ** നൽകിയിരിക്കുന്നു:

പട്ടിക 5.1 : ആസ്തി സൃഷ്ടിക്കലിനും പരിപാലനത്തിനുമുള്ള പദ്ധതികളുടെ നടപ്പാക്കലിന്റെ സ്ഥിതി

വർഷം	ആസ്തി സൃഷ്ടിക്കൽ			പരിപാലനം (റോഡിതരം)		
	രൂപം നൽകിയ പദ്ധതികളുടെ എണ്ണം (റോഡ് പദ്ധതികൾ ഒഴികെ)	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	ശതമാനം	രൂപം നൽകിയ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	ശതമാനം
2020-21	3923	2321	59.16	861	526	61.09
2021-22	2977	1533	51.49	923	473	51.25
2022-23	3504	1748	49.89	1128	631	55.94
ആകെ	**10404**	**5602**	**53.84**	**2912**	**1630**	**55.98**

(ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) നൽകിയ വിവരങ്ങൾ)

സ്ഥല പരിശോധനയും സാധ്യതാ പഠനവും നടത്താത്തത്, പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള എല്ലാ വശങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് തുടങ്ങിയ കേരള പിഡബ്ല്യുഡി മാനുവലിലെ വ്യവസ്ഥകൾ പാലിക്കാത്ത സംഭവങ്ങൾ നടപ്പാക്കിയ പദ്ധതികളിൽ ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ ഫലമായി ഖണ്ഡിക 5.9ൽ വിശദീകരിച്ചിരിക്കുന്നതു പോലെ പദ്ധതികൾ ഉപേക്ഷിക്കേണ്ടിവന്നത്, പ്രവൃത്തി നൽകിയതിനുശേഷം എസ്റ്റിമേറ്റുകളുടെ വിപുലമായ പരിഷ്കരണം, ചെലവിന്റെ വർദ്ധനവ്, നിഷ്ഫല ചെലവ് എന്നിവ ഉണ്ടായി. പദ്ധതികൾ നടപ്പാക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പോരായ്മകൾ ആണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

പ്രതികൂലകാലാവസ്ഥ മൂലമോ കരാറുകാർ കൃത്യസമയത്ത് ടെൻഡറുകൾ സ്വീകരിക്കാത്തതിനാലോ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ചില ജോലികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ). ടെൻഡറുകൾ സ്വീകരിക്കാത്തതിനാലോ പ്രതികൂല കാലാവസ്ഥമൂലമോ ആണ് തുടർച്ചയായ മൂന്ന് വർഷങ്ങളിലും ഏകദേശം 40–50 ശതമാനം ജോലികൾ പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ന മറുപടി നിലനിൽക്കുന്നതല്ല. കൂടാതെ പ്രതിസന്ധി മറികടക്കാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ച് മറുപടി നിശബ്ദമാണ്.

5.7.2 ആസ്തികളുടെ സംരക്ഷകൻ

കെട്ടിടങ്ങളുടെ നിർമ്മാണം/പരിപാലനം എന്നിവ നടപ്പിലാക്കുന്നതിന് മാത്രമേ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഉത്തരവാദിത്തമുള്ളൂ. ആസ്തി ഏത് ഉദ്ദേശ്യത്തിനായി നിർമ്മിച്ചുവോ അതിനായി ഉപയോഗിക്കേണ്ടത് ആസ്തിയുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട

സേവന വിതരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗത്തിന്റെ ഉത്തരവാദിത്തമാണ്. സേവന വിതരണ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ആസ്തിയുടെ വിനിയോഗവും സമയബന്ധിതമായ അറ്റകുറ്റപ്പണിയും ഉൾപ്പെടെയുള്ള വ്യവസ്ഥാപിത പരിപാലനത്തിനായി ഓരോ വിഭാഗത്തിലുള്ള സേവന വിതരണ ആസ്തികൾക്കും ഒരു സംരക്ഷകനെ നിയമിക്കണമെന്ന് 2017ലെ എഎം മാനുവൽ വ്യവസ്ഥ ചെയ്യുന്നു. ഒരു പ്രത്യേക ആസ്തിയുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമുള്ള ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും പദവിയിലോ തലത്തിലോ ഉള്ള വ്യക്തി ആണ് ആസ്തികളുടെ സംരക്ഷകൻ. കൂടാതെ, ആസ്തികളുടെ ദുരുപയോഗം, തെറ്റായ കൈകാര്യം ചെയ്യൽ, വിനിയോഗക്കുറവ് അല്ലെങ്കിൽ അനധികൃത ഉപയോഗം എന്നിവയ്ക്ക് ആസ്തികളുടെ സംരക്ഷകൻ ഉത്തരവാദി ആയിരിക്കും. എന്നാൽ, പരിശോധന നടത്തിയ ഒരു യുഎൽബിയും അവരുടെ ഉടമസ്ഥതയിലുള്ള ആസ്തികൾക്ക് സംരക്ഷകരെ നിയോഗിച്ചിട്ടില്ല. ആസ്തികൾ കൈകാര്യം ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും ശരിയായ സംവിധാനം നിലവിലില്ലാത്തതിനാൽ, ഖണ്ഡിക 5.10ൽ വിവരിച്ചിരിക്കുന്നതുപോലെ പൊതു സ്ഥലം/കെട്ടിടങ്ങൾ കൈയ്യേറിയതും പകൽവീട്[47], വനിതാ പരിശീലന കേന്ദ്രങ്ങൾ, വ്യാവസായിക എസ്റ്റേറ്റുകൾ, വനിതാ ഹോസ്റ്റലുകൾ തുടങ്ങിയ വിവിധ സേവന വിതരണ ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഓഡിറ്റ് നിരീക്ഷണം തുടർ നടപടിക്കായി പരിഗണിക്കുമെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ).

ശിപാർശ :

ആസ്തികളുടെ ശരിയായ പരിപാലനവും ഉപയോഗവും ഉറപ്പുവരുത്താൻ ഓരോ വിഭാഗത്തിലുമുള്ള ആസ്തികൾക്കും ആസ്തിസംരക്ഷകരെ ചുമതലപ്പെടുത്താൻ സർക്കാർ യുഎൽബികൾക്ക് നിർദ്ദേശം നൽകണം.

5.8 സാമ്പത്തിക മാനേജ്മെന്റ്/ഫണ്ടിംഗ്

ഫലപ്രദമായ ആസ്തി പരിപാലനത്തിന്റെ ഒരു അന്തർലീന ഘടകമാണ് ഫണ്ടുകളുടെ ലഭ്യതയും അവയുടെ കാര്യക്ഷമമായ ഉപയോഗവും. യുഎൽബികൾക്ക് വിവിധ സേവന വിതരണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആസ്തികൾ സൃഷ്ടിക്കുന്നതിനും വിനിയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും കേരള സർക്കാരിന്റെ വികസന, മെയ്ന്റനൻസ് ഫണ്ടുകൾ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ, യുഎൽബികളുടെ തനതു ഫണ്ടുകൾ എന്നിങ്ങനെ വിവിധ ഫണ്ടുകൾ ലഭ്യമാണ്. പരിശോധന നടത്തിയ യുഎൽബികളിൽ ഓഡിറ്റ് കാലയളവിൽ ആസ്തി പരിപാലനത്തിന് (റോഡ് പദ്ധതികൾ ഒഴികെ) വകയിരുത്തിയ ഫണ്ടുകളുടെ വിഹിതവും ചെലവും താഴെ **പട്ടിക 5.2ൽ** നൽകിയിരിക്കുന്നു.

പട്ടിക 5.2 : പരിശോധന നടത്തിയ യുഎൽബികളിലെ ആകെ ഫണ്ട് വിഹിതവും ചെലവും

(₹ കോടിയിൽ)

വർഷം	ആസ്തി സൃഷ്ടിക്കൽ							ആസ്തി പരിപാലനം		
	അനുവദിച്ച തുക			ഉപയോഗിച്ച തുക			ഉപയോഗ ശതമാനം	അനുവദിച്ച തുക	ഉപയോഗിച്ച തുക	ഉപയോഗ ശതമാനം
	വികസന ഫണ്ട്	തനത് ഫണ്ട്	ആകെ	വികസന ഫണ്ട്	തനത് ഫണ്ട്	ആകെ		മെയ്ന്റനൻസ് ഫണ്ട് (റോഡിതരം)	മെയ്ന്റനൻസ് ഫണ്ട് (റോഡിതരം)	
2020-21	421.37	71.20	492.57	245.94	9.73	255.67	51.91	69.96	36.33	51.93
2021-22	334.12	89.20	423.32	146.62	7.00	153.62	36.29	92.39	30.41	32.91
2022-23	397.63	74.40	472.03	166.23	11.04	177.27	37.55	96.09	45.26	47.10

(ഉറവിടം : ഐകെഎം നൽകിയ വിവരം)

[47] പ്രായമായവരുടെ ഏകാന്തതയെ ചെറുക്കാൻ സഹായിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്ത ഒരു ഇടപെടലാണ് പകൽവീട് അല്ലെങ്കിൽ പകൽ പരിചരണകേന്ദ്രം

ആസ്തികൾ സൃഷ്ടിക്കുന്നതിനു 36 മുതൽ 52 ശതമാനം വരെയും ആസ്തികൾ പരിപാലിക്കാൻ 33 മുതൽ 52 ശതമാനം വരെയും മാത്രമേ ഫണ്ടുകൾ വിനിയോഗിച്ചിട്ടുള്ളൂ. കൂടാതെ, ആസ്തികൾ സൃഷ്ടിക്കാനുള്ള തനതു ഫണ്ടിന്റെ വിനിയോഗം ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള മൊത്തം ചെലവിന്റെ നാല് ശതമാനം മുതൽ ആറ് ശതമാനം വരെ ആയിരുന്നു. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രമായി മെയ്ന്റനൻസ് ഫണ്ട് വിനിയോഗിക്കണമെന്ന് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ ശിപാർശ ചെയ്തിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ആസ്തികളുടെ അറ്റകുറ്റപ്പണികൾ അവരുടെ തനതു ഫണ്ട് ഉപയോഗിച്ചാണ് നടത്തേണ്ടിയിരുന്നത്. എന്നാൽ, പരിശോധന നടത്തിയ യുഎൽബികൾ തനത് ഫണ്ട് ഉപയോഗിച്ച് സ്വന്തം ആസ്തികളുടെ കൃത്യമായ ഇടവേളകളിലെ അറ്റകുറ്റപ്പണികൾക്കായി ഒരു പദ്ധതിയും രൂപപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ കേരള പിഡബ്ല്യുഡി മാനുവലിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ കൃത്യമായ ഇടവേളകളിലെ അറ്റകുറ്റപ്പണികൾ പരിശോധന നടത്തിയ യുഎൽബികളിൽ നടന്നിട്ടില്ല.

ആസ്തി സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

5.9 ആസ്തി സൃഷ്ടിക്കൽ

പൗരൻമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എൽപ്പിച്ചിട്ടുള്ള നിർബന്ധിത, പൊതുവായ, മേഖലാ പ്രവർത്തനങ്ങൾ നിറവേറ്റുക എന്നതാണ് ആസ്തി സൃഷ്ടിയുടെ ലക്ഷ്യം. ആസ്തികൾ ആർജ്ജിക്കുന്നതിലും സൃഷ്ടിക്കുന്നതിലും വിരളമായ വിഭവങ്ങളുടെ നിക്ഷേപം ഉൾപ്പെട്ടിരിക്കുന്നതിനാൽ ഉദ്ദേശിച്ച നേട്ടങ്ങൾ പരമാവധി ലഭിക്കുന്നതിനായി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് അധിഷ്ഠിത പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. തുടർന്നുള്ള ഖണ്ഡികകളിൽ വിശദമാക്കിയിരിക്കുന്നതുപോലെ, അനുയോജ്യമല്ലാത്ത ഭൂമി ഏറ്റെടുക്കൽ, അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിക്കൽ, നിർമ്മാണം പൂർത്തിയാക്കുന്നതിലെ അമിതമായ കാലതാമസം തുടങ്ങിയ സംഭവങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

5.9.1 അനുയോജ്യമല്ലാത്ത ഭൂമി ഏറ്റെടുക്കൽ

ഒരു ആസ്തി സൃഷ്ടിക്കുന്നതിന്റെ ആവശ്യകതയും അതിനുള്ള ഫണ്ടിന്റെ ഉറവിടവും യുഎൽബി തിരിച്ചറിഞ്ഞുകഴിഞ്ഞാൽ, പദ്ധതിയുടെ ഫലപ്രദമായ നടപ്പാക്കൽ ഉറപ്പാക്കാനായി അനുയോജ്യമായ ഭൂമി കണ്ടെത്തേണ്ടത് ആവശ്യമാണ്. ഏറ്റെടുക്കേണ്ട ഭൂമി ഉദ്ദേശിച്ച ആവശ്യത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന് 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഉദ്ദേശിച്ച ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭൂമി യുഎൽബികൾ വാങ്ങിയതിന്റെ ഫലമായി ₹7.50 കോടിയുടെ ഫണ്ട് തടയപ്പെട്ട് കിടക്കുന്നതിനും നിഷ്ഫല ചെലവിനും കാരണമായതായും ഓഡിറ്റ് നിരീക്ഷിച്ചു. താഴെ കൊടുത്തിരിക്കുന്ന രണ്ട് സന്ദർഭങ്ങളിലും ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് സാധ്യതാ പഠനം നടത്തുന്നതിൽ യുഎൽബികൾ പരാജയപ്പെട്ടു.

5.9.1.1 സീവേജ് സംസ്കരണ പ്ലാന്റിനായി തൃശൂർ കോർപ്പറേഷൻ തണ്ണീർത്തടം വാങ്ങിയത്

അമൃത് പദ്ധതിയിൽ 2.5 എംഎൽഡി സീവേജ് സംസ്കരണ പ്ലാന്റ് (എസ്ടിപി) നിർമ്മിക്കുന്നതിനായി, വികസനഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള ഒരു പദ്ധതിക്ക് തൃശൂർ കോർപ്പറേഷൻ രൂപം നൽകി (2016-17). എന്നാൽ, ഭൂമിയുടെ അനുയോജ്യത വിലയിരുത്താതെ, കോർപ്പറേഷൻ കൂർക്കഞ്ചേരി വില്ലേജിൽ മൂന്ന് വശങ്ങളിൽ കനാലുകളും നാലാംവശത്ത് നെൽപ്പാടവുമുള്ള 3.91 ഏക്കർ തണ്ണീർത്തടം ₹2.16 കോടി ചെലവഴിച്ച് വാങ്ങി (2017 നവംബർ). പാർക്കും എസ്ടിപിയുമായി ബന്ധപ്പെട്ട മറ്റ് സൗകര്യങ്ങളും സ്ഥാപിക്കുന്നതിനായി, കോർപ്പറേഷൻ വീണ്ടും ₹4.29 കോടി

ചെലവഴിച്ച് തൊട്ടടുത്തുള്ള 7.79 ഏക്കർ നെൽവയൽ/തണ്ണീർത്തടം വാങ്ങി (2019 മാർച്ച്). എസ്ടിപി നിർമ്മാണത്തിന് ഭൂമി അനുയോജ്യമാണെന്ന് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതായി (2018 നവംബർ) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം തണ്ണീർത്തടങ്ങൾ നികത്തുന്നത് നിരോധിച്ചതിനാൽ എസ്ടിപി നിർമ്മാണത്തിനായി വാങ്ങിയ ഭൂമിയുടെ ഒരു ഭാഗം (73 സെന്റ്) നികത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ അംഗീകാരത്തിനായി കോർപ്പറേഷൻ സമർപ്പിച്ചു. നികത്തേണ്ട ഭൂമി ഒരു തണ്ണീർത്തടവും കോൾ നിലങ്ങളുടെ ഭാഗവുമായതിനാൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള റാംസർ[48] സൈറ്റായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി നികത്തുന്നതിന്റെ പരിസ്ഥിതി ആഘാതം കണക്കിലെടുത്ത് പ്രസ്തുത ഭൂമി നികത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ നിരസിച്ചു (2024 സെപ്റ്റംബർ). അങ്ങനെ നിർദ്ദിഷ്ട വികസന ഉദ്ദേശ്യത്തിന് അനുയോജ്യമല്ലാത്ത ഭൂമി വാങ്ങിയതിന്റെ ഫലമായി ₹6.45 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായി.

കോൺക്രീറ്റ് തൂണുകൾക്ക് മുകളിൽ ഒരു പ്ലാറ്റ്ഫോം നിർമ്മിച്ച് അതിൽ പ്ലാന്റ് നിർമ്മിക്കാൻ കോർപ്പറേഷൻ നിർദ്ദേശിച്ചെന്നും നിർമ്മാണം പരിസ്ഥിതിക്ക് ഒരു അപകടവും വരുത്തുകയില്ലാ എന്നുമായിരുന്നു കോർപ്പറേഷന്റെ നിലപാട് എന്നും സർക്കാർ അറിയിച്ചു (2024 നവംബർ). കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും ഹെൽത്ത് സൂപ്പർവൈസറുടെയും സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഭൂമി വാങ്ങിയതെന്നും പ്രസ്താവിച്ചു. കൂടാതെ, എസ്ടിപി നിർമ്മാണത്തിനു പുറമേ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങളും കോർപ്പറേഷൻ വിഭാവനം ചെയ്തിരുന്നു എന്നും സർക്കാർ അറിയിച്ചു.

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ 2008ലെ വാലിഡേഷൻ റിപ്പോർട്ടിൽ പ്രസ്തുത ഭൂമിയെ 'ജലാശയം' ആയി തരംതിരിച്ചിട്ടുള്ളതും, കൃഷിവകുപ്പ് സൂക്ഷിച്ചിരുന്ന ഡാറ്റാബാങ്കിൽ നെൽവയലായി ഉൾപ്പെടുത്തിയിട്ടുള്ളതുമായതിനാൽ, വാങ്ങുന്നതിന് മുമ്പ് കോർപ്പറേഷൻ ഭൂമിയുടെ അനുയോജ്യത ഉറപ്പാക്കേണ്ടിയിരുന്നു. അതിനാൽ മറുപടി ന്യായീകരിക്കാവുന്നതല്ല. കൂടാതെ, സംയുക്ത ഭൗതിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടതുപോലെ, ഭൂമിയുടെ മൂന്ന് വശങ്ങൾ കനാലുകളാലും നാലാമത്തെവശം നെൽപ്പാടങ്ങളാലും ചുറ്റപ്പെട്ടിരുന്നു. കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം, വർഷത്തിൽ ഭൂരിഭാഗം സമയവും പ്രസ്തുത ഭൂമിയിൽ വെള്ളക്കെട്ടുണ്ടായിരുന്നു.

5.9.1.2 ഭവന പദ്ധതി നടപ്പാക്കുന്നതിനായി നെൽവയൽ വാങ്ങിയത്

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പുല്ലൂറ്റ് വില്ലേജിൽ 2011 മാർച്ചിലും, 2013 മാർച്ചിലും യഥാക്രമം 1.78 ഏക്കറും 1.58 ഏക്കറും വിസ്തൃതിയുള്ള രണ്ടു പ്ലോട്ടുകൾ പട്ടികജാതിയിലും പൊതുവിഭാഗത്തിലുമുള്ള 144 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സൗകര്യം ഒരുക്കുന്നതിനായി ₹1.05 കോടി ചെലവിൽ വാങ്ങി. വാങ്ങിയ ഭൂമി വെള്ളക്കെട്ടുള്ള നെൽവയൽ ആയതിനാലും 2008ലെ കേരള നെൽവയലും തണ്ണീർത്തട സംരക്ഷണനിയമം നെൽവയലുകൾ നികത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാലും മുനിസിപ്പാലിറ്റി ആ ഭൂമിയിൽ വീട് നിർമ്മാണത്തിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചില്ല. 1.58 ഏക്കർ ഭൂമിയിലേക്ക് റോഡ് സൗകര്യം ഇല്ലെന്നും 1.78 ഏക്കർ ഭൂമിയിലേക്ക് മൂന്ന് മീറ്റർ വീതിയുള്ള റോഡ് മാത്രമേ ഉള്ളൂവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. വാങ്ങിയ ഉദ്ദേശ്യത്തിന് അനുയോജ്യമാണെന്ന് ഉറപ്പാക്കാതെ ഭൂമി വാങ്ങിയതിനാൽ ₹1.05 കോടിയുടെ ചെലവ് നിഷ്ഫലമാക്കുകയും ഉദ്ദേശിച്ച പ്രയോജനം ലഭിക്കാതെ വരികയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഭൂമി കോസ്റ്റൽ റെഗുലേഷൻ സോൺ IIൽ ഉൾപ്പെട്ടതാണെന്നും തണ്ണീർത്തടത്തിനു കീഴിൽ വരുമെന്നും ഒരു ഭവന പദ്ധതിക്ക് അനുയോജ്യമല്ലെന്നും, ഓഡിറ്റ് നിരീക്ഷണത്തോട് യോജിച്ചുകൊണ്ട്, സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ഭൂമി

[48] 1971ൽ റാംസറിൽ നടന്ന അന്താരാഷ്ട്ര തണ്ണീർത്തട കൺവെൻഷന്റെ പ്രതികരണമായി, 1.51 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള വേമ്പനാട്-കോൾ തണ്ണീർത്തടങ്ങൾ 2002ൽ റാംസർ സൈറ്റായി ഉൾപ്പെടുത്തി

വാങ്ങിയതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് കഴിഞ്ഞ ഏഴ് വർഷമായി നിലനിൽക്കുന്നുണ്ടെന്നും പ്രസ്താവിച്ചു.

5.9.2 അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിച്ചത് പ്രവൃത്തി ഉപേക്ഷിക്കുന്നതിനും പാഴ്ചെലവിനും ഇടയാക്കിയത്

പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല പരിശോധനയും മണ്ണ് പരിശോധനയും നടത്തി എഞ്ചിനീയറിംഗ് വിഭാഗം സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കണമെന്ന് കെപിഡബ്ല്യുഡി മാനുവൽ അനുശാസിക്കുന്നു. എന്നാൽ, സ്ത്രീ ശാക്തീകരണം, വൃദ്ധജനങ്ങളുടെ ക്ഷേമം, ഖരമാലിന്യ സംസ്കരണം, കുടിവെള്ള വിതരണം തുടങ്ങിയ വിവിധ സേവന പദ്ധതികളുടെ കാര്യത്തിൽ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ അവസ്ഥ ഉറപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിക്കുന്നതുപോലെ ഇത് ജോലിയുടെ വ്യാപ്തിയിലെ മാറ്റങ്ങൾ, സമയത്തിന്റെയും ചെലവിന്റെയും വർദ്ധനവ്, ₹7.96 കോടിയുടെ നിഷ്ഫലമായ ചെലവ് എന്നിവയ്ക്ക് ഇടയാക്കി.

5.9.2.1 നദീതീരം/കുളം/തണ്ണീർത്തടം എന്നിവിടങ്ങളിലെ നിർമ്മാണം

തിരുവനന്തപുരം കോർപ്പറേഷനിലെ കഴക്കൂട്ടത്തുള്ള വനിതാ ഉപജീവന കേന്ദ്രം

വനിതാ സംരംഭകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി കഴക്കൂട്ടം സോണിൽ മൂന്ന് നിലകൾ ഉള്ള വനിതാ ഉപജീവന കേന്ദ്രത്തിന്റെ നിർമ്മാണം ₹96.30 ലക്ഷം ചെലവ് കണക്കാക്കി തിരുവനന്തപുരം കോർപ്പറേഷൻ അംഗീകൃത ഏജൻസി ആയ കോസ്റ്റ്ഫോർഡിനെ ഏൽപ്പിച്ചു (2018 മാർച്ച്). കോസ്റ്റ്ഫോർഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 2018 ഫെബ്രുവരിയിൽ സാങ്കേതിക അനുമതി നൽകി. 2018 മാർച്ചിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും ഭൂമിയിലെ വെള്ളക്കെട്ട് കാരണം ₹77.04 ലക്ഷം[49] ചെലവഴിച്ച് കെട്ടിടത്തിന്റെ പുറമെയുള്ള ഘടനമാത്രം പൂർത്തിയാക്കിയശേഷം 2020 ഒക്ടോബറിൽ പ്രവൃത്തി നിർത്തിവച്ചു. സംയുക്ത ഭൗതിക പരിശോധനയിൽ (2023 ഓഗസ്റ്റ്) ഭൂമി ഒരു കുളത്തിന്റെ തൊട്ടരികിൽ സ്ഥിതി ചെയ്യുന്നതായും ഭൂമിയിൽ വെള്ളം കെട്ടിക്കിടക്കുന്നതായും ഓഡിറ്റ് നിരീക്ഷിച്ചു. കോർപ്പറേഷൻ 2017 സെപ്റ്റംബറിൽ നടത്തിയ സ്ഥല പരിശോധനയിൽ ഭൂജല വിതാനം ഭൂതലത്തിന് വളരെ അടുത്തായി (0.5 മീറ്റർ) സ്ഥിതി ചെയ്യുന്നതായും മണ്ണിന് ഭാരം താങ്ങാനുള്ള ശേഷി വളരെ കുറവാണെന്നും

ചിത്രം 5.2 : പൂർത്തിയാകാതെ കിടക്കുന്ന വനിതാ ഉപജീവന കേന്ദ്രം. ഓഡിറ്റ് 2023 ജൂലൈ 19 ന് എടുത്ത ചിത്രം

കണ്ടെത്തിയതിനാൽ, കോർപ്പറേഷനും കോസ്റ്റ്ഫോർഡും ഭൂമിയുടെ പരിമിതികളെക്കുറിച്ച് ബോധവാൻമാരായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ഭൂമി അനുയോജ്യമല്ല എന്ന് അറിഞ്ഞിട്ടും പ്രവൃത്തി നടത്താനുള്ള കോർപ്പറേഷന്റെ തീരുമാനം ₹77.04 ലക്ഷത്തിന്റെ പാഴ്ചെലവിന് കാരണമായി.

കോർപ്പറേഷനിൽ നിന്ന് ഈ പ്രശ്നത്തെക്കുറിച്ച് റിപ്പോർട്ട് ലഭിച്ചതിന് ശേഷം ആവശ്യമായ നടപടി എടുക്കുമെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ).

---

[49] ₹77.04 ലക്ഷത്തിൽ, ₹14.06 ലക്ഷം കോസ്റ്റ്ഫോർഡിൽ തന്നെ നിൽക്കുന്നു

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നെൽവയൽ ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചത്

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ കോവിലകത്തുംപാടത്ത് ₹15.30 കോടി ചെലവിൽ 2019 ഒക്ടോബറിൽ ഒരു ഷോപ്പിംഗ് കോപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ചു. മെസ്സേഴ്സ് ഇഎൻഎആർസി കൾസൾട്ടന്റ്സ് ₹40.56 ലക്ഷം ചെലവിൽ പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കി. ഡാറ്റാബാങ്കിൽ പ്രസ്തുത ഭൂമി നെൽവയലായി ഉൾപ്പെടുത്തിയിരുന്നിട്ടും 2008ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് കോർപ്പറേഷൻ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവുമായി മുന്നോട്ട് പോവുകയും ഇത് പൊതുജനങ്ങളുടെ പരാതികൾക്കും തുടർന്ന് നിർമ്മാണം നിർത്തി വയ്ക്കാനും ഭൂമി പൂർവ്വസ്ഥിതിയിലാക്കാനുമുള്ള ജില്ലാ കളക്ടറുടെ നിർദ്ദേശത്തിനും കാരണമായി (2021 മെയ്). എന്നാൽ, മുനിസിപ്പൽ കോർപ്പറേഷൻ ജില്ലാകളക്ടറുടെ ഉത്തരവുകൾ ലംഘിച്ച് 2022 ഓഗസ്റ്റ് വരെ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം തുടർന്നു. കോർപ്പറേഷൻ പദ്ധതിക്കായി ₹6.23 കോടി ചെലവഴിക്കുകയും ഭാഗികമായി നിർമ്മിച്ച കെട്ടിടത്തോടുകൂടി പ്രവൃത്തി അപൂർണ്ണമായി നിലയ്ക്കുകയും ചെയ്തു (2024 നവംബർ).

റിവേഴ്സ് ഓസ്മോസിസ് ജലശുദ്ധീകരണ പ്ലാന്റിനുള്ള കെട്ടിട നിർമ്മാണം

നമ്പ്രം വാർഡിൽ നദീതടത്തിൽ നിന്ന് 10 മീറ്റർ അകലത്തിൽ ഒരു നദി പുറമ്പോക്കിൽ[50] ₹10 ലക്ഷം ചെലവിൽ റിവേഴ്സ് ഓസ്മോസിസ് ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഒരു കെട്ടിടത്തിന്റെ നിർമ്മാണം പട്ടാമ്പി മുനിസിപ്പാലിറ്റി ആരംഭിച്ചു (2019 ഏപ്രിൽ). താഴത്തെ നിലയുടെ അടിത്തറയും തൂണുകളും പൂർത്തിയായപ്പോൾ മഴക്കാലത്ത് കെട്ടിടം വെള്ളത്തിൽ മുങ്ങി. അതിനാൽ, വാതിലുകൾ, ജനാലകൾ, ഫിനിഷിംഗ് ജോലികൾ എന്നിവ ഒഴിവാക്കി തൂണുകളുടെ ഉയരം വർദ്ധിപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും ₹9.06 ലക്ഷം ചെലവഴിച്ച് ഒന്നാം നില താഴത്തെ നിലയുടെ തൂണുകളിൽ നിർമ്മിക്കുകയും ചെയ്തു (2021 ജനുവരി). എന്നാൽ, അതിന് ശേഷം കൂടുതൽ പുരോഗതി ഉണ്ടായിട്ടില്ല. കെട്ടിടത്തിലേക്ക് വാഹനങ്ങൾക്ക് പ്രവേശിക്കാൻ റോഡ് ലഭ്യമല്ലെന്നും കെട്ടിടം അപൂർണ്ണവും ഉപേക്ഷിക്കപ്പെട്ട നിലയിലുമാണെന്നും ഓഡിറ്റ് സംയുക്ത സ്ഥല പരിശോധനയിൽ കണ്ടെത്തി. അങ്ങനെ, മുനിസിപ്പാലിറ്റി സ്ഥലത്തിന്റെ അനുയോജ്യത വിലയിരുത്താത്തതിന്റെ ഫലമായി ₹9.06 ലക്ഷത്തിന്റെ നിഷ്ഫല ചെലവ് സംഭവിക്കുകയും പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഫിൽട്ടർ ചെയ്ത ജലം നൽകുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുകയും ചെയ്തു.

പ്രസ്തുത സ്ഥലത്തേക്ക് പ്രവേശനം ലഭ്യമാക്കുമെന്നും ഇക്കാര്യത്തിൽ ഇനിയുള്ള പുരോഗതി നിരീക്ഷിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

5.9.2.2 ഡമ്പിംഗ് യാർഡിലെ നിർമ്മാണങ്ങൾ

ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം

പള്ളിക്കുളത്ത് ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ (ഒഡബ്ല്യുസി) സ്ഥാപിക്കുന്നതിനായി ₹45.63 ലക്ഷം ചെലവഴിച്ച് തൃശ്ശൂർ കോർപ്പറേഷൻ ഒരു കെട്ടിടം നിർമ്മിച്ചു (2020 നവംബർ). പഴയ ഒരു ഡമ്പിംഗ് ഗ്രൗണ്ടിലെ ഒരു കുളത്തിന് അടുത്താണ് കെട്ടിടം നിർമ്മിച്ചത്. 2023 ജൂലൈയിൽ ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ കെട്ടിടം തകർന്ന അവസ്ഥയിൽ കണ്ടു. തിരഞ്ഞെടുത്ത സ്ഥലം ഒരു പഴയ ഡമ്പിംഗ് ഗ്രൗണ്ടും ഒരു കുളത്തോട് ചേർന്ന സ്ഥലവും ആയിരുന്നിട്ടും കെട്ടിടം പണിയുന്നതിന് മുമ്പ് മണ്ണ് പരിശോധന നടത്തിയിട്ടില്ലെന്ന് രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ വ്യക്തമായി. നിർമ്മിക്കാൻ ഉദ്ദേശിച്ച കെട്ടിടം ഷീറ്റ് മേൽക്കൂരയുള്ള ഒറ്റനില

---

50 പൊതു ആവശ്യങ്ങൾക്കോ ഗ്രാമീണരുടെ പൊതു ഉപയോഗത്തിനു വേണ്ടിയോ കരുതി വച്ചിരിക്കുന്ന തിട്ടപ്പെടുത്തിയിട്ടില്ലാത്ത സർക്കാരിന്റെ സ്വത്തുക്കൾ.

കെട്ടിടമായതിനാൽ മണ്ണ് പരിശോധന നടത്തിയില്ല എന്ന് കോർപ്പറേഷൻ മറുപടി നൽകി. കൂടാതെ, കനത്തമഴയിൽ കുളത്തിന് അടുത്തുള്ള സംരക്ഷണ ഭിത്തി ഇടിഞ്ഞുവീണത് അടിത്തറയോട് ചേർന്നുള്ള മണ്ണ് ഒലിച്ച് പോകാനും കെട്ടിടം തകരാനും കാരണമായി.

ചിത്രം 5.3 : തകർന്നു പോയ ഒഡബ്ല്യുസി പ്ലാന്റ്. ഓഡിറ്റ് 2023 ജൂൺ 15 ൽ എടുത്ത ചിത്രം

സ്ഥലത്തിന്റെ പ്രത്യേകതകൾ അതായത് കുളത്തിന്റെ സാമീപ്യം, ഡമ്പ് സൈറ്റ് എന്നീ കാര്യങ്ങൾ കെട്ടിടം നിർമ്മിക്കുമ്പോൾ കോർപ്പറേഷൻ കണക്കിലെടുക്കണമായിരുന്നു എന്നതിനാൽ മറുപടി സ്വീകാര്യമല്ല. കെട്ടിടത്തിന്റെ സ്ഥിരത ഉറപ്പാക്കാൻ മതിയായ നടപടികൾ സ്വീകരിക്കാതെ ഒരു ഡമ്പ് സൈറ്റിൽ കെട്ടിടം നിർമ്മിച്ചതിനാൽ ₹45.63 ലക്ഷത്തിന്റെ നഷ്ടമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. നിർമ്മാണ വേളയിൽ മൂന്ന് മീറ്റർ വരെ ആഴത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും മണ്ണും നീക്കിയതായി സർക്കാർ അറിയിച്ചു (2024 നവംബർ). കുളത്തിന് അടുത്തുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണം 2022 ജൂലൈയിൽ ആരംഭിച്ചെങ്കിലും, കുളത്തിന്റെ വശത്ത് അധികമായി മരവും മണ്ണും ഉണ്ടായിരുന്നതിനാൽ സംരക്ഷണഭിത്തി തകരുകയും കെട്ടിടത്തിന് കേടുപാടുകൾ ഉണ്ടാകുകയും ചെയ്തുവെന്നും പ്രസ്താവിച്ചു. എന്നാൽ, അടിത്തട്ടിലുള്ള മണ്ണിന്റെ അവസ്ഥ, ഭാരം വഹിക്കാനുള്ള ശേഷി, ആവശ്യമായ അടിത്തറയുടെ തരം എന്നിവ കണ്ടെത്തുന്നതിന് മണ്ണ് പരിശോധന നടത്തിയില്ല എന്ന വസ്തുത നിലനിൽക്കുന്നു. ഇത് സ്ഥലത്തിന്റെ അവസ്ഥക്ക് അനുയോജ്യമല്ലാത്ത കെട്ടിട നിർമ്മാണത്തിനും അതിന്റെ ഫലമായി കെട്ടിടം തകരുന്നതിനും പൊതുജനങ്ങളുടെ പണം നഷ്ടപ്പെടുന്നതിനും ഇടയാക്കി.

കൊച്ചി കോർപ്പറേഷന്റെ പകൽവീട് നിർമ്മാണം

ഇടപ്പള്ളി സോണിലെ ഒരു ഡമ്പ് യാർഡിൽ ₹40 ലക്ഷം അടങ്കൽ തുകയായി ഒരു പകൽവീടിന്റെ (ഒരു വർഷത്തെ പദ്ധതി) നിർമ്മാണം കൊച്ചി കോർപ്പറേഷൻ ആരംഭിച്ചു (2021 ഒക്ടോബർ). പ്രവൃത്തി ആരംഭിച്ചതിന് ശേഷം മാലിന്യവും മലിനജലവും മണ്ണിനെ അയഞ്ഞതും ചതുപ്പുമാക്കിയതായി ശ്രദ്ധയിൽപ്പെട്ടതിനാൽ കോർപ്പറേഷൻ മണ്ണ് പരിശോധന നടത്തുകയും (2022 ജനുവരി) ₹40 ലക്ഷത്തിന്റെ ഭരണാനുമതിക്കുള്ളിൽ അടിത്തറമാത്രം പൂർത്തിയാക്കുംവിധം അടങ്കൽ പരിഷ്കരിക്കുകയും ചെയ്തു. ₹35.43 ലക്ഷം ചെലവഴിച്ച് അടിത്തറയുടെ പ്രവൃത്തികൾ പൂർത്തിയാക്കി (2023 മാർച്ച്). സംയുക്ത ഭൗതിക പരിശോധനയിൽ (2023 ജൂലൈ) നിർമ്മാണത്തിൽ കൂടുതൽ പുരോഗതി ഉണ്ടായിട്ടില്ലെന്നും സൈറ്റിനോട് ചേർന്നസ്ഥലം ഒരു ഡമ്പ് യാർഡ് ആയി ഉപയോഗിക്കുന്നതായും ഓഡിറ്റ് ശ്രദ്ധിച്ചു. തെറ്റായ സ്ഥലം തിരഞ്ഞെടുത്തതും, പ്രവൃത്തിയുടെ കരാർ നൽകുന്നതിന് മുമ്പ് നടത്തേണ്ടിയിരുന്ന നിർബന്ധിത സ്ഥല പരിശോധനകളും സാധ്യതാ പഠനങ്ങളും നടത്താത്തതും ചെലവ് അധികരിക്കുന്നതിനും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

കോമ്പൗണ്ടിന്റെ ചുറ്റുമുള്ള പ്രദേശത്തെ മണ്ണിന്റെ ഉപരിതലം കണക്കിലെടുത്താണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ഭൂമിക്കടിയിലെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് കോർപ്പറേഷന് അറിയില്ലായിരുന്നുവെന്നും സർക്കാർ അറിയിച്ചു (2024 നവംബർ). ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണെന്നും പ്രസ്താവിച്ചു.

ഒരു കെട്ടിടം പ്രത്യേകിച്ചും ഒരു ഡമ്പ് യാർഡിൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് നിർബന്ധിത സ്ഥല പരിശോധന നടത്താത്തത്, പ്രവൃത്തി തുടങ്ങി മൂന്ന് വർഷം കഴിഞ്ഞിട്ടും (ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിച്ചത്) പൂർത്തിയാക്കാൻ കഴിയാത്തതിലേക്ക് നയിച്ചതിനാൽ മറുപടി ന്യായീകരിക്കാൻ കഴിയുന്നതല്ല. കൂടാതെ, 2025 ജനുവരിയിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ ബീമുകളും തൂണുകളും മാത്രമേ നിർമ്മിച്ചിട്ടുള്ളൂവെന്നും കെട്ടിടത്തിനടുത്തായി ജൈവ അജൈവ മാലിന്യങ്ങളുടെ വലിയ കൂമ്പാരങ്ങളും കണ്ടു.

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയുടെ നിർമ്മാണം

പട്ടാമ്പി മുനിസിപ്പാലിറ്റി ഒരു ഖരമാലിന്യ ഡമ്പ് യാർഡിൽ ₹6.18 ലക്ഷം ചെലവിൽ ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എംആർഎഫ്) ഷെഡ് നിർമ്മിച്ചു (2018 ഏപ്രിൽ). മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ മാലിന്യത്തിന് മുകളിലായാണ് കെട്ടിടം പണിതതെന്ന് (2023 ജനുവരി) ഓഡിറ്റ് നിരീക്ഷിച്ചു. പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ടിരുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതിനാൽ, അടിത്തറയ്ക്ക് ബലക്ഷയം ഉണ്ടാവുകയും ചുവരുകളിൽ വലിയ വിള്ളലുകൾ പ്രത്യക്ഷപ്പെടുകയും ടൈലുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഇതുമൂലം കെട്ടിടം ഉപയോഗിക്കാൻ കഴിയാതെ വരികയും വാങ്ങിയ എംആർഎഫ് യന്ത്രങ്ങൾ സമീപത്തു നിർമ്മിച്ച ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് ഷെഡ്ഡിൽ സ്ഥാപിക്കുകയും ചെയ്തു. സ്ഥല പരിശോധന നടത്താതെ കെട്ടിട നിർമ്മാണം നടത്തിയത് ₹6.18 ലക്ഷത്തിന്റെ നിഷ്ഫല ചെലവിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു.

ചിത്രം 5.4 : കേടുവന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി ഓഡിറ്റ് 2024 ഏപ്രിൽ 18 ൽ എടുത്ത ചിത്രം

അനുയോജ്യമായ മറ്റൊരു സ്ഥലം നിർമ്മാണ സമയത്ത് ലഭ്യമല്ലായിരുന്നുവെന്നും ശുചിത്വ മിഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും അവരുടെ വെബ്സൈറ്റിൽ ലഭ്യമായ അളവുകളിലും പ്ലാനിലുമാണ് കെട്ടിടം നിർമ്മിച്ചതെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ഒരു മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആയി ഉപയോഗിക്കാൻ ഹരിത കർമ്മസേനക്ക് കെട്ടിടം കൈമാറിയതായും പ്രസ്താവിച്ചു.

ശരിയായ സ്ഥലപരിശോധന നടത്താതെയുള്ള കെട്ടിട നിർമ്മാണം കെട്ടിടത്തിനു കേടുപാടുകൾ സംഭവിക്കുന്നതിന് കാരണമായതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, കെട്ടിടത്തെ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും അറ്റകുറ്റപ്പണികൾ/ബലപ്പെടുത്തൽ ജോലികൾ നടത്തിയതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല. കേടുപാടുകൾ സംഭവിച്ച കെട്ടിടം ഏത് ആവശ്യത്തിനായി ഉപയോഗിക്കുന്നതിലും കാര്യമായ അപകട സാധ്യത നിലനിൽക്കുന്നു.

5.9.2.3 കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമങ്ങൾ ലംഘിച്ചുള്ള നിർമ്മാണങ്ങൾ

കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമങ്ങൾ ലംഘിച്ച് കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം

കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമങ്ങൾ, 1999 (കെഎംബിആർ) പ്രകാരം ഓരോ നിലയിലും 300 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കമ്മ്യൂണിറ്റി ഹാളുകൾക്ക് പ്രവേശനം നൽകുന്ന തെരുവിന്റെ ചുരുങ്ങിയ വീതി അഞ്ചുമീറ്റർ ഉണ്ടായിരിക്കണം. ആറ്റുകാലിൽ 700 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള രണ്ടു നിലയുള്ള കമ്മ്യൂണിറ്റിഹാൾ കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ 2017-19ൽ ₹95 ലക്ഷം

ചെലവിൽ രണ്ട് പദ്ധതികൾ[51] ആവിഷ്കരിച്ചു. കെഎംബിആർ അനുസരിച്ച് തെരുവിന്റെ വീതി അഞ്ച് മീറ്ററായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, കെട്ടിടത്തിലേക്കുള്ള പ്രവേശനം നൽകുന്ന തെരുവിന് (135 മീറ്റർ നീളം) മൂന്ന് മീറ്ററിൽ താഴെ മാത്രമേ വീതി ഉണ്ടായിരുന്നുള്ളൂ. ₹69.38 ലക്ഷം ചെലവഴിച്ച് കെട്ടിടത്തിന്റെ ഘടന പൂർത്തിയാക്കിയതിനുശേഷം യാതൊരു കാരണവും രേഖപ്പെടുത്താതെ കോർപ്പറേഷൻ പ്രവൃത്തി നിർത്തിവച്ചതായി (2021 മാർച്ച്) ഓഡിറ്റിൽ കണ്ടെത്തി. നിർമ്മാണം അപൂർണ്ണമാണെന്നും 700 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള രണ്ട് നിലകളിലുള്ള ഘടന മാത്രമാണ് നിർമ്മിച്ചതെന്നും സംയുക്ത ഭൗതിക പരിശോധനയിൽ (2023 ഓഗസ്റ്റ്) കണ്ടെത്തി. കെട്ടിടം പൂർത്തിയാക്കാത്തത് ₹69.38 ലക്ഷത്തിന്റെ നിഷ്ഫല ചെലവിന് ഇടയാക്കി. നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഉത്തരവാദിത്തമുള്ള അതോറിറ്റി തന്നെ നിയമങ്ങൾ ലംഘിക്കുന്നത്, സർക്കാർ പുറപ്പെടുവിച്ച നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിലുള്ള അവഗണനയെ സൂചിപ്പിക്കുന്നു.

സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായതായും, കെട്ടിടത്തിന്റെ താഴത്തെ നില അംഗൻവാടി/ജിമ്മിനായി ഉദ്ദേശിക്കുന്നതായും ഒന്നാം നില ഹോമിയോ ഡിസ്പെൻസറിയായി പ്രവർത്തിക്കുന്നതായും സർക്കാർ അറിയിച്ചു (2024 നവംബർ).

എന്നാൽ 2024 നവംബർ 29ന് കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ സർക്കാർ അവകാശപ്പെടുന്നതുപോലെ സിവിൽ/ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായിട്ടില്ലെന്നും ഹോമിയോ ഡിസ്പെൻസറി പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ലെന്നും കണ്ടെത്തിയതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, കോർപ്പറേഷന്റെ കെഎംബിആർ ലംഘനത്തെക്കുറിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല.

5.9.3 വാണിജ്യ/ഓഫീസ് കെട്ടിടങ്ങളുടെ പൂർത്തീകരണത്തിലെ അമിതമായ കാലതാമസം

അനുയോജ്യമല്ലാത്ത സ്ഥലം തിരഞ്ഞെടുക്കുന്നതും തെറ്റായതോ അപര്യാപ്തമായതോ ആയ ഡാറ്റയെ അടിസ്ഥാനമാക്കി ഡിസൈനുകൾ തയ്യാറാക്കുന്നതും ഗണ്യമായതും ഒഴിവാക്കാവുന്നതുമായ ചെലവുകൾക്കും കാലതാമസങ്ങൾക്കും ഇടയാക്കും. കൂടാതെ, കെട്ടിട നിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കേണ്ടതും ഒരു പ്രധാന ഘടകമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അശ്രദ്ധയും ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ നിർമ്മാണം ആരംഭിച്ചതും ഇത് തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്ന പോലെ വാണിജ്യ/സ്ഥാപന സംബന്ധിയായ കെട്ടിടങ്ങളുടെ പൂർത്തീകരണത്തിൽ അമിതമായ കാലതാമസം ഉണ്ടാകുന്നതിനും നിഷ്ഫലമായ ചെലവുകൾ/ഫണ്ട് തടസ്സപ്പെടൽ എന്നിവയ്ക്കും ഇടയാക്കിയെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

5.9.3.1 പാലക്കാട് മുനിസിപ്പാലിറ്റിയിൽ ഫണ്ടിന്റെ അഭാവം മൂലം അപൂർണ്ണമായി തുടരുന്ന വാണിജ്യ ഓഫീസ് കെട്ടിടങ്ങൾ

പാലക്കാട് മുനിസിപ്പാലിറ്റി വികസന ഫണ്ടിൽ നിന്നും ₹23.11 കോടി ചെലവ് കണക്കാക്കി ഏഴ് കെട്ടിടങ്ങൾ (ആറ് വാണിജ്യ കെട്ടിടങ്ങളും മുനിസിപ്പാലിറ്റി ഓഫീസിനായി ഒരു അനുബന്ധ കെട്ടിടവും) നിർമ്മിക്കുന്നതിന് ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു (2017 മെയ്). മുനിസിപ്പാലിറ്റിയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വാടക വരുമാനം ലഭിക്കുന്ന ആസ്തികൾ സൃഷ്ടിക്കുക എന്നതും ഓഫീസ് വിപുലീകരിക്കുക എന്നതും ലക്ഷ്യമായിരുന്നു. ഏഴ് പ്രവൃത്തികളും അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിക്കുകയും (2018 മാർച്ച്) നിർമ്മാണ കാലാവധി രണ്ടു വർഷമായി നിശ്ചയിച്ചുകൊണ്ട് എല്ലാ പ്രവൃത്തികൾക്കും ഒരേ ദിവസം തന്നെ (2018 മാർച്ച് 26)

---

[51] ആദ്യപദ്ധതി 2017-18ൽ ₹35 ലക്ഷം ചെലവിൽ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണത്തിനും, രണ്ടാമത്തേത് 2018-19ൽ ₹60 ലക്ഷം ചെലവിൽ ഗ്രൗണ്ട് ഫ്ലോർ പൂർത്തിയാക്കുന്നതിനും ഒന്നാം നിലയുടെ നിർമ്മാണത്തിനും ആയിരുന്നു.

മുനിസിപ്പാലിറ്റി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ, 2020 ഡിസംബറോടുകൂടി ₹14.17 കോടി ചെലവിൽ കെട്ടിടങ്ങളുടെ പുറം ഘടനയുടെ നിർമ്മാണം മാത്രമാണ് പൂർത്തിയായത്. അതിന് ശേഷം ഫണ്ടിന്റെ കുറവ് കാരണം യാതൊരു പുരോഗതിയും ഉണ്ടായില്ല. ഇതിൽ മൂന്ന് കെട്ടിടങ്ങൾ പാട്ടത്തിന് നൽകുന്നതിനായി മുനിസിപ്പാലിറ്റി ലേലം നടത്തിയെങ്കിലും (2021 ജനുവരി) ആരും ഏറ്റെടുത്തില്ല. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ ഏഴ് പ്രവൃത്തികളും ഒരുമിച്ച് ആരംഭിച്ചതിനാൽ ₹14.17 കോടി ചെലവഴിച്ച് ആറ് വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട്, ഏഴ് കെട്ടിടങ്ങളിൽ നാല് എണ്ണത്തിന്റെ നിർമ്മാണത്തിന് പ്രത്യേക സഹായ വായ്പയായി ₹20 കോടി അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണത്തിനായി ടെൻഡർ ക്ഷണിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2024 നവംബർ).

5.9.3.2 നിർമ്മാണം തുടങ്ങി 17 വർഷങ്ങൾക്ക് ശേഷവും പൂർത്തിയാകാത്ത കൊച്ചി കോർപ്പറേഷൻ ഓഫീസ് കെട്ടിടം

കൊച്ചി കോർപ്പറേഷനു വേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തി ₹18.83 കോടിയ്ക്ക് (2004 എസ്ഒആർ) 20 മാസം പൂർത്തിയാക്കൽ കാലാവധി നിശ്ചയിച്ച് ഒരു കരാറുകാരന് (സിവിൽ വർക്ക്) നൽകി (2006 ഏപ്രിൽ). പ്രസ്തുത പ്രവൃത്തിക്ക് സർക്കാർ 2006 ജൂലൈയിൽ ഭരണാനുമതി നൽകി. പ്രവൃത്തി ആരംഭിച്ചെങ്കിലും, അംഗീകൃത എസ്റ്റിമേറ്റിൽ കോർപ്പറേഷൻ കൊണ്ടു വന്ന നിരവധി വ്യത്യാസങ്ങളും തുടർന്ന് കരാറുകാരനും കോർപ്പറേഷനുമായി ഉണ്ടായ തർക്കങ്ങളും കാരണം 2008 ഏപ്രിലിൽ കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചു. ഈ കാലയളവിൽ കരാറുകാരന് ₹6.10 കോടി നൽകി. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദാക്കാൻ കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചെങ്കിലും കരാറുകാരൻ ഫയൽ ചെയ്ത പരാതിയിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാക്കി പ്രവൃത്തികളും അതേ കരാറുകാരന് തന്നെ നൽകുകയും എസ്റ്റിമേറ്റ് ₹18.70 കോടിയായി പരിഷ്കരിക്കുകയും ചെയ്തു (2015 മെയ്). പിന്നീട്, പുതുക്കിയ എസ്റ്റിമേറ്റിൽ നിരവധി വ്യതിയാനങ്ങളും കൂട്ടിച്ചേർക്കലുകളും വരുത്തുകയും ബാക്കി ജോലികൾ ചെയ്യുന്നതിനായി എസ്റ്റിമേറ്റ് വീണ്ടും ₹24.71 കോടിയായി പരിഷ്കരിക്കുകയും ചെയ്തു (2018 ജൂലൈ). ₹25.70 കോടി ചെലവഴിച്ചിട്ടും (2024 ഡിസംബർ) പ്രവൃത്തി പൂർത്തിയാകാതെ തുടരുന്നു. ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (2024 ഡിസംബർ) കെട്ടിടത്തിന്റെ അടിത്തറയിൽ 1.5 അടി ഉയരത്തിൽ വെള്ളം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വെള്ളക്കെട്ട് പരിഹരിക്കാൻ കരാറുകാരനോട് നിർദ്ദേശിച്ചെങ്കിലും (2023 ഡിസംബർ) പരിഹാര നടപടികൾ എടുത്തില്ലെന്ന് കോർപ്പറേഷൻ പ്രസ്താവിച്ചു (2024 ഡിസംബർ). ഇടക്കിടെയുള്ള എസ്റ്റിമേറ്റ് പുതുക്കൽ, ജോലിയുടെ മെല്ലെ പോക്ക്, തനത് ഫണ്ടിന്റെ അപര്യാപ്തത മുതലായവ ചെലവ് വർദ്ധിക്കുന്നതിനും 17 വർഷങ്ങൾക്ക് ശേഷവും പ്രവൃത്തി പൂർത്തിയാകാതിരിക്കുന്നതിനും കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കെട്ടിടത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും 2025 ജനുവരിയിൽ പൂർത്തിയാകുമെന്നും സർക്കാർ അറിയിച്ചു (2024 നവംബർ). എന്നാൽ, പ്രവൃത്തി ആരംഭിച്ച് 17 വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടം പൂർത്തിയാകാത്തതിനെക്കുറിച്ച് സർക്കാർ വ്യക്തമായ പരാമർശം നടത്തിയില്ല.

5.9.3.3 ഷൊർണൂർ മുനിസിപ്പാലിറ്റിയുടെ ടൗൺ ഹാൾ കെട്ടിടത്തിന്റെ നിർമ്മാണം

കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളുമുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് 2012ലെ കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന്റെ മാനുവലും പദ്ധതി രൂപീകരണ മാർഗ്ഗരേഖകളും നിർദ്ദേശിക്കുന്നു. വിശദമായ എസ്റ്റിമേറ്റിൽ വൈദ്യുതീകരണം, പ്ലംബിംഗ് എന്നിവയുള്ള മൊത്തം തുക ഉൾപ്പെടുത്തണമെന്നും ഭാഗിക നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്യരുതെന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഷൊർണൂർ മുനിസിപ്പാലിറ്റി കുളപ്പുള്ളിയിൽ ഒരു ടൗൺഹാൾ കെട്ടിടം (4000 ചതുരശ്രമീറ്റർ) നിർമ്മിക്കുന്നതിനും അത് പൂർത്തിയാക്കുന്നതിനുമായി യഥാക്രമം 2015-16ലും 2021-22ലും ആയി ആകെ ₹2.47 കോടി ചെലവുള്ള രണ്ടു പദ്ധതികൾക്ക് രൂപം നൽകി. എന്നാൽ, കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്താതെയാണ് രണ്ടു പദ്ധതികളും രൂപീകരിച്ചത്. ആദ്യ പദ്ധതിയിൽ ₹97.20 ലക്ഷത്തിന് ഇരുനില ടൗൺ ഹാൾ കെട്ടിടത്തിന്റെ ഒരു ഭാഗത്തിന്റെ തുറന്ന ഘടന[52] യുടെ നിർമ്മാണം മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ, രണ്ടാമത്തെ പദ്ധതിയിൽ പ്ലാസ്റ്ററിംഗ്, തറയിടൽ, പെയിന്റിംഗ്, പ്ലംബിംഗ്, വൈദ്യുതീകരണം, എന്നീ ഫിനിഷിംഗ് ജോലികൾ ഉൾപ്പെടുത്താതെ, ₹1.50 കോടി ചെലവിൽ കെട്ടിടത്തിന്റെ ഘടന, ചുവരുകൾ, ഷീറ്റ് മേൽക്കൂര എന്നിവ നിർമ്മിക്കുന്നതിനായിരുന്നു രൂപം നൽകിയത്. ₹2.47 കോടി ചെലവഴിച്ചെങ്കിലും കെട്ടിടത്തിന്റെ ഭാഗികമായ ഘടനമാത്രം നിർമ്മിക്കാനേ മുൻസിപ്പാലിറ്റിയക്ക് ഇതുവരെ (2023 നവംബർ) സാധിച്ചിട്ടുള്ളൂ. ഫണ്ടിന്റെ അഭാവമാണ് കാലതാമസത്തിന് കാരണമെന്ന് മുനിസിപ്പാലിറ്റി മറുപടി നല്കി. ആസൂത്രണ ഘട്ടത്തിൽ തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാത്തതും ഫണ്ടിന്റെ ആവശ്യകത ഉറപ്പാക്കാത്തതും കാരണം നിർമ്മാണം ആരംഭിച്ച് എട്ട് വർഷം കഴിഞ്ഞിട്ടും കെട്ടിടം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഫണ്ടിന്റെ അഭാവം കാരണം മുനിസിപ്പാലിറ്റി കെട്ടിടം ഘട്ടംഘട്ടമായി നിർമ്മിച്ചുവെന്നും 2024-25ൽ നിർമ്മാണം പൂർത്തിയാക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

5.9.4 കരാറിന്റെ ഭാഗമായ അവശ്യ ഘടകങ്ങൾ നിർവ്വഹിക്കാതിരിക്കൽ

ഗ്യാസ് ശ്മശാന നിർമ്മാണത്തിനായുള്ള രണ്ട് പദ്ധതികളിൽ, സിവിൽ ജോലികൾ പൂർത്തിയായെങ്കിലും കരാറുകളുടെ ഭാഗമായ ഗ്യാസ് ശ്മശാനം സ്ഥാപിക്കാത്തതിനാൽ, സൃഷ്ടിക്കപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമാകുന്നതിനും, പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും, **പട്ടിക 5.3ൽ** നൽകിയിരിക്കുന്നപോലെ ₹44.48 ലക്ഷത്തിന്റെ നിഷ്ഫല ചെലവിനും കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു.

പട്ടിക 5.3 : ശ്മശാന കെട്ടിടങ്ങളിലെ അവശ്യഘടകങ്ങൾ പൂർത്തീകരിക്കാത്തത്

ക്രമ നമ്പർ	നഗര തദ്ദേശ സ്ഥാപനത്തിന്റെ പേര്	കെട്ടിടം നിർമിച്ച വർഷം	ചെലവ്	അഭിപ്രായങ്ങൾ
1.	തിരുവനന്തപുരം കോർപ്പറേഷൻ (കാഞ്ഞിരംപാറ)	2022 ജനുവരി	₹17.88 ലക്ഷം	കണ്ടെത്തിയ സ്ഥലം ജന സാന്ദ്രതയുള്ള ഒരു പട്ടിക ജാതി സെറ്റിൽമെന്റ് ആയിരുന്നു. അവിടെ നേരത്തെ തന്നെ ഒരു പരമ്പരാഗത ശ്മശാനം ഉണ്ടായിരുന്നു. പുറത്തുനിന്നുള്ളവർ ശ്മശാനം ഉപയോഗിക്കുന്നതിനെതിരെ സെറ്റിൽമെന്റ് നിവാസികൾ പ്രതിഷേധിച്ചു. തെറ്റായ സ്ഥലം കണ്ടെത്തിയത് പദ്ധതി ഉപേക്ഷിക്കുന്നതിലേക്ക് നയിച്ചു.
2.	വടക്കാഞ്ചേരി നഗരസഭ (എങ്കക്കാട്)	2015 ഫെബ്രുവരി	₹26.60 ലക്ഷം	ശ്മശാനം സ്ഥാപിക്കൽ ഉൾപ്പെടെയുള്ള സിവിൽ ജോലികൾ (₹26.60 ലക്ഷം) മെസ്സേർസ്. കോസ്റ്റ്ഫോർഡിനെ ഏൽപ്പിച്ചെങ്കിലും കെട്ടിട നിർമ്മാണം മാത്രമേ (ഫിനിഷിംഗ് ജോലികൾ ഒഴികെ) പൂർത്തി ആയിട്ടുള്ളൂ. പദ്ധതി പൂർത്തീകരിക്കുവാനായി യുഎൽബി ഒരു നടപടിയും എടുത്തില്ല.

(ഉറവിടം : മുനിസിപ്പാലിറ്റി നൽകിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)

[52] മേൽക്കൂര, ചുവരുകൾ, പ്ലാസ്റ്ററിംഗ്, തറയിടൽ, പെയിന്റിംഗ്, വൈദ്യുതീകരണം എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല

എങ്കക്കാട്ടിൽ പ്രവൃത്തി സ്ഥലത്ത് കുഴിച്ച കുഴൽ കിണറുകളിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ ഗ്യാസ് ശ്മശാനത്തിന്റെ ജോലി നിർത്തിവച്ചതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ആവശ്യമായ ജലം ലഭ്യമാക്കിയശേഷം ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുമെന്നും പ്രസ്താവിച്ചു. കാഞ്ഞിരംപാറയിലെ ശ്മശാനത്തിലെ നിർമ്മാണം ഉപേക്ഷിച്ചതായും സർക്കാർ പ്രസ്താവിച്ചു.

ശ്മശാനങ്ങൾക്കുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിന് മുൻപ് സാധ്യതാ പഠനങ്ങൾ നടത്തിയിട്ടില്ലായെന്ന് മറുപടി സൂചിപ്പിക്കുന്നു.

5.9.5 ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കാതെ കെട്ടിടങ്ങൾ നിർമ്മിച്ചത്

ടെൻഡർ ക്ഷണിക്കുന്നതിന് മുമ്പ് തടസ്സമില്ലാത്ത ഭൂമി കൈവശമുണ്ടെന്ന് നൂറ് ശതമാനം ഉറപ്പാക്കേണ്ടതാണെന്ന് കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് മാനുവൽ വ്യവസ്ഥ ചെയ്യുന്നു. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണെന്ന് ഉറപ്പാക്കേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഉത്തരവാദിത്തവുമാണ്. എന്നാൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (ടിഎംസി) തടസ്സരഹിത ഭൂമി കൈവശമുണ്ടെന്ന് ഉറപ്പാക്കാതെ കെട്ടിടങ്ങൾ നിർമ്മിച്ചു. തൽഫലമായി താഴെ വിശദീകരിച്ചിരിക്കുന്നത് പോലെ പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിക്കാതിരിക്കുകയും ഫണ്ടുകൾ തടസ്സപ്പെട്ടിരിക്കുകയും ചെയ്യുന്നു:

5.9.5.1 സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് കൊണ്ടുള്ള കെട്ടിട നിർമ്മാണം

വിദ്യാഭ്യാസ ആവശ്യങ്ങൾക്കല്ലാതെ മറ്റൊരു ആവശ്യത്തിനും സ്കൂൾ കെട്ടിടങ്ങളും പരിസരവും ഉപയോഗിക്കരുതെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു (2002 ജൂൺ). കൂടാതെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി ന്യായത്തിന്റെ[53] അടിസ്ഥാനത്തിൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൂമിയിൽ ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഒരു കെട്ടിടവും നിർമ്മിക്കരുതെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകി. സർക്കാർ ഉത്തരവുകൾ ലംഘിച്ചും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി വാങ്ങാതെയും (2018-19ലും 2020-21ലും) നെടുംകാട് യുപി സ്കൂൾ കളിസ്ഥലത്ത് മൾട്ടിജിം, വാർഡ് കമ്മിറ്റി ഓഫീസ്, അക്ഷയ സെന്റർ എന്നിവയ്ക്കായി ₹26.91 ലക്ഷം ചെലവിൽ ഒരു ഇരുനില കെട്ടിടം ടിഎംസി നിർമ്മിച്ചു. മൾട്ടി ജിമ്മിൽ ടിഎംസി വിവിധ ഉപകരണങ്ങളും സ്ഥാപിച്ചു. എന്നാൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് നിർമ്മാണത്തിനുള്ള അനുമതി/അംഗീകാരം നേടാൻ ടിഎംസിക്ക് കഴിയാത്തതിനാൽ കെട്ടിടം ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. സർക്കാർ ഉത്തരവുകൾ ലംഘിച്ച് കെട്ടിടം നിർമ്മിച്ചതിനാൽ ₹26.91 ലക്ഷത്തിന്റെ ഫണ്ടുകൾ തടസ്സപ്പെട്ടു കിടക്കുന്നതിന് ഇടയാക്കി.

5.9.5.2 ഒരു സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ നിർമ്മാണം

കഴക്കൂട്ടം റൂറൽ ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ[54] ഉടമസ്ഥതയിലുള്ള സ്ഥലത്ത് വികസന ഫണ്ടിൽ (പ്രത്യേക ഘടക പദ്ധതി) നിന്ന് ₹22.33 ലക്ഷം ചെലവഴിച്ച് ടിഎംസി ഒരു കെട്ടിടം നിർമ്മിച്ചു (2020 ജൂൺ). ഭൂമി/കെട്ടിടത്തിൻമേൽ ടിഎംസിക്ക് യാതൊരു ഉടമസ്ഥാവകാശവുമില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിൽ ടിഎംസിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുണ്ടായ വീഴ്ച ഒരു സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടനിർമ്മാണത്തിന് ഇടയാക്കി. ഭൂമിയുടെ ഉടമസ്ഥാവകാശം ടിഎംസിക്ക് കൈമാറിക്കിട്ടുമെന്ന് മറുപടി നൽകിയെങ്കിലും (2022 ജൂലൈ) അത് യാഥാർത്ഥ്യമായില്ല (2024 ഡിസംബർ).

---

[53] 2018 നവംബർ 27

[54] കഴക്കൂട്ടം റൂറൽ ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 1969ലെ കേരള സഹകരണസംഘം നിയമത്തിലെ സെക്ഷൻ 8 പ്രകാരം ഒരു സഹകരണ സംഘമായി 1986 ഒക്ടോബർ 24ന് രജിസ്റ്റർ ചെയ്യുകയും, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു

നിർമ്മാണം പൂർത്തിയായ ശേഷം ഭൂമി ടിഎംസിക്ക് കൈമാറും എന്ന സത്യവാങ്മൂലം നൽകിയാണ് പ്രവൃത്തി ആരംഭിച്ചതെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

ടിഎംസിക്ക് ഭൂമി കൈമാറുന്നതിന് മുമ്പ് കെട്ടിടം നിർമ്മിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല. കൂടാതെ, നിർമ്മാണം കഴിഞ്ഞ് നാല് വർഷമായിട്ടും ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യാത്തതിന്റെ കാരണത്തെക്കുറിച്ച് മറുപടി നിശബ്ദമാണ്. റവന്യൂ രേഖകൾ പ്രകാരം, ഭൂമിയുടെ ഉടമസ്ഥാവകാശം കഴക്കൂട്ടം റൂറൽ ഹരിജൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡന്റിന്റെ പേരിൽ നിലനിൽക്കുന്നു (2024 ഡിസംബർ).

ശിപാർശകൾ

ഭൂമി വാങ്ങുന്നതിന് മുമ്പ്, അത് ഉദ്ദേശിച്ച ആവശ്യത്തിന് അനുയോജ്യമാണോ എന്ന് യുഎൽബികൾ ഉറപ്പ് വരുത്തണമെന്ന് സർക്കാർ നിഷ്കർഷിക്കേണ്ടതാണ്.

കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ യുഎൽബികൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.

5.10 ആസ്തികളുടെ ഉപയോഗവും പരിപാലനവും

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനായുള്ള സേവനം പ്രദാനം ചെയ്യുന്നതിനായി യുഎൽബികൾ ആസ്തികൾ, പ്രത്യേകിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചു. ആസ്തികളുടെ ശരിയായ ഉപയോഗം ജനങ്ങളുടെ ജീവിതത്തിലും ഉപജീവന മാർഗ്ഗത്തിലും ഗണ്യമായ സ്വാധീനം ഉറപ്പ് വരുത്തുന്നു. 2017ലെ എഎം മാനുവൽ അനുസരിച്ച്, ആസ്തികളുടെ ശരിയായ ഉപയോഗവും പരിപാലനവും ഉറപ്പാക്കേണ്ടത് സെക്രട്ടറിയുടെ/ആസ്തികളുടെ സംരക്ഷകന്റെ ഉത്തരവാദിത്തമാണ്. കൂടാതെ, ഓരോ ആസ്തിയുടെയും ഉപയോഗക്ഷമതയും മൂല്യവും നിലനിർത്തുന്നതിനായി അവ സംരക്ഷിക്കുകയും പുനസ്ഥാപിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതും അവരുടെ ഉത്തരവാദിത്തമാണ്. ഓഡിറ്റ് തിരഞ്ഞെടുത്ത യുഎൽബികളിലെ കെട്ടിടങ്ങളും മറ്റ് ആസ്തികളും പരിശോധിച്ചപ്പോൾ, താഴെപ്പറയുന്ന ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നത് പോലെ ₹29.19 കോടി ചെലവിൽ നിർമ്മിച്ച/നവീകരിച്ച ആസ്തികൾ നിഷ്ക്രിയമായികിടക്കുകയാണെന്ന് കണ്ടെത്തി. അതുവഴി അവ സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം പരാജയപ്പെട്ടു.

5.10.1 സ്ത്രീ ശാക്തീകരണത്തിനായി നിർമ്മിച്ച ആസ്തികളുടെ നിഷ്ക്രിയ അവസ്ഥ

സ്ത്രീ ശാക്തീകരണം ഉറപ്പാക്കുന്നതിന് വികസന ഫണ്ടിന്റെ 10 ശതമാനം നിർബന്ധമായും നീക്കിവയ്ക്കണമെന്ന് പദ്ധതി രൂപീകരണവും സബ്സിഡിയും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. ഈ നിർബന്ധിത വ്യവസ്ഥ നിറവേറ്റുന്നതിനായി പരിശോധന നടത്തിയ യുഎൽബികൾ പദ്ധതികളുടെ സാധ്യത, പ്രവർത്തനരീതി മുതലായവ വിലയിരുത്താതെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ രൂപീകരിച്ചതിന്റെ ഫലമായി തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ ₹12.12 കോടി മൂല്യമുള്ള ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

5.10.1.1 ഷീ ലോഡ്ജുകൾ/വനിതാ ഹോസ്റ്റലുകൾ

യാത്ര ചെയ്യുന്ന സ്ത്രീകൾക്ക്, പ്രത്യേകിച്ച് രാത്രിയിൽ, ന്യായമായ ദിവസ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഷീ ലോഡ്ജുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്താൻ 2018ലെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ യുഎൽബികളോട് നിർദ്ദേശിച്ചു. കൂടാതെ, വനിതാ ഹോസ്റ്റലുകൾ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും പ്രതിമാസ/ദിവസ നിരക്കിൽ താമസ സൗകര്യം

ഒരുക്കുന്നതിനാണ് ലക്ഷ്യമിട്ടത്. പരിശോധന നടത്തിയ നാല്[55] യുഎൽബികൾ നിർമ്മിച്ച ഒൻപത് ഷീ ലോഡ്ജുകൾ/വനിതാ ഹോസ്റ്റലുകളിൽ ₹7.19 കോടി ചെലവിൽ നിർമ്മിച്ച അഞ്ചെണ്ണം നിർമ്മാണം പൂർത്തിയായതു മുതൽ (2019-2022) പ്രവർത്തനരഹിതമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 5.3ൽ** നൽകിയിരിക്കുന്നു. പരിശോധന നടത്തിയ യുഎൽബികൾ ഷീലോഡ്ജുകളുടെയും വനിതാഹോസ്റ്റലുകളുടെയും ദൈനംദിന നടത്തിപ്പ് ഉറപ്പാക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കുകയോ എന്തെങ്കിലും പരിപാടികൾക്ക് രൂപം നൽകുകയോ ചെയ്തിട്ടില്ലെന്നും, അതിനാൽ പ്രസ്തുത കെട്ടിടങ്ങൾ പ്രവർത്തനരഹിതമാകുന്നതിനും യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് ന്യായമായ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം നൽകുകയെന്ന ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു. (2024 നവംബർ).

5.10.1.2 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ ഉപയോഗിക്കാതിരിക്കൽ

വനിതാ സംരംഭകർക്ക് വ്യാവസായിക ഉത്പാദനം/ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്ക് സൗകര്യമൊരുക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ. ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികൾ നിർമ്മിച്ച 22 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങളിൽ ആറ് യുഎൽബികൾ നിർമ്മിച്ച 11 വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ നിർമ്മാണ തീയതി മുതൽ ഉദ്ദേശിച്ച ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ലെന്നും തൽഫലമായി ₹3.23 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായതായും കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 5.4ൽ** നൽകിയിരിക്കുന്നു. പ്രസ്തുത കെട്ടിടങ്ങൾ, നിർമ്മിച്ച ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്തതിന് മതിയായ കാരണങ്ങൾ യുഎൽബികൾ നല്കിയില്ല.

കെട്ടിടങ്ങൾ ഉദ്ദേശിച്ച ആവശ്യത്തിനായി ഉപയോഗപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (നവംബർ 2024).

5.10.1.3 സ്ത്രീകൾക്കായുള്ള വിശ്രമ മുറികളും സ്ത്രീ സൗഹൃദ കേന്ദ്രങ്ങളും

ഓഫീസുകൾ, ആശുപത്രികൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ത്രീകൾക്കായി വിശ്രമ മുറികളും സ്ത്രീസൗഹൃദ കേന്ദ്രങ്ങളും നിർമ്മിക്കാൻ പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നു. 2017-18 മുതൽ 2020-21 വരെ ₹1.37 കോടി ചെലവിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ നിർമ്മിച്ച ഏഴ് സ്ത്രീ വിശ്രമ മുറികൾ/സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ ഓഡിറ്റ് പരിശോധിക്കുകയും അവയെല്ലാം ഇന്നു വരെ (2023 ഓഗസ്റ്റ്) ഉപയോഗിക്കാതെ കിടക്കുന്നതായും കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 5.5ൽ** നൽകിയിരിക്കുന്നു. ഈ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതിയ്ക്കും യുഎൽബികൾ ഇതുവരെ രൂപം നൽകിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കൂടാതെ, തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസ് വളപ്പിൽ ₹29.84 ലക്ഷം ചെലവഴിച്ച്, മുലയൂട്ടൽ മുറി, ശുചിമുറി, കാത്തിരിപ്പ് മുറികൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടി നിർമ്മിച്ച (2021 ഡിസംബർ) ഒരു സ്ത്രീസൗഹൃദ കേന്ദ്രം കോർപ്പറേഷന്റെ ആരോഗ്യ വിഭാഗത്തിന്റെ ഓഫീസായി ഉപയോഗിച്ചുവരുന്നു.

പ്രവർത്തിക്കാത്ത വനിതാ വിശ്രമ കേന്ദ്രങ്ങൾ പരിശോധിക്കുമെന്നും അവ പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). എന്നാൽ, തിരുവനന്തപുരം കോർപ്പറേഷനിൽ വനിതാ സൗഹൃദകേന്ദ്രം ഓഫീസായി ഉപയോഗിക്കുന്നതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

---

55 തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളും, കൽപ്പറ്റ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികളും

5.10.1.4 സ്ത്രീകൾക്കായി വിനോദ കേന്ദ്രങ്ങൾ/ഹെൽത്ത് ക്ലബ്/ജിം

സ്ത്രീകളിലെ ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിന് പതിവായി വ്യായാമം ഉറപ്പാക്കാൻ യുഎൽബികൾ സ്ത്രീകൾക്കായി ഫിറ്റ്നസ് സെന്ററുകൾ നിർമ്മിക്കണമെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നു. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകൾ സ്ത്രീകൾക്കായി മൾട്ടി ജിം/വിനോദ കേന്ദ്രങ്ങൾ എന്നിവ നിർമ്മിച്ചെങ്കിലും താഴെ വിശദമാക്കിയിരിക്കുന്നതുപോലെ അവ ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- കൊച്ചി കോർപ്പറേഷൻ, കൽവത്തി ഉരുത്തി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിൽ ഒരു ലേഡീസ് ഹെൽത്ത് ക്ലബ് നിർമ്മിച്ചു. ജിമ്മിൽ വിവിധ ഉപകരണങ്ങളും[56], ശുചിമുറി, വസ്ത്രം മാറുന്നതിനുള്ള മുറി, സ്വീകരണ സ്ഥലം എന്നീ അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ജിം ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല (2024 മേയ്).
- തിരുവനന്തപുരം കോർപ്പറേഷൻ, പൊന്നുമംഗലം വാർഡിൽ വനിതാ ജിം സ്ഥാപിക്കുന്നതിനായി ഒരു കെട്ടിടം നിർമ്മിച്ചു[57] (2020 മാർച്ച്). എന്നാൽ, ജിം ഉപകരണങ്ങളും വൈദ്യുതി കണക്ഷനും ലഭ്യമാക്കാത്തതിനാൽ ജിം പ്രവർത്തനരഹിതമാണ് (2024 മെയ്).
- തൃശ്ശൂർ കോർപ്പറേഷൻ 15 വർഷമായി വെറുതെ കിടന്നിരുന്ന ഒരു വ്യവസായ യൂണിറ്റിനെ ₹2.58 ലക്ഷം ചെലവഴിച്ച് സ്ത്രീകൾക്കായുള്ള ഒരു വിനോദ കേന്ദ്രമാക്കി മാറ്റി (2020 ഒക്ടോബർ). എന്നാൽ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ കെട്ടിടം ഉപയോഗിച്ചു തുടങ്ങാനായിട്ടില്ല (2023 ജൂലൈ).

കൊച്ചി കോർപ്പറേഷനിലെ ലേഡീസ് ഹെൽത്ത് ക്ലബിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും നവംബർ രണ്ടാം വാരം മുതൽ ജിം പ്രവർത്തനം ആരംഭിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

2024 നവംബർ 27ന് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലെന്നും ജിം പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും കണ്ടെത്തിയതിനാൽ മറുപടി സ്വീകാര്യമല്ല.

തിരുവനന്തപുരത്ത് വനിതാ വിനോദകേന്ദ്രത്തിൽ വൈദ്യുതി, ജല കണക്ഷനുകൾ ലഭ്യമാക്കുമെന്നും കെട്ടിടം എത്രയും വേഗം പ്രവർത്തനക്ഷമമാക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

5.10.2 വൃദ്ധരുടെയും കുട്ടികളുടെയും ക്ഷേമത്തിനായി സൃഷ്ടിച്ച ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നത്

പദ്ധതി രൂപീകരണവും സബ്സിഡിയും മാർഗ്ഗരേഖ പ്രകാരം, വികസനഫണ്ടിന്റെ അഞ്ച് ശതമാനം വീതം കുട്ടികളുടെയും വൃദ്ധരുടെയും ക്ഷേമത്തിനായി നിർബന്ധമായും നീക്കിവയ്ക്കണം. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹1.33 കോടി ചെലവിൽ പരിശോധന നടത്തിയ മൂന്ന് യുഎൽബികൾ നിർമ്മിച്ച/നവീകരിച്ച 12 പകൽ വീട്[58]/വയോജന വിനോദ കേന്ദ്രങ്ങളും കൊച്ചി കോർപ്പറേഷൻ നിർമ്മിച്ച രണ്ട് ബഡ്സ്[59] സ്കൂളുകളും[60] ഉപയോഗിക്കാതെ കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു (2023

---

[56] കെട്ടിട നിർമ്മാണത്തിന്റെയും ജിമ്മിലേക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങിയതിന്റെയും വിശദാംശങ്ങൾ കോർപ്പറേഷൻ ലഭ്യമാക്കിയില്ല.

[57] കെട്ടിട നിർമ്മാണത്തിന്റെ വിശദാംശങ്ങൾ കോർപ്പറേഷൻ ലഭ്യമാക്കിയില്ല

[58] തൃശ്ശൂർ കോർപ്പറേഷൻ (അഞ്ച് എണ്ണം) – ₹28.84 ലക്ഷം (രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണചെലവ് ലഭ്യമല്ല), കൊച്ചി കോർപ്പറേഷൻ (ആറ് എണ്ണം) – ₹64.59 ലക്ഷം, കളമശ്ശേരി മുനിസിപ്പാലിറ്റി – ₹12.33 ലക്ഷം

[59] മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ആളുകളെ സ്വാശ്രയത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുമുള്ള പദ്ധതിയാണ് ബഡ്സ്

[60] കൊച്ചി കോർപ്പറേഷനിലെ ഡിവിഷൻ 16 (2022-23) ഉം ഡിവിഷൻ 24 (2022-23) ഉം (2 എണ്ണം) – ₹26.83 ലക്ഷം

ഓഗസ്റ്റ്). 14 പകൽവീട്/ബഡ്സ് സ്കൂൾ കെട്ടിടങ്ങളിൽ, ഒമ്പത് കെട്ടിടങ്ങളിൽ വൈദ്യുതി, ജലവിതരണം, കസേരകൾ, മേശകൾ, കട്ടിലുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ദീർഘവീക്ഷണമില്ലാതെയും പ്രായോഗികത ഉറപ്പാക്കാതെയും പദ്ധതികൾക്ക് രൂപം നൽകിയതിനാൽ വൃദ്ധരുടെയും കുട്ടികളുടെയും ക്ഷേമത്തിനായി നിർമ്മിച്ച ആസ്തികൾ ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

കൊച്ചി കോർപ്പറേഷനിലെ ഒൻപത് പകൽവീട്/ബഡ്സ് സ്കൂളുകളിൽ നാല് സ്ഥാപനങ്ങൾ (രണ്ട് പകൽവീടും രണ്ട് ബഡ്സ് സ്കൂളും) എത്രയും വേഗം പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരികയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). എന്നാൽ കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിലും കളമശ്ശേരി മുനിസിപ്പാലിറ്റിയിലും ശേഷിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

5.10.3 ഗ്യാസ് ശ്മശാനങ്ങൾ ഉപയോഗിക്കാതിരിക്കൽ

കേരള മുനിസിപ്പാലിറ്റി ആക്ട് അനുസരിച്ച് ശ്മശാനങ്ങൾ/ശവദാഹ സ്ഥലങ്ങൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും യുഎൽബികളുടെ നിർബന്ധിത പ്രവർത്തനങ്ങളിൽ ഒന്നാണ്. എന്നാൽ, ഓഡിറ്റ് പരിശോധന നടത്തിയ നാല് യുഎൽബികളിൽ[61] 2012-13 മുതൽ 2019-20 വരെയുള്ള കാലയളവിൽ ₹55.46 ലക്ഷം[62] ചെലവിൽ നിർമ്മിച്ച അഞ്ച് ഗ്യാസ് ശ്മശാനങ്ങൾ അറ്റകുറ്റപ്പണികളുടെ അഭാവം, പൊതുജന പ്രതിഷേധം, ത്രീഫേസ് വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ഇല്ലാത്തത് തുടങ്ങിയവ കാരണം ഉപയോഗശൂന്യമായി കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 5.6ൽ** നൽകിയിരിക്കുന്നു. ശ്മശാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലും സമയബന്ധിതമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/യുഎൽബികൾ കാണിച്ച അശ്രദ്ധകാരണം ₹55.46 ലക്ഷത്തിന്റെ നിഷ്ഫല ചെലവ് ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു.

അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ശ്മശാനം പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

5.10.4 മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് ഷോപ്പ് കെട്ടിടങ്ങൾ

പൊതുജനങ്ങൾക്കു ന്യായമായ നിരക്കിൽ വാണിജ്യ സൗകര്യങ്ങൾ നൽകുന്നതിനായി യുഎൽബികൾ ഷോപ്പിംഗ് കോംപ്ലക്സുകൾ, പൊതു മാർക്കറ്റുകൾ മുതലായവ നിർമ്മിക്കുന്നു. സ്ഥാപന, പ്രവർത്തന ചെലവുകൾ നിറവേറ്റുന്നതിനായി യുഎൽബികൾ ഈ പൊതു സൗകര്യങ്ങളിൽ നിന്ന് വാടക ഈടാക്കുന്നു. ഇത് യുഎൽബികളുടെ തനത് വരുമാനവും സേവന വിതരണ ശേഷിയും വർദ്ധിപ്പിക്കുന്നു.

തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുന്നതു പോലെ, ആസ്തികളുടെ വിനിയോഗത്തിൽ വിവിധ പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

5.10.4.1 നിഷ്ക്രിയമായ ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ

കേരള തീരദേശ വികസന കോർപ്പറേഷന്റെ (കെസിഎഡിസി) സഹായത്തോടെ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ ₹4.87 കോടി ചെലവിൽ രണ്ട് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചു. ലേല ഹാളുകൾ, ചില്ലർ/ഫ്രീസർ മുറികൾ, മാലിന്യ സംസ്കരണ സൗകര്യം തുടങ്ങിയവയോടുകൂടിയ ശുചിത്വമുള്ള ആധുനിക മത്സ്യവിൽപ്പന കേന്ദ്രങ്ങൾ (മൊത്ത വ്യാപാരവും ചില്ലറ വ്യാപാരവും) ലഭ്യമാക്കുക എന്നതാണ് മാർക്കറ്റുകൾ നിർമ്മിച്ചതിലൂടെ വിഭാവനം ചെയ്തത്. എന്നാൽ മാർക്കറ്റ് സ്റ്റാളുകൾ

[61] കൊച്ചി കോർപ്പറേഷനും പാലക്കാട്, പട്ടാമ്പി, വടക്കാഞ്ചേരി മുനിസിപ്പാലിറ്റികളും

[62] മൂന്ന് ഗ്യാസ് ശ്മശാനങ്ങളുടെ നിർമ്മാണ ചെലവ് ലഭ്യമാക്കിയിട്ടില്ല

സാധാരണ യൂസർ ഫീസ് ഈടാക്കി വാടകയക്ക് നൽകേണ്ടതായിരുന്നു. ഈ ആധുനിക മത്സ്യമാർക്കറ്റുകൾ ഇന്നു വരെ (2024 ഡിസംബർ) ഉപയോഗിക്കാതെ കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 5.4ൽ** നൽകിയിരിക്കുന്നു:

പട്ടിക 5.4 : നിഷ്ക്രിയമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	യുഎൽബി	നിർമ്മാണ ചെലവ്	നിർമ്മിച്ച വർഷം	ലഭ്യമാക്കിയ സൗകര്യങ്ങൾ	അഭിപ്രായങ്ങൾ
1	തിരുവനന്തപുരം കോർപ്പറേഷൻ (പാങ്ങോട്)	₹2.61 കോടി	2020 മേയ്	50 കടമുറികൾ ഉള്ള രണ്ടു നില മാർക്കറ്റ് കെട്ടിടം	മാർക്കറ്റ് പരിസരത്തെ അനധികൃത മത്സ്യ വ്യാപാരം നിർത്തലാക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി കോർപ്പറേഷനോട് നിർദേശിച്ചിരുന്നുവെങ്കിലും (2010 മാർച്ച്), പരിസരത്തെ അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കാൻ കോർപ്പറേഷൻ ഒരു നടപടിയും എടുത്തില്ല.
2	കൊച്ചി കോർപ്പറേഷൻ (പള്ളുരുത്തി)	₹2.26 കോടി	2014	49 സ്റ്റാളുകൾ ഉള്ള രണ്ടു നില മാർക്കറ്റ് കെട്ടിടം	വൈദ്യുതി, ജല കണക്ഷനുകൾ ലഭ്യമായിരുന്നില്ല. മാർക്കറ്റ് സ്റ്റാളുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കാൻ ഉപയോഗിച്ചിരുന്നു. മാലിന്യ സംസ്കരണ സൗകര്യം അനിവാര്യമായിരുന്നെങ്കിലും ലഭ്യമാക്കിയിരുന്നില്ല.

(ഉറവിടം : യുഎൽബികൾ നല്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)

നിർമ്മാണം പൂർത്തിയായി മൂന്ന് മുതൽ ഒൻപത് വർഷം വരെ കഴിഞ്ഞിട്ടും മാർക്കറ്റുകൾ പ്രവർത്തനക്ഷമമാക്കാത്തതിന് ഒരു കാരണവും കോർപ്പറേഷനുകൾ നൽകിയിട്ടില്ല. കടകൾ വാടകയ്ക്ക് നൽകുന്നതിനായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ലേലം നടത്തിയെങ്കിലും (2020 ഓഗസ്റ്റ്) ആരും ഏറ്റെടുത്തില്ല. മാർക്കറ്റുകളുടെ പ്രവർത്തനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ കോർപ്പറേഷനുകൾ കാണിച്ച അനാസ്ഥയും അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കാത്തതും മാർക്കറ്റുകൾ ഉപയോഗിക്കാതിരിക്കുന്നതിനും ₹4.87 കോടിയുടെ നിഷ്ഫലമായ ചെലവിനും ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

പാങ്ങോട് മാർക്കറ്റിന്റെ കാര്യത്തിൽ, മൂന്ന് തവണ ടെൻഡർ നടത്തിയിട്ടും മാർക്കറ്റ് സ്റ്റാളുകൾ ഏറ്റെടുക്കാൻ ആരും മുന്നോട്ട് വന്നില്ലെന്ന് സർക്കാർ അറിയിച്ചു. അതിനാൽ തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. പള്ളുരുത്തി മാർക്കറ്റിനെ സംബന്ധിച്ച്, വെള്ളം, വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അറിയിച്ചു.

സർക്കാർ മറുപടി ഓഡിറ്റ് കണ്ടെത്തലുകൾ ശരിവയ്ക്കുന്നുണ്ടെങ്കിലും, പാങ്ങോട് മാർക്കറ്റ് പരിസരത്ത് പ്രവർത്തിക്കുന്ന അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

5.10.4.2 നിഷ്ക്രിയമായ ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റ് ഷോപ്പ് കെട്ടിടങ്ങൾ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും സാമ്പത്തിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുന്നതിലൂടെയും ഷോപ്പിംഗ് കോംപ്ലക്സുകൾ സമൂഹത്തിന് പ്രയോജനം ചെയ്യുന്നത് കൂടാതെ ജനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് സൗകര്യപ്രദമായ ഒരു സ്ഥലം ഒരുക്കുകയും ചെയ്യുന്നു. ഷോപ്പിംഗ് കോംപ്ലക്സുകൾ യുഎൽബികൾക്കു ഒരു വരുമാന സ്രോതസ്സ് കൂടിയാണ്. തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകളിലെ നാല് ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റ് ഷോപ്പ് കെട്ടിടങ്ങളുടെ നടത്തിപ്പിൽ നിരവധി വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ വീഴ്ചകളുടെ ഫലമായി ഓഡിറ്റ് കാലയളവിൽ നിർമ്മിച്ച/നവീകരിച്ച ഷോപ്പിംഗ് കോംപ്ലക്സുകൾ നിഷ്ക്രിയമാകുന്നതിനും, യുഎൽബികൾക്ക് വരുമാന നഷ്ടം ഉണ്ടാകുന്നതിനും, ₹2.90 കോടിയുടെ നിഷ്ഫല ചെലവിനും കാരണമായി. വിശദാംശങ്ങൾ **പട്ടിക 5.5ൽ** നല്കിയിരിക്കുന്നു.

പട്ടിക 5.5: നിഷ്ക്രിയമായ ഷോപ്പിംഗ് കോംപ്ലക്സുകളുടെ/മാർക്കറ്റ് കെട്ടിടങ്ങളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	യുഎൽബി	നിർമ്മാണ ചെലവ്	നിർമ്മാണം/ പുതുക്കി പണിയൽ നടത്തിയ വർഷം	ലഭ്യമാക്കിയ സൗകര്യങ്ങൾ	ഉപയോഗിക്കാത്തതിന്റെ കാരണങ്ങൾ
1	തൃശ്ശൂർ കോർപ്പറേഷൻ – ഒളരി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്	₹2.08 കോടി	2020-21	38 കടകളും 4 ഹാളുകളും	അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാത്തത്, ബേസ്മെന്റ് നിലയിലെ ദുർഗന്ധം, മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്തത് എന്നിവയും, മാർക്കറ്റ് കെട്ടിടത്തിന് മുന്നിലുള്ള പഴയ ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ച് മാറ്റാത്തതും.
2	തിരുവനന്തപുരം കോർപ്പറേഷൻ – മണ്ണന്തല ഷോപ്പിംഗ് കോംപ്ലക്സ്	₹61.97 ലക്ഷം	2021-22	16 കടകൾ	വൈദ്യുതീകരണം പൂർത്തിയാക്കാത്തത്
3	തിരുവനന്തപുരം കോർപ്പറേഷൻ – മണ്ണന്തല മാർക്കറ്റ് കടകൾ	₹19.95 ലക്ഷം	2021-22	സ്റ്റാളുകൾ	വൈദ്യുതീകരണം പൂർത്തിയാക്കാത്തത്
4	തിരുവനന്തപുരം കോർപ്പറേഷൻ – പേരൂർക്കട മാർക്കറ്റ് കടകൾ	ലഭ്യമല്ല	2021-22	8 കടകൾ	കടകൾക്ക് സമീപം മാലിന്യം നിക്ഷേപിക്കുന്നത്

(ഉറവിടം : യുഎൽബികൾ നല്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)

ഒളരി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ ബേസ്മെന്റ് നിലയിലെ നാല് കടമുറികൾ പഴയ മത്സ്യമാർക്കറ്റിലെ വ്യാപാരികൾക്ക് അനുവദിച്ചെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാകാത്തതുകാരണവും സ്ഥലത്ത് സീവേജ് സംസ്കരണ സൗകര്യങ്ങളുടെയും ശുദ്ധവായുവിന്റെയും അഭാവം മൂലവും കടമുറികൾ വ്യാപാരികൾ ഏറ്റെടുത്തില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ബേസ്മെന്റ് നിലയിലെ മത്സ്യ-മാംസ വ്യാപാരത്തിൽ നിന്നുള്ള മലിനജല പ്രശ്നം പരിഹരിക്കുന്നതിനുള്ള ചുമതല കോർപ്പറേഷന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ഏൽപിച്ചതായും പ്രസ്താവിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ മാർക്കറ്റുകളെ സംബന്ധിച്ചിടത്തോളം, മണ്ണന്തല ഷോപ്പിംഗ് കോംപ്ലക്സിലെയും, മാർക്കറ്റുകളിലെയും കടകളും സ്റ്റാളുകളും ലേലം ചെയ്തെങ്കിലും ആരും ഏറ്റെടുക്കുന്നില്ലെന്നും, പേരൂർക്കട മാർക്കറ്റ് ഷോപ്പുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും മാലിന്യം നീക്കം ചെയ്തിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി.

കടകൾ ഏറ്റെടുക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിലും, സമയബന്ധിതമായി പരിഹാര നടപടികൾ സ്വീകരിക്കുന്നതിലും പോരായ്മകൾ പരിഹരിക്കുന്നതിലും കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഉദാസീന മനോഭാവം സർക്കാർ മറുപടിയിൽ വ്യക്തമാണ്. ഈ ഉദാസീനത സമൂഹത്തിന് തൊഴിൽ നേടുന്നതിനും സാമ്പത്തിക പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തുന്നതോടൊപ്പം നിഷ്ക്രിയമായ നിക്ഷേപത്തിനും കോർപ്പറേഷനുകളുടെ വരുമാനനഷ്ടത്തിനും കാരണമായി.

5.10.5 ടൗൺ/കമ്മ്യൂണിറ്റി ഹാളുകൾ/ഇൻഡോർ സ്റ്റേഡിയം

നഗര തദ്ദേശസ്ഥാപനങ്ങളെ ഏൽപിച്ചിരിക്കുന്ന നിർബന്ധിത ചുമതലയായ നഗരസൗകര്യങ്ങൾ ഒരുക്കുക എന്ന ധർമ്മം നിറവേറ്റുവാനായി കളിസ്ഥലങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയ സാമൂഹ്യ സേവനസൗകര്യങ്ങൾ യുഎൽബികൾ നിർമ്മിക്കുന്നു. കമ്മ്യൂണിറ്റി ഹാളുകൾ യുഎൽബികളുടെ വരുമാന മാർഗ്ഗം കൂടി ആണ്. 24 യുഎൽബികളിലായി ആകെ ഉള്ള 110 കമ്മ്യൂണിറ്റി ഹാളുകൾ/ടൗൺ ഹാളിൽ ഏഴ് യുഎൽബികളിൽ ഉള്ള 51 കമ്മ്യൂണിറ്റി ഹാളുകൾ ഉപയോഗിക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിഷ്ക്രിയമായ കമ്മ്യൂണിറ്റി ഹാളുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.7ൽ**

നൽകിയിരിക്കുന്നു. ഇവ ഉപയോഗിക്കാതിരിക്കുന്നതിനെ സംബന്ധിച്ച് പ്രത്യേക കാരണങ്ങളൊന്നും പരിശോധന നടത്തിയ യുഎൽബികൾ നൽകിയിട്ടില്ല.

കളമശ്ശേരി നഗരസഭ ₹4.75 കോടി ചെലവിൽ ഡൈനിംഗ് ഹാളുകൾ, മൾട്ടിപർപ്പസ് ഹാൾ, ഗ്രൗണ്ട് ഫ്ലോറിൽ ഇൻഡോർ ഗെയിമുകൾക്കുള്ള സൗകര്യങ്ങൾ, ഒന്നാം നിലയിൽ ഗാലറിയോടുകൂടിയുള്ള വോളിബോൾ/ബാഡ്മിന്റൺ കോർട്ട് എന്നീ സൗകര്യങ്ങളുള്ള ഒരു മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിച്ചു (2020 ജൂലൈ). എന്നാൽ, ഈ കെട്ടിടം നാളിതുവരെ (2024 നവംബർ) ഉപയോഗിച്ചിട്ടില്ല. ഉപയോഗിക്കാതിരിക്കുന്നതിന് പ്രത്യേക കാരണമൊന്നും മുനിസിപ്പാലിറ്റി നൽകിയിട്ടില്ല.

ബൈലോ തയ്യാറാക്കുന്നതിനും മൾട്ടിപർപ്പസ് സ്റ്റേഡിയം ഉടൻ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനുമായി ധനകാര്യ സമിതിയെ നിയമിക്കാൻ കളമശ്ശേരി മുൻസിപ്പൽ കൗൺസിൽ തീരുമാനിച്ചതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). എന്നാൽ, സൃഷ്ടിച്ച അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ നാല് വർഷമായി വെറുതെ കിടക്കുന്നതിന് ഒരു കാരണവും മറുപടിയിൽ പറയുന്നില്ല.

ശിപാർശ:

സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനായി യുഎൽബികൾ നിർമ്മിക്കുന്ന ആസ്തികൾ ഉദ്ദേശിച്ച ആവശ്യത്തിനായി ഉപയോഗിക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.

5.10.6 പൊതു സ്ഥലം/കെട്ടിടങ്ങളിലെ കയ്യേറ്റങ്ങൾ

കെഎം നിയമം ഒന്നാം ഷെഡ്യൂൾ പ്രകാരം, പൊതുസ്ഥലം കയ്യേറ്റങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ടത് യുഎൽബിയുടെ നിർബന്ധിത കർത്തവ്യമാണ്. താഴെ വിശദമാക്കിയിരിക്കുന്നതു പോലെ യുഎൽബികൾ സ്വന്തം ഭൂമി സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഫലമായി പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കയ്യേറ്റം നടത്തുകയും കയ്യേറ്റക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു.

പാലക്കാട് മുനിസിപ്പാലിറ്റി

- പാലക്കാട് മുനിസിപ്പാലിറ്റിക്ക് കൽമണ്ഡപപ്രദേശത്ത് 40 കണ്ടിജന്റ് തോഴിലാളികൾക്ക് താമസിക്കുന്നതിനുള്ള ക്വാട്ടേഴ്സ് ഉണ്ടായിരുന്നു. ഈ പാർപ്പിടങ്ങൾ വളരെ പഴയതായതിനാൽ കണ്ടിജന്റ് തൊഴിലാളികളെ മണർകാട്ടുപറമ്പിലുള്ള പുതിയ ക്വാട്ടേഴ്സിലേക്ക് മാറ്റി (2013-14). സംയുക്ത ഭൗതിക പരിശോധനയിൽ (2023 നവംബർ) ചുറ്റുമതിലും ഗേറ്റും ഇല്ലാത്തതിനാലും യുഎൽബിയുടെ ശരിയായ നിരീക്ഷണമില്ലാത്തതിനാലും പഴയ പാർപ്പിടങ്ങൾ മറ്റുള്ളവർ കയ്യേറിയതായും നിയമവിരുദ്ധമായി കൈവശപ്പെടുത്തിയതായും ഓഡിറ്റ് കണ്ടെത്തി. എന്നാൽ കയ്യേറ്റത്തിനെതിരെ യുഎൽബി ഒരു നടപടിയും എടുത്തിട്ടില്ല (2023 മാർച്ച്).

പരിസരത്തെ എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കാൻ ഉത്തരവുകൾ പുറപ്പെടുവിച്ചതായി സർക്കാർ അറിയിച്ചു (2024 നവംബർ).

കൊച്ചി കോർപ്പറേഷൻ

- തെരുവ് കുട്ടികളുടെ പുനരധിവാസത്തിനായി കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഒരു അനാഥാലയമാണ് സ്നേഹഭവൻ. ആസ്തി രജിസ്റ്റർ പ്രകാരം സ്നേഹഭവൻ രണ്ട് ഏക്കർ 60 സെന്റ്[63] വിസ്തൃതിയിലുള്ള ഒരു സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ, സംയുക്ത ഭൗതിക പരിശോധനയിൽ സ്ഥലത്തിന് ഒരു ചുറ്റുമതിൽ ഉണ്ടെന്നും എഞ്ചിനീയറിംഗ്

[63] ഒരു ഹെക്ടർ അഞ്ച് ആർ 22 സ്ക്വയർ മീറ്റർ

വിഭാഗം ഉദ്യോഗസ്ഥർ അളന്നുനോക്കിയപ്പോൾ ഒരു ഏക്കർ 24 സെന്റ് മാത്രമേ ഉള്ളൂ എന്നും ഓഡിറ്റ് നിരീക്ഷിച്ചു. സ്ഥലത്തിന്റെ വടക്ക് ഭാഗത്ത് ഒരു സ്വകാര്യ ഫ്ലാറ്റ് സമുച്ചയവും തെക്ക് ഭാഗത്ത് പള്ളി കെട്ടിടവും കിഴക്ക് ഭാഗത്ത് തടാകവും പടിഞ്ഞാറ് ഭാഗത്ത് പിഡബ്ല്യുഡി റോഡും ആയിരുന്നു. മുഴുവൻ സ്ഥലവും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെയാണ് കോർപ്പറേഷൻ സ്നേഹഭവന് ചുറ്റുമതിൽ നിർമ്മിച്ചതെന്ന് ഓഡിറ്റ് കണ്ടെത്തി.

അടിസ്ഥാന രേഖകളായ ആധാരം, ഭൂനികുതി രസീത് എന്നിവ കോർപ്പറേഷന്റെ കൈവശം ഇല്ലാത്തതിനാൽ സ്നേഹഭവനുമായി ചേർന്നു കിടക്കുന്ന സർവ്വെ നമ്പറുകളുമായി ബന്ധപ്പെട്ട ഭൂമിയുടെ വ്യാപ്തി, ഉടമസ്ഥാവകാശം, മുമ്പ് നടന്ന ഭൂമി ഇടപാടുകൾ തുടങ്ങിയവയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് നൽകാൻ മട്ടാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനോട് ആവശ്യപ്പെട്ടതായി സർക്കാർ പ്രസ്താവിച്ചു (2024 നവംബർ).

ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നതിലും പൊതുഭൂമി കയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിലും കോർപ്പറേഷന്റെ ഭാഗത്തുള്ള അനാസ്ഥയാണ് മറുപടിയിൽ വ്യക്തമാകുന്നത്.

5.10.7 പ്ലാന്റ് – മെഷിനറി ആസ്തികൾ

കെട്ടിടത്തിന്റെ ലഭ്യത/അനുയോജ്യത ഉറപ്പാക്കാതെ യന്ത്രങ്ങൾ വാങ്ങിയത്, വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തത്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കാത്തത് തുടങ്ങിയ കാരണങ്ങളാൽ പരിശോധന നടത്തിയ ഏഴ് യുഎൽബികൾ 2019 മുതൽ 2022 വരെ ₹2.66 കോടി ചെലവിൽ വാങ്ങിയ മലിനജല സംസ്കരണ പ്ലാന്റുകൾ, ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ തുടങ്ങിയവ ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു. പ്ലാന്റ്/മെഷിനറി പ്രവർത്തനക്ഷമമാക്കാൻ ഈ യുഎൽബികൾ ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായി ₹2.66 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 5.8ൽ** നൽകിയിരിക്കുന്നു.

5.10.8 വാഹനങ്ങളുടെ പരിപാലനം

നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രധാനമായും ഓഫീസ് ആവശ്യങ്ങൾ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, കുടിവെള്ള വിതരണം, സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് വാഹനങ്ങൾ വാങ്ങുകയും പരിപാലിക്കുകയും ചെയ്യുന്നത്. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, 2000 അനുസരിച്ച്, വാഹനങ്ങളുടെ സമയബന്ധിതമായ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട യുഎൽബിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഉത്തരവാദിത്തമാണ്. പരിശോധന നടത്തിയ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഉടമസ്ഥതയിൽ യഥാക്രമം 511ഉം 205ഉം വാഹനങ്ങൾ ഉണ്ടെന്നും അതിൽ യഥാക്രമം 43.05 ശതമാനവും 24.88 ശതമാനവും നിഷ്ക്രിയമായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ സ്ഥിതി താഴെ കൊടുത്തിരിക്കുന്നു:

പട്ടിക 5.6 : പരിശോധന നടത്തിയ യുഎൽബികളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ സ്ഥിതി

യുഎൽബിയുടെ പേര്	ആകെ വാഹനങ്ങളുടെ എണ്ണം	ഫിറ്റ്നസ്/ അറ്റകുറ്റപ്പണികൾ ഇല്ലാത്തതിനാൽ റോഡിലിറങ്ങാത്ത വാഹനങ്ങളുടെ എണ്ണം	ലേലം ചെയ്യേണ്ട ഉപയോഗ ശൂന്യമായ വാഹനങ്ങളുടെ എണ്ണം	ഓടുന്ന അവസ്ഥയിൽ അല്ലാത്ത വാഹനങ്ങളുടെ ശതമാനം
മുനിസിപ്പൽ കോർപ്പറേഷനുകൾ				
തിരുവനന്തപുരം	198	6	70	38.38

യുഎൽബിയുടെ പേര്	ആകെ വാഹനങ്ങളുടെ എണ്ണം	ഫിറ്റ്നസ്/ അറ്റകുറ്റപ്പണികൾ ഇല്ലാത്തതിനാൽ റോഡിലിറങ്ങാത്ത വാഹനങ്ങളുടെ എണ്ണം	ലേലം ചെയ്യേണ്ട ഉപയോഗ ശൂന്യമായ വാഹനങ്ങളുടെ എണ്ണം	ഓടുന്ന അവസ്ഥയിൽ അല്ലാത്ത വാഹനങ്ങളുടെ ശതമാനം
കൊച്ചി	143	34	72	74.12
തൃശ്ശൂർ	85	10	5	17.65
കോഴിക്കോട്	85	2	21	27.06
ആകെ (കോർപ്പറേഷനുകൾ)	**511**	**52**	**168**	**43.05**
മുനിസിപ്പാലിറ്റികൾ				
പരിശോധന നടത്തിയ 20 മുനിസിപ്പാലിറ്റികൾ	**205**	**5**	**46**	**24.88**

(ഉറവിടം : യുഎൽബികൾ നല്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)

പ്രവർത്തനരഹിതമായിരിക്കുന്നതോ ഓടാത്ത അവസ്ഥയിലുള്ളതോ ആയ വാഹനങ്ങൾ 17.65 ശതമാനം (തൃശ്ശൂർ കോർപ്പറേഷൻ) മുതൽ 74.12 ശതമാനം (കൊച്ചി കോർപ്പറേഷൻ) വരെയായിരുന്നു. കൊച്ചി കോർപ്പറേഷനിലെ വാഹനങ്ങളുടെ മാനേജ്മെന്റ് സംബന്ധിച്ച് ഓഡിറ്റ് വിശകലനത്തിൽ എസ്റ്റിമേറ്റ് അനുവദിക്കുന്നതിലെയും വർക്ക് ഓർഡർ നൽകുന്നതിലെയും വർക്ക്ഷോപ്പുകൾക്ക് പണം നൽന്നതിലേയും കാലതാമസം കാരണം തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിക്കുന്നതുപോലെ ഏഴ് വർഷം വരെ വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുന്നതിന് ഇടയാക്കിയതായി കണ്ടെത്തി.

5.10.8.1 കൊച്ചി കോർപ്പറേഷന്റെ വാഹന മാനേജ്മെന്റ്

കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ 143 വാഹനങ്ങളുണ്ടായിരുന്നതിൽ, 116 വാഹനങ്ങൾ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വാങ്ങിയതാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വാങ്ങിയ വാഹനങ്ങളുടെ സ്ഥിതി **പട്ടിക 5.7ൽ** കാണിച്ചിരിക്കുന്നു:

പട്ടിക 5.7: കൊച്ചി കോർപ്പറേഷൻ മാലിന്യ സംസ്കരണത്തിനായി വാങ്ങിയ വാഹനങ്ങളുടെ സ്ഥിതി

വാഹനങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമമായ വാഹനങ്ങൾ	ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്തതിനാൽ ഗാരേജിൽ ഇട്ടിരിക്കുന്ന/റോഡിൽ ഇറക്കാൻ കഴിയാത്ത വാഹനങ്ങൾ	സർവീസ് ചെയ്യാൻ സാധ്യമല്ലാത്ത വാഹനങ്ങൾ	ലേല നടപടികളിൽ ഉള്ള വാഹനങ്ങൾ
116	11	34	55	16

(ഉറവിടം : കൊച്ചി കോർപ്പറേഷൻ ലഭ്യമാക്കിയ വിവരങ്ങളും സംയുക്ത ഭൗതിക പരിശോധനയും)

- 116 വാഹനങ്ങളിൽ 11 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2024 ഏപ്രിൽ).
- വിവിധ വർക്ക്ഷോപ്പുകളിലും/യാർഡുകളിലുമായി 34 വാഹനങ്ങൾ[64] ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് (എഫ്സിടി) ഇല്ലാത്തതിനാൽ രണ്ട് മാസം മുതൽ ഏഴ് വർഷം വരെ റോഡിൽ ഇറക്കാൻ കഴിയാതെ ഗാരേജിൽ കിടന്നു. 34 വാഹനങ്ങളിൽ 14 എണ്ണം ഒരു വർഷത്തിലേറെയായി നിഷ്ക്രിയമാണെന്ന് ഓഡിറ്റ് കണ്ടെത്തി.

[64] ഇതിൽ എട്ട് റിഫ്യൂസ് കോംപാക്റ്ററുകളും, 17 ആപ്പേ ഫോർ വീലർ ട്രക്കുകളും, ആറ് ആപ്പേ ത്രീ വീലറുകളും, ഒരു ജെസിബി എന്നിവ ഉൾപ്പെടുന്നു

- 20 ആപ്പേ ഫോർ വീലർ ട്രക്കുകൾ ഉൾപ്പെടെ സർവ്വീസ് ചെയ്യാൻ സാദ്ധ്യമല്ലെന്ന് തരംതിരിച്ചിട്ടുള്ള 55 വാഹനങ്ങൾ ഒൻപത് മാസം മുതൽ ഒൻപത് വർഷം വരെ വിവിധ യാർഡുകളിൽ ആരും ശ്രദ്ധിക്കാതെ കിടന്നു.
- 2014ൽ വാങ്ങിയ ആറ് ആപ്പേ ഫോർ വീലർ ട്രക്കുകൾ 2015 ഡിസംബർ മുതൽ 2016 ഡിസംബർ വരെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റിനായി റിപ്പോർട്ട് ചെയ്യപ്പെട്ടെങ്കിലും 2018 വരെ വർക്ക് ഷോപ്പിൽ തന്നെ കിടക്കുകയും വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിക്കുകയും സർവ്വീസ് സാദ്ധ്യമല്ലാതാകുകയും ചെയ്തു.

പത്ത് വർഷം പോലും തികയുന്നതിന് മുമ്പ് വാഹനങ്ങൾ സർവ്വീസ് ചെയ്യാൻ സാധ്യമല്ലാത്ത നിലയിൽ ആകാനുള്ള പ്രധാനകാരണം ദീർഘകാലം വെറുതെ കിടക്കുന്നതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

വിവിധ തലങ്ങളിലെ കാലതാമസം കാരണം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് നടത്തുന്നത് വൈകിയത്

1989ലെ കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച്, ഗതാഗതത്തിനുപയോഗിക്കുന്ന വാഹനങ്ങൾക്ക് തുടക്കത്തിൽ രണ്ട് വർഷത്തേക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നു. അതിനുശേഷം എല്ലാവർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കണം. വാഹനത്തിന്റെ ഡ്രൈവർ/ആരോഗ്യ വിഭാഗം, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ എഞ്ചിനീയറിംഗ് വിഭാഗത്തെ അറിയിക്കുന്നതു മുതൽ അതിനുള്ള നടപടിക്രമം ആരംഭിക്കുന്നു. 27 വാഹനങ്ങളുടെ[65] ഫിറ്റ്നസ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാലതാമസത്തിന്റെ ഘട്ടങ്ങൾ/എടുത്ത സമയം എന്നിവ കണ്ടെത്തുവാനായി നടത്തിയ ഒരു പരിശോധനയിൽ (2024 ഏപ്രിൽ) ആരോഗ്യ വിഭാഗം അറ്റകുറ്റപ്പണികൾക്കായി റിപ്പോർട്ട് ചെയ്യതുമുതൽ ബില്ലുകൾ അടയ്ക്കുന്നതു വരെ 44 മാസം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. വിവധ തലങ്ങളിൽ ഉള്ള കാലതമാസം **ചാർട്ട് 5.1ൽ** വിശദീകരിച്ചിരിക്കുന്നു:

[65] വെസ്റ്റ് സോണിൽ നിന്നും 13 ഉം ഈസ്റ്റ് സോണിൽ നിന്നും 14 ഉം

ചാർട്ട് 5.1 : വിവിധ തലങ്ങളിലെ കാലതാമസം



(ഉറവിടം : കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നല്കിയ വിവരങ്ങൾ)

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ജനറേറ്റ് ചെയ്യുന്ന ഓരോ ഫയലും മുകളിൽ പറഞ്ഞ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതിനാലും ഓരോ ഘട്ടത്തിലൂടെ കടന്നു പോകുമ്പോഴും ഗണ്യമായ കാലതാമസം ഉണ്ടായതിനാലും വാഹനങ്ങൾക്കുള്ള ഫിറ്റ്നസ് പരിശോധന യഥാസമയം നടത്തിയിരുന്നില്ല. വർക്ക് ഓഡർ നൽകിയ തീയതി മുതൽ വർക്ക്ഷോപ്പിലേക്ക് ഇൻവോയ്സ് പണമടയ്ക്കുന്നത് വരെ 38 മാസം കാലതാമസമുണ്ടായതായി ഓഡിറ്റ് കണ്ടെത്തി, ഇത് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിൽ കൊച്ചി കോർപ്പറേഷന്റെ ഭാഗത്തുള്ള അനാസ്ഥയെ സൂചിപ്പിക്കുന്നു.

അങ്ങനെ, ഫിറ്റ്നസ് പരിശോധനകൾ/ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി സമർപ്പിച്ച ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം, നടത്തിയ അറ്റകുറ്റപ്പണികൾക്കായി അംഗീകൃത വർക്ക്ഷോപ്പിന് കുടിശ്ശിക നൽകാത്തത് തുടങ്ങിയവ കാരണം ഫിറ്റ്നസ് ടെസ്റ്റിനായി റിപ്പോർട്ട് ചെയ്യുന്നത് വരെ നല്ല പ്രവർത്തനക്ഷമത ഉണ്ടായിരുന്ന വാഹനങ്ങൾ വളരെക്കാലം വെറുതെ കിടക്കുന്നതിന് ഇടയാക്കുകയും തൽഫലമായി പരിഹരിക്കാനാകാത്ത കേടുപാടുകളും പൊതുധന നഷ്ടവുമുണ്ടായി. മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലെ കാലതാമസം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിലൂടെ അധിക ചെലവിനിടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

വാഹനങ്ങളുടെ ശരിയായ നിരീക്ഷണത്തിലൂടെയും ഫയൽ നടപടിക്രമങ്ങൾക്കായി എടുക്കുന്ന സമയം കുറയ്ക്കുന്നതിലൂടെയും വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുന്നത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). 2014ൽ വാങ്ങിയ ആപ്പേ ടക്കുകൾ നിർമ്മാണം നിർത്തിയ മോഡലുകളായതിനാൽ ഒരു വർഷത്തിനുശേഷം സ്പെയർ ഭാഗങ്ങൾ ലഭ്യമാകാതിരിക്കുകയും വർക്ക്ഷോപ്പുകൾ അറ്റകുറ്റപ്പണി ഏറ്റെടുക്കാൻ തയാറാകാതിരിക്കുകയും ചെയ്തതായി ആപ്പേ ടക്കുകളുടെ ഉപയോഗശൂന്യതയെ സംബന്ധിച്ച് സർക്കാർ പ്രസ്താവിച്ചു. അറ്റകുറ്റപ്പണിയ്ക്കു ഉയർന്ന ചെലവുള്ള വാഹനങ്ങൾ മാറ്റി വാങ്ങാൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചെന്നും ഈ വാഹനങ്ങൾ ലേലത്തിൽ വിറ്റഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടിയിൽ പറഞ്ഞു.

വാഹനങ്ങൾ വാങ്ങുന്നതിനു മുമ്പ് തന്നെ അവ നിർമ്മാണം നിർത്തിയ മോഡലുകൾ അല്ലെന്നും കുറഞ്ഞത് 15 വർഷത്തേക്ക് സ്പെയർ പാർട്ടുകൾ ലഭ്യമാകുമെന്നും കോർപ്പറേഷൻ ഉറപ്പാക്കേണ്ടതായിരുന്നു എന്നതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല.

5.11 ആസ്തികളുടെ കൈയ്യൊഴിയ്ക്കൽ

ജംഗമ ആസ്തികൾ ഉപയോഗശൂന്യമോ/കാലഹരണപ്പെട്ടതോ ആയിത്തീരുകയും കൂടുതൽ സേവനങ്ങൾ നൽകാൻ കഴിയാത്തതുമായാൽ പരമാവധി പുനർവിൽപ്പന മൂല്യം നേടുന്നതിനും മേൽനോട്ടം, സംഭരണം, പരിപാലനം എന്നിവയ്ക്കുള്ള ചെലവ് ഒഴിവാക്കുന്നതിനുമായി അവ കാലതാമസമില്ലാതെ കൈയൊഴിക്കേണ്ടതാണ്. കൈയ്യൊഴിയ്ക്കലിൽ ഡീകമ്മീഷൻ ചെയ്ത ഒരു ആസ്തിയുടെ വിൽപ്പനയും പൊളിക്കലും ഉൾപ്പെടെ, അതിന്റെ കൈയ്യൊഴിയ്ക്കലുമായി ബന്ധപ്പെട്ട ഏതൊരു പ്രവർത്തനവും ഉൾപ്പെടുന്നു. പരിശോധന നടത്തിയ 16 യുഎൽബികളിൽ സേവന വിതരണത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുകയും ഗണ്യമായ സംഭരണ സ്ഥലം കൈവശപ്പെടുത്തുകയും ചെയ്യുന്ന വിധത്തിൽ ഉപയോഗശൂന്യമോ കാലഹരണപ്പെട്ടതോ ആയ ആസ്തികൾ കുമിഞ്ഞുകൂടി കിടക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. അറ്റകുറ്റപ്പണി ചെയ്യാൻ സാധിയ്ക്കാത്ത ഉപകരണങ്ങൾ/വാഹനങ്ങൾ എന്നിവ കണ്ടെത്താനും കൈയ്യൊഴിയ്ക്കാനുമുള്ള ഒരു സംവിധാനവും പരിശോധന നടത്തിയ യുഎൽബികളിൽ ഇല്ലായിരുന്നു എന്ന് നിരീക്ഷിച്ചു.

5.11.1 വാഹനങ്ങൾ ഒഴിവാക്കൽ

ഗതാഗത യോഗ്യമല്ലാത്തതും സർക്കാരിന് ലാഭകരമല്ലാത്തതുമായ വാഹനങ്ങൾ ദീർഘകാലം വെറുതെ ഇടാൻ പാടില്ല, അത് വാഹനത്തിന്റെ സ്ക്രാപ്പ് മൂല്യം കുറയുന്നതിന് കാരണമാകും. കെപിഡബ്ല്യുഡി മാനുവൽ പ്രകാരം ഒഴിവാക്കാനുള്ള വാഹനങ്ങളുടെ മൂല്യനിർണ്ണയം നടത്താനുള്ള ഉത്തരവാദിത്തം പിഡബ്ല്യുഡി മെക്കാനിക്കൽ ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. പരിശോധന നടത്തിയ കോർപ്പറേഷനുകളിൽ 511 വാഹനങ്ങളുള്ളതിൽ 168 എണ്ണവും, മുനിസിപ്പാലിറ്റികളിൽ 205 വാഹനങ്ങളുള്ളതിൽ 46 എണ്ണവും ഉപയോഗശൂന്യമായിരുന്നു. എന്നാൽ കോർപ്പറേഷനുകളിലെ 73 വാഹനങ്ങളും മുനിസിപ്പാലിറ്റികളിലെ 38 വാഹനങ്ങളും മാത്രമാണ് ലേലത്തിന് നിർദ്ദേശിക്കപ്പെട്ടത്. വാഹനം ഗതാഗതയോഗ്യമല്ലാതായ തീയതി മുതൽ ലേലതീയതി വരെ 10 വർഷം വരെ കാലതാമസമുള്ളതായി ഓഡിറ്റ് നിരീക്ഷിച്ചു. ഉപയോഗശൂന്യമായ വാഹനങ്ങളുടെ ഒഴിവാക്കലിൽ/ലേലം നടത്തലിൽ ഉള്ള കാലതാമസം വാഹനത്തിന്റെ അവസ്ഥ കൂടുതൽ മോശമാകുന്നതിനും സ്ക്രാപ്പ് മൂല്യം കുറയുന്നതുവഴി വരുമാനനഷ്ടത്തിനും കാരണമാകും.

വാഹനങ്ങൾ ലേലം ചെയ്ത് നീക്കം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ). കൊച്ചി കോർപ്പറേഷനിൽ ഒരു മെക്കാനിക്കൽ എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു.

ശിപാർശ:

വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും കയ്യൊഴിയലും സമയബന്ധിതമായി നടത്തുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകൾ ഒരു സംവിധാനം ഏർപ്പെടുത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.

5.12 നിരീക്ഷണം

പൊതുമരാമത്തിനെ സംബന്ധിക്കുന്ന വർക്കിംഗ് ഗ്രൂപ്പ്, പ്രവൃത്തികളുടെ നിരീക്ഷണം നടത്തണമെന്ന് പദ്ധതി രൂപീകരണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഒരാളെ കൺവീനറാക്കി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതായിരുന്നു. ആസ്തി സൃഷ്ടിക്കലിനും പരിപാലനത്തിനുമായുള്ള പദ്ധതികളുടെ നടപ്പാക്കൽ ഈ വർക്കിംഗ് ഗ്രൂപ്പ് നിരീക്ഷിക്കേണ്ടതാണ്. എന്നാൽ, പരിശോധനയ്ക്ക് വിധേയമാക്കിയ 24 യുഎൽബികളിൽ 16 എണ്ണം നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പദ്ധതികൾ നിരീക്ഷിക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, പരിശോധന നടത്തിയ ഒരു യുഎൽബിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനായുള്ള മാനുവലിൽ നിർദ്ദേശിക്കുന്നതുപോലെ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും (എഎംഎംസി) രൂപീകരിച്ചിട്ടില്ല.

മുൻ ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്നതുപോലെ, സേവനം പ്രദാനം ചെയ്യുന്ന ആസ്തികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലെ അമിതമായ കാലതാമസം, സൃഷ്ടിച്ച ആസ്തികൾ ഉപയോഗിക്കാതെയിരിക്കൽ തുടങ്ങിയ സംഭവങ്ങൾ ആസ്തി സൃഷ്ടിക്കലിനും പരിപാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശരിയായി നിരീക്ഷിക്കുന്നതിലൂടെ ഒഴിവാക്കാമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ശിപാർശ:

ആസ്തികളുടെ ഉപയോഗവും പരിപാലനവും ഫലപ്രദമായി നിരീക്ഷിക്കാൻ യുഎൽബികൾ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.

5.13 ഉപസംഹാരം

ഓഡിറ്റ് പരിശോധന നടത്തിയ യുഎൽബികൾ അവയുടെ അധികാര പരിധിയിലുള്ള ആസ്തികളുടെ ഫലപ്രദമായ പരിപാലനത്തിനായി ആസ്തി പരിപാലന പ്ലാനും തന്ത്രങ്ങളും തയ്യാറാക്കിയിട്ടില്ല. പരിശോധന നടത്തിയ ഒരു യുഎൽബിയും ആസ്തി പരിപാലന നയം, പദ്ധതി, തന്ത്രം എന്നിവ തയ്യാറാക്കാൻ ഉത്തരവാദിത്തമുള്ള അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (എഎംഎംസി) രൂപീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യാനും ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) വികസിപ്പിച്ച 'സചിത്ര' സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരിശോധന നടത്തിയ 24 യുഎൽബികളിൽ ഒന്നും തന്നെ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടില്ല. അഞ്ച് മുനിസിപ്പാലിറ്റികൾ അവരുടെ എല്ലാ സ്വത്തുക്കളുടെയും തിരുവനന്തപുരം കോർപ്പറേഷൻ സ്വന്തം ആസ്തികളുടെയും ജിഐഎസ് മാപ്പിംഗ് നടത്തിയെങ്കിലും, സചിത്ര സോഫ്റ്റ്‌വെയറുമായി ജിഐഎസ് ഡാറ്റ സംയോജനം നടക്കാത്തതിനാൽ ഈ യുഎൽബികൾക്ക് അവർ നടത്തിയ ആസ്തി മാപ്പിംഗ് ഉപയോഗപ്രദമാക്കുവാൻ കഴിഞ്ഞില്ല. ഉദ്ദേശിച്ച ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭൂമി യുഎൽബികൾ വാങ്ങിയത് ₹7.50 കോടിയുടെ നിഷ്ഫല ചെലവിനിടയാക്കി. നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് സ്ഥലത്തിന്റെ അവസ്ഥ ഉറപ്പാക്കാത്തത് വിവിധ സേവന പ്രദാന പദ്ധതികളുടെ കാര്യത്തിൽ ₹7.96 കോടിയുടെ നിഷ്ഫല ചെലവിന് കാരണമായി. സാധ്യത, പ്രവർത്തനരീതി തുടങ്ങിയവ വിശകലനം ചെയ്യാതെ വനിതാഘടക പദ്ധതി പ്രോജക്ടുകൾക്ക് രൂപം നൽകിയതിന്റെ ഫലമായി പരിശോധന നടത്തിയ

യുഎൽബികളിൽ ₹12.12 കോടിയുടെ ആസ്തികൾ നിഷ്ക്രിയമായി. മാർക്കറ്റ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ഗ്യാസ് ശ്മശാനങ്ങൾ എന്നിവയുടെ പ്രവർത്തന രഹിതമായ അവസ്ഥയും ശ്രദ്ധയിൽപ്പെട്ടു. സ്വന്തം ഭൂമി സംരക്ഷിക്കുന്നതിൽ പരിശോധിച്ച രണ്ട് യുഎൽബികൾ പരാജയപ്പെട്ടത് കൈയ്യേറ്റത്തിന് കാരണമായി. പരിശോധിച്ച ഏഴ് യുഎൽബികളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ, ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ തുടങ്ങിയ പ്ലാന്റുകളും യന്ത്രങ്ങളും നിഷ്ക്രിയമായി കിടന്നതിന്റെ ഫലമായി ₹2.66 കോടിയുടെ നിഷ്ഫല ചെലവ് ഉണ്ടായി. എസ്റ്റിമേറ്റ് അനുവദിക്കുന്നതിലും വർക്ക് ഓർഡർ നൽകുന്നതിലും വർക്ക്ഷോപ്പിലേക്ക് പണം നൽകുന്നതിലും കൊച്ചി കോർപ്പറേഷൻ വരുത്തിയ കാലതാമസം വാഹനങ്ങൾ ഏഴ് വർഷം വരെ നിഷ്ക്രിയമായി കിടക്കുന്നതിന് ഇടയാക്കി. പരിശോധന നടത്തിയ യുഎൽബികളിൽ വാഹനം ഉപയോഗശൂന്യമായ തീയതി മുതൽ ലേല തീയതി വരെ 10 വർഷം വരെ കാലതാമസം ഉണ്ടായിരുന്നു.

അദ്ധ്യായം VI

നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

6.1 മൂന്ന് നഗര തദ്ദേശ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾക്ക് സെന്റേജ് ചാർജ്ജുകൾ അധികമായി നൽകിയത്

കോഴിക്കോട് കോർപ്പറേഷനും പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളും അക്രഡിറ്റഡ് ഏജൻസികൾ വഴി നടത്തിയ പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് ലംഘിച്ചുകൊണ്ട് ഉയർന്ന നിരക്കിൽ സെന്റേജ് ചാർജ് നൽകിയത് ₹50.35 ലക്ഷം രൂപയുടെ അധിക ചെലവിന് കാരണമായി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി) ഏതാനും സ്ഥാപനങ്ങൾ/സർക്കാരിതര സംഘടനകൾ/തൊഴിലാളി കരാർ സഹകരണ സംഘങ്ങൾ[66] എന്നിവയ്ക്ക് അംഗീകാരം നൽകുകയും ഈ ഏജൻസികൾ വഴി പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ (2007 മെയ്) പുറപ്പെടുവിക്കുകയും ചെയ്തു. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അക്രഡിറ്റഡ് ഏജൻസിക്ക് എസ്റ്റിമേറ്റ് തുകയുടെ രണ്ട് ശതമാനം പ്രവൃത്തി നിർവ്വഹണത്തിനുള്ള മാനേജ്മെന്റ്/സെന്റേജ് ചാർജായി നൽകേണ്ടതാണ്. അതോടൊപ്പം തന്നെ അംഗീകൃത ഏജൻസി ബദൽ സാങ്കേതികവിദ്യ[67] ഉപയോഗിച്ച് പ്രവൃത്തികൾ നിർവ്വഹിക്കുകയും പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ സ്വയം തയ്യാറാക്കുകയും ചെയ്താൽ, എസ്റ്റിമേറ്റ് ചെലവിന്റെ 0.5 ശതമാനവും ഏജൻസിക്ക് പ്രതിഫലമായി നൽകേണ്ടതാണ്.

തുടർന്ന്, സർക്കാർ വകുപ്പുകൾ അംഗീകൃത ഏജൻസികൾ വഴി പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ (വ്യവസായ, പൊതുമരാമത്ത്) വകുപ്പ് 2007 സെപ്റ്റംബറിൽ പുറപ്പെടുവിച്ചു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ചെലവ്[68] അനുസരിച്ച് അഞ്ച് ശതമാനം മുതൽ എട്ട് ശതമാനം വരെ സെന്റേജ് ചാർജ്ജുകൾ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലായിരിക്കും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികളുടെ സെന്റേജ് ചാർജ്ജുകൾ നിശ്ചയിക്കുക എന്ന് 2014 ജൂലൈയിൽ ധനകാര്യ വകുപ്പ് വ്യക്തമാക്കിയിരുന്നു. എന്നാൽ, 2014[69] മുതൽ 2017[70] വരെയുള്ള കാലയളവിൽ ധനകാര്യ വകുപ്പ് സെന്റേജ് ചാർജ്ജുകളുടെ നിരക്കുകൾ പരിഷ്കരിച്ചെങ്കിലും, 2007 മെയ് മാസത്തിൽ നിശ്ചയിച്ച നിരക്കുകൾ എൽഎസ്ജിഡി 2020 ഒക്ടോബർ വരെ പിൻതുടർന്നു. എൽഎസ്ജിഡി സെന്റേജ് ചാർജുകളുടെ നിരക്കുകൾ 2020 ഒക്ടോബറിൽ[71] പരിഷ്കരിക്കുകയും 2017 ജൂലൈയിൽ ധനകാര്യ വകുപ്പ് നിശ്ചയിച്ച നിരക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കാൻ അനുവദിക്കുകയും ചെയ്തു. തദ്ദേശ

---

66 സംസ്ഥാന നിർമ്മിതി കേന്ദ്രം, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയവ

67 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഗുണനിലവാരത്തിലും ഈടിലും വിട്ടുവീഴ്ച ചെയ്യാതെ, ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ സ്വീകരിക്കുകയും പ്രാദേശിക വസ്തുക്കളുടെ ഉപയോഗം ഉറപ്പാക്കുകയും ചെയ്യൽ

68 ₹അഞ്ച് കോടിയോ അതിൽ കൂടുതലോ ചെലവ് വരുന്ന പ്രവൃത്തികൾക്ക് അഞ്ച് ശതമാനം, ₹മൂന്ന് കോടി മുതൽ ₹അഞ്ച് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ആറ് ശതമാനം, ₹50 ലക്ഷം മുതൽ ₹മൂന്ന് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ഏഴ് ശതമാനം, ₹50 ലക്ഷത്തിൽ താഴെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് എട്ട് ശതമാനം എന്നിങ്ങനെയാണ് സെന്റേജ് ചാർജ് നിശ്ചയിച്ചിരിക്കുന്നത്

69 2014 ജൂലൈയിൽ എട്ട് ശതമാനം ചാർജ് ഈടാക്കുന്നതിനുള്ള പരിധി ₹50 ലക്ഷത്തിൽ നിന്ന് ₹ഒരു കോടിയായി പരിഷ്കരിച്ചു

70 2017 ജൂലൈയിൽ, ശതമാനങ്ങൾ നിലനിർത്തിക്കൊണ്ട് സെന്റേജ് ചാർജായി നൽകേണ്ട ഏറ്റവും കുറഞ്ഞ തുക നിശ്ചയിക്കുന്നു. ₹അഞ്ച് കോടിയോ അതിൽ കൂടുതലോ ചെലവ് വരുന്ന പ്രവൃത്തികൾക്ക് അഞ്ച് ശതമാനം സെന്റേജ് ചാർജ്, കുറഞ്ഞത് ₹30 ലക്ഷം, ₹മൂന്ന് കോടി മുതൽ ₹അഞ്ച് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ആറ് ശതമാനം, കുറഞ്ഞത് ₹21 ലക്ഷം, ₹ഒരു കോടി മുതൽ ₹മൂന്ന് കോടി വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ഏഴ് ശതമാനം, കുറഞ്ഞത് ₹എട്ട് ലക്ഷം

71 2020 ഒക്ടോബർ 04 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) നമ്പർ 1817/2020/തസ്വഭവ

സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പുതിയ പ്രവൃത്തികൾക്ക് മാത്രമേ പുതിയ നിരക്കുകൾ ബാധകമാകൂ എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് 2.5 ശതമാനം നിരക്കിലുള്ള സെന്റേജ് ചാർജ്ജുകളാണ് ബാധകമെന്നും എൽഎസ്ജിഡി വ്യക്തമാക്കിയിരുന്നു.

കോഴിക്കോട് കോർപ്പറേഷനിലും പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളിലും നടത്തിയ ഓഡിറ്റിൽ, ഈ നഗര തദ്ദേശ സ്ഥാപനങ്ങൾ, അക്രഡിറ്റഡ് ഏജൻസികൾക്ക് 2.5 ശതമാനം സെന്റേജ് ചാർജ് അനുവദിക്കുന്നതിനുപകരം, 2017-18ലും 2018-19ലും കരാറുകൾ നടപ്പിലാക്കിയ അഞ്ച് പൂർത്തിയായ പ്രവൃത്തികൾക്ക് അഞ്ച് മുതൽ ഏഴ് ശതമാനം വരെ സെന്റേജ് ചാർജ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടു, ഇത് സെന്റേജ് ചാർജ് ഇനത്തിൽ ₹50.35 ലക്ഷം അധികമായി നൽകുന്നതിന് കാരണമായി. വിശദാംശങ്ങൾ **അനുബന്ധം 6.1ൽ** നൽകിയിരിക്കുന്നു..

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയുടെ ഫലമായി അക്രഡിറ്റഡ് ഏജൻസികൾക്ക് ₹50.35 ലക്ഷം സെന്റേജ് ചാർജ് ഇനത്തിൽ അധികമായി നൽകി.

ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കോട് കോർപ്പറേഷനും പാലക്കാട്, കോട്ടക്കൽ മുനിസിപ്പാലിറ്റികളും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതെന്ന് സർക്കാർ അറിയിച്ചു (മാർച്ച് 2024). അതോടൊപ്പം, 2020 ഒക്ടോബറിൽ എൽഎസ്ജിഡി പുറപ്പെടുവിച്ച ഉത്തരവിൽ പുതിയ സെന്റേജ് ചാർജ്ജുകൾ പ്രാബല്യത്തിൽ വരുന്ന തീയതി വ്യക്തമായി പരാമർശിച്ചിട്ടില്ലെന്നും സർക്കാർ പ്രസ്താവിച്ചു.

2014 ജൂലൈയിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ എൽഎസ്ജിഡി പ്രവൃത്തികൾക്ക് സെന്റേജ് ചാർജ്ജുകൾ, കാലാകാലങ്ങളിൽ ആ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കുമെന്ന് വ്യക്തമായി പറയുന്നതിനാൽ ഈ മറുപടി നിലനിൽക്കില്ല. കൂടാതെ, 2020 ഒക്ടോബറിൽ എൽഎസ്ജിഡി പുറപ്പെടുവിച്ച ഉത്തരവിൽ അതിന് മുൻകാല പ്രാബല്യമുണ്ടാകുമെന്ന് പരാമർശിക്കുന്നില്ല. എൽഎസ്ജിഐകൾ നടപ്പിലാക്കുന്ന പുതിയ പ്രവൃത്തികൾക്ക് മാത്രമേ പുതുക്കിയ നിരക്ക് ബാധകമാകൂ എന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. 2017-18, 2018-19 വർഷങ്ങളിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രവൃത്തികളുടെ അടിസ്ഥാനത്തിലാണ് ഈ ഓഡിറ്റ് നിരീക്ഷണം.

6.2 കൊടുവള്ളി മുനിസിപ്പാലിറ്റി കുറഞ്ഞ വസ്തുനികുതി ചുമത്തിയത്

കൊടുവള്ളി മുനിസിപ്പാലിറ്റി തെറ്റായ വസ്തുനികുതി നിരക്കുകൾ ചുമത്തിയതിന്റെ ഫലമായി ഉണ്ടായ ₹14.48 ലക്ഷത്തിന്റെ വരുമാന നഷ്ടം/വരുമാനക്കുറവ്.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(3) അനുസരിച്ച്, മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഒരേ വിഭാഗത്തിലുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. കൂടാതെ, കേരള മുനിസിപ്പാലിറ്റി (കെഎം) നിയമത്തിലെ സെക്ഷൻ 233(2) പ്രകാരം, വിവിധ തരം കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിന് ഒരു ചതുരശ്ര മീറ്റർ അടിത്തറ ഏരിയയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സർക്കാർ നിശ്ചയിക്കണം. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു പ്രമേയത്തിലൂടെ അവരുടെ പ്രദേശത്തെ ഓരോ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്കും ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് അംഗീകരിക്കണം. കൂടാതെ, 1994ലെ കെഎം നിയമത്തിലെ സെക്ഷൻ 282

അനുസരിച്ച്, നികുതി ചുമത്തേണ്ട തീയതി മുതൽ നാല് വർഷത്തിനുള്ളിൽ നികുതി ചുമത്തേണ്ടതാണ്.

നഗര തദ്ദേശ സ്ഥാപനങ്ങളിൽ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി കേരള സർക്കാർ നിർണ്ണയം നടപ്പാക്കുകയും (2011 ജനുവരി), ഇത് 2013 ഏപ്രിൽ 01 മുതൽ പുതിയ കെട്ടിടങ്ങൾക്കും 2016 ഏപ്രിൽ 01 മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്കും ബാധകമാക്കുകയും ചെയ്തു[72]. കൊടുവള്ളി ഗ്രാമപഞ്ചായത്തിനെ 2015 നവംബർ 01[73] മുതൽ മുനിസിപ്പാലിറ്റി പദവിയിലേക്ക് ഉയർത്തുകയും മുനിസിപ്പാലിറ്റികൾക്ക് കേരള സർക്കാർ നിർദ്ദേശിച്ച വസ്തു നികുതി നിരക്കുകൾ ബാധകമാക്കുന്നതിന് വേണ്ടി മുനിസിപ്പൽ കൗൺസിൽ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി നിരക്കുകൾ പരിഷ്കരിക്കുകയും ചെയ്തു[74] (2016 സെപ്റ്റംബർ). മുനിസിപ്പാലിറ്റിയായി പ്രഖ്യാപിച്ച തീയതിക്ക് ശേഷം നിർമ്മിച്ച എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തു നികുതി ചുമത്തിയെങ്കിലും, ഈ തീയതിക്ക് മുമ്പ് നിലവിലുണ്ടായിരുന്ന വാണിജ്യ/ആശുപത്രി/അസംബ്ലി കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കുകൾ ചുമത്താതിരിക്കുകയും അവയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ നിരക്കുകൾ തുടരുകയും ചെയ്തതായി ഓഡിറ്റ് ശ്രദ്ധിച്ചു. കൂടാതെ, മുനിസിപ്പാലിറ്റിയായി പദവി ഉയർത്തിയപ്പോൾ അധികാരപരിധിയിലുള്ള പ്രദേശങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ചതിലൂടെയുള്ള[75] നികുതിയിലെ മാറ്റവും ഈ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുന്നതിന് പരിഗണിച്ചില്ല. ഇത് **അനുബന്ധം 6.2ൽ** വിശദമാക്കിയിരിക്കുന്നതുപോലെ 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ ₹6.21 ലക്ഷത്തിന്റെ വരുമാന നഷ്ടത്തിനും[76] 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹8.27 ലക്ഷത്തിന്റെ വരുമാനക്കുറവിനും കാരണമായെന്ന് പരിശോധിച്ച 111 കേസുകളിൽ[77] നിന്ന് വ്യക്തമായി.

അങ്ങനെ, പുതുക്കിയ വസ്തുനികുതി നിരക്ക് കൃത്യമായി നടപ്പാക്കുന്നതിൽ മുനിസിപ്പൽ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച ₹14.48 ലക്ഷത്തിന്റെ[78] വരുമാനനഷ്ടത്തിന് കാരണമായി.

ഈ ഖണ്ഡികയ്ക്കുള്ള സർക്കാർ പ്രതികരണം ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).

---

72 2019 മാർച്ച് 06 ലെ ജി.ഒ (ആർ.ടി) നമ്പർ 540/2019/തസ്വഭവ പ്രകാരം

73 2015 ഏപ്രിൽ 30 ലെ ജി.ഒ (എം.എസ്) നമ്പർ 152/2015/തസ്വഭവ പ്രകാരം

74

	100 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ (₹ ഒരു ചതുരശ്ര മീറ്ററിന്)	100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (₹ ഒരു ചതുരശ്ര മീറ്ററിന്)	ആശുപത്രികൾ (₹ ഒരു ചതുരശ്ര മീറ്ററിന്)	അസംബ്ലി കെട്ടിടങ്ങൾ (₹ ഒരു ചതുരശ്ര മീറ്ററിന്)
പഞ്ചായത്ത് നിരക്ക്	50	60	5	30
മുനിസിപ്പാലിറ്റി നിരക്ക്	70	90	15	50

75 കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സേവന ഉപനികുതിയും, സർചാർജ്ജുകളും) നിയമങ്ങൾ 2011 പ്രകാരം, ഒരു മുനിസിപ്പാലിറ്റിയിലെ മുഴുവൻ പ്രദേശത്തെയും ആ പ്രത്യേക പ്രദേശത്തിന്റെ വികസനത്തിന്റെ അനുവദിച്ചിരിക്കുന്ന ഇളവുകളുടെയും അടിസ്ഥാനത്തിൽ നികുതി വിലയിരുത്തലിനായി പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളായി തരംതിരിക്കേണ്ടതുണ്ട്. ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി കണക്കാക്കിയ അടിസ്ഥാന നികുതിയിൽ നിന്നും 10 ശതമാനം കിഴിവും തൃതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം കിഴിവുമുണ്ട്

76 2019-20ന് മുമ്പുള്ള നികുതി കാലഹരണപ്പെട്ടു

77 2015 നവംബർ 01ന് മുമ്പ് കെട്ടിട നമ്പർ അനുവദിച്ച വാണിജ്യ/ആശുപത്രി/അസംബ്ലി കെട്ടിടങ്ങൾ

78 ₹13,79,102 വസ്തു നികുതി + ₹68,955 ലൈബ്രറി സെസ്സ് (അഞ്ച് ശതമാനം)

6.3 അക്രഡിറ്റഡ് ഏജൻസികൾക്ക് ചരക്ക് സേവന നികുതി (ജിഎസ്ടി) അധികമായി നൽകിയത് – ₹68.61 ലക്ഷം

2016ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെയും മൂല്യവർദ്ധിത നികുതി ഉൾപ്പെട്ട വില സൂചികയുടെയും അടിസ്ഥാനത്തിൽ പ്രവൃത്തികൾ കരാർ നൽകുകയും പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യത്തിന് 12 ശതമാനം ജിഎസ്ടി വീണ്ടും നൽകുകയും ചെയ്തതിലൂടെ മൂന്ന് നഗര തദ്ദേശ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾക്ക് ₹68.61 ലക്ഷം അധിക ജിഎസ്ടി നൽകുന്നതിന് കാരണമായി.

കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ചരക്ക് സേവന നികുതി (ജിഎസ്ടി) 2017 ജൂലൈ 01 മുതൽ പ്രാബല്യത്തിൽ വന്നു. അതനുസരിച്ച്, 2017 ജൂലൈ മുതൽ നടപ്പിലാക്കിയ എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും ജിഎസ്ടി നിർബന്ധമാക്കിക്കൊണ്ട് 2017 നവംബറിൽ കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2016ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (ഡിഎസ്ആർ)[79] വില സൂചികകൾക്കൊപ്പം മൂല്യവർധിത നികുതിയും (വാറ്റ്) ഉൾപ്പെടുന്നതിനാൽ, 2017 ഡിസംബറിൽ കേരള സർക്കാർ എല്ലാ സർക്കാർ വകുപ്പുകളോടും ഏജൻസികളോടും പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ വാറ്റ്/ജിഎസ്ടി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചു. ഭരണാനുമതി ലഭിക്കുന്നതിനായി ജിഎസ്ടി പ്രത്യേകമായി സൂചിപ്പിക്കാനും നിർദ്ദേശിച്ചു. കൂടാതെ, കരാറുകാർ സമർപ്പിച്ച നിരക്കുകൾ വാറ്റ്/ജിഎസ്ടി ഒഴിവാക്കിയിട്ടുള്ളതായിരിക്കണമെന്നും, കരാറുകാർക്ക് പണം നൽകുമ്പോൾ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യത്തോടൊപ്പം ബാധകമായ ജിഎസ്ടിയും അനുവദിക്കണമെന്നുമായിരുന്നു നിർദ്ദേശം. 2016 ഡിഎസ്ആർ നിരക്കുകളിൽ പ്രയോഗിക്കുന്നതിനായി പുതുക്കിയ വില സൂചികകൾ 2019 മാർച്ചിൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ചു, ഈ വില സൂചികകളിൽ വാറ്റ് ഘടകം ഉൾപ്പെടുത്തിയിരുന്നില്ല.

പാലക്കാട്, കോട്ടക്കൽ, കാസർഗോഡ് മുനിസിപ്പാലിറ്റികളുടെ ഓഡിറ്റിൽ, ഈ നഗര തദ്ദേശ സ്ഥാപനങ്ങൾ തിരുവനന്തപുരം/തൊടുപുഴയിലെ മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തൃശ്ശൂരിലെ മെസ്സേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്നീ രണ്ട് അക്രഡിറ്റഡ് ഏജൻസികളുമായി ₹24.50 കോടിയുടെ എസ്റ്റിമേറ്റ് ചെലവ് വരുന്ന എട്ട് പ്രവൃത്തികൾ നടത്തുന്നതിനുള്ള കരാറിൽ[80] ഏർപ്പെട്ടതായി കണ്ടെത്തി (2018 മാർച്ച് – 2019 മാർച്ച്). 2016ലെ ഡിഎസ്ആർ അടിസ്ഥാനമാക്കി അക്രഡിറ്റഡ് ഏജൻസികൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ഈ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കൗൺസിലുകൾ ഭരണാനുമതി[81] നൽകുകയും ചെയ്തു. സാങ്കേതിക അനുമതികൾ[82] ഈ ഏജൻസികൾ സ്വയം തന്നെയാണ് നൽകിയത്. 2016ലെ ഡിഎസ്ആർ വില സൂചികകളിൽ ഉൾപ്പെട്ടിരുന്ന വാറ്റ് ഘടകം ഒഴിവാക്കാതെ ഈ ഏജൻസികൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടും ഭരണാനുമതി/നിർവ്വഹണ കരാറുകൾ നൽകുമ്പോൾ എസ്റ്റിമേറ്റുകൾ പരിശോധിച്ച് അതിൽ നിന്നും വാറ്റ് ഒഴിവാക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ പരാജയപ്പെട്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഈ ഏജൻസികൾക്കുള്ള എല്ലാ പേയ്മെന്റുകളും സർക്കാർ പുതുക്കിയ വില സൂചികകൾ പ്രസിദ്ധീകരിച്ചതിന് ശേഷമാണ് നടത്തിയതെങ്കിലും, നഗര തദ്ദേശ സ്ഥാപനങ്ങൾ

---

[79] കേന്ദ്ര പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരിച്ച ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (ഡിഎസ്ആർ), വിവിധ നിർമ്മാണ, അറ്റകുറ്റപ്പണി പ്രവൃത്തികൾക്കുള്ള സ്റ്റാൻഡേർഡ് നിരക്കുകളുടെ രൂപരേഖ നൽകുന്ന ഒരു സമഗ്ര രേഖയാണ്. ഈ നിരക്കുകൾ ചെലവ് കണക്കാക്കാനും പൊതു പദ്ധതികളിൽ ബജറ്റിംഗിനും സാമ്പത്തിക ആസൂത്രണത്തിനും ഇത് ഉപയോഗിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവ ഡിഎസ്ആർ ഉപയോഗിക്കുന്നു

[80] പാലക്കാട് മുനിസിപ്പാലിറ്റി – 2018 മാർച്ച്, കോട്ടക്കൽ മുനിസിപ്പാലിറ്റി – 2019 മാർച്ച്, കാസർകോട് മുനിസിപ്പാലിറ്റി – 2018 മാർച്ച്

[81] പാലക്കാട് മുനിസിപ്പാലിറ്റി – 2017 ജൂൺ, കോട്ടക്കൽ മുനിസിപ്പാലിറ്റി – 2018 ഓഗസ്റ്റ്, കാസർകോട് മുനിസിപ്പാലിറ്റി – 2017 ഡിസംബർ

[82] പാലക്കാട് മുനിസിപ്പാലിറ്റി – 2018 മാർച്ച്, കോട്ടക്കൽ മുനിസിപ്പാലിറ്റി – 2018 സെപ്റ്റംബർ, കാസർകോട് മുനിസിപ്പാലിറ്റി – 2018 ഫെബ്രുവരി

എസ്റ്റിമേറ്റിൽ വാറ്റ് ഘടകം ഒഴിവാക്കിയില്ലെന്നുമാത്രമല്ല, പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യത്തിന്മേൽ ഏജൻസികൾക്ക് 12 ശതമാനം ജിഎസ്ടി അനുവദിക്കുകയും ചെയ്തു. വാറ്റ് ഒഴിവാക്കാതെ 12 ശതമാനം ജിഎസ്ടി അനുവദിച്ചതിലൂടെ ₹68.61 ലക്ഷം അധിക ജിഎസ്ടി നൽകേണ്ടതായി വന്നു. വിശദാംശങ്ങൾ **അനുബന്ധം 6.3ൽ** നൽകിയിരിക്കുന്നു.

അങ്ങനെ, എസ്റ്റിമേറ്റുകളിൽ നിന്ന് വാറ്റ്/ജിഎസ്ടി ഒഴിവാക്കാനുള്ള സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധക്കുറവ് കാരണം നിർവ്വഹണ ഏജൻസികൾക്ക് ₹68.61 ലക്ഷം അധികമായി നൽകേണ്ടിവന്നു.

ഈ ഖണ്ഡികയ്ക്ക് സർക്കാരിന്റെ ഭാഗത്ത് നിന്ന് പ്രതികരണം ലഭിച്ചിട്ടില്ല (2025 ഫെബ്രുവരി).

അദ്ധ്യായം VII

നഗര തദ്ദേശ സ്ഥാപനങ്ങളുടെ ജില്ലാ-കേന്ദ്രീകൃത ഓഡിറ്റ്

7.1 ആമുഖം

1992ലെ 74-ാം ഭരണഘടനാ ഭേദഗതി നിയമം (74-ാം സിഎഎ) നഗര തദ്ദേശ സ്ഥാപനങ്ങളെ (യുഎൽബി) നഗരഭരണകൂടത്തിന്റെ മൂന്നാമത്തെ തലം ആയി അംഗീകരിക്കുകയും സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അവയെ പ്രാപ്തമാക്കാൻ അവയ്ക്ക് പ്രത്യേകമായ പൊതുചുമതലകൾ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. എഴുപത്തിനാലാമത് സിഎഎയുടെ ചുവടുപിടിച്ച് പാസ്സാക്കിയ കേരളാ മുനിസിപ്പാലിറ്റി നിയമം 1994 (കെഎം നിയമം), സംസ്ഥാനത്തെ യുഎൽബികൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങൾ നല്കി അവരെ ശാക്തീകരിച്ചു. മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും സ്ഥാപിക്കുന്നതുവഴി ആസൂത്രണ വികസനത്തിലും തദ്ദേശഭരണത്തിലും പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് കെഎം നിയമം ലക്ഷ്യമാക്കുന്നത്. എഴുപത്തിനാലാമത് ഭരണ ഘടന ഭേദഗതിയിലൂടെ നിയുക്തമായ ചുമതലകൾ എത്രമാത്രം ഫലപ്രദമായി ഈ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നു എന്ന് യുഎൽബികളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് വിലയിരുത്തുന്നു.

7.1.1 ഓഡിറ്റിന്റെ ശ്രദ്ധാ കേന്ദ്രങ്ങൾ

സേവന വിതരണത്തിലെ കാര്യക്ഷമത, ധനകാര്യ ഉത്തരവാദിത്തം, ഭരണപരമായ അനുവർത്തനം എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു ജില്ലയ്ക്കകത്ത് യുഎൽബികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിലാണ് ജില്ലാ കേന്ദ്രീകൃത ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തദ്ദേശീയതലത്തിൽ നഗര ഭരണത്തിന്റെ സമഗ്രമായ ഒരു വിലയിരുത്തലിനും അതുവഴി മെച്ചപ്പെട്ട ആസൂത്രണത്തിനും നയനിർവ്വഹണത്തിനും ഈ സമീപനം വഴിയൊരുക്കുന്നു. ജില്ലാ കേന്ദ്രീകൃത ഓഡിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

- **സേവന വിതരണ വിലയിരുത്തൽ** – നഗരസേവനങ്ങളുടെ ഗുണമേന്മ, കാര്യക്ഷമത, ലഭ്യത എന്നിവയുടെ വിലയിരുത്തൽ.
- **സാമ്പത്തിക വിവേകം** – മുനിസിപ്പൽ ഫണ്ടുകളുടെ ശരിയായ വിനിയോഗവും ഉത്തരവാദിത്തവും ഉറപ്പാക്കുക.
- **അടിസ്ഥാന സൗകര്യവികസനം** – നഗരങ്ങളിലെ അടിസ്ഥാനസൗകര്യ പ്രോജക്ടുകളും അവയുടെ സ്വാധീനവും അവലോകനം ചെയ്യുക.
- **ഭരണപരമായ അനുവർത്തനം** – മുനിസിപ്പൽ നിയമങ്ങൾ, പാരിസ്ഥിതിക മാനദണ്ഡങ്ങൾ, ഭരണനയങ്ങൾ എന്നിവ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
- **പൗര കേന്ദ്രീകൃത ഭരണം** – സേവന വിതരണത്തിൽ പൊതുജന പങ്കാളിത്തം, പരാതി പരിഹാരം, സുതാര്യത എന്നിവ ഉറപ്പാക്കുക.

7.2 ഓഡിറ്റ് വ്യാപ്തിയും രീതിയും

7.2.1 ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി തിരഞ്ഞെടുത്ത ചുമതലകൾ

പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും (എസ്ടി) പട്ടികജാതി വിഭാഗങ്ങളുടെയും (എസ്‌സി) വികസനം ലക്ഷ്യമിട്ട് കുറഞ്ഞത് അവരുടെ ജനസംഖ്യാ അനുപാതത്തിലെങ്കിലും പദ്ധതി വിഹിതം വകയിരുത്തൽ ഉറപ്പാക്കാൻ കേന്ദ്രസർക്കാർ 1974-75ൽ പട്ടികവർഗ്ഗ

ഉപപദ്ധതിയും 1979-80ൽ പട്ടികജാതി ഉപപദ്ധതിയും[83] അവതരിപ്പിച്ചു. യുഎൽബികളുടെ ചുമതലകൾ വ്യക്തമാക്കിക്കൊണ്ട്, 1992ലെ 74-ാം സിഎഎ, ഭരണഘടനയിൽ 12-ാം പട്ടിക എഴുതിച്ചേർക്കുകയും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾ ഉൾപ്പെടെയുള്ള ദുർബ്ബലവിഭാഗങ്ങളുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം യുഎൽബികളെ ഏൽപ്പിക്കുകയും ചെയ്തു. 2011ലെ സെൻസസ് പ്രകാരം, 30.39 ലക്ഷം ജനസംഖ്യയുള്ള എസ്‌സി വിഭാഗവും 4.85 ലക്ഷം ജനസംഖ്യയുള്ള എസ്‌ടി വിഭാഗവും കേരളത്തിലെ ജനസംഖ്യയുടെ യഥാക്രമം 9.1 ശതമാനവും 1.45 ശതമാനവും ആയിരുന്നു.

പട്ടികജാതി ഉപപദ്ധതിയുടെ (എസ്‌സിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ ആയിരുന്നു:

- എസ്‌സി വിഭാഗങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ.
- എസ്‌സി വിഭാഗങ്ങളിലെ സാമൂഹിക-സാമ്പത്തിക വികസനത്തിലെ വിടവ് നികത്തൽ.

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ (ടിഎസ്‌പി) വിശാലമായ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ ആയിരുന്നു:

- വിദ്യാഭ്യാസം, ആരോഗ്യം എന്നീ സേവന മേഖലകളിലെ അവരുടെ പ്രാപ്യത വർദ്ധിപ്പിച്ചുകൊണ്ടുള്ള മാനവവിഭവശേഷി വികസനം.
- ഗോത്രവർഗ്ഗ മേഖലകളിൽ/പ്രദേശങ്ങളിൽ ഭവനനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതുവഴി, ജീവിതനിലവാരം ഉയർത്തൽ.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും ഗണ്യമായി കുറയ്ക്കൽ, ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കൽ, വരുമാന വർധനയ്ക്കുള്ള അവസരങ്ങൾ ഉണ്ടാക്കൽ.
- അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അവകാശങ്ങളും ആനുകൂല്യങ്ങളും നേടുന്നതിനും മറ്റ് മേഖലകളുമായി തുല്യത കൈവരിക്കുന്നതിന് മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള ശേഷി വർദ്ധിപ്പിക്കൽ.
- ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ സംരക്ഷണം.

ചുമതലകൾ അടിസ്ഥാനമാക്കിയുള്ള ഓഡിറ്റിന്റെ ഭാഗമായി ഭരണഘടനയുടെ 12-ാം ഷെഡ്യൂളിലെ 9-ാം നമ്പർ ആയ 'ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക' എന്ന വികേന്ദ്രീകൃത ചുമതലയുടെ കീഴിൽ യുഎൽബികൾ നടത്തിയ എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും പദ്ധതികളുടെ രൂപീകരണത്തിന്റെയും നടത്തിപ്പിന്റെയും ഓഡിറ്റ് ജില്ലാ കേന്ദ്രീകൃത ഓഡിറ്റിനായി തിരഞ്ഞെടുത്തു.

7.2.2 ഓഡിറ്റ് വ്യാപ്തി

തദ്ദേശ സ്വയംഭരണ (തസ്വഭ) സ്ഥാപനങ്ങളും എസ്‌സി/എസ്‌ടി വികസനവകുപ്പുകളും ചേർന്നാണ് സംസ്ഥാനത്തെ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത്. യുഎൽബികൾ മുഖേന നടപ്പാക്കുന്ന എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും നടത്തിപ്പ് മാത്രമാണ് ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത്.

കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ കേരളത്തിലെ നാല് ജില്ലകൾ ആണ് ജില്ലാ കേന്ദ്രീകൃത ഓഡിറ്റിൽ ഉൾപ്പെടുത്തിയത്. ഈ നാല് ജില്ലകളിലെ തിരഞ്ഞെടുത്ത യുഎൽബികളിലെ പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം യുഎൽബികളുടെ മൊത്തം ജനസംഖ്യയുടെ യഥാക്രമം 5.47 ശതമാനവും 0.21 ശതമാനവുമായിരുന്നു. തിരഞ്ഞെടുത്ത ജില്ലകളിലെ 10 മുനിസിപ്പാലിറ്റികളിലും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിലും, 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലേക്കാണ് ഓഡിറ്റ് നടത്തിയത്. തിരഞ്ഞെടുത്ത 12 യുഎൽബികളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1ൽ** കൊടുത്തിരിക്കുന്നു.

[83] തുടക്കത്തിൽ പ്രത്യേക ഘടക പദ്ധതി എന്നറിയപ്പെട്ടിരുന്നു

7.2.3 ഓഡിറ്റ് മാനദണ്ഡവും രീതിയും

കേരള മുനിസിപ്പാലിറ്റി നിയമം 1994, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ, സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ എന്നിവയിൽ നിന്നാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും ഉരുത്തിരിഞ്ഞത്.

ഓഡിറ്റ് ചെയ്ത യുഎൽബികളിൽ സൂക്ഷിച്ചിരുന്ന രേഖകളുടെയും പ്രമാണങ്ങളുടെയും സൂക്ഷ്മ പരിശോധന, ഓഡിറ്റ് എൻക്വയറി നൽകൽ, സംയുക്ത ഭൗതിക പരിശോധന നടത്തൽ, ഗുണഭോക്തൃസർവ്വേകൾ തുടങ്ങിയവ ഓഡിറ്റ് രീതിയിൽ ഉൾപ്പെടുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ, സംസ്ഥാന ആസൂത്രണബോർഡ്, ധനകാര്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. 2023 മാർച്ച് 27ന് സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ഒരു എൻട്രി കോൺഫറൻസ് നടന്നു. അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റിന്റെ സമാപനത്തിൽ, 2024 സെപ്റ്റംബർ 12ന് ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

7.3 ചുമതലയുടെയും തിരഞ്ഞെടുത്ത ജില്ലകളുടെയും അവലോകനം

7.3.1 ചുമതലകളുടെ അവലോകനം

1992-ലെ 74-ാമത് ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ പന്ത്രണ്ടാം ഷെഡ്യൂൾ ഇന്ത്യൻ ഭരണഘടനയോട് ചേർക്കപ്പെട്ടു. അതിൽ 9-ാം ഇനം 'ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക' എന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന്റെ ചുമതല യുഎൽബികൾക്ക് നൽകുകയും, അതിലെ ഷെഡ്യൂൾ I ഈ പ്രവർത്തനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് യുഎൽബികളുടെ ഉത്തരവാദിത്തങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. യുഎൽബികളുടെ പങ്ക് **പട്ടിക 7.1ൽ** നൽകിയിരിക്കുന്നു:

പട്ടിക 7.1 : യുഎൽബികളുടെ പങ്ക്

മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പങ്ക്	
1.	പട്ടികജാതി ഉപപദ്ധതിയും (എസ്‌സിഎസ്‌പി) പട്ടികവർഗ്ഗ ഉപപദ്ധതിയും (ടിഎസ്‌പി) പ്രകാരം ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കുക.
2.	പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നഴ്സറി സ്കൂളുകൾ നടത്തുക.
3.	പട്ടികജാതി-പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4.	പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക.
5.	അർഹരായ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിവേചനാധിഷ്ഠിത സഹായം നൽകുക.
6.	മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രീ-മെട്രിക് ഹോസ്റ്റലുകൾ നടത്തുക.
7.	പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വികസിപ്പിക്കുക.
8.	മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുക.
9.	മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കായി തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ നടത്തുക.

(ഉറവിടം : കേരള മുനിസിപ്പാലിറ്റി നിയമം, 1994)

എന്നിരുന്നാലും, പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ, വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് സമാന്തരമായി ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

തൽഫലമായി യുഎൽബികൾ നിർവഹിക്കുന്ന ചുമതല സംസ്ഥാന സർക്കാരിന്റെ അനുബന്ധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ഓവർലാപ്പ് ചെയ്യുന്നു.

7.3.2 തിരഞ്ഞെടുത്ത ജില്ലകളുടെ അവലോകനം

തിരഞ്ഞെടുത്ത ജില്ലകളിലെ യുഎൽബികളിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി എന്നിവയ്ക്ക് കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിന്റെ സേവന വിതരണം മനസ്സിലാക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഡാറ്റ **പട്ടിക 7.2ൽ** അവതരിപ്പിച്ചിരിക്കുന്നു:

പട്ടിക 7.2: തിരഞ്ഞെടുത്ത ജില്ലകളുടെ വിശദാംശങ്ങൾ

മാനദണ്ഡം	തൃശ്ശൂർ	കോട്ടയം	കോഴിക്കോട്	മലപ്പുറം
വിസ്തീർണം (ച.കിമീ.)	3032	2208	2344	3550
ജനസംഖ്യ (ലക്ഷത്തിൽ)	31.21	19.75	30.86	41.13
പട്ടികജാതി ജനസംഖ്യയുടെ ശതമാനം	10.40	7.80	6.50	7.50
പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനം	0.30	1.10	0.50	0.60
യുഎൽബികളുടെ എണ്ണം	മുനിസിപ്പൽ കോർപ്പറേഷൻ : 1 മുനിസിപ്പാലിറ്റി : 7	മുനിസിപ്പൽ കോർപ്പറേഷൻ: 0 മുനിസിപ്പാലിറ്റി: 6	മുനിസിപ്പൽ കോർപ്പറേഷൻ: 1 മുനിസിപ്പാലിറ്റി: 7	മുനിസിപ്പൽ കോർപ്പറേഷൻ: 0 മുനിസിപ്പാലിറ്റി: 12
നഗര ജനസംഖ്യ (ലക്ഷത്തിൽ)	20.96	5.65	20.73	18.17

(ഉറവിടം : 2023-ലെ സാമ്പത്തിക അവലോകനം - വാല്യം I)

7.3.3 സംഘടനാ സംവിധാനം

ദേശീയ, സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി യുഎൽബികൾക്ക് പൊതു മാർഗരേഖകൾ നൽകാൻ പ്രിൻസിപ്പൽ സെക്രട്ടറി തലവനായിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (നഗരകാര്യം) ആണ് സംസ്ഥാനത്തെ യുഎൽബികളുടെ സംസ്ഥാനതല ഭരണത്തലവൻ. **പട്ടിക 7.3ൽ** കാണിച്ചിട്ടുള്ളതുപോലെ, യുഎൽബികൾ വാർഷിക വികസന പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിയ്ക്ക് (ഡിപിസി) സമർപ്പിക്കുകയും, വിവിധ നിർവ്വഹണ ഓഫീസർമാർ മുഖേന യുഎൽബികൾ പ്രോജക്ടുകൾ നടപ്പാക്കുകയും ചെയ്യുന്നു.

പട്ടിക 7.3: യുഎൽബികളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്

ക്രമ നമ്പർ	എസ്‌സിഎസ്‌പി - ടിഎസ്‌പിയ്ക്ക് കീഴിലെ നിർവ്വഹണ ഓഫീസർമാരുടെ പേര്	നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതുമായി ബന്ധപ്പെട്ട്
1.	സെക്രട്ടറി	മൊത്തത്തിലുള്ള ഏകോപനവും നിർവ്വഹണവും
2.	അഡീഷണൽ സെക്രട്ടറി	ആശ്രയ, സ്വയം-തൊഴിൽ പ്രത്യേക നിർവ്വഹണ ഉദ്യോഗസ്ഥരില്ലാത്ത മറ്റ് പ്രോജക്ടുകൾ

ക്രമ നമ്പർ	എസ്‌സിഎസ്‌പി – ടിഎസ്‌പിയ്ക്ക് കീഴിലെ നിർവ്വഹണ ഓഫീസർമാരുടെ പേര്	നടപ്പാക്കുന്ന പ്രോജക്ടുകൾ ഏതുമായി ബന്ധപ്പെട്ട്
3.	കോർപ്പറേഷൻ എഞ്ചിനീയർ/മുനിസിപ്പൽ എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	കെട്ടിടങ്ങളുടെയും റോഡുകളുടെയും നിർമ്മാണവും സംരക്ഷണവും
4.	ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസനം)	ക്ഷീര വിപുലന പ്രോജക്ടുകൾ
5.	ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)/ സർക്കാർ സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ	വിദ്യാഭ്യാസം
6.	പട്ടികജാതി വികസന ഓഫീസർ	എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ പഠനമുറി, വിവാഹസഹായം, ലാപ്ടോപ് വിതരണം മുതലായ പ്രോജക്ടുകളുടെ നിർവ്വഹണം
7.	പ്രോജക്ട് ഓഫീസർ (പിഎയു)	ദാരിദ്ര്യ ലഘൂകരണം, ലൈഫ് ഭവന നിർമ്മാണപദ്ധതി , പിഎംഎവൈ
8.	സീനിയർ വെറ്റിനറി സർജൻ/വെറ്റിനറി സർജൻ	മൃഗസംരക്ഷണം
9.	മത്സ്യമേഖലാ-സബ്ബ് ഇൻസ്പെക്ടർ	മത്സ്യമേഖലാവികസന പ്രോജക്ടുകൾ
10.	ഹെൽത്ത് ഓഫീസർ/ഹെൽത്ത് സൂപ്പർവൈസർ	ആരോഗ്യം
11.	ശിശുവികസന പ്രോജക്ട് ഓഫീസർ (സിഡിപിഒ)/സംയോജിത ശിശുവികസനം സേവനങ്ങൾ (ഐസിഡിഎസ്) സൂപ്പർവൈസർ	വനിതാ-ശിശു ക്ഷേമം, സപ്ലിമെന്ററി പോഷകാഹാര പരിപാടി
12.	കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ	കൃഷി
13.	മെഡിക്കൽ ഓഫീസർമാർ	അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വൈദ്യശാസ്ത്ര സേവനങ്ങൾ
14.	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	ലഘു നിർമ്മാണ കേന്ദ്രങ്ങൾ, സ്വയം തൊഴിൽ മുതലായവയ്ക്കുള്ള സഹായം

(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)

ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ മൂന്ന് സുപ്രധാന മേഖലകളിലായി തരം തിരിച്ചിരിക്കുന്നു. (i) ആസൂത്രണം-യുഎൽബികളിലെ ആസൂത്രണ പ്രക്രിയകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നു. (ii) ധനകാര്യ പരിപാലനം – എസ്‌സിഎസ്‌പിയ്ക്കും ടിഎസ്‌പിയ്ക്കും അനുവദിച്ച ഫണ്ടുകളുടെ പരിപാലനം വിലയിരുത്തുന്നു. (iii) പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും – വിവിധ മേഖലകളിലെ പ്രോജക്ടുകളുടെ രൂപീകരണവും നിർവ്വഹണവും വിലയിരുത്തുന്നു.

7.4 ആസൂത്രണം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം നിലവിൽ വന്നത് നഗരതദ്ദേശസ്ഥാപനങ്ങൾക്ക് (യുഎൽബി) വികേന്ദ്രീകരണത്തിലൂടെ അധികാരം പകർന്നു നൽകുന്നതിൽ ഒരു സുപ്രധാനമായ നാഴികക്കല്ലാണ്. അതിനുശേഷം, നഗര സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും സജീവപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്, ഏറ്റവും അടിസ്ഥാനതലത്തിൽ വികസനപരിപാടികൾ രൂപീകരിച്ച് നടപ്പാക്കുന്നതിൽ യുഎൽബികൾ നിർണ്ണായകമായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ പല സ്ഥാപനങ്ങളും ഗ്രൂപ്പുകളും പദ്ധതി രൂപീകരണ പ്രക്രിയയിലും അതിന്റെ നടപ്പാക്കലിലും പങ്കാളികളാകുന്നുണ്ട്. ഇതിൽ, ആസൂത്രണത്തിലും തീരുമാനമെടുക്കുന്നതിലും പൗരപങ്കാളിത്തം സുഗമമാക്കുന്ന

അടിസ്ഥാനതല സ്ഥാപനങ്ങളായ വാർഡ് സഭകൾ/വാർഡ് സമിതികൾ, വിദ്യാഭ്യാസം, ആരോഗ്യസുരക്ഷ എന്നിങ്ങനെയുള്ള പ്രത്യേക മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ, വാർഷിക പദ്ധതികളും പരിപാടികളും മറ്റും സൂക്ഷ്മപരിശോധന നടത്തി അംഗീകരിക്കുന്ന ജില്ലാ ആസൂത്രണസമിതി എന്നിവ ഉൾപ്പെടുന്നു. പ്രോജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉൾപ്പെട്ടിട്ടുള്ള വിവിധ അധികാരികൾ/സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ, **ചാർട്ട് 7.1ൽ** ചിത്രീകരിക്കപ്പെട്ടിരിക്കുന്നു:

ചിത്രം 7.1 : എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിലുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിനുള്ള അധികാര വിഭജനം



(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾക്ക് അനുസൃതമായി യുഎൽബികൾ വരും വർഷത്തേയ്ക്ക് ഒരു വാർഷിക വികസനപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിപിസിക്ക് സമർപ്പിക്കേണ്ടതാണ്. തുടർന്ന്, ഈ പദ്ധതികൾ സർക്കാർ മാർഗ്ഗരേഖകളുമായും മുൻഗണനകളുമായും പൊരുത്തപ്പെടുന്നു എന്നുറപ്പുവരുത്തിക്കൊണ്ട്, ഡിപിസി, അവ സൂക്ഷ്മപരിശോധന നടത്തി അംഗീകരിക്കുന്നു. യുഎൽബികൾ വഴിയുള്ള ആസൂത്രണത്തിൽ, താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

7.4.1 പുതുക്കിയ എസ്‌സി/എസ്‌ടി ഡാറ്റയുടെ അഭാവം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്‌സി/എസ്‌ടി വകുപ്പുകളുമായി ചേർന്ന് കൊണ്ട് ജനസംഖ്യ, ഭൂഉടമസ്ഥത, അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി, ശുചിത്വം എന്നിവ തൊഴിൽലഭ്യത, വിദ്യാഭ്യാസപദവി, ആരോഗ്യം, സാമൂഹിക ഭദ്രത തുടങ്ങിയവയുടെ ലഭ്യത വിശകലനം ചെയ്തുകൊണ്ട് എസ്‌സി, എസ്‌ടി വിഭാഗങ്ങളുടെ ഒരു സമഗ്രസർവ്വേ 2008-10 (എസ്‌ടി) ലും 2010-11 (എസ്‌സി) ലുമായി നടത്തുകയും ആയതിന്റെ റിപ്പോർട്ടുകൾ, കേരള സർക്കാർ, യഥാക്രമം, 2011 ഒക്ടോബറിലും 2013 നവംബറിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ സമഗ്രസർവ്വേയിലൂടെ, ഈ ഡാറ്റയുടെ കൃത്യമായ പുതുക്കൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 13-ഉം 14-ഉം പഞ്ചവത്സര പദ്ധതി ആസൂത്രണ രൂപീകരണ മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുകയുണ്ടായി. എസ്‌സി, എസ്‌ടി വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനായി പുതുക്കിയ സർവ്വേ ഡാറ്റയുടെ അടിസ്ഥാനത്തിൽ എസ്‌സിഎസ്‌പി, ടിഎസ്‌പിയുടെ കീഴിൽ പ്രോജക്ടുകൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നിർദ്ദേശം നൽകി. എന്നാൽ പരിശോധിച്ച 12 യുഎൽബികളിൽ അഞ്ച് യുഎൽബികൾ[84] പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യാ ഡാറ്റ പുതുക്കിയതായി കണ്ടെത്തി. ജനസംഖ്യാ കണക്കുകൾ പുതുക്കിയത് ഒഴിച്ചാൽ, ഈ വിഭാഗങ്ങളുടെ വികസനത്തിലെ പോരായ്മകൾ കണ്ടെത്തുന്നതിനും അവരുടെ സാമൂഹിക സാമ്പത്തിക നില വിലയിരുത്തുന്നതിനുമുള്ള ഒരു സമഗ്രസർവ്വേയും പരിശോധിച്ച യുഎൽബികൾ ഒന്നും തന്നെ നടത്തിയില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഒരു സർവ്വെ നടത്താൻ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുകയും (2020 ഡിസംബർ) സംസ്ഥാന സർക്കാർ ആ ശിപാർശ അംഗീകരിക്കുകയും ചെയ്തിരുന്നെങ്കിലും ഇത് സംബന്ധിച്ച് യുഎൽബികളോ എസ്‌ടി വകുപ്പോ യാതൊരു നടപടിയും സ്വീകരിച്ചില്ല. എസ്‌സി, എസ്‌ടി വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നാക്ക അവസ്ഥയുടെ വ്യാപ്തിയെക്കുറിച്ച് നിലവിൽ സംസ്ഥാനത്തിന് ഒരു ഡാറ്റയും ലഭ്യമല്ല എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി (2024 മാർച്ച്). പുതുക്കിയ സർവ്വെ ഡാറ്റയുടെ അഭാവത്തിൽ എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും പദ്ധതികളുടെ രൂപീകരണത്തിനും എസ്‌സിഎസ്‌പി-ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിനുമായി 12-15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഒരു ഡാറ്റയാണ് യുഎൽബികൾ/സംസ്ഥാന സർക്കാർ ഇപ്പോഴും ആശ്രയിക്കുന്നത്.

7.4.2 വാർഡ്‌സഭ/ഊരുകൂട്ടങ്ങളും എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പുകളും ശിപാർശ ചെയ്ത, പ്രാഥമിക ആവശ്യങ്ങൾ സംബന്ധിച്ച പ്രോജക്ടുകൾ രൂപീകരിക്കാത്തത്

വൈവിധ്യമാർന്ന പൊതുജന കാഴ്ചപ്പാടുകൾ, പ്രത്യേകിച്ച് ജനപ്രതിനിധികൾ, പ്രാദേശികവിദഗ്ദ്ധർ, സന്നദ്ധപ്രവർത്തകർ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നുള്ളവ ഏകീകരിച്ചുകൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ[85], സമഗ്രമായ ആസൂത്രണത്തിന് കളമൊരുക്കുന്നു. വാർഡ് സഭ/വാർഡ് സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രോജക്റ്റുകളുടെ പട്ടിക ക്രോഡീകരിക്കുക, ഈ റിപ്പോർട്ടുകളും പ്രോജക്ടുകളും അംഗീകാരത്തിനായി മുനിസിപ്പൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കുക എന്നീ കാര്യങ്ങൾക്ക് എസ്‌സി/എസ്‌ടി വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലപ്പെട്ടിരിക്കുന്നു.

---

84 തൃശ്ശൂർ കോർപ്പറേഷൻ, ഈരാറ്റുപേട്ട, കോട്ടയ്ക്കൽ, പാലാ, പൊന്നാനി മുനിസിപ്പാലിറ്റികൾ

85 സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്‌സൺമാർ, സർക്കാർ ഉദ്യോഗസ്ഥർ, വിഷയ വിദഗ്ധർ, കമ്മ്യൂണിറ്റി ഡെവലപ്‌മെന്റ് സൊസൈറ്റി (സിഡിഎസ്) അംഗങ്ങൾ, എസ്‌സി/എസ്ടി/വനിതാ അംഗങ്ങൾ, അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകൾ (ആശ) തുടങ്ങിയവർ ഉൾപ്പെടുന്നതാണ് വർക്കിംഗ് ഗ്രൂപ്പുകൾ

കുടിവെള്ളവിതരണം, ശൗചാലയസൗകര്യങ്ങൾ, മാലിന്യ സംസ്കരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് എസ്‌സി, എസ്ടി സെറ്റിൽമെന്റുകളിലെ അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻഗണന നൽകാൻ 13-ഉം 14-ഉം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നഗരതദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു. എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ അഭിസംബോധന ചെയ്യപ്പെടുന്നു എന്നുറപ്പുവരുത്തിക്കൊണ്ട്, ഈ അവശ്യസർവ്വീസുകൾക്ക്, നിർബന്ധമായവ ഒഴികെയുള്ള[86] മറ്റ് പ്രൊജക്ടുകളേക്കാൾ മുൻഗണന നൽകേണ്ടതാണ്.

ഊരുകൂട്ടങ്ങളുടെയും, എസ്‌സി/എസ്ടി വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിറ്റ്സിൽ[87] രേഖപ്പെടുത്തിയ, കുടിവെള്ളത്തിനും ശൗചാലയ സൗകര്യങ്ങൾക്കുമുള്ള ഡിമാൻഡുകൾ, ഈ യുഎൽബികളുടെ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ വാർഷിക പദ്ധതികളുമായി ഓഡിറ്റ് ഒത്തുനോക്കുകയും, താഴെ വിവരിച്ചിരിക്കുന്നതുപോലെ, വാർഷിക പദ്ധതികൾക്കു രൂപം നൽകുമ്പോൾ, ഈ യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട ഡിമാൻഡുകൾ പരിഗണിക്കുന്നതിൽ, പരിശോധിച്ച അഞ്ച് യുഎൽബികൾ[88] വീഴ്ചവരുത്തിയതായി കണ്ടെത്തുകയും ചെയ്തു:

(എ) കുടിവെള്ള സൗകര്യങ്ങൾക്ക് വേണ്ടിയുള്ള ഡിമാന്റുകൾ

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഏഴ് യുഎൽബികളിൽ നടത്തിയ എസ്‌സി/എസ്ടി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും, ഊരുകൂട്ടം യോഗങ്ങളിലും കുടിവെള്ള സൗകര്യങ്ങൾക്കുവേണ്ടി ഗുണഭോക്താക്കൾ ഉന്നയിച്ച 21 ഡിമാന്റുകളിൽ 10 പ്രോജക്ടുകൾ മാത്രം രൂപീകരിക്കുകയും ഒൻപതെണ്ണം മാത്രം നടപ്പാക്കുകയും ചെയ്തിട്ടുള്ളൂ എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **പട്ടിക 7.4ൽ** നൽകിയിരിക്കുന്നു.

പട്ടിക 7.4: ഉന്നയിക്കപ്പെട്ട ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ശതമാനം

കാലയളവ്	ജില്ലയുടെ പേര്	യുഎൽബികളുടെ എണ്ണം	ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെ എണ്ണം	രൂപീകരിക്കപ്പെട്ട പ്രോജക്ടുകളുടെ എണ്ണം	രൂപീകരണ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകൾ	പ്രോജക്ടുകളുടെ ഡിമാന്റുകൾക്ക് അനുസൃതമായി നടപ്പാക്കൽ ശതമാനം	ഡിമാന്റുകൾക്കനുസൃതമായി നടപ്പാക്കലിൽ വന്ന കുറവിന്റെ ശതമാനം
2020-21 മുതൽ 2022-23 വരെ	കോട്ടയം	1	2	2	100	2	100	0
	തൃശ്ശൂർ	2	4	4	100	4	100	0
	മലപ്പുറം	2	5	1	20	1	20	80
	കോഴിക്കോട്	2	10	3	30	2	20	80
ആകെ		**7**	**21**	**10**	**47.62**	**9**	**42.86**	**57.14**

(ഉറവിടം : വാർഡ് സഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ്)

ഉന്നയിക്കപ്പെട്ട ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകളുടെ നടത്തിപ്പിന്റെ സ്ഥിതി **ചാർട്ട് 7.2ൽ** ചിത്രീകരിച്ചിരിക്കുന്നു:

86 സപ്ലിമെന്ററി പോഷകാഹാര പരിപാടി, സർവ്വശിക്ഷാഅഭിയാൻ, രാഷ്ട്രീയമാധ്യമിക് ശിക്ഷാ അഭിയാൻ, സാന്ത്വന പരിചരണം മുതലായവ

87 ഓരോ യുഎൽബിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വാർഡ് സഭ/ഊരുകൂട്ടം

88 കൊടുവള്ളി, കോട്ടയ്ക്കൽ, പൊന്നാനി, രാമനാട്ടുകര, വൈക്കം മുനിസിപ്പാലിറ്റികൾ

ചാർട്ട് 7.2 : ഡിമാന്റുകൾക്ക് അനുസൃതമായി കുടിവെള്ള പ്രോജക്ടുകളുടെ നടത്തിപ്പിന്റെ സ്ഥിതി



കോട്ടയത്തെയും തൃശ്ശൂരിലെയും പരിശോധിച്ച യുഎൽബികൾ, പരിശോധിച്ച വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിൽ ഉന്നയിച്ച കുടിവെള്ള വിതരണ ഡിമാന്റുകൾ പരിഹരിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. എന്നാൽ, മലപ്പുറത്തെയും കോഴിക്കോട്ടേയും പരിശോധിച്ച യുഎൽബികൾ, ഉന്നയിച്ച ഡിമാന്റുകളും നടപ്പിലാക്കിയ പദ്ധതികളും തമ്മിൽ ഗണ്യമായ അന്തരം ഉണ്ടായിരുന്നു. പതിനഞ്ച് ഡിമാന്റുകളിൽ പ്രോജക്ട് രൂപീകരണത്തിനായി നാലെണ്ണം (26.67 ശതമാനം) മാത്രം പരിഗണിക്കുകയും, അതിൽ മൂന്ന് പ്രോജക്ടുകൾ മാത്രം നടപ്പിലാക്കുകയും അതിന്റെ ഫലമായി മൊത്തത്തിൽ 20 ശതമാനം നേട്ടം മാത്രം കൈവരിക്കുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഉന്നയിച്ച ഡിമാന്റുകൾക്കെതിരെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉണ്ടായ ഈ പോരായ്മ യുഎൽബികളിൽ വാർഡ് സഭകളും/ഊരുകൂട്ടങ്ങളും രൂപീകരിക്കുന്നതിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തി.

(ബി) ശൗചാലയ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ഡിമാന്റുകൾ

കോട്ടയം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ പരിശോധിച്ച യുഎൽബികൾ എസ്‌സി/എസ്ടി ഗുണഭോക്താക്കൾക്കുവേണ്ടി ശൗചാലയ സൗകര്യങ്ങൾ നടപ്പാക്കിയതിൽ ഗണ്യമായ വിടവുകൾ ശ്രദ്ധിക്കപ്പെട്ടു. 2020–21 മുതൽ 2022–23 വരെയുള്ള കാലയളവിൽ മൂന്ന് യുഎൽബികളിൽ[89] നടത്തിയ മൂന്ന് വർക്കിംഗ് ഗ്രൂപ്പിന്റെയും ഊരുകൂട്ടത്തിന്റെയും യോഗങ്ങളിൽ ശൗചാലയ സൗകര്യങ്ങൾക്കുവേണ്ടി ആറ് ഡിമാന്റുകൾ ഉന്നയിക്കപ്പെട്ടിരുന്നെങ്കിലും ഈ യുഎൽബികൾ ഒരു പ്രോജക്ടുകളും രൂപീകരിക്കുകയോ, നടപ്പാക്കുകയോ ചെയ്തില്ല. അതിനാൽ ഓഡിറ്റ് കാലയളവിൽ വാർഡ്സഭ/ഊരുകൂട്ടം മീറ്റിംഗുകളിൽ ശൗചാലയസൗകര്യങ്ങൾക്കുവേണ്ടി ഉന്നയിക്കപ്പെട്ട ഒരു ഡിമാന്റും നിറവേറ്റാൻ ഈ യുഎൽബികൾക്ക് ആയില്ല. **പട്ടിക 7.5ൽ** വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

പട്ടിക 7.5: ശൗചാലയ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ഡിമാന്റ്

കാലയളവ്	ജില്ലയുടെ പേര്	യുഎൽബികളുടെ എണ്ണം	ഉന്നയിക്കപ്പെട്ട ഡിമാന്റുകളുടെ എണ്ണം	രൂപീകരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ
2020-21 മുതൽ 2022-23 വരെ	കോട്ടയം	1	2	0	0
	മലപ്പുറം	1	1	0	0
	കോഴിക്കോട്	1	3	0	0
ആകെ		**3**	**6**	**0**	**0**

(ഉറവിടം : വാർഡ് സഭ/ഊരുകൂട്ടം/വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ്)

89 കോട്ടയ്ക്കൽ, വൈക്കം, കൊടുവള്ളി മുനിസിപ്പാലിറ്റികൾ

സാർവ്വത്രിക ശുചിത്വപരിരക്ഷ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ 2014-ൽ ആരംഭിച്ച സ്വച്ഛ്ഭാരത് മിഷൻ (നഗരം) പോലെയുള്ള സംരംഭങ്ങൾ ഉണ്ടായിരുന്നിട്ടും ഉപഭോക്താക്കൾ ഉന്നയിച്ചിരുന്ന ഡിമാന്റുകളിൽ ഒന്നുപോലും നിറവേറ്റാൻ കഴിയാതിരുന്നത്, പ്രാദേശിക തലത്തിൽ ശുചിത്വപരിപാടികളുടെ കൂടുതൽ ഫലപ്രദമായ ആസൂത്രണത്തിന്റേയും നടപ്പാക്കലിന്റേയും നിരീക്ഷണത്തിന്റേയും ആവശ്യകതയാണ് സൂചിപ്പിക്കുന്നത്.

7.5 സാമ്പത്തിക നിർവ്വഹണം

ഭൗതികവും ധനകാര്യവുമായ കാര്യങ്ങളിൽ കുറഞ്ഞപക്ഷം ജനസംഖ്യയ്ക്ക് ആനുപാതികമായെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പൊതു വിഭാഗത്തിൽ നിന്നും വിഹിതങ്ങളും ആനുകൂല്യങ്ങളും വഴി തിരിച്ചു വിടുക എന്നതായിരുന്നു എസ്സിഎസ്പിയുടേയും ടിഎസ്പിയുടേയും അടിസ്ഥാന ലക്ഷ്യം. സംസ്ഥാന സർക്കാർ യുഎൽബികൾക്ക് 2020-22ൽ എസ്സിഎസ്പി ഫണ്ടുകളുടെ 7.55 ശതമാനവും 2022-23ൽ 7.54 ശതമാനവും വകയിരുത്തുകയുണ്ടായി. അതുപോലെ തന്നെ സംസ്ഥാനത്ത് യുഎൽബികൾക്ക് 2020-22ൽ ടിഎസ്പി ഫണ്ടുകളുടെ 1.87 ശതമാനവും 2022-23ൽ 1.88 ശതമാനവും വകയിരുത്തപ്പെട്ടു. യുഎൽബികൾക്കുള്ള ഫണ്ടുകളുടെ വകയിരുത്തലിന്റെ വിശദാംശങ്ങൾ **പട്ടിക 7.6ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 7.6: യുഎൽബികൾക്ക് എസ്സിഎസ്പി/ടിഎസ്പി ഫണ്ടുകളുടെ വകയിരുത്തൽ

(₹ കോടിയിൽ)

വർഷം	പട്ടികജാതി ഉപപദ്ധതി			പട്ടികവർഗ്ഗ ഉപപദ്ധതി		
	മൊത്തം എസ്സിഎസ്പി ബജറ്റ് അടങ്കൽ*	യുഎൽബികൾക്കുള്ള എസ്സിഎസ്പി അടങ്കൽ ശതമാനം	യുഎൽബികൾക്കുള്ള എസ്സിഎസ്പി അടങ്കൽ	മൊത്തം ടിഎസ്പി അടങ്കൽ	യുഎൽബികൾക്കുള്ള ടിഎസ്പി അടങ്കൽ ശതമാനം	യുഎൽബികൾക്കുള്ള ടിഎസ്പി അടങ്കൽ
2020-21	2708.54	7.55	204.54	781.36	1.87	14.65
2021-22	2708.54	7.55	204.54	781.36	1.87	14.65
2022-23	2979.40	7.54	224.67	859.50	1.88	16.12

(ഉറവിടം : സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നുള്ള ഡാറ്റ)

**മൊത്തം ബജറ്റ് വകയിരുത്തൽ എസ്സി/എസ്ടി വകുപ്പുകൾ, പിആർഐകൾ യുഎൽബികൾ എന്നിവയ്ക്കായി വിഭജിച്ച് നൽകിയിരിക്കുന്നു)*

വകയിരുത്തപ്പെട്ട എസ്സിഎസ്പിയും ടിഎസ്പിയും ഫണ്ടുകൾ, സംസ്ഥാന ധനകാര്യ കമ്മീഷന്റെ (എസ്എഫ്സി) ശിപാർശകളെ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങൾക്ക് വീതിച്ചു നല്കി. ഓഡിറ്റ് ചെയ്യപ്പെട്ട കാലയളവിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച അഞ്ചും ആറും എസ്എഫ്സി ശിപാർശകളെ അടിസ്ഥാനപ്പെടുത്തി ആയിരുന്നു പ്രസ്തുത വിഭജനം നടത്തിയത്. എസ്സിഎസ്പി ഫണ്ടുകൾ പിആർഐകൾക്കും യുഎൽബികൾക്കും 83.25 : 16.75 എന്ന അനുപാതത്തിലും ടിഎസ്പി ഫണ്ടുകൾ 92 : 8 എന്ന അനുപാതത്തിലും വിതരണം ചെയ്യപ്പെട്ടു. എസ്സിഎസ്പിയുടെയും ടിഎസ്പിയുടെയും ഫണ്ടുകൾ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമിടയിൽ 99.70 : 0.30 എന്ന അനുപാതത്തിൽ വിഭജിക്കപ്പെട്ടു. ഈ വകയിരുത്തൽ 2011-ലെ സെൻസസ് പ്രകാരം എസ്സി/എസ്ടി ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടായിരുന്നു.

പിആർഐകൾക്കും യുഎൽബികൾക്കുമിടയിൽ എസ്സിഎസ്പി ടിഎസ്പി ഫണ്ടുകളുടെ വിതരണം **ചാർട്ട് 7.3ൽ** കൊടുത്തിരിക്കുന്നു.

ചാർട്ട് 7.3: പിആർഐകൾക്കും യുഎൽബികൾക്കുമിടയിൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വിതരണം



(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ)

ഓഡിറ്റ് എസ്‌സിഎസ്‌പിയും, ടിഎസ്‌പിയും കീഴിലുള്ള ഫണ്ടുകളുടെ വകയിരുത്തൽ വിശകലനം ചെയ്യുകയും, എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിലും വിനിയോഗത്തിലും താഴെപ്പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

7.5.1 പരിശോധന നടത്തിയ യുഎൽബികളിൽ എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിലെ കുറവ്

യുഎൽബികൾക്കായുള്ള എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ 2020–21 വരെ ജനസംഖ്യാടിസ്ഥാനത്തിൽ മാത്രമായിരുന്നു നടത്തിയിരുന്നത്. 2021–22 മുതൽ ജനസംഖ്യയ്ക്കും ദാരിദ്ര്യ സൂചികയ്ക്കും 60:40 എന്ന അനുപാതത്തിൽ മുൻതൂക്കം നൽകിക്കൊണ്ട് സംസ്ഥാന ധനകാര്യ കമ്മീഷൻ പുതിയൊരു വകയിരുത്തൽ രീതി അവതരിപ്പിക്കുകയുണ്ടായി. ഭൂരഹിതരും ഭവന രഹിതരുമായ കുടുംബങ്ങൾ, ഭവനങ്ങളുടെ സ്ഥിതി, ഭവന സൗകര്യങ്ങൾ, തൊഴിലില്ലായ്മയുടെ സ്ഥിതി, പദവി, വിദ്യാഭ്യാസം, അധിവാസ കേന്ദ്രങ്ങളിലെ ജനസംഖ്യ എന്നിങ്ങനെ ഏഴ് സുപ്രധാന സൂചകങ്ങൾക്ക് തുല്യമായ മുൻതൂക്കം നൽകിക്കൊണ്ടാണ് ദാരിദ്ര്യ സൂചിക തയ്യാറാക്കിയത്. 2008 – 2011 കാലയളവിൽ നടത്തിയ എസ്‌സി/എസ്‌ടി സാമൂഹിക സാമ്പത്തിക സർവ്വേയിൽ നിന്നുള്ള ഡാറ്റയാണ് കണക്കെടുപ്പിന് സ്വീകരിച്ചത്.

പരിശോധന നടത്തിയ യുഎൽബികൾക്ക് 2021–22, 2022–23 വർഷങ്ങളിൽ വകയിരുത്തിയ എസ്‌സിഎസ്‌പിയുടെയും ടിഎസ്‌പിയുടെയും ഫണ്ടുകളിൽ ഗണ്യമായ കുറവുണ്ടായതായി ഓഡിറ്റ് കണ്ടെത്തി. പരിശോധിച്ച യുഎൽബികളുടെ 2020–21 മുതൽ 2022–23 വരെയുള്ള കാലയളവിലെ എസ്‌സിഎസ്‌പിയുടെയും, ടിഎസ്‌പിയുടെയും ഫണ്ടുകളുടെ വാർഷിക വകയിരുത്തലിന്റെയും ചെലവുകളുടേയും വിശദാംശങ്ങൾ **പട്ടിക 7.7ൽ** കൊടുത്തിരിക്കുന്നു:

പട്ടിക 7.7 : എസ്‌സിഎസ്‌പി/ടിഎസ്‌പി – പരിശോധിച്ച 12 യുഎൽബികളിലെ വകയിരുത്തലിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ

(₹ കോടിയിൽ)

വർഷം	തദ്ദേശ സ്ഥാപനം	എസ്‌സിഎസ്‌പി				ടിഎസ്‌പി			
		വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവ് ശതമാനം	വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവ് ശതമാനം
2020-21	മുനിസിപ്പാലിറ്റി	15.99	10.20	5.79	63.79	0.30	0.15	0.15	50.00
	കോർപ്പറേഷൻ	25.67	16.59	9.08	64.63	0.05	0	0.05	0.00
	ആകെ	**41.66**	**26.79**	**14.87**	**64.31**	**0.35**	**0.15**	**0.20**	**42.86**

വർഷം	തദ്ദേശ സ്ഥാപനം	എസ്‌സിഎസ്‌പി				ടിഎസ്‌പി			
		വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവ് ശതമാനം	വകയിരുത്തൽ	ചെലവ്	ബാക്കി	ചെലവ് ശതമാനം
2021-22	മുനിസിപ്പാലിറ്റി	13.32	9.61	3.71	72.15	0	0	0	0.00
	കോർപ്പറേഷൻ	20.12	11.28	8.84	56.06	0	0	0	0.00
	ആകെ	**33.44**	**20.89**	**12.55**	**62.47**	**0**	**0**	**0**	**0.00**
2022-23	മുനിസിപ്പാലിറ്റി	14.12	9.74	4.38	68.98	0	0	0	0.00
	കോർപ്പറേഷൻ	26.23	17.00	9.23	64.81	0.02	0	0.02	0.00
	ആകെ	**40.35**	**26.74**	**13.61**	**66.27**	**0.02**	**0**	**0.02**	**0.00**

(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)

- 2020-21ലും 2021-22ലും സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകിയ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ മൊത്തം വകയിരുത്തൽ ₹219.19 കോടി ആയി നിലനിന്നെങ്കിലും, 2021-22 ൽ പരിശോധിച്ച യുഎൽബികൾക്കുള്ള എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ കുറഞ്ഞതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എസ്‌സിഎസ്‌പി ഫണ്ട് വകയിരുത്തൽ, 2021-22ൽ 19.73 ശതമാനം കുറഞ്ഞപ്പോൾ, ആ വർഷം, പരിശോധിച്ച യുഎൽബികൾക്ക് ടിഎസ്‌പി ഫണ്ട് ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല.

- 2021-22 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ, 2022-23 ൽ എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ വർദ്ധനവ് ഉണ്ടായെങ്കിലും 2020-21 വർഷത്തെ അപേക്ഷിച്ച് എസ്‌സിഎസ്‌പി ഫണ്ട് വകയിരുത്തലിൽ 3.14 ശതമാനം കുറവുണ്ടായി.

- പരിശോധിച്ച മുനിസിപ്പാലിറ്റികൾ, 2020-21ൽ വകയിരുത്തിയ ടിഎസ്‌പി ഫണ്ടുകളുടെ 50 ശതമാനം ചെലവഴിച്ചെങ്കിലും, തുടർന്നുള്ള വർഷങ്ങളിൽ ടിഎസ്‌പി ഫണ്ട് വകയിരുത്തിയില്ല. എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിൽ വരുന്ന കുറവ് പാർശ്വവൽകൃത സമൂഹങ്ങളുടെ സാമൂഹികവും, സാമ്പത്തികവുമായ വികസനത്തിൽ പ്രതികൂല സ്വാധീനത്തിന് കാരണമാകാൻ സാധ്യതയുണ്ട്.

- എസ്‌സിഎസ്‌പി ഫണ്ടുകളിൽ നിന്നുള്ള ചെലവ് മുനിസിപ്പാലിറ്റികളിൽ 64 ശതമാനം മുതൽ 72 ശതമാനം വരെയും, കോർപ്പറേഷനുകളിൽ 56 ശതമാനം മുതൽ 65 ശതമാനം വരെയും ആയിരുന്നു.

- ഓഡിറ്റ് കാലയളവിൽ തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളും രാമനാട്ടുകര, വൈക്കം മുനിസിപ്പാലിറ്റികളും വകയിരുത്തിയ ടിഎസ്‌പി ഫണ്ടുകൾ ചെലവഴിച്ചില്ലെന്നും, ഈരാറ്റുപേട്ട, പാലാ മുനിസിപ്പാലിറ്റികളിൽ ചെലവ് 50 ശതമാനത്തിൽ താഴെയായിരുന്നെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

സംസ്ഥാന സർക്കാർ മാർഗ്ഗരേഖകൾ എസ്‌സി/എസ്‌ടി വിഭാഗങ്ങളുടെ വികസനത്തെ സഹായിക്കാൻ ഈ ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഊന്നിപ്പറയുന്നുണ്ടെങ്കിലും ഫണ്ടുകളുടെ ഉപയോഗക്കുറവ് എസ്‌സി/എസ്‌ടി വിഭാഗങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ നടപ്പാക്കലിലെ അലംഭാവമാണ് സൂചിപ്പിക്കുന്നത്. എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകൾ കാര്യക്ഷമമായും ഫലപ്രദമായും വകയിരുത്തപ്പെടുന്നു/വിനിയോഗിക്കപ്പെടുന്നു എന്നുറപ്പുവരുത്താൻ മെച്ചപ്പെട്ട നിർവ്വഹണവും മേൽനോട്ടവും ആവശ്യമാണെന്നാണ് ഓഡിറ്റ് കണ്ടെത്തലുകൾ വ്യക്തമാക്കുന്നത്.

7.5.2 ജനസംഖ്യാടിസ്ഥാനത്തിൽ ടിഎസ്‌പി ഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്

ജനസംഖ്യാടിസ്ഥാനത്തിൽ എസ്എഫ്സി നിശ്ചയിച്ച മുൻഗണനക്രമം അടിസ്ഥാനമാക്കി യുഎൽബികൾക്ക് കൃത്യമായി ലഭിക്കേണ്ട എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തൽ, പരിശോധിച്ച യുഎൽബികൾക്ക് വകയിരുത്തപ്പെട്ട യഥാർത്ഥ തുകകളുമായി ഓഡിറ്റ് താരതമ്യപ്പെടുത്തുകയുണ്ടായി. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഒൻപത് യുഎൽബികൾക്ക്[90] ടിഎസ്‌പി ഫണ്ടുകൾ ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, 2021-22ലും 2022-23ലും ജനസംഖ്യാടിസ്ഥാനത്തിൽ കൃത്യമായി ലഭിക്കേണ്ടിയിരുന്നതിൽ കുറഞ്ഞ വകയിരുത്തലാണ് രണ്ട് യുഎൽബികൾക്ക്[91] ലഭിച്ചത്. **പട്ടിക 7.8ൽ** വിവരിച്ചിരിക്കുന്നതുപോലെ, 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ടിഎസ്‌പി ഫണ്ട് വകയിരുത്തലിലെ മൊത്തം കുറവ് ₹1.21 കോടി ആയിരുന്നു.

പട്ടിക 7.8 : ടിഎസ്‌പി ഫണ്ടുകളുടെ ആനുപാതിക വിഹിതത്തിന്റെ വകയിരുത്തലിലെ അഭാവം/കുറവ്

(₹ കോടിയിൽ)

വർഷം	ജില്ല	വകയിരുത്തലൊന്നും ലഭിക്കാതിരുന്ന യുഎൽബികളുടെ എണ്ണം	നൽകേണ്ട തുക	കുറവ് വകയിരുത്തൽ ലഭിച്ച യുഎൽബികളുടെ എണ്ണം	തുക
2020-21	തൃശ്ശൂർ	1	0.05	0	0
	മലപ്പുറം	2	0.06	0	0
ആകെ		**3**	**0.11**	**0**	**0**
2021-22	കോട്ടയം	3	0.07	0	0
	തൃശ്ശൂർ	2	0.05	1	0.05
	മലപ്പുറം	3	0.08	0	0
	കോഴിക്കോട്	1	0.08	1	0.19
ആകെ		**9**	**0.28**	**2**	**0.24**
2022-23	കോട്ടയം	3	0.08	0	0
	തൃശ്ശൂർ	2	0.05	1	0.06
	മലപ്പുറം	3	0.09	0	0
	കോഴിക്കോട്	1	0.09	1	0.21
ആകെ		**9**	**0.31**	**2**	**0.27**
ആകെ മൊത്തം			**0.70**		**0.51**

(ഉറവിടം : സംസ്ഥാന ധനകാര്യ കമ്മീഷൻ സെല്ലിൽ നിന്നും ആറാമത്തെ എസ്എഫ്സി റിപ്പോർട്ടിൽ നിന്നുമുള്ള ഡാറ്റ)

എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വകയിരുത്തലിന്റെ അഭാവം/കുറവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിയുടെയും സബ്സിഡിയുടെയും മാർഗ്ഗ രേഖകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, വിവിധ മേഖലകളിൽ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള യുഎൽബികളുടെ ശേഷിയെ കുറയ്ക്കുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

[90] വൈക്കം, പാലാ, ഈരാറ്റുപേട്ട, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, കോട്ടയ്ക്കൽ, മലപ്പുറം, പൊന്നാനി, കൊടുവള്ളി മുനിസിപ്പാലിറ്റികൾ

[91] തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾ

7.5.3 പ്രോജക്ടുകൾ നടപ്പാക്കാത്തതുമൂലം എസ്സിഎസ്പിയുടെയും, ടിഎസ്പിയുടെയും ഫണ്ടുകളുടെ കാലഹരണപ്പെടൽ

എസ്സിഎസ്പി, ടിഎസ്പിയ്ക്കു കീഴിൽ വകയിരുത്തുന്ന ഫണ്ടുകൾ വകമാറ്റുകയോ കാലഹരണപ്പെടുകയോ ചെയ്യരുതെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ വ്യക്തമായി പ്രസ്താവിയ്ക്കുന്നു. എന്നാൽ **പട്ടിക 7.9ൽ** വിശദമാക്കിയിരിക്കുന്നതുപോലെ, പരിശോധിച്ച യുഎൽബികൾ എസ്സിഎസ്പി ഫണ്ടുകൾ ഉപയോഗിച്ച് ഓഡിറ്റ് കാലയളവിൽ രൂപീകരിച്ച പ്രോജക്ടുകളിൽ 25 മുതൽ 29 ശതമാനം വരെയും ടിഎസ്പി ഫണ്ടുകൾ ഉപയോഗിച്ച് രൂപീകരിച്ച പ്രോജക്ടുകളിൽ 40 മുതൽ 100 ശതമാനം വരെയും നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പട്ടിക 7.9 : പരിശോധിച്ച യുഎൽബികൾ രൂപീകരിച്ച പ്രോജക്ടുകളുടേയും നടപ്പിലാക്കിയ പ്രോജക്ടുകളുടേയും, പാഴാക്കിയ തുകകളുടേയും വിശദവിവരങ്ങൾ

(₹ കോടിയിൽ)

വർഷം	രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പ്രോജക്ട് ചെലവ്	നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കാത്തതിനാൽ കാലഹരണപ്പെട്ട തുക	ഭാഗികമായി നടപ്പാക്കിയതിനാൽ നഷ്ടമായ തുക
			എസ്സിഎസ്പി		
2020-21	372	41.66	94	4.80	10.07
2021-22	260	33.44	69	3.21	9.34
2022-23	315	40.36	91	6.25	7.36
ആകെ	**947**	**115.46**	**254**	**14.26**	**26.77**
			ടിഎസ്പി		
2020-21	20	0.35	8	0.15	0.05
2021-22	0	0	0	0	0
2022-23	1	0.02	1	0.02	0
ആകെ	**21**	**0.37**	**9**	**0.17**	**0.05**

(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)

പ്രോജക്ടുകൾ നടപ്പാക്കാതിരിക്കൽ, ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തീകരിക്കാതിരിക്കൽ, പൂർത്തീകരിച്ച പ്രോജക്ടുകളിൽ നിന്നുള്ള നീക്കിയിരുപ്പ് വിനിയോഗിക്കാതിരിക്കൽ മുതലായവ പോലെയുള്ള വിവിധ കാരണങ്ങൾമൂലം എസ്സിഎസ്പി ഫണ്ടിലെ ₹41.03 കോടിയും ടിഎസ്പി ഫണ്ടിലെ ₹0.22 കോടിയും കാലഹരണപ്പെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പ്രോജക്ടുകൾ നടപ്പാക്കാത്തതിന് പിന്നിലുള്ള പ്രമുഖ കാരണങ്ങൾ മതിയായ എണ്ണം ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതും വർഷാവസാനം ഫണ്ടുകൾ റിലീസ് ചെയ്യതും ആണ്.

കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ₹1.05 കോടി പദ്ധതി അടങ്കലിൽ, ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുക (₹27 ലക്ഷം) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുക (₹7.5 ലക്ഷം), പോസ്റ്റ് മെട്രിക് വനിതാ ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക (₹12 ലക്ഷം), വയോജനങ്ങൾക്ക് കട്ടിലുകൾ വിതരണം ചെയ്യുക എന്നിങ്ങനെ 23 പ്രോജക്ടുകൾ രൂപീകരിക്കുകയുണ്ടായി. എന്നാൽ മുനിസിപ്പാലിറ്റി ഈ പ്രോജക്ടുകൾ നടപ്പാക്കിയില്ല. ഗുണഭോക്താക്കളുടെ അഭാവം മൂലം ₹33 ലക്ഷം ചെലവ് വരുന്ന 11 പ്രോജക്ടുകൾ നടപ്പാക്കിയില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. കൂടാതെ വർഷാവസാനം സംസ്ഥാന സർക്കാർ ഫണ്ടുകൾ റിലീസ് ചെയ്തത് മൂലം ₹41.89 ലക്ഷം ചെലവുള്ള ആറ് പ്രോജക്ടുകൾ നടപ്പാക്കിയില്ല. മുനിസിപ്പാലിറ്റിയുടെ വികലമായ പദ്ധതി ആസൂത്രണവും ഫണ്ടുകൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ വരുത്തിയ കാലതാമസവും ഫണ്ടുകൾ കാലഹരണപ്പെടാൻ കാരണമായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

7.6 പ്രോജക്ടുകളുടെ രൂപീകരണവും നടപ്പാക്കലും

ഭൂരഹിത ഭവനരഹിത അവസ്ഥ, ഉപജീവനഭദ്രതയില്ലായ്മ, ഉന്നത പഠനത്തിനും ഉചിതമായ തൊഴിൽ അവസരങ്ങൾക്കുമുള്ള പ്രവേശനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

മുതലായവയാണ് സംസ്ഥാനം തിരിച്ചറിഞ്ഞതും 13ഉം 14ഉം പഞ്ചവത്സര പദ്ധതികളിലൂടെ പരിഹരിക്കാൻ ലക്ഷ്യമിടുകയും ചെയ്ത പ്രധാന പ്രശ്നങ്ങൾ. വാർഷിക വികസന പദ്ധതിയിൽ എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിൽ തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിച്ച പ്രോജക്ടുകൾ, (i) പശ്ചാത്തലം, (ii) ഉത്പാദനം, (iii) സേവനം എന്നീ മേഖലകളിലായി തരം തിരിച്ചിട്ടുണ്ട്. ഈ മൂന്ന് മേഖലകൾക്ക് കീഴിലുള്ള വിവിധ ഉപമേഖലകളുടെ ഒരു ചിത്രീകരണം **ചിത്രം 7.1ൽ** കൊടുത്തിരിക്കുന്നു.

ചിത്രം 7.1 : മൂന്ന് മേഖലകൾക്ക് കീഴിലെ വിവിധ ഉപമേഖലകൾ

സേവന മേഖല	ഉത്പാദന മേഖല	പശ്ചാത്തല മേഖല
• വിദ്യാഭ്യാസം • കല, സംസ്കാരം, കായികോന്മുഖ പദ്ധതികൾ • യുവജനക്ഷേമം • ആരോഗ്യ, കുടിവെള്ള വിതരണ പദ്ധതികൾ • ശുചിത്വം, മാലിന്യ സംസ്കരണ പദ്ധതികൾ • ഭവന നിർമ്മാണം, വൈദ്യുതീകരണം മുതലായവ.	• കാർഷിക പദ്ധതികൾ • മൃഗസംരക്ഷണ പദ്ധതികൾ • ജലസേചനം • ക്ഷീരവികസനം • മത്സ്യബന്ധനം • നൈപുണ്യ വികസനം, തൊഴിൽ പദ്ധതികൾ മുതലായവ	• റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ • സംരക്ഷണ ഭിത്തികൾ, നടപ്പാത എന്നിവയുടെ നിർമ്മാണം • ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ മുതലായവ

(ഉറവിടം : സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ)

തിരഞ്ഞെടുക്കപ്പെട്ട യുഎൽബികളുടെ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ പട്ടികജാതി ഉപപദ്ധതിയുടേയും പട്ടികവർഗ്ഗ ഉപപദ്ധതിയുടേയും രൂപീകരണവും നിർവ്വഹണവും ഓഡിറ്റ് പരിശോധിക്കുകയും താഴെ വിവരിച്ചിരിക്കുന്ന രീതിയിൽ മൂന്ന് മേഖലകളിലായി ഓഡിറ്റിന്റെ കണ്ടെത്തലുകൾ പ്രാഥമികമായി തരം തിരിക്കുകയും ചെയ്തിട്ടുണ്ട്.

സേവന മേഖല

പാർശ്വവൽകൃത സമുദായങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ വികസനം ഉറപ്പുവരുത്തുന്നതിന് സേവനമേഖലാ പ്രോജക്ടുകളുടെ ഫലപ്രദമായ നടപ്പാക്കൽ നിർണ്ണായകമാണ്. 2020-2023 കാലയളവിൽ 12 യുഎൽബികളുടെ വാർഷിക ചെലവ് പത്രികകളുടെ വിശകലനത്തിൽ നിന്ന് എസ്‌സിഎസ്‌പി, ടിഎസ്‌പി ഫണ്ടുകളുടെ ഗണ്യമായ ഒരു ഭാഗം (യഥാക്രമം 81.02 ശതമാനവും 89.19 ശതമാനവും) സേവന മേഖലാ പ്രോജക്ടുകൾക്ക് വേണ്ടി വകയിരുത്തിയതായി വെളിപ്പെടുകയുണ്ടായി. ഈ പ്രോജക്ടുകൾ പ്രാഥമികമായും ഊന്നൽ നൽകിയത് വിദ്യാഭ്യാസം, ഭവനനിർമ്മാണം, കുടിവെള്ളം എന്നിവയിലാണ്.

സേവന മേഖലയ്ക്ക് കീഴിൽ പരിശോധിച്ച യുഎൽബികൾ ഓഡിറ്റ് കാലയളവിൽ എസ്‌സിഎസ്‌പി ഫണ്ടുകളിൽ നിന്ന് ₹93.55 കോടി വകയിരുത്തിക്കൊണ്ട് 582 പ്രോജക്ടുകൾ രൂപീകരിക്കുകയുണ്ടായി. ഇവയിൽ 482 പ്രോജക്ടുകൾ (82.82 ശതമാനം), ₹65.19 കോടി (69.68 ശതമാനം) ചെലവ് ചെയ്ത് ഈ കാലയളവിൽ നടപ്പാക്കുകയുണ്ടായി. അതുപോലെ, സേവന മേഖലയിൽ ₹0.33 കോടി എസ്റ്റിമേറ്റിൽ രൂപീകരിച്ച 20 ടിഎസ്‌പി പ്രോജക്ടുകളിൽ 11 എണ്ണം (55 ശതമാനം), ₹0.12 കോടി (36.36 ശതമാനം) ചെലവുചെയ്ത് നടപ്പാക്കുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.2ൽ** നൽകിയിരിക്കുന്നു.

സേവന മേഖലയിലെ പ്രമുഖ ഉപമേഖലകൾക്കു കീഴിലുള്ള പ്രോജക്ടുകളുടെ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി.

7.6.1 വിദ്യാഭ്യാസം

പിന്നാക്കവിഭാഗങ്ങളുടെയും സാമൂഹികമായി ദുർബലരായ വിഭാഗങ്ങളുടെയും ഉന്നമനത്തിനുള്ള ഏത് പരിപാടിയുടെയും മുഖ്യഘടകം വിദ്യാഭ്യാസമാണ്. ഈ ഉപമേഖലയ്ക്കുകീഴിലുള്ള പ്രോജക്ടുകളുടെ ഫലപ്രദമായ നടപ്പാക്കൽ വിജ്ഞാനം, നൈപുണ്യം, മൂല്യങ്ങൾ എന്നിങ്ങനെ കുട്ടികളുടെ വ്യക്തിപരമായ വളർച്ചയ്ക്ക് അനിവാര്യമായ ഘടകങ്ങൾ കൊണ്ട് അവരെ ശാക്തീകരിക്കുന്നതിനും അതിലൂടെ ആത്യന്തികമായി അവരുടെ ജീവിതം രൂപാന്തരപ്പെടുത്തുന്നതിനും, ശോഭനമായ ഭാവി കരുപിടിപ്പിക്കുന്നതിനും നിർണ്ണായകമാണ്. തിരഞ്ഞെടുത്ത പ്രോജക്ടുകളുടെ നടപ്പാക്കൽ ഓഡിറ്റ് പരിശോധിക്കുകയും താഴെ പറയുന്ന കാര്യങ്ങൾ നിരീക്ഷിക്കുകയും ചെയ്തു.

7.6.1.1 സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കൽ

എസ്‌സി, എസ്ടി വികസനവകുപ്പുകൾ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള സ്കോളർഷിപ്പ് പദ്ധതിക്ക് പുറമേ പ്രൊഫഷണൽ/ബിരുദ/പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന എസ്‌സി/എസ്ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് യുഎൽബികൾ പദ്ധതികൾ നടപ്പാക്കുകയുണ്ടായി.

തുടർന്നു വരുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ വരുമാനം സ്കോളർഷിപ്പ് നല്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡമായി സ്വീകരിക്കൽ, സ്കോളർഷിപ്പ് നല്കുന്നതിനുള്ള നിർദ്ദിഷ്ട നടപടി ക്രമത്തിൽ നിന്നുള്ള വ്യതിചലനം, മുതലായ അപര്യാപ്തതകൾ/വീഴ്ചകൾ ഓഡിറ്റ് നിരീക്ഷിക്കുകയുണ്ടായി.

i. വരുമാനം സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡമായി സ്വീകരിക്കൽ

എസ്‌സി/എസ്ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന സർക്കാർ തസ്വഭ സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കുമ്പോൾ സ്കോളർഷിപ്പ് നല്കുന്നതിന് യോഗ്യതാമാനദണ്ഡങ്ങൾ ഒന്നും തന്നെ നിശ്ചയിച്ചില്ല. എസ്‌സിഎസ്പി/ടിഎസ്പിയ്ക്കു കീഴിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വരുമാനം ഒരു മാനദണ്ഡമായിരിക്കരുതെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പക്ഷേ, മൂന്ന് യുഎൽബികൾ, സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി വരുമാനം നിശ്ചയിച്ചിട്ടുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിന്റെ ജില്ലാതല വിശദാംശങ്ങൾ **പട്ടിക 7.10ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 7.10 : വരുമാനപരിധി യോഗ്യതാമാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച യുഎൽബികളുടെ വിശദാംശങ്ങൾ

ജില്ലയുടെ പേര്	വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച യുഎൽബികളുടെ എണ്ണം	വരുമാനപരിധി യോഗ്യതാ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ച യുഎൽബിയുടെ പേര്
കോട്ടയം	1	ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി
മലപ്പുറം	2	കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി, മലപ്പുറം മുനിസിപ്പാലിറ്റി
ആകെ	**3**	

(ഉറവിടം : തിരഞ്ഞെടുത്ത യുഎൽബികളുടെ പ്രോജക്ട് പത്രികകൾ)

ii. സംസ്ഥാന സർക്കാർ നിശ്ചയിച്ച തിരഞ്ഞെടുപ്പ് നടപടിക്രമം സ്വീകരിക്കാതിരിക്കൽ

ഓരോ പ്രോജക്ടിനു കീഴിലും ആനുകൂല്യങ്ങളുടെ നീതിപൂർണ്ണമായ വിതരണത്തിന്, ഒരു തദ്ദേശ സ്ഥാപനത്തിന്റെ ഓരോ വാർഡിൽ നിന്നും അനേകം അപേക്ഷകരുള്ളപ്പോൾ ഗുണഭോക്താക്കളെ വാർഡുതലത്തിൽ തിരഞ്ഞെടുക്കുന്നതിന് പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ ഒരു ഫോർമുല നിശ്ചയിക്കുകയുണ്ടായി. ഒരു വാർഡിലെ യോഗ്യരായ

അപേക്ഷകരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള ഫോർമുല, (വാർഡിലെ യോഗ്യരായ അപേക്ഷകരുടെ എണ്ണം ÷ എല്ലാ വാർഡുകളിലേയും യോഗ്യരായ അപേക്ഷകരുടെ മൊത്തം എണ്ണം) × സ്കോളർഷിപ്പുകളുടെ മൊത്തം എണ്ണം ആയിരുന്നു. ഉദാഹരണമായി വാർഡ് എ യിൽ നിന്നുള്ള അപേക്ഷകരുടെ എണ്ണം എട്ടും എല്ലാ വാർഡുകളിൽ നിന്നുള്ള അപേക്ഷകരുടെ മൊത്തം എണ്ണം 32ഉം ലഭ്യമായ സ്കോളർഷിപ്പുകളുടെ എണ്ണം 20ഉം ആണെങ്കിൽ വാർഡ് എ യ്ക്ക് ലഭിക്കുന്ന പ്രോ-റേറ്റാ സ്കോളർഷിപ്പുകളുടെ എണ്ണം 8÷32x20=5 ആയിരിക്കും.

യുഎൽബികൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതി ഓഡിറ്റ് വിശകലനം ചെയ്യുകയും, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ രണ്ട് യുഎൽബികൾ[92] നിർദ്ദിഷ്ട തിരഞ്ഞെടുപ്പു നടപടിക്രമം പാലിക്കാതെ ബന്ധപ്പെട്ട യുഎൽബികൾ തയ്യാറാക്കിയ മുൻഗണനാലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് കാലയളവിൽ 140 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചതായി കണ്ടെത്തുകയും ചെയ്തു. ഇതിന്റെ ജില്ലാതല വിശദാംശങ്ങൾ **പട്ടിക 7.11ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 7.11: മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് വിതരണം ചെയ്ത സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ

ജില്ലയുടെ പേര്	നിർദ്ദിഷ്ട തിരഞ്ഞെടുപ്പു നടപടി ക്രമം പാലിക്കാതിരുന്ന യുഎൽബികളുടെ എണ്ണം	ലഭിച്ച അപേക്ഷകളുടെ എണ്ണം	ഓരോ ജില്ലയിലും സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം	സ്കോളർഷിപ്പ് നിഷേധിക്കപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളുടെ എണ്ണം
തൃശ്ശൂർ	1	183	121	17
മലപ്പുറം	1	21	19	2
ആകെ	**2**	**204**	**140**	**19**

(ഉറവിടം : യുഎൽബികൾ നൽകിയ ഡാറ്റ)

മാർഗ്ഗരേഖകൾ പാലിക്കാതിരുന്നതുമൂലം രണ്ട് യുഎൽബികളിൽ യോഗ്യരായ 19 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നിഷേധിക്കപ്പെട്ടു. കേരള സർക്കാർ നിശ്ചയിച്ചിരുന്ന നടപടിക്രമം പാലിക്കാതിരുന്നതുമൂലം എസ്‌സി, എസ്ടി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സ്കീമിലെ ആനുകൂല്യങ്ങളുടെ ന്യായവും സമതുല്യവുമായ വിതരണം എന്ന ഉദ്ദേശ്യം തന്നെ പരാജയപ്പെട്ടു.

ഉദാഹരണത്തിന് തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ യുഎൽബി 2021-22ൽ 14-ാം വാർഡിൽ നിന്ന് സ്കോളർഷിപ്പിനുള്ള 15 അപേക്ഷകളും എല്ലാ വാർഡുകളിലും നിന്നുമായി 92 അപേക്ഷകളും സ്വീകരിക്കുകയുണ്ടായി. ടി വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം ലഭിച്ച 67 വിദ്യാർത്ഥികളിൽ ഒൻപത് പേർ 14-ാം വാർഡിൽ നിന്നുള്ളവരായിരുന്നു. ഫോർമുല അനുസരിച്ചായിരുന്നെങ്കിൽ 14-ാം വാർഡിൽ നിന്ന് 11 വിദ്യാർത്ഥികൾക്ക് (15÷92×67=10.92) സ്കോളർഷിപ്പുകൾ ലഭിക്കുമായിരുന്നു.

iii. ജാതി സർട്ടിഫിക്കറ്റില്ലാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് എസ്‌സിഎസ്‌പി ഫണ്ടിന്റെ വകമാറ്റം

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, പ്രത്യേക പരിഗണന ആവശ്യമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ വഴി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ, എസ്‌സിഎസ്‌പിയുടെ കീഴിൽ 2021-22ലും 2022-23ലും 'പ്രത്യേക പരിഗണന ആവശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്' എന്ന പദ്ധതി രൂപീകരിച്ചു. ഐസിഡിഎസ് സൂപ്പർവൈസർ ഇംപ്ലിമെന്റിംഗ് ഓഫീസറായി ₹7.20 ലക്ഷം എസ്‌സിഎസ്‌പി ഫണ്ട് ഉപയോഗിച്ച് 20 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുകയും ചെയ്തു.

---

[92] കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ മുനിസിപ്പാലിറ്റികൾ

എന്നാൽ എസ്സിഎസ്പി സ്കീമിനു കീഴിൽ വിദ്യാർത്ഥികളുടെ അർഹത ഉറപ്പാക്കുന്നതിന് അവരുടെ ജാതിസർട്ടിഫിക്കറ്റുകൾ പരിശോധനാവിധേയമാക്കാതെ 10 വിദ്യാർത്ഥികൾക്ക് 2021-22ലും 2022-23ലും എസ്സിഎസ്പി ഫണ്ടിൽ നിന്നും ₹3.99 ലക്ഷം വിതരണം ചെയ്തതായി ഓഡിറ്റ് കണ്ടെത്തി. 10 വിദ്യാർത്ഥികളിൽ അഞ്ച് പേർക്ക് 2020-21ൽ പൊതു വിഭാഗത്തിൽപ്പെടുന്നവർ എന്നു പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയതായും ശ്രദ്ധയിൽപ്പെട്ടു.

എസ്സിഎസ്പി സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള വിദ്യാർത്ഥികളുടെ അർഹത ഉറപ്പുവരുത്താതെ അവർക്ക് സ്കോളർഷിപ്പ് നൽകാൻ എസ്സിഎസ്പി ഫണ്ടുകൾ വിനിയോഗിച്ചത് എസ്സിഎസ്പിയ്ക്ക് കീഴിൽ വകയിരുത്തിയ ഫണ്ടുകളുടെ വകമാറ്റി ചെലവഴിക്കലിന് കാരണമായി.

7.6.1.2 സർവ്വ ശിക്ഷാ അഭിയാൻ – ₹1.66 കോടിയുടെ എസ്സിഎസ്പി ഫണ്ടുകളുടെ വകമാറ്റം – കോഴിക്കോട് കോർപ്പറേഷൻ

കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിരൂപീകരണ മാർഗ്ഗരേഖകൾ, സർവ്വ ശിക്ഷാ അഭിയാൻ (എസ്എസ്എ)[93] പരിപാടിയുടെ നിർവ്വഹണത്തിന് പദ്ധതി ഫണ്ടുകളുടെ നിർബന്ധമായ വകയിരുത്തൽ നിഷ്കർഷിക്കുന്നു. എസ്സി/എസ്ടി വിദ്യാർത്ഥികൾക്കുള്ള എസ്എസ്എ വിഹിതം, വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി വേണം വകയിരുത്തേണ്ടത് എന്ന് മാർഗ്ഗരേഖകൾ വ്യക്തമാക്കുന്നു. എന്നാൽ എസ്സി വിദ്യാർത്ഥികൾക്കു വേണ്ടതിനേക്കാൾ കൂടുതലായി എസ്സിഎസ്പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടാണ് കോഴിക്കോട് കോർപ്പറേഷൻ എസ്സിഎസ്പി പ്രോജക്ടുകൾ രൂപീകരിച്ചതെന്ന് ഓഡിറ്റ് കണ്ടെത്തി. ഇത്, 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ എസ്സിഎസ്പി ഫണ്ടിലെ ₹1.66 കോടി[94] പൊതുവിഭാഗത്തിന്റെ ആനുകൂല്യത്തിനായി വകമാറ്റി ചിലവഴിക്കുന്നതിൽ കലാശിച്ചു. ഫണ്ടുകളുടെ വകമാറ്റം, പട്ടികജാതി ജനവിഭാഗങ്ങളുടെ വികസനത്തിനു താങ്ങാവുക എന്ന എസ്സിഎസ്പി ഫണ്ടുകളുടെ ഉദ്ദേശ്യത്തെത്തന്നെ തുരങ്കം വയ്ക്കുന്നു.

7.6.2 കുടിവെള്ളവിതരണ പ്രോജക്ടുകളുടെ നിർവ്വഹണം

അടിസ്ഥാന ആരോഗ്യപരിപാലനത്തിനും ശുചിത്വത്തിനും ആവശ്യമായ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത എല്ലാ പൗരന്മാർക്കും ഒരു നിശ്ചിത അളവിലെങ്കിലും കേന്ദ്രസർക്കാരും സംസ്ഥാനങ്ങളും തദ്ദേശീയ ഭരണകൂടങ്ങളും ഉറപ്പാക്കണമെന്ന് 2012 ലെ ദേശീയ ജലനയം നിഷ്കർഷിക്കുന്നു. ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതികളെ തുടർന്ന് കുടിവെള്ളവിതരണത്തിന്റെ ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പരിശോധനാ വിധേയമായ യുഎൽബികൾ ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയ കുടിവെള്ള വിതരണ പ്രോജക്ടുകൾ, എസ്സിഎസ്പി സേവനമേഖലാ ചെലവിന്റെ 1.66 ശതമാനമായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 7.3ൽ** നൽകിയിരിക്കുന്നു.

ഓഡിറ്റ് കാലയളവിൽ എസ്സി ജനവിഭാഗങ്ങളുടെ പ്രയോജനത്തിനായി പരിശോധനാ വിധേയമായ യുഎൽബികൾ ₹2.18 കോടി പദ്ധതി ചെലവ് വരുന്ന 58 ഡിഡബ്ല്യുഎസ് പ്രോജക്ടുകൾ രൂപീകരിക്കുകയുണ്ടായി. എന്നാൽ എസ്സി ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള ₹0.75 കോടി പദ്ധതി ചെലവ് വരുന്ന 28 പ്രോജക്ടുകൾ, നാല് യുഎൽബികൾ[95] നടപ്പാക്കിയില്ല. തിരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണം പരിശോധിച്ചപ്പോൾ ഓഡിറ്റ് താഴെ പറയുന്ന അപര്യാപ്തതകൾ നിരീക്ഷിച്ചു.

---

93 സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം കൈവരിക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച സമഗ്രവും സംയോജിതവുമമായ ഒരു പ്രധാന പദ്ധതിയാണ് എസ്എസ്എ

94 2020-21 – ₹80.28 ലക്ഷം, 2021-22 – ₹42.10 ലക്ഷം, 2022-23 – ₹43.89 ലക്ഷം

95 തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളും വടക്കാഞ്ചേരി, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളും

7.6.2.1 ജലസ്രോതസ്സുകളുടെ മലിനീകരണം മൂലം ഒൻപത് പട്ടികജാതി ജനവാസ കേന്ദ്രങ്ങളിൽ കുടിക്കാൻ യോഗ്യമല്ലാത്ത ജലത്തിന്റെ ഉപയോഗം

ഒൻപത് മുനിസിപ്പാലിറ്റികളിൽ[96] ഒൻപത് എസ്‌സി ജനവാസ കേന്ദ്രങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിൽ ഓഡിറ്റ് സംയുക്ത ഭൗതിക പരിശോധനകൾ നടത്തുകയും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പിഎച്ച്, ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ് (റ്റിഡിഎസ്), ക്ലോറൈഡുകൾ, കോളിഫോം, ഇ-കോളി ബാക്ടീരിയ എന്നിവയുടെ എണ്ണം ഉൾപ്പെടെ പൊതുവായ കുടിവെള്ള ഗുണനിലവാരം സർക്കാർ അംഗീകൃത ലാബുകളിൽ പരീക്ഷണത്തിന് അയക്കുകയും ചെയ്തു. 100 ശതമാനം (ഒൻപത്) സാമ്പിളുകളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യവും, 88.89 ശതമാനം (എട്ട്) സാമ്പിളുകളിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യവും 88.89 ശതമാനം (എട്ട്) സാമ്പിളുകളിൽ വെള്ളത്തിന്റെ താഴ്ന്ന പിഎച്ച് അളവും കണ്ടെത്തി. ഇത് ഒൻപത് മുനിസിപ്പാലിറ്റികളിലേ എസ്‌സി അധിവാസ കേന്ദ്രങ്ങളിലെ പരിശോധിച്ച കുടിവെള്ള സ്രോതസ്സുകൾ മലിനവും, പാനയോഗ്യമല്ലാത്തതും ആണെന്ന് സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 7.4ൽ** നൽകിയിരിക്കുന്നു. മലപ്പുറം മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഒരു സാമ്പിളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം 'എണ്ണാവുന്നതിലും അധികം' ആയിരുന്നു. ജില്ലാതല വിശദാംശങ്ങൾ **പട്ടിക 7.12ൽ** നൽകിയിരിക്കുന്നു:

പട്ടിക 7.12: കുടിവെള്ള പരിശോധനാ ഫലങ്ങളുടെ ക്രോഡീകരണം

വിഭാഗം	ജില്ലകൾ	യുഎൽബികളുടെ എണ്ണം	സാമ്പിളുകൾ എടുത്ത സ്രോതസ്സുകളുടെ എണ്ണം	അത്യധികം കലങ്ങിയ അവസ്ഥ	താഴ്ന്ന പിഎച്ച്	കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം	ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം	ഇരുമ്പിന്റെ ഉയർന്ന സാന്നിദ്ധ്യം
എസ്‌സി സെറ്റിൽമെന്റുകൾ	കോട്ടയം	2	2	0	2	2	2	0
	തൃശൂർ	2	2	0	2	2	2	0
	മലപ്പുറം	3	3	1	2	3	2	1
	കോഴിക്കോട്	2	2	0	2	2	2	0
ആകെ		**9**	**9**	**1**	**8**	**9**	**8**	**1**

(ഉറവിടം : യുഎൽബികളിൽ നിന്ന് ശേഖരിച്ച കുടിവെള്ള സാമ്പിളുകളുടെ പരിശോധനാ ഫലം)
**കലങ്ങിയ അവസ്ഥയുടെ അഭിലഷണീയ പരിധി: 1-5 എൻടിയു, പി.എച്ച് : 6.5 – 8.5, ഇരുമ്പ് : 0.3 മില്ലി ഗ്രാം/ലിറ്റർ, കോളിഫോമും, ഇ-കോളിയും ഇല്ല എന്നായിരിക്കണം.*

ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിൽ യുഎൽബികൾ പരാജയപ്പെട്ടതുമൂലം, ലഭ്യമായ സ്രോതസ്സുകളിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം കുടിക്കാൻ താമസക്കാർ നിർബന്ധിതരാവുകയും അവരെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുടെ സാധ്യതയിലേക്ക് നയിക്കുകയും ചെയ്തു.

7.6.2.2 യീൽഡ് ടെസ്റ്റ് നടത്താതെ കുടിവെള്ള വിതരണ പ്രോജക്ട് നടപ്പാക്കൽ– ₹1.96 ലക്ഷത്തിന്റെ നഷ്ടം – വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

വൻകിട പദ്ധതികൾ പ്രായോഗികമല്ലാത്ത മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രായോഗികമായ ഒരു പരിഹാര മാർഗ്ഗമാണ് ചെറുകിട, ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള ഗുണഭോക്തൃ നേതൃത്വത്തിലുള്ള ജലവിതരണ പദ്ധതികളുടെ നടപ്പാക്കൽ. സമൂഹ കേന്ദ്രീകൃത കുടിവെള്ള പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് ജല സ്രോതസ്സുകൾ ശാസ്ത്രീയ മാർഗ്ഗത്തിലൂടെ കണ്ടെത്തേണ്ടതും പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് മുമ്പ് യീൽഡ് ടെസ്റ്റുകളിലൂടെ ജല ലഭ്യത ഉറപ്പാക്കേണ്ടതും ആവശ്യമാണ്.

വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, ഒരു കുളം ജലസ്രോതസ്സായി ഉപയോഗപ്പെടുത്തി ജല വിതരണ പദ്ധതി മുഖേന കാരക്കുന്ന് എസ്‌സി സെറ്റിൽമെന്റിലേയ്ക്ക് ജലവിതരണം

---

[96] ഈരാറ്റുപേട്ട, പാലാ, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, കോട്ടയ്ക്കൽ, മലപ്പുറം, പൊന്നാനി, കൊടുവള്ളി, രാമനാട്ടുകര മുനിസിപ്പാലിറ്റികൾ

നടത്തുന്നുണ്ടായിരുന്നു. എസ്‌സി സെറ്റിൽമെന്റിലേക്ക് എത്തുന്ന ജലം വളരെ അപര്യാപ്തമായിരുന്നതിനാൽ, മുനിസിപ്പാലിറ്റി 2021-22ൽ ₹10 ലക്ഷം (₹8.04 ലക്ഷത്തിന്റെ എഫ്‌സി ഗ്രാന്റും ₹1.96 ലക്ഷത്തിന്റെ എസ്‌സിഎസ്‌പി ഫണ്ടും) പദ്ധതി തുക കണക്കാക്കി കാരക്കുന്ന് എസ്‌സി കുടിവെള്ള വിതരണപ്രോജക്ട് എന്നൊരു പ്രോജക്ട് രൂപീകരിക്കുകയുണ്ടായി. സെറ്റിൽമെന്റിന് സമീപം ഒരു കുഴൽകിണർ നിർമ്മിച്ച്, കുളത്തിൽ നിന്നും വെള്ളം കൊണ്ടുവരാൻ സ്ഥാപിച്ചിരുന്ന നിലവിലുള്ള പൈപ്പ് ലൈനുകളിലൂടെ കുഴൽകിണറിൽ നിന്നുള്ള വെള്ളം ലഭ്യമാക്കാനായിരുന്നു പ്രോജക്ട് ലക്ഷ്യമിട്ടത്. എന്നാൽ തിരഞ്ഞെടുത്ത സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പിക്കാൻ യീൽഡ് ടെസ്റ്റ് നടത്താതെ യുഎൽബി ഒരു കരാറുകാരനെ പ്രവൃത്തി എൽപ്പിച്ചു (2022 മാർച്ച്). കുഴൽകിണർ നിർമ്മിച്ചെങ്കിലും (2022 സെപ്റ്റംബർ), വെള്ളത്തിന്റെ ലഭ്യതക്കുറവ് മൂലം കുഴൽകിണർ ഉപേക്ഷിക്കപ്പെട്ടു. കരാറുകാരന് ₹5.42 ലക്ഷം (₹3.46 ലക്ഷം എഫ് സി ഗ്രാന്റും ₹1.96 ലക്ഷം എസ്‌സിഎസ്‌പി ഫണ്ടും) നൽകി. അനുയോജ്യത ഉറപ്പാക്കാതെ കുഴൽകിണർ നിർമ്മിച്ചത് പ്രോജക്ട് ഉപേക്ഷിക്കുന്നതിലും ₹5.42 ലക്ഷം നഷ്ടപ്പെടുന്നതിലും കലാശിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. സംയുക്ത ഭൗതിക പരിശോധനയിൽ (ജെപിവി) വേനൽക്കാലത്തുപോലും കുളത്തിൽ ആവശ്യത്തിന് വെള്ളമുണ്ടായിരുന്നെന്നും മോട്ടോർ പമ്പിന്റെ ശേഷിക്കുറവാണ് എസ്‌സി സെറ്റിൽമെന്റിൽ എത്തുന്ന വെള്ളത്തിന്റെ അളവ് കുറയാൻ കാരണമെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

നിലവിലുള്ള സ്രോതസ്സിൽ നിന്നും എസ്‌സി സെറ്റിൽമെന്റ് പ്രദേശത്തെക്ക് ജലവിതരണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഒരു പമ്പ് സ്ഥാപിക്കുന്നതിനുപകരം അനുയോജ്യത ഉറപ്പാക്കാതെ മുനിസിപ്പാലിറ്റി മറ്റൊരു പ്രോജക്ട് നടപ്പാക്കിയത്, ആത്യന്തികമായി ₹1.96 ലക്ഷത്തിന്റെ എസ്‌സിഎസ്‌പി ഫണ്ട് നഷ്ടപ്പെടുന്നതിനും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

7.6.3 ഭവനനിർമ്മാണ പദ്ധതികളുടെ നടപ്പാക്കൽ

2011 ലെ കേരള സംസ്ഥാന ഭവനനിർമ്മാണ നയം, സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളുടെ, പ്രത്യേകിച്ചും പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ ഭൂരഹിതർ, അഗതികൾ, സ്ത്രീകൾ ഗൃഹനാഥരായിട്ടുള്ള വീട്ടുകൾ, ദരിദ്രരിൽ ഏറ്റവും ദരിദ്രരായവർ എന്നിവരുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പരിശ്രമങ്ങൾ ഊർജ്ജിതമാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. 73ഉം, 74ഉം ഭരണഘടനാ ഭേദഗതികളോടെ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കാനുള്ള ഉത്തരവാദിത്തം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരും ആയ എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായും അന്തസ്സോടെയും വസിക്കാനുള്ള ഭവനങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള സംസ്ഥാനതല ഭവന നിർമ്മാണവികസന പദ്ധതിയാണ് ലൈഫ് പദ്ധതി (ഉപജീവനവും, ഉൾപ്പെടുത്തലും, ധനകാര്യ ശാക്തീകരണവും). ഈ പദ്ധതിക്ക് കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീട്ടുകൾ നിർമ്മിക്കാൻ ₹നാല് ലക്ഷം വീതവും വിദൂരസ്ഥ ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ഗുണഭോക്താക്കൾക്ക് ₹ആറ് ലക്ഷം വീതവും ധനസഹായം നൽകുന്നു. വീട്ടുകളുടെ ഘട്ടം ഘട്ടമായുള്ള നിർമ്മാണത്തെ അടിസ്ഥാനമാക്കി നാല് തവണകളായാണ് സഹായധനം നൽകുന്നത്.

ഓഡിറ്റും അതാത് യുഎൽബികളുടെ ഔദ്യോഗിക പ്രതിനിധികളും സംയുക്തമായി 31 എസ്‌സി/എസ്‌ടി സെറ്റിൽമെന്റുകളിൽ നടത്തിയ ഒരു ഗുണഭോക്തൃ സർവ്വേയിൽ, സർവ്വേ ചെയ്യപ്പെട്ട എസ്‌സി കുടുംബങ്ങളുടെ 8.84 ശതമാനത്തിനും (181 ൽ 16) എസ്‌ടി കുടുംബങ്ങളുടെ 8.70 ശതമാനത്തിനും (23ൽ രണ്ട്) സ്വന്തമായി വീട്ടുകളില്ല എന്ന് വെളിപ്പെടുകയുണ്ടായി. നാല് എസ്‌സി കുടുംബങ്ങളും രണ്ട് എസ്‌ടി കുടുംബങ്ങളും ഭൂരഹിതരും ഭവനരഹിതരും ആയിരുന്നു. പരിശോധിച്ച യുഎൽബികളിൽ എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ

നടപ്പാക്കൽ ഓഡിറ്റ് വിശകലനം ചെയ്യുകയും താഴെ പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

7.6.3.1 ലൈഫ് പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കളുടെ പട്ടികയിൽ ഭവനരഹിതരും ഭൂരഹിതരുമായ എസ്‌സി/എസ്‌ടി വിഭാഗക്കാരെ ഉൾപ്പെടുത്താതിരുന്നത്

പരിശോധിച്ച 10 യുഎൽബികൾ[97] നൽകിയ വിവരങ്ങൾ അനുസരിച്ച് 1612 ഭവനരഹിതരും[98] 2597 ഭൂരഹിത-ഭവനരഹിതരും[99] ആയ എസ്‌സി/എസ്‌ടി കുടുംബങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 877 ഭവനരഹിതരവും (എസ്‌സി 865-ഉം എസ്‌ടി 12-ഉം) 592 ഭൂരഹിത കുടുംബങ്ങളും (എസ്‌സി 592-ഉം എസ്‌ടി പൂജ്യവും) മാത്രമേ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളു എന്ന് ഓഡിറ്റ് കണ്ടെത്തി.

അതായത്, **പട്ടിക 7.13ലും 7.14ലും** വിവരിച്ചിരിക്കുന്നതുപോലെ 735 ഭവന രഹിത കുടുംബങ്ങളും (എസ്‌സി 735-ഉം എസ്‌ടി പൂജ്യവും) 2005 ഭൂരഹിത-ഭവനരഹിത കുടുംബങ്ങളും (എസ്‌സി 2002-ഉം എസ്‌ടി മൂന്നും), പരിശോധിച്ച 10 യുഎൽബികളിലെ (2023 മാർച്ച്) ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

പട്ടിക 7.13 : എസ്‌സിഎസ്‌പി ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ/ഒഴിവാക്കൽ

ജില്ല	യുഎൽബികളിലെ ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം	യുഎൽബികളിലെ ഭൂരഹിത-ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം	ആകെ	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത-ഭവന രഹിതരായ എസ്‌സിക്കാരുടെ എണ്ണം	ആകെ	ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത-ഭവന രഹിതരുമായ എസ്‌സിക്കാരുടെ എണ്ണം
കോട്ടയം	105	3	108	13	0	13	95
തൃശ്ശൂർ	1011	1948	2959	427	321	748	2211
മലപ്പുറം	237	136	373	229	30	259	114
കോഴിക്കോട്	247	507	754	196	241	437	317
ആകെ	**1600**	**2594**	**4194**	**865**	**592**	**1457**	**2737**

(ഉറവിടം : യുഎൽബികൾ നൽകിയ വിവരം)

പട്ടിക 7.14 : ടിഎസ്‌പി ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ/ഒഴിവാക്കൽ

ജില്ല	യുഎൽബികളിലെ ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം	യുഎൽബികളിലെ ഭൂരഹിത-ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം	ആകെ	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത-ഭവന രഹിതരായ എസ്‌ടിക്കാരുടെ എണ്ണം	ആകെ	ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത-ഭവന രഹിതരുമായ എസ്‌ടിക്കാരുടെ എണ്ണം
കോട്ടയം	0	0	0	0	0	0	0
തൃശ്ശൂർ	0	0	0	0	0	0	0

[97] പാലാ, വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, പൊന്നാനി, മലപ്പുറം, രാമനാട്ടുകര, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളും തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളും

[98] എസ്‌സി – 1600, എസ്‌ടി – 12

[99] എസ്‌സി – 2594, എസ്‌ടി – 3

ജില്ല	യുഎൽബികളിലെ ഭവന രഹിതരായ എസ്ടിക്കാരുടെ എണ്ണം	യുഎൽബികളിലെ ഭൂരഹിത-ഭവന രഹിതരായ എസ്ടിക്കാരുടെ എണ്ണം	ആകെ	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവന രഹിതരായ എസ്ടിക്കാരുടെ എണ്ണം	ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത-ഭവന രഹിതരായ എസ്ടിക്കാരുടെ എണ്ണം	ആകെ	ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭവനരഹിതരും ഭൂരഹിത-ഭവന രഹിതരുമായ എസ്ടിക്കാരുടെ എണ്ണം
മലപ്പുറം	1	2	3	1	0	1	2
കോഴിക്കോട്	11	1	12	11	0	11	1
ആകെ	**12**	**3**	**15**	**12**	**0**	**12**	**3**

(ഉറവിടം : യുഎൽബികൾ നൽകിയ വിവരം)

യുഎൽബി തിരിച്ചുള്ള ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം **അനുബന്ധം 7.5ൽ** കൊടുത്തിരിക്കുന്നു. അർഹരായ കുടുംബങ്ങളെ കണ്ടെത്താൻ കൃത്യമായ ഇടവേളകളിൽ സർവ്വേകൾ നടത്തുന്നതിനു പകരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം യുഎൽബികൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയത് പട്ടികയിൽ അർഹരായ കുടുംബങ്ങൾ ഉൾപ്പെടാതിരിക്കുന്നതിന് കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

7.6.3.2 നിർദ്ദിഷ്ട കാലയളവിനുള്ളിൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാത്ത അവസ്ഥ

ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖകൾ അനുസരിച്ച് ആറ് മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ട ഉത്തരവാദിത്തം തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിക്ക് ആണ്. തവണകൾ ലഭിച്ചതിനുശേഷവും നിർമ്മാണം തുടങ്ങുന്നതിന്/പൂർത്തീകരിക്കുന്നതിന് കഴിയാത്ത ഗുണഭോക്താക്കളെ സഹായിക്കേണ്ടതും യുഎൽബികളാണ്. എന്നാൽ, പരിശോധിച്ച 10[100] യുഎൽബികളിൽ (2024 മാർച്ച്) 2023 മാർച്ച് വരെ ഗുണഭോക്താക്കൾക്ക് ₹6.51 കോടി എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വിതരണം ചെയ്യപ്പെട്ട 292 വീടുകൾ വിവിധ ഘട്ടങ്ങളിൽ അപൂർണ്ണമായി നിലനിൽക്കുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2023-24ൽ തുടർ തവണകൾ അനുവദിച്ചില്ല എന്നും വീടുകൾ പൂർത്തീകരിക്കാതെ തന്നെ നിലകൊണ്ടു എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ താഴെ **പട്ടിക 7.15ൽ** നൽകിയിരിക്കുന്നു:

പട്ടിക 7.15 : ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളും

(₹ ലക്ഷത്തിൽ)

പദ്ധതിയുടെ പേര്	വിഭാഗം	തവണകളായി ചെലവഴിച്ച തുക							
		കോട്ടയം		തൃശ്ശൂർ		മലപ്പുറം		കോഴിക്കോട്	
		ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക
ലൈഫ് ഘട്ടം I	എസ്‌സി	0	0	0	0	0	0	0	0
ലൈഫ് 2020	എസ്‌സി	0	0	0	0	3	9.20	107	161.35
ലൈഫ് ഘട്ടം II	എസ്‌സി	0	0	0	0	0	0	0	0
ലൈഫ് ഘട്ടം III	എസ്‌സി	0	0	0	0	0	0	0	0

[100] പാലാ, വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, മലപ്പുറം, പൊന്നാനി, രാമനാട്ടുകര, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളും, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളും

പദ്ധതിയുടെ പേര്	വിഭാഗം	തവണകളായി ചെലവഴിച്ച തുക							
		കോട്ടയം		തൃശ്ശൂർ		മലപ്പുറം		കോഴിക്കോട്	
		ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക	ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത മൊത്തം തുക
ലൈഫ് എസ്‌സി അഡീഷൽ	എസ്‌സി	0	0	0	0	1	2	10	15.20
ലൈഫ് എസ്ടി അഡീഷണൽ	എസ്ടി	0	0	0	0	0	0	1	2
ആവാസ് പ്ലസ്	എസ്‌സി	0	0	0	0	0	0	0	0
പിഎംഎവൈ	എസ്‌സി	0	0	149	407.48	4	11.20	17	42.40
ആകെ		**0**	**0**	**149**	**407.48**	**8**	**22.40**	**135**	**220.95**

(ഉറവിടം : യുഎൽബികൾ നല്കിയ ഡാറ്റ)

ലൈഫ് മിഷൻ മാർഗ്ഗരേഖകൾ അനുസരിച്ച് തദ്ദേശസ്ഥാപനങ്ങൾ, പൊതുജനങ്ങളെയും എൻജിഒ കളെയും പങ്കെടുപ്പിച്ചുകൊണ്ട്, പ്രത്യേകിച്ച് സാമ്പത്തിക ബുദ്ധിമുട്ടുകളോ മറ്റ് നിർമ്മാണ പ്രശ്നങ്ങളോ അഭിമുഖീകരിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ സാമ്പത്തിക പ്രശ്നങ്ങൾ, വസ്തുതർക്കങ്ങൾ, ഗുണഭോക്താക്കളുടെ മരണം, ഗുണഭോക്താവിന്റെയോ കുടുംബാംഗങ്ങളുടേയോ ആശുപത്രിവാസം പോലെയുള്ള അടിയന്തിര ആവശ്യങ്ങൾക്കുവേണ്ടി ഫണ്ടുകളുടെ വകമാറ്റം, ലൈഫ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ മുതലായവ പോലുള്ള കാരണങ്ങളാൽ ഭവന നിർമ്മാണം അപൂർണ്ണമായി നിലകൊണ്ടു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

യുഎൽബികളുടെ ഫലപ്രദമായ ഇടപെടൽ ഇല്ലാത്തതുമൂലം ഭവന നിർമ്മാണം അപൂർണ്ണമായി നിലകൊള്ളുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധിച്ച യുഎൽബികൾ വിവിധ ഘട്ടങ്ങളിൽ നിലച്ചുപോയ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട തുടർ നടപടികൾ എടുക്കുന്നതിലും ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിലും വീഴ്ചവരുത്തി.

7.6.4 സപ്ലിമെന്ററി പോഷകഹാര പരിപാടി – ₹0.03 കോടിയുടെ എസ്‌സിഎസ്‌പി ഫണ്ടുകളുടെ വകമാറ്റൽ

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകൾ, സപ്ലിമെന്ററി പോഷകഹാര പരിപാടി (എസ്എൻപി) നടപ്പാക്കുന്നതിന് പദ്ധതി ഫണ്ടുകൾ നിർബന്ധമായി വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എസ്‌സി/എസ്ടി വിദ്യാർത്ഥികളുടെ എസ്എൻപി വിഹിതം ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി അതതു യുഎൽബികൾ അനുവദിക്കേണ്ടതാണെന്ന് മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വകയിരുത്തിക്കൊണ്ട് എസ്‌സി/എസ്ടി ഗുണഭോക്താക്കൾക്കും, വികസന ഫണ്ട്(പൊതു) വകയിരുത്തിക്കൊണ്ട് പൊതുവിഭാഗം ഗുണഭോക്താക്കൾക്കും വെവ്വേറെ പ്രോജക്ടുകൾ പരിശോധനയ്ക്ക് വിധേയമായ യുഎൽബികൾ രൂപീകരിക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ എണ്ണത്തെയും ആറ് വയസിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടി കേന്ദ്ര സർക്കാരിന്റെ വനിതാ-ശിശു വികസന മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള നിരക്കുകളേയും അടിസ്ഥാനപ്പെടുത്തിയാണ് പ്രോജക്റ്റ് ചെലവ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ മൂന്ന് യുഎൽബികൾ[101] ₹0.10 കോടി യുടെ പ്രോജക്ടുകൾ രൂപീകരിക്കുകയും അതിൽ എസ്‌സി/എസ്ടി ഗുണഭോക്താക്കൾക്ക്

---

[101] കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, കൊടുവള്ളി മുനിസിപ്പാലിറ്റികൾ

ആനുപാതികമായതിൽ കൂടുതലായി ₹0.03 കോടി വകയിരുത്തുക ഉണ്ടായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അധികമായി വകയിരുത്തിയതിന്റെ വിശദാംശങ്ങൾ **പട്ടിക 7.16ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 7.16 എസ്എൻപിയ്ക്ക് വേണ്ടി എസ്സിഎസ്പി ഫണ്ടുകളുടെ വകമാറ്റൽ

(₹ ലക്ഷത്തിൽ)

കാലയളവ്	വകമാറ്റിയ തുക				വകമാറ്റിയ മൊത്തം എസ്സിഎസ്പി ഫണ്ടുകൾ
	കോട്ടയം	തൃശ്ശൂർ	മലപ്പുറം	കോഴിക്കോട്	
2020-21	ഇല്ല	0.33	ഇല്ല	ഇല്ല	**0.33**
2021-22	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2022-23	ഇല്ല	ഇല്ല	2.34	0.26	**2.60**
ആകെ	ഇല്ല	**0.33**	**2.34**	**0.26**	**2.93**

(ഉറവിടം : യുഎൽബികൾ നൽകിയ ഡാറ്റയും വാർഷിക ചെലവ് പത്രികയും)

ഈ ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ നികത്താൻ സ്ഥാപിതമായ എസ്സിഎസ്പി-ടിഎസ്പി പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ തന്നെ വിട്ടുവീഴ്ച ചെയ്യുന്നതായിരുന്നു ഫണ്ടുകളുടെ വകമാറ്റൽ. ഉദ്ദേശിക്കപ്പെട്ട ആവശ്യത്തിൽ നിന്ന് ഫണ്ടുകൾ വകമാറ്റുന്നതിലൂടെ യുഎൽബികൾ നിലവിലുള്ള അന്തരം അബദ്ധവശാൽ നിലനിർത്തുകയും അതുവഴി, സാമൂഹക നീതിയും സമത്വവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുള്ള സർക്കാരിന്റെ ശ്രമങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

ഉത്പാദന മേഖല

എസ്സിഎസ്പി-ടിഎസ്പി ഫണ്ടുകളുടെ മുഖ്യലക്ഷ്യങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുകയും ഉത്പാദനക്ഷമമായ ആസ്തികളും വരുമാനോല്പാദന അവസരങ്ങളും സൃഷ്ടിക്കുകയും ആണ്. 13-ഉം 14-ഉം പഞ്ചവത്സര പദ്ധതികളും സംസ്ഥാന സർക്കാർ മാർഗ്ഗരേഖകളും കാർഷികോല്പാദനം, നൈപുണ്യവികസനം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വരുമാനോല്പാദന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് ഉത്പാദന മേഖലയിൽ പ്രോജക്ടുകൾക്ക് മുൻഗണന നൽകാൻ നിഷ്കർഷിക്കുന്നു. ഉത്പാദന മേഖലയിലെ പ്രമുഖ ഉപമേഖലകൾക്കു കീഴിലുള്ള പ്രോജക്ടുകളുടെ വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി.

7.6.5 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിനും നടാപ്പാക്കാലിനും മുൻഗണന നൽകാത്തത്

ചാർട്ട് 7.4ൽ കാണിച്ചിട്ടുള്ളതുപോലെ, ലക്ഷ്യമിട്ട ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പദവി വരുമാനത്തിലൂടെയും തൊഴിൽ ഉത്പാദനത്തിലൂടെയും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഉത്പാദന മേഖലാ പ്രോജക്ടുകൾക്ക്, ഏറ്റവും താഴ്ന്ന മുൻഗണനയാണ് നൽകിയതെന്ന് തിരഞ്ഞെടുത്ത യുഎൽബികളുടെ ഓഡിറ്റ് വെളിപ്പെടുത്തുകയുണ്ടായി:

ചാർട്ട് 7.4 : എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ മേഖല തിരിച്ചുള്ള വകയിരുത്തൽ



(ഉറവിടം : തിരഞ്ഞെടുത്ത യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ഉത്പാദന മേഖലക്ക് കീഴിലുള്ള ഫണ്ടുകളുടെ വകയിരുത്തൽ, ഓഡിറ്റ് വിശകലനം ചെയ്യുകയും പരിശോധിച്ച യുഎൽബികൾ 2.86 ശതമാനം മുതൽ 6.45 ശതമാനം വരെയുള്ള പ്രോജക്ടുകൾ മാത്രമേ രൂപീകരിച്ചിട്ടുള്ളൂ എന്നും ഉത്പാദന മേഖലയിലേയ്ക്കായി 0.51 മുതൽ 2.14 ശതമാനം വരെ എസ്‌സിഎസ്‌പി ഫണ്ടുകൾ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നും കണ്ടെത്തുകയും ചെയ്തു. പരിശോധിച്ച യുഎൽബികൾ ടിഎസ്‌പി ഫണ്ടുപയോഗിച്ച് ഉത്പാദന മേഖലയിൽ ഒരു പ്രോജക്ടും രൂപീകരിച്ചില്ല. വിശദാംശങ്ങൾ **അനുബന്ധം 7.6ൽ** കൊടുത്തിരിക്കുന്നു.

ഉത്പാദന മേഖലയ്ക്ക് കീഴിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ഉപമേഖലാതലത്തിലുള്ള വിശകലനം, തിരഞ്ഞെടുത്ത യുഎൽബികൾ **പട്ടിക 7.17ൽ** വിവരിച്ചിരിക്കുന്നതുപോലെ കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ എന്നീ ഉപമേഖലകൾക്കു കീഴിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വളരെ കുറഞ്ഞ പ്രാധാന്യമേ നൽകിയുള്ളൂ എന്ന് വെളിപ്പെടുത്തുകയുണ്ടായി. ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 7.7ൽ** നൽകിയിരിക്കുന്നു.

പട്ടിക 7.17 എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ ഉപമേഖലാതലത്തിലെ വകയിരുത്തൽ

(₹ കോടിയിൽ)

ആവശ്യങ്ങൾ	വകയിരുത്തിയ മൊത്തം എസ്‌സിഎസ്‌പി ഫണ്ട്	വിനിയോഗിച്ച എസ്‌സിഎസ്‌പി ഫണ്ട്	മൊത്തം എസ്‌സിഎസ്‌പി വകയിരുത്തലിൽ എസ്‌സിഎസ്‌പി വിനിയോഗത്തിന്റെ ശതമാനം	യുഎൽബികളിലെ മൂന്ന് മേഖലകളുടെയും മൊത്തം ടിഎസ്‌പി വകയിരുത്തൽ	വിനിയോഗിച്ച ടിഎസ്‌പി ഫണ്ട്	മൊത്തം ടിഎസ്‌പി വകയിരുത്തലിൽ ടിഎസ്‌പിയുടെ വിനിയോഗ ശതമാനം
കൃഷി	74.42	0.01	0.01	0.15	0	0
മൃഗ സംരക്ഷണം		0.08	0.11		0	0
സ്വയം തൊഴിൽ		0.22	0.30		0	0

(ഉറവിടം: തിരഞ്ഞെടുത്ത യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)

കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവയിൽ യഥാക്രമം 0.01 ശതമാനം, 0.11 ശതമാനം, 0.30 ശതമാനം എസ്‌സിഎസ്‌പി ഫണ്ടുകൾ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ എന്ന് കണ്ടെത്തി.

7.6.6 ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ നടപ്പാക്കൽ

പരിശോധിച്ച യുഎൽബികൾ ഓഡിറ്റ് കാലയളവിൽ എസ്‌സിഎസ്‌പി ഫണ്ട് ഉപയോഗിച്ച് രൂപീകരിച്ച പ്രോജക്ടുകളുടെ 42 ശതമാനം മുതൽ 56 ശതമാനം വരെ മാത്രമേ നടപ്പാക്കുകയും ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ 10 ശതമാനം മുതൽ 41 ശതമാനം വരെ മാത്രമേ ചിലവഴിക്കുകയും ചെയ്തിട്ടുള്ളൂ. **അനുബന്ധം 7.6ൽ** ടിഎസ്‌പി ഫണ്ടിന്റെ കാര്യത്തിൽ വിശദീകരിച്ചിരിക്കുന്നത് പോലെ രൂപീകരിച്ച പ്രോജക്റ്റുകളൊന്നും തന്നെ നടപ്പാക്കിയിരുന്നില്ല. കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവയുടെ നടപ്പാക്കൽ വിശകലനം ചെയ്തതിലൂടെ താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുകയുണ്ടായി.:

7.6.6.1 കൃഷി

കൃഷി, വിവിധ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രവർത്തനോർജ്ജം നൽകുകയും അടിസ്ഥാന സൗകര്യ വികസനത്തെ സഹായിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പരിശോധിച്ച യുഎൽബികളിൽ കൃഷി ഭൂമിയുടെ ശതമാനം 44[102] മുതൽ 80[103] വരെയാണെന്ന് ഓഡിറ്റ് കണ്ടെത്തി. ഉത്പാദന സംവിധാനങ്ങളിൽ ഉപയോഗിക്കാവുന്ന സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിലൂടെ തൊഴിൽ രഹിതരായ യുവാക്കളെ കാർഷിക മേഖലയിലേക്ക് കൊണ്ടുവരുന്നതിനും വിവിധ വിഭാഗങ്ങളിൽ നൈപുണ്യ വികസനത്തിലൂടെ വൈദഗ്ധ്യമുള്ള ഒരു വിശേഷപ്പെട്ട തൊഴിൽ സേനയെ സൃഷ്ടിക്കുന്നതിനും 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടുകൊണ്ട്, കാർഷികമേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക സ്റ്റാർട്ടപ്പുകൾക്ക് സൗകര്യമൊരുക്കുന്നതിനും 14-ാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിട്ടു. കൂടാതെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച യുഎൽബികൾക്കുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകൾ, സ്വന്തമായി കൃഷിഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി നടത്താനുള്ള മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

എന്നാൽ, എസ്‌സിഎസ്‌പി ഫണ്ടുകളുപയോഗിച്ച്, നടപ്പാക്കിയ കൃഷിസംബന്ധമായ പ്രോജക്ടുകളുടെ സൂക്ഷ്മപരിശോധനയിൽ, പരിശോധിച്ച 12 യുഎൽബികളിൽ മൂന്ന്[104] യുഎൽബികൾ മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ കൃഷിസംബന്ധിയായ പ്രോജക്ടുകൾ ₹0.01 കോടി ചിലവിൽ നടപ്പാക്കിയുള്ളൂ എന്ന് വെളിപ്പെട്ടു.

7.6.6.2 മൃഗസംരക്ഷണം

പരിശോധിച്ച 12 യുഎൽബികളിൽ അഞ്ച്[105] യുഎൽബികൾ മാത്രമേ 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ₹0.08 കോടി ചിലവിൽ മൃഗസംരക്ഷണ സംബന്ധമായ 11 പ്രോജക്ടുകൾ നടപ്പാക്കിയുള്ളൂ, ഇത് വിനിയോഗിക്കപ്പെട്ട മൊത്തം എസ്‌സിഎസ്‌പി ഫണ്ടിന്റെ 0.11 ശതമാനം മാത്രമേയുള്ളൂ.

7.6.6.3 സ്വയം തൊഴിൽ സഹായം/സംരംഭകത്വ വികസന പദ്ധതികൾ

തൊഴിൽ സഹായം/സംരംഭകത്വ വികസന പദ്ധതികൾക്ക് എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുടെ വിനിയോഗം വളരെ കുറവായിരുന്നു.

---

102 കോഴിക്കോട് കോർപ്പറേഷൻ

103 കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി

104 വടക്കാഞ്ചേരി, രാമനാട്ടുകര, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റികൾ

105 കൊടുങ്ങല്ലൂർ, പൊന്നാനി, വടക്കാഞ്ചേരി, വൈക്കം, രാമനാട്ടുകര മുനിസിപ്പാലിറ്റികൾ

പരിശോധിച്ച 12 യുഎൽബികളിൽ മൂന്ന് എണ്ണം[106] മാത്രമേ 2020–21 മുതൽ 2022–23 വരെയുള്ള കാലയളവിൽ ₹0.22 കോടി ചിലവിൽ സ്വയം തൊഴിൽ സഹായ പദ്ധതികൾ (നാല് പ്രോജക്ടുകൾ) നടപ്പാക്കിയുള്ളൂ.

എസ്‌സി/എസ്ടി വിഭാഗങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുക, അവരും സമൂഹത്തിലെ മറ്റ് വിഭാഗങ്ങളും തമ്മിലുള്ള സാമൂഹിക-സാമ്പത്തിക വികസന സൂചകങ്ങളിലെ വിടവുകൾ നികത്തുക എന്നിവയായിരുന്നു എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. വരുമാനോല്പാദന പ്രവർത്തനങ്ങളുടെ രൂപീകരണത്തിലും നടപ്പാക്കലിലുമുള്ള താല്പര്യമില്ലായിമ, എസ്‌സി, എസ്ടി വിഭാഗങ്ങൾക്കിടയിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുക എന്ന ലക്ഷ്യത്തെ ദുർബലപ്പെടുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ എസ്‌സി എസ്ടി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വരുമാനോല്പാദന പരിപാടികളിലെ താല്പര്യമില്ലായ്മ ഉത്കണ്ഠയുളവാക്കുന്ന ഒന്നാണ്.

പശ്ചാത്തല മേഖല

സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യന്താപേക്ഷിതമായ പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിൽ യുഎൽബികൾ നിർണായക പങ്ക് വഹിക്കുന്നു. പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിന്റെയും നടപ്പാക്കലിന്റെയും വിശകലനം താഴെ പറയുന്ന വസ്തുതകൾ വെളിപ്പെടുകയുണ്ടായി:

7.6.7 പശ്ചാത്തല മേഖലയ്ക്ക് കീഴിലെ പ്രോജക്ടുകളുടെ സ്ഥിതി

ഓഡിറ്റ് കാലയളവിൽ പരിശോധിച്ച യുഎൽബികൾ രൂപീകരിച്ച് നടപ്പാക്കിയ പശ്ചാത്തല മേഖലാ പ്രോജക്ടുകളുടെ വിശദാംശങ്ങൾ **പട്ടിക 7.18ൽ** നൽകിയിരിക്കുന്നു. ജില്ലാതല വിശദാംശങ്ങൾ **അനുബന്ധങ്ങൾ 7.8ലും 7.9ലും** നൽകിയിരിക്കുന്നു. എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല മേഖലയിൽ ഏറ്റെടുത്ത പ്രമുഖ പ്രവർത്തനങ്ങൾ റോഡുകളുടെ നിർമ്മാണം, തെരുവു വിളക്കുകൾ സ്ഥാപിക്കൽ എന്നിവ ആയിരുന്നു.

പട്ടിക 7.18: എസ്‌സിഎസ്‌പി/ടിഎസ്‌പി : പരിശോധിച്ച 12 യുഎൽബികളിലെ പശ്ചാത്തല മേഖല ചെലവുകളുടെ വിശദാംശങ്ങൾ

(₹ കോടിയിൽ)

വർഷം	എസ്‌സിഎസ്‌പി					ടിഎസ്‌പി				
	രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	അനുവദിച്ച തുക	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ്	ചെലവിന്റെ ശതമാനം	രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	അനുവദിച്ച തുക	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ്	ചെലവിന്റെ ശതമാനം
2020-21	130	7.93	86	4.70	59.27	1	0.04	1	0.04	100
2021-22	73	4.02	46	1.90	47.26	0	0	0	0	0
2022-23	120	8.29	60	2.31	27.86	0	0	0	0	0
ആകെ	**323**	**20.24**	**192**	**8.91**	**44.02**	**1**	**0.04**	**1**	**0.04**	**100**

(ഉറവിടം : യുഎൽബികളുടെ വാർഷിക ചെലവ് പത്രിക)

പരിശോധിച്ച യുഎൽബികൾ 2020–23 കാലയളവിൽ രൂപീകരിച്ച അടിസ്ഥാന സൗകര്യ പ്രോജക്ടുകളുടെ എണ്ണത്തിൽ ഉണ്ടായ കുറവ് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. 2020–21നെ അപേക്ഷിച്ച് 2021–22ൽ എസ്‌സിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല

[106] തൃശ്ശൂർ കോർപ്പറേഷനും കൊടുങ്ങല്ലൂർ, പൊന്നാനി മുനിസിപ്പാലിറ്റികളും

മേഖലയിൽ രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണത്തിൽ 44 ശതമാനത്തിന്റെ കുറവുണ്ടായി. കൂടാതെ, പല എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് നിലനിൽക്കുകയും സൃഷ്ടിക്കപ്പെട്ട ആസ്തികൾ വിനിയോഗിക്കപ്പെടാതെ തുടരുകയും ചെയ്യുന്നു. ഈ വിടവുകൾ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനും പരിശ്രമങ്ങൾ ആവശ്യമാണ്. പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ അടിസ്ഥാന സൗകര്യ പ്രോജക്ടുകളുടേയും, സൗകര്യങ്ങളുടേയും സൂക്ഷ്മ പരിശോധന താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

7.6.7.1 എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്ക് കീഴിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ നിഷ്ക്രിയാവസ്ഥ

പരിശോധിച്ച യുഎൽബികൾ, എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകളുപയോഗിച്ച് പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രയോജനത്തിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ മുതിർന്നവർക്കുള്ള പകൽവീട്, ശൗചാലയങ്ങൾ, ശ്മശാനം, പഠന കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള വിവിധ ആസ്തികൾ സൃഷ്ടിച്ചു. സൃഷ്ടിച്ച ആസ്തികൾ ഉദ്ദേശിച്ച അവശ്യങ്ങൾക്കാണോ വിനിയോഗിക്കുന്നതെന്നും അവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്നും അറിയാൻ ഓഡിറ്റ്, അത്തരം ആസ്തികളുടെ രേഖകൾ പരീക്ഷണാർത്ഥം പരിശോധിക്കുകയും സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തു. **പട്ടിക 7.19ൽ** വിവരിച്ചിരിക്കുന്നതുപോലെ, പരിശോധനാ വിധേയമായ രണ്ട് യുഎൽബികളിൽ ₹0.45 കോടി വിനിയോഗിച്ച് കാർഷിക സേവന കേന്ദ്രത്തിനും പ്രീ മെട്രിക് ഹോസ്റ്റലിനും നിർമ്മിച്ച രണ്ട് കെട്ടിടങ്ങൾ പട്ടികജാതി ഗുണഭോക്താക്കൾ ഇല്ലാത്തതു കാരണം നിഷ്ക്രിയമായി സ്ഥിതി ചെയ്യുകയായിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി.

പട്ടിക 7.19: എസ്‌സിഎസ്‌പിയ്ക്ക് കീഴിൽ സൃഷ്ടിച്ച ആസ്തികളുടെ നിഷ്ക്രിയാവസ്ഥ

ജില്ല	നിഷ്ക്രിയ ആസ്തികളുടെ വിശദാംശങ്ങൾ	മൊത്തം ചെലവ് (₹ കോടിയിൽ)	പൂർത്തീകരണ വർഷം	നിഷ്ക്രിയത്വത്തിന്റെ കാരണങ്ങൾ
തൃശ്ശൂർ	പ്രീ-മെട്രിക് ഹോസ്റ്റൽ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി	0.22	2009	പട്ടികജാതി വിദ്യാർത്ഥികളുടെ അഭാവം
കോഴിക്കോട്	കാർഷിക സേവന കേന്ദ്രം, രാമനാട്ടുകര മുനിസിപ്പാലിറ്റി	0.23	2020	പട്ടികജാതി വനിതാ ഗുണഭോക്താക്കളുടെ അഭാവം
ആകെ		**0.45**		

(ഉറവിടം : യുഎൽബികൾ നൽകിയ ഡാറ്റ)

ഉപയോഗസാധ്യത ഉറപ്പാക്കാതെയാണ് യുഎൽബികൾ ഈ കെട്ടിടങ്ങൾ നിർമ്മിച്ചതെന്നും ഇത് അവ നാല് മുതൽ പതിനഞ്ച് വർഷം വരെ നിഷ്ക്രിയമായി കിടക്കുന്നതിന് കാരണമായി എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

7.6.8 28 എസ്‌സി/എസ്ടി സെറ്റിൽമെന്റുകളിലെ ഗുണഭോക്തൃ സർവ്വേ ഫലങ്ങൾ

നാല് ജില്ലകളിലായി 31 സെറ്റിൽമെന്റുകളിൽ (27 പട്ടികജാതി, നാല് പട്ടികവർഗ്ഗ) ഓഡിറ്റ് ഉദ്യോഗസ്ഥരുടെയും 10 യുഎൽബികളിൽ[107] നിന്നുള്ള പ്രതിനിധികളുടെയും സംയുക്ത സംഘം ഒരു സർവ്വേ നടത്തുകയുണ്ടായി. എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതികൾക്ക് കീഴിൽ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി സംഘം 204 ഗുണഭോക്താക്കളുമായി (181 പട്ടികജാതി, 23 പട്ടികവർഗ്ഗ) സംവദിച്ചു. ഗുണഭോക്താക്കൾക്കുള്ള അവശ്യ സൗകര്യങ്ങളിലെ പോരായ്മകൾ സർവ്വേയിലൂടെ ശ്രദ്ധയിൽപ്പെട്ടു. നിരീക്ഷിച്ച പോരായ്മകൾ **ചാർട്ട് 7.5ൽ** വിശദമാക്കുന്നു.

ചാർട്ട് 7.5: യുഎൽബികളിലെ ഗുണഭോക്തൃ സർവ്വേ എസ്‌സിഎസ്‌പി/ടിഎസ്‌പി



- **വരുമാന ഉത്പാദനത്തിനുവേണ്ട തൊഴിലിന്റെ അഭാവം** – 27 സെറ്റിൽമെന്റുകളിലെ 93 എസ്‌സി കുടുംബങ്ങൾക്കും (51.38 ശതമാനം), നാല് സെറ്റിൽമെന്റുകളിലെ 10 എസ്ടി കുടുംബങ്ങൾക്കും (43.48 ശതമാനം) വരുമാനോല്പാദനത്തിന് തൊഴിലുകൾ ഒന്നും ഇല്ലായിരുന്നു.
- **റോഡ് സൗകര്യത്തിന്റെ അഭാവം** – 30 പട്ടികജാതി ഗുണഭോക്താക്കളും (16.57 ശതമാനം), ഏഴ് പട്ടികവർഗ്ഗ ഗുണഭോക്താക്കളും (30.43 ശതമാനം) തങ്ങളുടെ ഗ്രാമത്തിലേയ്ക്ക് റോഡു ഗതാഗതം ഇല്ല എന്ന് അഭിപ്രായപ്പെട്ടു.
- **അപര്യാപ്തമായ ഭവന സൗകര്യങ്ങൾ** – സർവ്വേ ചെയ്യപ്പെട്ട എസ്‌സി കുടുംബങ്ങളിൽ 8.84 ശതമാനത്തിനും (181ൽ 16) എസ്ടി കുടുംബങ്ങളിൽ 8.7 ശതമാനത്തിനും (23ൽ രണ്ടും) സ്വന്തമായി വീടില്ലായിരുന്നു എന്നു സർവ്വേ വെളിപ്പെടുത്തി.

എസ്‌സി/എസ്ടി സെറ്റിൽമെന്റുകൾക്കു വേണ്ട അവശ്യ സേവനങ്ങളുടെയും സൗകര്യങ്ങളുടെയും പ്രകടമായ കുറവുകൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടുള്ള

---

[107] ഈരാറ്റുപേട്ട, കൊടുങ്ങല്ലൂർ, കൊടുവള്ളി, കോട്ടക്കൽ, മലപ്പുറം, പാലാ, പൊന്നാനി, രാമനാട്ടുകര, വൈക്കം, വടക്കാഞ്ചേരി മുനിസിപാലിറ്റികൾ

ഇടപെടലുകൾ അത്യാവശ്യമാണെന്ന് സർവ്വേയുടെ കണ്ടെത്തലുകൾ അടിവരയിടുന്നു. വരുമാനോല്പാദന അവസരങ്ങൾ, റോഡ് സൗകര്യം, ഭവന സൗകര്യങ്ങൾ എന്നിവയിലെ അപര്യാപ്തതകൾ, ഈ പാർശ്വവൽകൃത ജനവിഭാഗങ്ങളോടുള്ള വ്യവസ്ഥാപിതമായ അവഗണന വെളിവാക്കുന്നു.

7.7 നിരീക്ഷണ സംവിധാനം

എസ്‌സിഎസ്‌പി/ടിഎസ്‌പിയ്ക്കു കീഴിലെ പ്രോജക്ട് നിർവ്വഹണത്തിന്റെ നിരീക്ഷണം ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കാനുള്ള ഒരു അവശ്യ പ്രവർത്തനമാണ്. തുടർന്ന് വരുന്ന ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ ലഭിച്ച എസ്‌സിഎസ്‌പി/ടിഎസ്‌പി ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്നുറപ്പുവരുത്തുന്നതിനായി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലപ്രദമായ നിരീക്ഷണത്തിന്റെ അഭാവം പരിശോധിച്ച യുഎൽബികളിൽ ഓഡിറ്റ് കണ്ടെത്തി.

7.7.1 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികൾ ആയി പ്രവർത്തിക്കാത്തത്

ഒരു വർഷത്തിലെ പദ്ധതി രൂപീകരണം പൂർത്തിയാക്കുമ്പോൾ ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട യുഎൽബികളുടെ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കണമെന്നും പ്രോജക്ടുകളുടെ നിർവ്വഹണം നിരീക്ഷക്കണമെന്നും പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, പരിശോധിച്ച 12 യുഎൽബികളിൽ നാല്[108] യുഎൽബികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചിരുന്നില്ല.

കൂടാതെ, മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആകുമ്പോൾ, മോണിറ്ററിംഗ് കമ്മിറ്റികൾ പുനസംഘടിപ്പിക്കേണ്ടതുണ്ട്. എന്നാൽ, പരിശോധിച്ച 12 യുഎൽബികളിൽ ഒൻപത്[109] എണ്ണത്തിൽ, കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയപ്പോൾ മോണിറ്ററിംഗ് കമ്മിറ്റികൾ പുനസംഘടിപ്പിക്കാതിരിക്കുകയും. നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ മോണിറ്ററിംഗ് കമ്മിറ്റികളുടെ കൺവീനർമാർ ആയി പ്രവർത്തിക്കുകയും ഇത് ഫലപ്രദമല്ലാത്ത നിരീക്ഷണത്തിൽ കലാശിക്കുകയും ചെയ്തു.

7.7.2 സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിക്കാത്തതും സാമൂഹിക ഓഡിറ്റിന്റെ അഭാവവും

തസ്വഭ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുടെ സാമൂഹിക ഓഡിറ്റ് നടത്തുന്നതിന് വാർഡ്/സ്ഥാപന തലങ്ങളിൽ ഒരു സാമൂഹിക ഓഡിറ്റ് സമിതി രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപീകരണ സബ്സിഡി മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. എന്നാൽ, പരിശോധിച്ച യുഎൽബികളിൽ ഒന്നും തന്നെ, സാമൂഹിക ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടില്ലെന്നും വ്യവസ്ഥ ചെയ്തിരുന്നതുപോലെ സാമൂഹിക ഓഡിറ്റ് നടത്തിയിട്ടില്ലെന്നും ഓഡിറ്റിലൂടെ വെളിപ്പെടുകയുണ്ടായി.

7.8 ഉപസംഹാരം

കേരളത്തിലെ തിരഞ്ഞെടുത്ത ജില്ലകളിലെ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി ഉപപദ്ധതി (എസ്‌സിഎസ്‌പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടിഎസ്‌പി) എന്നിവയുടെ നടപ്പാക്കലിലെ ഗണ്യമായ പോരായ്മകൾ ഓഡിറ്റ് വെളിപ്പെടുത്തി. കാലഹരണപ്പെട്ട ഡാറ്റയുടെ ഉപയോഗം, ഉത്പാദന മേഖലാ പദ്ധതികൾക്കുള്ള അപര്യാപ്തമായ വകയിരുത്തൽ, യുഎൽബികൾക്കുള്ള ഫണ്ടുകളുടെ

---

[108] കൊടുവള്ളി, കോട്ടക്കൽ, മലപ്പുറം, വടക്കാഞ്ചേരി മുനിസിപ്പാലിറ്റികൾ

[109] കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകളും കൊടുവള്ളി, മലപ്പുറം, പൊന്നാനി, വൈക്കം, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി മുനിസിപ്പാലിറ്റികളും

വകയിരുത്തലിലെ കുറവ്, എസ്‌സിഎസ്‌പി, ടിഎസ്‌പി എന്നിവയിൽ നിന്ന് യഥാക്രമം ₹14.26 കോടിയുടെയും ₹0.17 കോടിയുടെയും പാഴാക്കൽ എന്നിവ ശ്രദ്ധേയമായ ആശങ്കകളായിരുന്നു. ഒൻപത് പട്ടികജാതി/പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ കുടിവെള്ളം മലിനമാണെന്ന് കണ്ടെത്തി. ഒൻപത് യുഎൽബികളിൽ നിരീക്ഷണ സംവിധാനം ഫലപ്രദമല്ലായിരുന്നു. കൂടാതെ പരിശോധിച്ച യുഎൽബികളിൽ ഒന്നിലും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലായിരുന്നു.

7.9 ശിപാർശകൾ

പട്ടികജാതി, പട്ടികവർഗ്ഗ സമൂഹങ്ങൾ നേരിടുന്ന സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നു:

1. സമഗ്രമായ സർവ്വേകൾ നടത്തുക : എസ്‌സിഎസ്‌പി/ടിഎസ്‌പി പദ്ധതി രൂപീകരണം ഫലപ്രദമായി സാധ്യമാക്കുന്നതിന്, പട്ടികജാതി, പട്ടികവർഗ്ഗ സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി തിരിച്ചറിയുന്നതിനായി യുഎൽബികൾ പതിവായി സർവ്വേകൾ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുക.

2. അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകുക : പട്ടികജാതി, പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾക്കായി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ കുടിവെള്ള വിതരണ പദ്ധതികൾക്കും ശൗചാലയ സൗകര്യങ്ങൾക്കും മുൻഗണന നൽകുക.

3. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക : പട്ടികജാതി, പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിൽ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് പര്യാപ്തമായ പ്രോജക്ടുകൾ രൂപീകരിക്കുക.

തിരുവനന്തപുരം,
2026 ജനുവരി 07

(പ്രീതി എബ്രഹാം)
അക്കൗണ്ടന്റ് ജനറൽ
(ഓഡിറ്റ് I), കേരളം

മേലൊപ്പിട്ടത്

ന്യൂ ഡൽഹി,
2026 ജനുവരി 13

(കെ. സഞ്ജയ് മൂർത്തി)
ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

അനുബന്ധങ്ങൾ

അനുബന്ധം 1.1
പതിനൊന്നാമത്തെ പട്ടിക (അനുച്ഛേദം 243ജി)
(സൂചിക: ഖണ്ഡിക 1.4, പേജ് 3)

1. കൃഷി, കാർഷിക, വിപുലീകരണം ഉൾപ്പെടെ.
2. ഭൂമി മെച്ചപ്പെടുത്തൽ, ഭൂപരിഷ്കരണങ്ങൾ നടപ്പിലാക്കൽ, ഭൂമി സംയോജനം, മണ്ണ് സംരക്ഷണം.
3. ലഘു ജലസേചനം, ജല പരിപാലനം, നീർത്തട വികസനം.
4. മൃഗ സംരക്ഷണം, ക്ഷീരോത്പാദനം, കോഴി വളർത്തൽ.
5. മത്സ്യബന്ധനം.
6. സാമൂഹ്യ വനവൽക്കരണവും കാർഷിക വനവത്ക്കരണവും.
7. ചെറുകിട വനോൽപ്പന്നം.
8. ചെറുകിട വ്യവസായം, ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ ഉൾപ്പെടെ.
9. ഖാദി, ഗ്രാമീണ, കുടിൽ വ്യവസായങ്ങൾ.
10. ഗ്രാമ ഭവന നിർമ്മാണം.
11. കുടിവെള്ളം.
12. കാലിത്തീറ്റയും വിറകും.
13. റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, കടത്ത്, ജലപാതകൾ, മറ്റ് ഗതാഗത മാർഗ്ഗങ്ങൾ.
14. ഗ്രാമീണ വൈദ്യുതീകരണം, വൈദ്യുതി വിതരണം ഉൾപ്പെടെ.
15. പരമ്പരാഗതമല്ലാത്ത ഊർജ്ജ സ്രോതസ്സുകൾ.
16. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി.
17. വിദ്യാഭ്യാസം, പ്രൈമറി സെക്കൻഡറി വിദ്യാലയങ്ങൾ ഉൾപ്പെടെ.
18. സാങ്കേതിക പരിശീലനവും തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസവും.
19. പ്രായപൂർത്തിയായവർക്കുള്ളതും അനൗപചാരികവുമായ വിദ്യാഭ്യാസം.
20. ഗ്രന്ഥശാലകൾ.
21. സാംസ്കാരിക പ്രവർത്തനങ്ങൾ.
22. ചന്തകളും വിപണനമേളകളും.
23. ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഡിസ്പെൻസറികൾ എന്നിവ ഉൾക്കൊള്ളുന്ന ആരോഗ്യവും ശുചീകരണവും.
24. കുടുംബക്ഷേമം.
25. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം.
26. അംഗവൈകല്യമുള്ളവരുടേതും ബുദ്ധിമാന്ദ്യമുള്ളവരുടേതും ഉൾപ്പെടെ സാമൂഹ്യക്ഷേമം.
27. ദുർബല വിഭാഗങ്ങളുടെ ക്ഷേമം, പ്രത്യേകിച്ച്, പട്ടികജാതി വിഭാഗങ്ങളുടെയും പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും.
28. പൊതുവിതരണ സംവിധാനം.
29. സാമൂഹിക ആസ്തികളുടെ പരിപാലനം.

അനുബന്ധം 1.2
പന്ത്രണ്ടാമത്തെ പട്ടിക (അനുച്ഛേദം 243 ഡബ്ല്യു)
(സൂചിക: ഖണ്ഡിക 1.4, പേജ് 3)

1. ടൗൺ പ്ലാനിംഗ് ഉൾപ്പെടെയുള്ള നഗരാസൂത്രണം.
2. ഭൂവിനിയോഗത്തിന്റെയും കെട്ടിട നിർമ്മാണത്തിന്റെയും നിയന്ത്രണം.
3. സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനു വേണ്ടിയുള്ള ആസൂത്രണം.
4. റോഡുകളും പാലങ്ങളും.
5. ഗാർഹിക, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ജലവിതരണം.
6. പൊതുജനാരോഗ്യവും, ശുചിത്വ സംരക്ഷണവും ഖരമാലിന്യ പരിപാലനവും.
7. അഗ്നിശമന സേവനങ്ങൾ.
8. നഗര വനവൽക്കരണവും പരിസ്ഥിതി സംരക്ഷണവും പാരിസ്ഥിതികമായ കാഴ്ചപ്പാടുകളുടെ പ്രചരണവും.
9. ശാരീരികമായും ബൗദ്ധികമായും വൈകല്യമുള്ളവരുടേതുൾപ്പെടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കൽ.
10. ചേരി മെച്ചപ്പെടുത്തലും നവീകരണവും.
11. നഗര ദാരിദ്ര്യ ലഘൂകരണം.
12. പാർക്കുകൾ, പൂന്തോട്ടങ്ങൾ, കളിസ്ഥലങ്ങൾ മുതലായ നാഗരിക സൗകര്യങ്ങൾ ലഭ്യമാക്കൽ.
13. സാംസ്കാരികപരവും വിദ്യാഭ്യാസപരവും സൗന്ദര്യപരവുമായ കാഴ്ചപ്പാടുകളുടെ പ്രചരണം.
14. ശവസംസ്കാരങ്ങളും ശ്മശാനങ്ങളും ശവദാഹങ്ങളും ശവദാഹഭൂമികളും വൈദ്യുത ശ്മശാനങ്ങളും.
15. കന്നുകാലി പൗണ്ടുകൾ, മൃഗങ്ങളോടുള്ള ക്രൂരത തടയൽ.
16. ജനന മരണ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സുപ്രധാന സ്ഥിതി വിവര കണക്കുകൾ.
17. തെരുവു വിളക്കുകൾ, പാർക്കു ചെയ്യാനുള്ള സ്ഥലങ്ങൾ, ബസ് സ്റ്റോപ്പുകൾ മുതലായ പൊതു സൗകര്യങ്ങൾ.
18. കശാപ്പുശാലകളുടെയും തുകൽപ്പണിശാലകളുടെയും നിയന്ത്രണം.

അനുബന്ധം 2.1
പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പരിശോധന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും കുടിശ്ശികയുടെ വിശദാംശങ്ങൾ (2024 നവംബർ വരെ)

(സൂചിക: ഖണ്ഡിക 2.6, പേജ് 13)

വർഷം	പരിശോധന റിപ്പോർട്ടുകളുടെ എണ്ണം	II എ ഖണ്ഡികകളുടെ എണ്ണം	II ബി ഖണ്ഡികകളുടെ എണ്ണം
2018-19	162	12	688
2019-20	98	13	400
2020-21	38	9	173
2021-22	45	1	179
2022-23	58	8	458
ആകെ	**401**	**43**	**1898**

അനുബന്ധം 2.2
അനുബന്ധ ഓഡിറ്റിന്റെ ഫലങ്ങൾ
(സൂചിക: ഖണ്ഡിക 2.11.2, പേജ് 20)

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപനത്തിന്റെ തരം	ഓഡിറ്റ് വർഷം	വ്യവസ്ഥ സൂക്ഷിക്കാത്തത്	എഎഫ്എസിൽ താരതമ്യങ്ങൾ ഉൾപ്പെടുത്താത്തത്	സാമ്പത്തിക/പ്രധാന അനുപാതങ്ങൾ ഉൾപ്പെടുത്താത്തത്	അനുബന്ധ പ്രസ്താവനകൾ തയ്യാറാക്കാത്തത്	ആസ്തികളുടെയും ബാധ്യതകളുടെയും തെറ്റായ അക്കൗണ്ടിംഗ്	വരവുകളുടെയും ചെലവുകളുടെയും തെറ്റായ അക്കൗണ്ടിംഗ്	ആകെ മൊത്തം
1	പനങ്ങാട്	ജിപി	2022-23					1	1	2
2	ചെക്ക്യാട്	ജിപി	2021-22		1		1	1	1	4
3	കൊടുവള്ളി	ബിപി	2021-22			1	1	1	1	4
4	മലപ്പുറം	ഡിപി	2021-22		1	1		1	1	4
5	അരീക്കോട്	ബിപി	2022-23		1	1		1	1	4
6	കാരശ്ശേരി	ജിപി	2022-23		1				1	2
7	കോടഞ്ചേരി	ജിപി	2021-22		1	1	1	1	1	5
8	പുതുപ്പാടി	ജിപി	2022-23					1	1	2
9	കൂടരഞ്ഞി	ജിപി	2021-22		1	1	1		1	4
10	ഉണ്ണികുളം	ജിപി	2022-23					1	1	2
11	കുന്ദമംഗലം	ജിപി	2022-23					1	1	2
12	വാണിമേൽ	ജിപി	2022-23		1			1	1	3
13	കോട്ടൂർ	ജിപി	2021-22		1	1	1	1	1	5
14	കാളികാവ്	ബിപി	2022-23		1	1	1	1	1	5
15	തൂണേരി	ബിപി	2021-22		1	1	1	1	1	5
16	ബാലുശ്ശേരി	ബിപി	2022-23		1		1	1	1	4
17	വണ്ടൂർ	ബിപി	2022-23					1	1	2
18	അമരമ്പലം	ജിപി	2022-23		1	1	1	1	1	5
19	കുന്നമംഗലം	ബിപി	2021-22		1		1	1	1	4
20	കായക്കൊടി	ജിപി	2022-23		1			1	1	3
21	കുന്നുമ്മൽ	ജിപി	2022-23		1			1	1	3
22	അഴിയൂർ	ജിപി	2022-23		1			1	1	3
23	ചെറുവണ്ണൂർ	ജിപി	2022-23		1			1	1	3
24	ഏറമല	ജിപി	2022-23		1		1	1	1	4
25	ചാത്തമംഗലം	ജിപി	2021-22		1		1	1	1	4
26	ഒഞ്ചിയം	ജിപി	2022-23		1			1	1	3
27	കാസർഗോഡ്	ബിപി	2022-23		1		1	1	1	4
28	അടാട്ട്	ജിപി	2022-23		1	1		1	1	4
29	അളഗപ്പനഗർ	ജിപി	2022-23	1	1	1		1	1	5
30	അതിരപ്പിള്ളി	ജിപി	2022-23		1	1	1	1	1	5
31	അവണ്ണൂർ	ജിപി	2022-23		1	1	1	1	1	5
32	ചാലക്കുടി	ബിപി	2022-23		1	1	1	1	1	5
33	ഇരിഞ്ഞാലക്കുട	ബിപി	2022-23		1	1		1	1	4
34	കൈപ്പറമ്പ്	ജിപി	2022-23		1	1		1	1	4
35	കൊടകര	ബിപി	2022-23			1		1	1	3

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപനത്തിന്റെ തരം	ഓഡിറ്റ് വർഷം	വ്യവസ്ഥ സൂക്ഷിക്കാത്തത്	എഎഫ്എസിൽ താരതമ്യങ്ങൾ ഉൾപ്പെടുത്താത്തത്	സാമ്പത്തിക/പ്രധാന അനുപാതങ്ങൾ ഉൾപ്പെടുത്താത്തത്	അനുബന്ധ പ്രസ്താവനകൾ തയ്യാറാക്കാത്തത്	ആസ്തികളുടെയും ബാധ്യതകളുടെയും തെറ്റായ അക്കൗണ്ടിംഗ്	വരവുകളുടെയും ചെലവുകളുടെയും തെറ്റായ അക്കൗണ്ടിംഗ്	ആകെ മൊത്തം
36	കോടശ്ശേരി	ജിപി	2021-22					1	1	2
37	കോലാഴി	ജിപി	2022-23	1	1	1	1	1	1	6
38	മുളങ്കുന്നത്ത്കാവ്	ജിപി	2022-23	1	1	1	1	1	1	6
39	മുരിയാട്	ജിപി	2022-23		1	1		1	1	4
40	നടത്തറ	ജിപി	2022-23		1	1	1	1	1	5
41	ഒല്ലൂക്കര	ബിപി	2022-23		1	1	1	1	1	5
42	പാണഞ്ചേരി	ജിപി	2022-23		1	1	1	1	1	5
43	പറപ്പൂക്കര	ജിപി	2022-23		1	1		1	1	4
44	പരിയാരം	ജിപി	2022-23	1	1	1		1	1	5
45	പഴയന്നൂർ	ബിപി	2022-23		1	1	1	1	1	5
46	പഴയന്നൂർ	ജിപി	2022-23		1	1	1	1	1	5
47	പുത്തൂർ	ജിപി	2021-22		1	1	1	1	1	5
48	പുഴയ്ക്കൽ	ബിപി	2022-23		1	1	1	1	1	5
49	തോളൂർ	ജിപി	2022-23		1	1	1	1	1	5
50	തൃക്കൂർ	ജിപി	2021-22		1	1	1	1	1	5
51	വരന്തരപ്പിള്ളി	ജിപി	2021-22		1	1	1	1	1	5
52	ഈരാറ്റുപേട്ട	ബിപി	2022-23		1			1	1	3
53	തൊളിക്കോട്	ജിപി	2022-23		1	1		1	1	4
54	പള്ളം	ബിപി	2022-23		1			1	1	3
55	പറവൂർ	ബിപി	2022-23		1			1	1	3
56	മേലുകാവ്	ജിപി	2022-23	1	1			1	1	4
57	ഉഴമലക്കൽ	ജിപി	2022-23		1	1		1	1	4
58	ചിറയിൻകീഴ്	ബിപി	2022-23		1	1		1	1	4
59	എലിക്കുളം	ജിപി	2022-23					1	1	2
60	വളയം	ജിപി	2022-23		1			1	1	3
61	കോഴിക്കോട്	ഡിപി	2021-22						1	1
62	കോരുത്തോട്	ജിപി	2021-22	1	1		1		1	4
63	പനച്ചിക്കാട്	ജിപി	2021-22		1		1	1	1	4
64	കുറിച്ചി	ജിപി	2021-22		1		1	1	1	4
65	പള്ളിക്കത്തോട്	ജിപി	2022-23			1		1	1	3
66	അങ്കമാലി	ബിപി	2022-23		1	1	1	1	1	5
67	കാലടി	ജിപി	2022-23		1	1	1	1	1	5
68	കൊണ്ടോട്ടി	ജിപി	2022-23	1	1	1	1	1	1	6
69	പുൽപ്പാറ	ജിപി	2022-23					1	1	2
70	കാവിലുംപാറ	ജിപി	2022-23					1	1	2
71	കായക്കൊടി	ജിപി	2022-23		1			1	1	3
72	കോടോം ബേളൂർ	ജിപി	2022-23		1		1	1	1	4
73	മമ്പാട്	ജിപി	2022-23		1	1		1	1	4

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപനത്തിന്റെ തരം	ഓഡിറ്റ് വർഷം	വ്യവസ്ഥ സൃഷ്ടിക്കാത്തത്	എഎഫ്എസിൽ താരതമ്യങ്ങൾ ഉൾപ്പെടുത്താത്തത്	സാമ്പത്തിക/പ്രധാന അനുപാതങ്ങൾ ഉൾപ്പെടുത്താത്തത്	അനുബന്ധ പ്രസ്താവനകൾ തയ്യാറാക്കാത്തത്	ആസ്തികളുടെയും ബാധ്യതകളുടെയും തെറ്റായ അക്കൗണ്ടിംഗ്	വരുമാനങ്ങളുടെയും ചെലവുകളുടെയും തെറ്റായ അക്കൗണ്ടിംഗ്	ആകെ മൊത്തം
74	പള്ളിക്കര	ജിപി	2022-23							0
75	പാമ്പാടി	ബിപി	2022-23		1	1		1	1	4
76	പാമ്പാടി	ജിപി	2022-23		1	1		1	1	4
77	പരപ്പ	ബിപി	2022-23		1				1	2
78	പേരാമ്പ്ര	ബിപി	2022-23		1		1	1	1	4
79	തൂണേരി	ബിപി	2021-22		1	1	1	1	1	5
80	തൃശ്ശൂർ	ഡിപി	2022-23					1	1	2
81	വടക്കേകര	ജിപി	2022-23		1			1	1	3
82	വെട്ടൂർ	ജിപി	2022-23	1	1	1	1	1	1	6
83	പാണ്ടിക്കാട്	ജിപി	2022-23					1	1	2
84	പിലിക്കോട്	ജിപി	2022-23		1	1		1	1	4
85	വക്കം	ജിപി	2022-23		1	1		1	1	4
86	വെസ്റ്റ് എളേരി	ജിപി	2022-23		1			1	1	3
87	കടയ്ക്കാവൂർ	ജിപി	2022-23		1	1		1	1	4
88	കാസർഗോഡ്	ഡിപി	2022-23					1	1	2
89	പടന്ന	ജിപി	2022-23		1	1	1		1	4
90	കൊരട്ടി	ജിപി	2022-23		1	1		1	1	4
91	ചെമ്മനാട്	ജിപി	2022-23		1		1	1	1	4
92	കുളമ്പ	ജിപി	2022-23		1	1	1	1	1	5
93	എടവണ്ണ	ജിപി	2022-23					1	1	2
94	വണ്ടൂർ	ജിപി	2022-23				1		1	2
95	പുല്ലൂർ പെരിയ	ജിപി	2022-23		1		1	1	1	4
96	വർക്കല	ബിപി	2022-23		1	1	1	1	1	5
97	ബളാൽ	ജിപി	2022-23						1	1
98	ചാലിയാർ	ജിപി	2022-23		1	1	1	1	1	5
99	ചെറുന്നിയൂർ	ജിപി	2022-23		1	1		1	1	4
100	മടിക്കൈ	ജിപി	2022-23		1	1	1	1	1	5
101	നെടുമങ്ങാട്	ബിപി	2022-23		1	1		1	1	4
102	നേമം	ബിപി	2022-23		1	1		1	1	4
103	നൊച്ചാട്	ജിപി	2022-23		1			1	1	3
104	ചെറുവത്തൂർ	ജിപി	2022-23		1	1		1	1	4
105	ചെക്കാട്	ജിപി	2022-23				1	1	1	3
106	കാഞ്ഞങ്ങാട്	ബിപി	2022-23				1	1	1	3
107	ബദിയടുക്ക	ജിപി	2022-23		1		1	1		3
108	ചക്കിട്ടപ്പാറ	ജിപി	2022-23		1			1	1	3
109	ചിറയിൻകീഴ്	ജിപി	2022-23		1	1		1	1	4
110	കരുളായി	ജിപി	2022-23		1	1	1	1	1	5
	ആകെ			**8**	**88**	**59**	**50**	**101**	**108**	**414**

അനുബന്ധം 3.1
ഓഡിറ്റിനായി തിരഞ്ഞെടുക്കപ്പെട്ട പിആർഐകളുടെ പട്ടിക
(സൂചിക: ഖണ്ഡിക 3.2.2, പേജ് 24)

ജില്ലാ പഞ്ചായത്തുകൾ			
1	കോട്ടയം		
2	കോഴിക്കോട്		
3	മലപ്പുറം		
4	തൃശ്ശൂർ		
ബ്ലോക്ക് പഞ്ചായത്തുകൾ			
1	അരീക്കോട്	9	കുന്ദമംഗലം
2	ബാലുശ്ശേരി	10	നിലമ്പൂർ
3	ചാലക്കുടി	11	ഒല്ലൂക്കര
4	ഈരാറ്റുപേട്ട	12	പള്ളം
5	കാളികാവ്	13	പാമ്പാടി
6	കാഞ്ഞിരപ്പള്ളി	14	പഴയന്നൂർ
7	കൊടകര	15	തൂണേരി
8	കൊട്ടവള്ളി	16	വണ്ടൂർ

ഗ്രാമ പഞ്ചായത്തുകൾ			
1.	അളഗപ്പനഗർ	2.	മുണ്ടക്കയം
3.	അമരമ്പലം	4.	നടത്തറ
5.	അതിരപ്പിള്ളി	6.	പള്ളിക്കത്തോട്
7.	ചാലിയാർ	8.	പാമ്പാടി
9.	ചാത്തമംഗലം	10.	പനച്ചിക്കാട്
11.	ചെക്യാട്	12.	പാണഞ്ചേരി
13.	ചോക്കാട്	14.	പനങ്ങാട്
15.	ചുങ്കത്തറ	16.	പാണ്ടിക്കാട്
17.	എടവണ്ണ	18.	പാഞ്ഞാൾ
19.	എലിക്കുളം	20.	പരിയാരം
21.	എരുമേലി	22.	പഴയന്നൂർ
23.	കാരശ്ശേരി	24.	പോത്തുകല്ല്
25.	കരുളായി	26.	പുൽപ്പറ്റ
27.	കോടഞ്ചേരി	28.	പുതുപ്പള്ളി
29.	കോടശ്ശേരി	30.	പുതുപ്പാടി
31.	കൊണ്ടാഴി	32.	പുത്തൂർ
33.	കോരുത്തോട്	34.	തലനാട്
35.	കോട്ടൂർ	36.	തൃക്കൂർ
37.	കൂടരഞ്ഞി	38.	ഉണ്ണികുളം
39.	കുന്ദമംഗലം	40.	ഊർങ്ങാട്ടിരി
41.	കുറിച്ചി	42.	വളയം
43.	മമ്പാട്	44.	വാണിമേൽ
45.	മേലുകാവ്	46.	വരന്തരപ്പിള്ളി
47.	മൂന്നിലവ്	48.	വണ്ടൂർ

അനുബന്ധം 3.2

എസ്‌സിഎസ്‌പി/ടിഎസ്‌പി – പരിശോധിച്ച 68 പിആർഐകളുടെ സേവന മേഖലയിലെ ചെലവിന്റെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക: 3.6, പേജ് 39)

വർഷം	ജില്ലകൾ	എസ്‌സിഎസ്‌പി						ടിഎസ്‌പി					
		രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	മൊത്തം എസ്‌സിഎസ്‌പി വകയിരുത്തൽ (₹ കോടിയിൽ)	സേവന മേഖലാ വകയിരുത്തൽ (₹ കോടിയിൽ)	സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് (₹ കോടിയിൽ)	മൊത്തം വകയിരുത്തൽ ശതമാനം	രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	മൊത്തം ടിഎസ്‌പി വകയിരുത്തൽ (₹ കോടിയിൽ)	സേവന മേഖലാ വകയിരുത്തൽ (₹ കോടിയിൽ)	സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് (₹ കോടിയിൽ)	മൊത്തം വകയിരുത്തൽ ശതമാനം
2020-21	കോട്ടയം	276	27.34	21.58	215	14.53	78.93	147	7.56	5.98	123	3.67	79.10
	തൃശ്ശൂർ	329	49.87	32.72	280	23.51	65.61	82	2.58	1.96	62	1.17	75.97
	മലപ്പുറം	418	52.31	39.37	344	29.10	75.26	131	6.66	4.29	107	2.84	64.41
	കോഴിക്കോട്	260	35.25	25.64	227	19.99	72.74	115	3.83	2.79	98	2.19	72.85
2021-22	കോട്ടയം	176	25.96	21.64	149	19.13	83.36	96	3.50	3.13	84	2.50	89.43
	തൃശ്ശൂർ	260	43.32	33.62	212	27.01	77.61	78	2.22	2.12	70	1.72	95.50
	മലപ്പുറം	351	43.12	38.88	269	32.90	90.17	138	7.46	5.61	123	4.68	75.20
	കോഴിക്കോട്	181	25.68	20.18	152	17.08	78.58	93	3.16	2.90	88	2.40	91.77
2022-23	കോട്ടയം	202	28.14	21.55	170	16.74	76.58	116	3.70	3.35	101	2.74	90.54
	തൃശ്ശൂർ	306	48.28	35.43	235	24.56	73.38	86	2.61	2.50	80	1.87	95.79
	മലപ്പുറം	368	48.88	44.37	254	36.87	90.77	146	8.75	7.30	126	6.10	83.43
	കോഴിക്കോട്	185	32.00	23.85	156	20.84	74.53	99	3.39	3.21	93	2.67	94.69
ആകെ		**3312**	**460.15**	**358.83**	**2663**	**282.26**	**77.98**	**1327**	**55.42**	**45.14**	**1155**	**34.55**	**81.45**

അനുബന്ധം 3.3
എസ്‌സിഎസ്‌പിയ്ക്ക് കീഴിലെ മൊത്തം സേവന മേഖലാ ചെലവിൽ കുടിവെള്ള പ്രോജക്ടുകളുടെ ചെലവിന്റെ ശതമാനം

(സൂചിക: ഖണ്ഡിക 3.6.2, പേജ് 43)

(₹ കോടിയിൽ)

കാലയളവ്	ജില്ല	രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവാക്കിയ തുക	സേവന മേഖലയിൽ ചെലവാക്കിയ തുക	നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കാത്ത എസ്‌സിഎസ്‌പി പ്രോജക്ടുകളുടെ കണക്കാക്കപ്പെട്ട തുക
2020-21	കോട്ടയം	29	18	1.57	0.88	14.53	11	0.55
	തൃശ്ശൂർ	45	34	4.85	2.45	23.51	11	1.43
	മലപ്പുറം	89	64	6.92	4.63	29.10	25	1.43
	കോഴിക്കോട്	59	45	5.82	3.24	19.99	14	1.45
ആകെ		**222**	**161**	**19.16**	**11.20**	**87.13**	**61**	**4.86**
2021-22	കോട്ടയം	9	3	0.38	0.13	19.13	6	0.25
	തൃശ്ശൂർ	29	17	1.75	0.66	27.01	12	0.70
	മലപ്പുറം	59	28	3.02	0.94	32.90	31	1.57
	കോഴിക്കോട്	32	16	2.09	0.85	17.08	16	1.08
ആകെ		**129**	**64**	**7.24**	**2.58**	**96.12**	**65**	**3.60**
2022-23	കോട്ടയം	9	9	0.47	0.27	16.74	0	0.00
	തൃശ്ശൂർ	20	14	1.35	0.62	24.56	6	0.39
	മലപ്പുറം	51	25	2.65	1.21	36.87	26	1.34
	കോഴിക്കോട്	21	11	1.48	0.54	20.84	10	0.68
ആകെ		**101**	**59**	**5.95**	**2.64**	**99.01**	**42**	**2.41**
ആകെ മൊത്തം		**452**	**284**	**32.35**	**16.42**	**282.26**	**168**	**10.87**

അനുബന്ധം 3.4
ടിഎസ്പിയ്ക്ക് കീഴിൽ മൊത്തം സേവന മേഖലാ ചെലവിൽ കുടിവെള്ള പ്രോജക്ടുകളുടെ ചെലവിന്റെ ശതമാനം

(സൂചിക: ഖണ്ഡിക 3.6.2, പേജ് 43)

(₹ കോടിയിൽ)

കാലയളവ്	ജില്ല	രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവാക്കിയ തുക	സേവന മേഖലയിൽ ചെലവാക്കിയ തുക	നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കാത്ത പ്രോജക്ടുകളുടെ കണക്കാക്കപ്പെട്ട തുക
2020-21	കോട്ടയം	13	11	0.59	0.40	3.67	2	0.06
	തൃശ്ശൂർ	8	4	0.14	0.06	1.17	4	0.06
	മലപ്പുറം	5	4	0.15	0.11	2.84	1	0.02
	കോഴിക്കോട്	7	4	0.21	0.08	2.19	3	0.11
ആകെ		**33**	**23**	**1.09**	**0.65**	**9.87**	**10**	**0.25**
2021-22	കോട്ടയം	5	3	0.21	0.10	1.92	2	0.10
	തൃശ്ശൂർ	6	4	0.19	0.08	1.52	2	0.11
	മലപ്പുറം	13	9	0.46	0.30	4.68	4	0.09
	കോഴിക്കോട്	3	3	0.12	0.09	2.40	0	0.00
ആകെ		**27**	**19**	**0.98**	**0.57**	**10.52**	**8**	**0.30**
2022-23	കോട്ടയം	4	2	0.16	0.12	2.74	2	0.01
	തൃശ്ശൂർ	4	4	0.12	0.12	1.87	0	0.00
	മലപ്പുറം	4	3	0.10	0.06	6.10	1	0.03
	കോഴിക്കോട്	1	0	0.06	0.00	2.67	1	0.06
ആകെ		**13**	**9**	**0.44**	**0.30**	**13.38**	**4**	**0.10**
ആകെ മൊത്തം		**73**	**51**	**2.51**	**1.52**	**33.77**	**22**	**0.65**

അനുബന്ധം 3.5
കുടിവെള്ള പരിശോധനാ ഫലങ്ങൾ
(സൂചിക: ഖണ്ഡിക 3.6.2.1, പേജ് 43)

ക്രമ നമ്പർ	പിആർഐ	സാമ്പിൾ എടുത്ത യൂണിറ്റിന്റെ പേര്	വിഭാഗം	കലക്കൽ*	പിഎച്ച്*	കോളിഫോം*	ഇ-കോളി*	ഇരുമ്പ്*
1	അമരമ്പലം ജിപി	കട്ടിക്കുന്ന്	എസ്‌സി	2.16	6.89	ടിഎൻടിസി	100.00	0.33
2	അതിരപ്പിള്ളി ജിപി	മുണ്ടൻമാണി	എസ്‌സി	0.77	5.34	192.00	78.00	0.02
3	ചാത്തമംഗലം ജിപി	വള്ളക്കണ്ടി	എസ്‌സി	0.50	6.61	2400.00	കണ്ടെത്തി	ബിഡിഎൽ
4	ചോക്കാട് ജിപി	ഒറവംകുന്ന്	എസ്‌സി	0.02	6.81	ടിഎൻടിസി	200.00	0.33
5	എലിക്കുളം ജിപി	അംബേദ്കർ കോളനി	എസ്‌സി	ബിഡിഎൽ	6.20	കണ്ടെത്തി	ഇല്ല	ബിഡിഎൽ
6	കാരശ്ശേരി ജിപി	എല്ലീഗൽ	എസ്‌സി	0.30	5.65	1100.00	കണ്ടെത്തി	ബിഡിഎൽ
7	കരുളായി ജിപി	മരുതുംകോട്	എസ്‌സി	3.89	6.63	ടിഎൻടിസി	100.00	0.18
8	കോടശ്ശേരി ജിപി	ചന്ദനക്കുന്ന് മണലായി	എസ്‌സി	0.84	6.10	197.00	112.00	0.30
9	കോടഞ്ചേരി ജിപി	അമ്മയിക്കാട്	എസ്‌സി	5.90	6.95	2400.00	ഇല്ല	0.64
10	കൊണ്ടാഴി ജിപി	വാർഡ് 4	എസ്‌സി	0.92	7.99	288.00	ഇല്ല	0.29
11	കോരുത്തോട് ജിപി	കുഴിമാവ്	എസ്‌സി	ബിഡിഎൽ	5.90	ഉണ്ട്	ഉണ്ട്	ബിഡിഎൽ
12	കോട്ടൂർ ജിപി	കുറുവാട്ടുമല	എസ്‌സി	-	6.50	900.00	കണ്ടെത്തി	0.10
13	കോഴിക്കോട് ഡിപി	മടവൂർ കീഴ്പറമ്പ്	എസ്‌സി	കലങ്ങിയത്	6.65	500.00	ഉണ്ട്	80.00
14	കുടരഞ്ഞി ജിപി	കൂട്ടാക്കര	എസ്‌സി	0.30	5.35	ഇല്ല	ഇല്ല	ബിഡിഎൽ
15	കുന്ദമംഗലം ബിപി	പുൽപറമ്പിൽ മീതൽ	എസ്‌സി	38.20	6.73	1100.00	കണ്ടെത്തി	0.82
16	കുന്ദമംഗലം ജിപി	പടിഞ്ഞറേപാട്ട്	എസ്‌സി	0.40	5.58	900.00	ഇല്ല	ബിഡിഎൽ
17	കുന്ദമംഗലം ജിപി	രാജീവ് ഗാന്ധി	എസ്‌സി	1.00	5.19	ഇല്ല	ഇല്ല	0.20
18	കുറിച്ചി ജിപി	എസ് പുരം	എസ്‌സി	0.76	5.63	ഇല്ല	ഇല്ല	0.30
19	മമ്പാട് ജിപി	മന്ദാനി	എസ്‌സി	2.16	6.82	ടിഎൻടിസി	20.00	0.25
20	മൂന്നിലവ് ജിപി	കുറിഞ്ഞിപ്ലാവ് മരാമറ്റം കോളനി	എസ്‌സി	2.40	7.20	കണ്ടെത്തി	കണ്ടെത്തി	ബിഡിഎൽ
21	മുണ്ടക്കയം ജിപി	വട്ടക്കാവ് ചേരുമല	എസ്‌സി	ബിഡിഎൽ	5.40	ഉണ്ട്	ഉണ്ട്	ബിഡിഎൽ
22	നടത്തറ ജിപി	മുറിയൻകുന്ന്	എസ്‌സി	0.05	5.70	260.00	133.00	0.19
23	പള്ളിക്കത്തോട് ജിപി	വെട്ടിക്കയം	എസ്‌സി	0.62	5.40	കണ്ടെത്തി	കണ്ടെത്തി	ബിഡിഎൽ
24	പാമ്പാടി ജിപി	മറക്കാപ്പള്ളി	എസ്‌സി	ബിഡിഎൽ	6.07	കണ്ടെത്തി	ഇല്ല	0.17
25	പനച്ചിക്കാട് ജിപി	കുഴിക്കാട്	എസ്‌സി	ബിഡിഎൽ	5.50	ഇല്ല	ഇല്ല	ബിഡിഎൽ
26	പാണഞ്ചേരി ജിപി	മൂലങ്കോട്	എസ്‌സി	0.26	6.40	കണ്ടെത്തി	കണ്ടെത്തി	0.14
27	പനങ്ങാട് ജിപി	നേരടിമല	എസ്‌സി	-	5.64	110.00	ഇല്ല	0.05
28	പാണ്ടിക്കാട് ജിപി	പാണ്ടിക്കാട്	എസ്‌സി	0.05	7.04	ടിഎൻടിസി	2.00	0.01

ക്രമ നമ്പർ	പിആർഐ	സാമ്പിൾ എടുത്ത യൂണിറ്റിന്റെ പേര്	വിഭാഗം	കലക്കൽ*	പിഎച്ച്*	കോളിഫോം*	ഇ-കോളി*	ഇരുമ്പ്*
29	പരിയാരം ജിപി	അന്ത്രക്കംപ്പാടം	എസ്‌സി	2.66	6.10	312.00	42.00	0.25
30	പുൽപ്പറ്റ ജിപി	ചോലോംകുന്ന്	എസ്‌സി	1.66	6.33	40.00	ഇല്ല	0.32
31	പുതുപ്പാടി ജിപി	പൂഴംകുന്ന് താരിസി	എസ്‌സി	0.70	5.60	ഇല്ല	ഇല്ല	ബിഡിഎൽ
32	പുത്തൂർ ജിപി	കൊക്കാത്ത്	എസ്‌സി	9.00	6.90	141.00	ഇല്ല	1.06
33	തൂക്കൂർ ജിപി	ആത്തൂർ	എസ്‌സി	1.35	6.00	185.00	ഇല്ല	0.15
34	ഉണ്ണികുളം ജിപി	മോക്കായിക്കൽ	എസ്‌സി	-	5.38	900.00	കണ്ടെത്തി	0.05
35	വണ്ടൂർ ജിപി	പുല്ലുപറമ്പ്	എസ്‌സി	0.71	6.48	ടിഎൻടിസി	ടിഎൻടിസി	0.16
36	അളഗപ്പനഗർ ജിപി	വേപ്പൂർ	എസ്ടി	0.75	6.30	281	ഇല്ല	0.21
37	അമരമ്പലം ജിപി	പാട്ടക്കരിമ്പ്	എസ്ടി	1.30	6.97	ടിഎൻടിസി	100.00	0.18
38	ചാലിയാർ ജിപി	അകമ്പാടം	എസ്ടി	0.20	6.22	100.00	10.00	0.33
39	ചാലിയാർ ജിപി	വെറ്റിലക്കൊല്ലി	എസ്ടി	3.39	6.54	ടിഎൻടിസി	ടിഎൻടിസി	0.78
40	ചോക്കാട് ജിപി	കാളക്കുന്ന്	എസ്ടി	1.25	6.60	ടിഎൻടിസി	100.00	0.18
41	ചുങ്കത്തറ ജിപി	കാറ്റിലപ്പാടം	എസ്ടി	3.40	6.30	620.00	ഇല്ല	0.10
42	കാരശ്ശേരി ജിപി	മറിയംകുഴി	എസ്ടി	0.50	5.84	400.00	ഇല്ല	ബിഡിഎൽ
43	കരുളായി ജിപി	വലിയപുള്ളി	എസ്ടി	2.32	7.22	ടിഎൻടിസി	ടിഎൻടിസി	0.32
44	കോടഞ്ചേരി ജിപി	വട്ടച്ചിറ	എസ്ടി	0.40	6.73	1100.00	ഇല്ല	ബിഡിഎൽ
45	കോരുത്തോട് ജിപി	ആനക്കല്ല്	എസ്ടി	ബിഡിഎൽ	5.70	ഉണ്ട്	ഉണ്ട്	ബിഡിഎൽ
46	കോട്ടൂർ ജിപി	ചേങ്ങോട്ടുമല	എസ്ടി	-	5.43	170.00	ഇല്ല	0.10
47	കുടരഞ്ഞി ജിപി	മഞ്ഞക്കടവ്	എസ്ടി	0.50	6.26	ഇല്ല	ഇല്ല	ബിഡിഎൽ
48	മലപ്പുറം ഡിപി	വാഴക്കിള്ളി	എസ്ടി	2.09	6.38	10.00	ഇല്ല	0.07
49	മേലുകാവ് ജിപി	മേലുകാവ്	എസ്ടി	ബിഡിഎൽ	5.80	കണ്ടെത്തി	കണ്ടെത്തി	ബിഡിഎൽ
50	മുണ്ടക്കയം ജിപി	പുലിക്കുന്ന്	എസ്ടി	ബിഡിഎൽ	5.50	ഉണ്ട്	ഉണ്ട്	ബിഡിഎൽ
51	നടത്തറ ജിപി	ഞാറക്കര	എസ്ടി	0.89	6.10	369.00	254.00	0.15
52	പള്ളിക്കത്തോട് ജിപി	കദളിമറ്റം	എസ്ടി	430.00	6.70	ഇല്ല	ഇല്ല	0.23
53	പനച്ചിക്കാട് ജിപി	മലവേടൻ	എസ്ടി	ബിഡിഎൽ	4.70	460.00	9.00	ബിഡിഎൽ
54	പാണഞ്ചേരി ജിപി	പൂവൻചിറ	എസ്ടി	0.20	7.50	കണ്ടെത്തി	കണ്ടെത്തി	0.06
55	പനങ്ങാട് ജിപി	ഒറങ്ങോകുന്നമ്മൽ	എസ്ടി	-	6.50	2.00	ഇല്ല	0.05
56	പഴയന്നൂർ ജിപി	മാങ്കുളമ്പ്	എസ്ടി	0.46	7.25	311.00	145.00	0.16
57	പോത്തുകല്ല് ജിപി	ഇരുട്ടുകുത്തി	എസ്ടി	3.50	7.50	104.00	ഇല്ല	ബിഡിഎൽ
58	പുതുപ്പാടി ജിപി	പയുന	എസ്ടി	0.50	5.55	2400.00	ഇല്ല	ബിഡിഎൽ

ക്രമ നമ്പർ	പിആർഐ	സാമ്പിൾ എടുത്ത യൂണിറ്റിന്റെ പേര്	വിഭാഗം	കലക്കൽ*	പിഎച്ച്*	കോളിഫോം*	ഇ-കോളി*	ഇരുമ്പ്*
59	പുത്തൂർ ജിപി	മരോട്ടിച്ചാൽ	എസ്ടി	0.28	5.60	369.00	245.00	0.07
60	തലനാട് ജിപി	വാർഡ് 9	എസ്ടി	ബിഡിഎൽ	5.80	കണ്ടെത്തി	കണ്ടെത്തി	0.05
61	തലനാട് ജിപി	വാർഡ് 3	എസ്ടി	ബിഡിഎൽ	6.10	കണ്ടെത്തി	കണ്ടെത്തി	0.05
62	ഉണ്ണികുളം ജിപി	നായത്തുകുന്നുമ്മൽ	എസ്ടി	-	5.49	1600.00	കണ്ടെത്തി	0.05
63	ഊർങ്ങാട്ടിരി ജിപി	ഓടക്കയം	എസ്ടി	0.36	6.57	ടിഎൻടിസി	5.00	0.32
64	വാണിമേൽ ജിപി	കെട്ടിൽ	എസ്ടി	0.65	6.15	ടിഎൻടിസി	കണ്ടെത്തി	0.10
65	വരന്തരപ്പിള്ളി ജിപി	കുണ്ടയി ചക്കരപ്പറമ്പ്	എസ്ടി	0.34	5.80	ഇല്ല	ഇല്ല	0.24

ടിഎൻടിസി - എണ്ണാവുന്നതിലും അധികം
ബിഡിഎൽ - കണ്ടെത്താവുന്ന പരിധിക്ക് താഴെ
**കലങ്ങിയ അവസ്ഥയുടെ അഭിലഷണീയ പരിധി - 1-5 എൻടിയു, പിഎച്ച് : 6.5-8.5, ഇരുമ്പ് : 0.3 എംജി/എൽ, കോളിഫോമും ഇ-കോളിയും ഇല്ല എന്നായിരിക്കണം*

അനുബന്ധം 3.6
ആസൂത്രണം/നടപ്പാക്കൽ എന്നിവയിലെ പിഴവുകൾ മൂലം പരാജയപ്പെട്ട കുടിവെള്ള വിതരണ പദ്ധതികൾ
(സൂചിക: ഖണ്ഡിക 3.6.2.2, പേജ് 45)

(₹ ലക്ഷത്തിൽ)

ക്രമ നമ്പർ	ജില്ല	യൂണിറ്റിന്റെ പേര്	ഡിഡബ്ല്യുഎസ് പ്രോജക്റ്റിന്റെ പേര്	ആസൂത്രണത്തിലെ പിഴവ് മൂലം നിഷ്ഫലമായ ചെലവ്	നിർവ്വഹണത്തിലെ പിഴവ് മൂലം നിഷ്ഫലമായ ചെലവ്
എസ്‌സിഎസ്‌പി					
1	കോട്ടയം	പള്ളം ബിപി	വരവുകളം എസ്‌സി കോളനി	1.76	-
2		കാഞ്ഞിരപ്പള്ളി ബിപി	എലിവാലിക്കര എസ്‌സി കോളനി വാർഡ് 18	4.20	-
3		കാഞ്ഞിരപ്പള്ളി ബിപി	വട്ടക്കാവ് എസ്‌സി കോളനി വാർഡ് 17	4.95	-
4		കാഞ്ഞിരപ്പള്ളി ബിപി	504 ഐഎച്ച്ഡിപി കോളനി മണിമല	-	5.10
5		കാഞ്ഞിരപ്പള്ളി ബിപി	അലയാളം കവല ഡിഡബ്ല്യുഎസ് പ്രോജക്റ്റ്	-	4.75
6		കാഞ്ഞിരപ്പള്ളി ബിപി	85 അംബേദ്കർ കോളനി	-	4.90
7	തൃശ്ശൂർ	കോടശ്ശേരി ജിപി	വെസ്റ്റ് നായരങ്ങാടി എസ്‌സി കോളനി	6.40	-
8		തൃശ്ശൂർ ഡിപി	വൃന്ദാവൻ എസ്‌സി കോളനി	-	9.07
9	മലപ്പുറം	എടവണ്ണ ജിപി	മേലേചാൽ എസ്‌സി കോളനി	0.40	-
10		നിലമ്പൂർ ബിപി	കീരുപ്പൊട്ടി എസ്‌സി കോളനി	4.91	-
11	കോഴിക്കോട്	കുന്ദമംഗലം ബിപി	ഈയപ്പാടിക്കൽ എസ്‌സി കോളനി	4.48	-
12		കൊടുവള്ളി ബിപി	അട്ടക്കുംമല എസ്‌സി കോളനി	35.95	-
ആകെ (എസ്‌സിഎസ്‌പി)				**63.05**	**23.82**
ടിഎസ്‌പി					
1	കോട്ടയം	ഈരാറ്റുപേട്ട ബിപി	മാവടി കുളത്തിങ്കൽ എസ്‌ടി കോളനി	-	4.07
2		മൂന്നിലവ് ജിപി	മുടിക്കുന്നു എസ്‌ടി കോളനി	-	2.00
ആകെ (ടിഎസ്‌പി)					**6.07**

അനുബന്ധം 3.7
കാലികമായ പരിപാലനത്തിന്റെ അഭാവം മൂലം പരാജയപ്പെട്ട ഡിഡബ്ല്യുഎസ് പ്രോജക്ടുകൾ

(സൂചിക: ഖണ്ഡിക 3.6.2.2, പേജ് 45)

(₹ ലക്ഷത്തിൽ)

ക്രമ നമ്പർ	ജില്ല	യൂണിറ്റിന്റെ പേര്	പ്രോജക്ടിന്റെ പേര്	കാലിക പരിപാലനത്തിന്റെ അഭാവം മൂലമുള്ള നിഷ്ഫല ചെലവ്
എസ്സിഎസ്പി				
1	മലപ്പുറം	കാളികാവ് ബിപി	ചുള്ളിയോട് കുന്ന് എസ്സി കോളനി	7.04
2	കോഴിക്കോട്	ബാലുശ്ശേരി ബിപി	തെക്കേ എസ്സി കോളനി	8.66
ആകെ (എസ്സിഎസ്പി)				**15.70**
ടിഎസ്പി				
1	കോട്ടയം	മൂന്നിലവ് ജിപി	വാളകം ഇരുമ്പാറ എസ്ടി ഡിഡബ്ല്യുഎസ് പ്രോജക്ട്	0.65
2	തൃശ്ശൂർ	കൊടകര ബിപി	എച്ചിപ്പാറ എസ്ടി കോളനി	7.00
3	കോഴിക്കോട്	കൂടരഞ്ഞി ജിപി	മഞ്ഞക്കടവ് എസ്ടി കോളനി	1.99
ആകെ (ടിഎസ്പി)				**9.64**

അനുബന്ധം 3.8
മലപ്പുറം ജില്ലയിലെ കാളികാവ് ബിപി രൂപം കൊടുത്ത കുടിവെള്ള പദ്ധതികൾ

(സൂചിക: ഖണ്ഡിക 3.6.2.3, പേജ് 46)

(₹ ലക്ഷത്തിൽ)

ക്രമ നമ്പർ.	പദ്ധതിയുടെ പേര്	കാലയളവ്	വകയിരുത്തിയ തുക	ചെലവ്
1	കിളികോട് എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ട്	2021-22, 2022-23	20.20	19.92
2	കളത്തിൽ കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ട്	2021-22, 2022-23	10.00	0.00
3	വീട്ടിക്കുന്ന് എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ടിന്റെ പൂർത്തീകരണം	2022-23	3.20	3.20
4	അരീക്കുന്ന് എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ട്	2022-23	12.05	12.03
5	കലാം എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ടിന്റെ പൂർത്തീകരണം	2021-22	3.26	1.77
6	ചേനപ്പാടി എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ട്	2022-23	4.71	4.71
7	അംബേദ്കർ എസ്സി കോളനി കിണർ നിർമ്മാണം	2022-23	3.34	0.00
8	കക്കോട് തോട്ടപൊയിൽ എസ്സി കോളനി കിണർ നിർമ്മാണം	2022-23	3.49	2.95
9	പുതിയകലം എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ട്	2022-23	5.64	5.63
10	കപ്പാറക്കുന്ന് എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ട് പൂർത്തീകരണം	2022-23	8.50	4.22
11	തെക്കിൻകുന്ന് ഡിഡബ്ല്യൂഎസ് പ്രോജക്ട് – കരുളായി ജിപി	2022-23	10.00	0.00
12	കിളികോട് എസ്സി കോളനി ഡിഡബ്ല്യൂഎസ് പ്രോജക്ട് പൂർത്തീകരണം	2022-23	1.00	0.00
ആകെ			**85.39**	**54.43**

അനുബന്ധം 3.9
ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത എസ്‌സി ഗുണഭോക്താക്കളുടെ എണ്ണം
(സൂചിക: ഖണ്ഡിക 3.6.3.1, പേജ് 48)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താത്ത ഭൂരഹിത ഭവന രഹിത എസ്‌സി ഗുണഭോക്താക്കൾ			
ക്രമ നമ്പർ	ജില്ല	പിആർഐയുടെ പേര്	ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം
1	കോട്ടയം	എരുമേലി ജിപി	58
		തലനാട് ജിപി	8
		മൂന്നിലവ് ജിപി	1
2	തൃശ്ശൂർ	ഇല്ല	ഇല്ല
3	മലപ്പുറം	എടവണ്ണ ജിപി	82
		കരുളായി ജിപി	9
		പാണ്ടിക്കാട് ജിപി	39
		പുൽപ്പറ്റ ജിപി	8
4	കോഴിക്കോട്	കോട്ടൂർ ജിപി	32
		പനങ്ങാട് ജിപി	41
		ഉണ്ണികുളം ജിപി	22
ആകെ			**300**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താത്ത ഭവന രഹിത എസ്‌സി ഗുണഭോക്താക്കൾ			
ക്രമ നമ്പർ	ജില്ല	പിആർഐയുടെ പേര്	ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം
1	കോട്ടയം	തലനാട് ജിപി	6
		എരുമേലി ജിപി	89
2	തൃശ്ശൂർ	വരന്തരപ്പിള്ളി ജിപി	10
3	മലപ്പുറം	കരുളായി ജിപി	9
		പാണ്ടിക്കാട് ജിപി	65
		പുൽപ്പറ്റ ജിപി	22
4	കോഴിക്കോട്	കോട്ടൂർ ജിപി	18
		പനങ്ങാട് ജിപി	203
		ഉണ്ണികുളം ജിപി	38
ആകെ			**460**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താത്ത എസ്ടി ഗുണഭോക്താക്കളുടെ എണ്ണം

ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താത്ത ഭൂരഹിത ഭവന രഹിത എസ്ടി ഗുണഭോക്താക്കൾ				ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താത്ത ഭവന രഹിത എസ്ടി ഗുണഭോക്താക്കൾ			
ക്രമ നമ്പർ	ജില്ല	പിആർഐയുടെ പേര്	ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം	ക്രമ നമ്പർ	ജില്ല	പിആർഐയുടെ പേര്	ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം
1	കോട്ടയം	പുതുപ്പള്ളി ജിപി	24	1	കോട്ടയം	തലനാട് ജിപി	10
		തലനാട് ജിപി	7			എരുമേലി ജിപി	27
		മൂന്നിലവ് ജിപി	7			മൂന്നിലവ് ജിപി	17
		എരുമേലി ജിപി	40			പുതുപ്പള്ളി ജിപി	23
2	തൃശ്ശൂർ	വരന്തരപ്പിള്ളി ജിപി	3	2	തൃശ്ശൂർ	വരന്തരപ്പിള്ളി ജിപി	10
3	മലപ്പുറം	കരുളായി ജിപി	2	3	മലപ്പുറം	പോത്തുകല്ല് ജിപി	4
						എടവണ്ണ ജിപി	1
4	കോഴിക്കോട്	ഉണ്ണികുളം ജിപി	14	4	കോഴിക്കോട്	പനങ്ങാട് ജിപി	24
ആകെ			**97**			ഉണ്ണികുളം ജിപി	16
						കോട്ടൂർ ജിപി	6
				ആകെ			**138**

അനുബന്ധം 3.10
ഉത്പാദന മേഖലയിലെ പ്രോജക്ടുകളും വകയിരുത്തിയ ഫണ്ടുകളും – എസ്സിഎസ്പി
(സൂചിക: ഖണ്ഡിക 3.6.5, പേജ് 53)

വർഷം	ജില്ല	രൂപീകരിച്ച പദ്ധതികളുടെ മൊത്തം എണ്ണം	വകയിരുത്തിയ മൊത്തം ഫണ്ടുകൾ[110] (₹ കോടിയിൽ)	ഉത്പാദന മേഖലയിൽ രൂപീകരിച്ച പ്രോജക്ടുകൾ				ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ			
				എണ്ണം	ശതമാനം	തുക	ശതമാനം	എണ്ണം	ശതമാനം	തുക	ശതമാനം
2020-21	കോട്ടയം	371	27.34	24	6.47	1.04	3.80	15	62.50	0.47	45.19
	തൃശ്ശൂർ	570	49.87	39	6.84	2.88	5.78	26	66.67	1.77	61.46
	മലപ്പുറം	667	52.31	61	9.15	5.26	10.06	47	77.05	3.34	63.50
	കോഴിക്കോട്	412	35.25	45	10.92	1.71	4.85	37	82.22	0.99	57.89
	ആകെ	**2020**	**164.77**	**169**	**8.37**	**10.89**	**6.61**	**125**	**73.96**	**6.57**	**60.33**
2021-22	കോട്ടയം	250	25.96	14	5.60	0.53	2.04	11	71.43	0.33	62.26
	തൃശ്ശൂർ	408	43.32	23	5.64	1.02	2.35	20	86.96	0.77	75.49
	മലപ്പുറം	462	43.12	32	6.93	1.31	3.04	25	78.13	1.02	77.86
	കോഴിക്കോട്	266	25.68	27	10.15	0.81	3.15	25	92.59	0.51	62.96
	ആകെ	**1386**	**138.08**	**96**	**6.93**	**3.67**	**2.66**	**81**	**84.38**	**2.63**	**71.66**
2022-23	കോട്ടയം	271	28.14	12	4.43	0.51	1.81	10	83.33	0.26	50.98
	തൃശ്ശൂർ	492	48.28	20	4.07	0.66	1.37	16	80.00	0.33	50.00
	മലപ്പുറം	462	48.88	31	6.71	1.66	3.40	26	83.87	1.09	65.66
	കോഴിക്കോട്	288	32.00	31	10.76	1.79	5.59	27	87.10	1.13	63.13
	ആകെ	**1513**	**157.30**	**94**	**6.21**	**4.62**	**2.94**	**79**	**84.04**	**2.81**	**60.82**
ആകെ മൊത്തം		**4919**	**460.15**	**359**	**7.30**	**19.18**	**4.17**	**285**	**79.39**	**12.01**	**62.62**

[110] ചെലവഴിക്കാത്ത ബാക്കി തുകകളുടെ പുനഃ അനുമതിയും ഉൾപ്പെടുന്നു

അനുബന്ധം 3.11
ഉത്പാദന മേഖലയിലെ പ്രോജക്ടുകളും വകയിരുത്തിയ ഫണ്ടുകളും – ടിഎസ്പി
(സൂചിക: ഖണ്ഡിക 3.6.5, പേജ് 53)

വർഷം	ടിഎസ്പി										
	ജില്ല	രൂപീകരിച്ച പദ്ധതികളുടെ മൊത്തം എണ്ണം	വകയിരുത്തിയ ആകെ ഫണ്ടുകൾ [111] (₹ കോടിയിൽ)	ഉത്പാദന മേഖലയിൽ രൂപീകരിച്ച പ്രോജക്ടുകൾ				ഉത്പാദന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ			
				എണ്ണം	ശതമാനം	തുക	ശതമാനം	എണ്ണം	ശതമാനം	തുക	ശതമാനം
2020-21	കോട്ടയം	206	7.56	22	10.68	0.31	4.10	18	81.82	0.21	67.74
	തൃശ്ശൂർ	102	2.58	9	8.82	0.32	12.40	8	88.89	0.24	75.00
	മലപ്പുറം	180	6.66	17	9.44	1.19	17.87	16	94.12	1.09	91.60
	കോഴിക്കോട്	153	3.83	20	13.07	0.38	9.92	19	95.00	0.29	76.32
	ആകെ	**641**	**20.63**	**68**	**10.61**	**2.20**	**10.66**	**61**	**89.71**	**1.83**	**83.18**
2021-22	കോട്ടയം	117	3.50	15	12.82	0.17	4.86	14	93.33	0.16	94.12
	തൃശ്ശൂർ	85	2.22	4	4.71	0.07	3.15	2	50.00	0.01	14.29
	മലപ്പുറം	168	7.46	7	4.17	0.29	3.89	7	100.00	0.28	96.55
	കോഴിക്കോട്	106	3.16	10	9.43	0.12	3.80	9	90.00	0.10	83.33
	ആകെ	**476**	**16.34**	**36**	**7.56**	**0.65**	**3.98**	**32**	**88.89**	**0.55**	**84.62**
2022-23	കോട്ടയം	135	3.70	14	10.37	0.18	4.86	14	100.00	0.13	72.22
	തൃശ്ശൂർ	89	2.61	2	2.25	0.08	3.07	1	50.00	0.03	37.50
	മലപ്പുറം	176	8.75	9	5.11	0.43	4.91	8	88.89	0.37	86.05
	കോഴിക്കോട്	109	3.39	7	6.42	0.08	2.36	7	100.00	0.05	62.50
	ആകെ	**509**	**18.45**	**32**	**6.29**	**0.77**	**4.17**	**30**	**93.75**	**0.58**	**75.32**
ആകെ മൊത്തം		**1626**	**55.42**	**136**	**8.36**	**3.62**	**6.53**	**123**	**90.44**	**2.96**	**81.77**

111 ചെലവഴിക്കാത്ത ബാക്കി തുകകളുടെ പുനഃ അനുമതിയും ഉൾപ്പെടുന്നു

അനുബന്ധം 3.12
ഉത്പാദന മേഖലയുടെ പ്രമുഖ ഉപമേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണ വിശദാംശങ്ങൾ
(സൂചിക: ഖണ്ഡിക 3.6.5, പേജ് 53)

(₹ കോടിയിൽ)

എസ്‌സിഎസ്‌പി											
വർഷം	നടപ്പാക്കിയ പ്രോജക്ടുകളുടെ ആകെ എണ്ണം	ചെലവ്	ജില്ല	ഉപമേഖല							
				കൃഷി	സ്വയം – തൊഴിൽ	മൃഗ സംരക്ഷണം	മത്സ്യമേഖല	മണ്ണ് – ജല സംരക്ഷണം	മിനിമാസ്റ്റ് സോളാർവിളക്ക്	ഭവന പരിരക്ഷ/ഡിഡബ്ല്യൂഎസ്എസ്	പലവക
2020-21	15	0.46	കോട്ടയം	0.22	0.06	0.06	0	0.09	0.03	0	0
	26	1.77	തൃശ്ശൂർ	0.05	1.00	0.18	0	0.54	0	0	0
	47	3.33	മലപ്പുറം	0	0.09	0.20	0	0.17	2.40	0.38	0.09
	37	0.99	കോഴിക്കോട്	0.06	0.50	0.10	0.01	0.32	0	0	0
ആകെ	**125**	**6.55**		**0.33**	**1.65**	**0.54**	**0.01**	**1.12**	**2.43**	**0.38**	**0.09**
2021-22	11	0.32	കോട്ടയം	0.09	0.01	0.19	0.02	0	0	0	0.01
	20	0.77	തൃശ്ശൂർ	0.12	0.35	0.17	0.02	0.11	0	0	0
	25	1.02	മലപ്പുറം	0.40	0.16	0.23	0	0.08	0.04	0.09	0.02
	25	0.51	കോഴിക്കോട്	0.03	0.22	0.11	0.01	0.14	0	0	0
ആകെ	**81**	**2.62**		**0.64**	**0.74**	**0.70**	**0.05**	**0.33**	**0.04**	**0.09**	**0.03**
2022-23	10	0.26	കോട്ടയം	0	0.20	0.05	0.01	0	0	0	0
	16	0.32	തൃശ്ശൂർ	0.03	0.10	0.19	0	0	0	0	0
	26	1.09	മലപ്പുറം	0	0.24	0.20	0	0.15	0.46	0.02	0.02
	27	1.13	കോഴിക്കോട്	0.02	0.69	0.08	0	0.22	0	0	0.12
ആകെ മൊത്തം	**79**	**2.80**		**0.05**	**1.23**	**0.52**	**0.01**	**0.37**	**0.46**	**0.02**	**0.14**

(₹ കോടിയിൽ)

ടിഎസ്പി											
				ഉപമേഖല							
വർഷം	നടപ്പാക്കിയ പ്രോജക്കുകളുടെ ആകെ എണ്ണം	ചെലവ്	ജില്ല	കൃഷി	സ്വയം - തൊഴിൽ	മൃഗ സംരക്ഷണം	മത്സ്യമേഖല	മണ്ണ് - ജല സംരക്ഷണം	മിനിമാസ്റ്റ് സൗരവിളക്ക്	ഭവന പരിരക്ഷ/സ്വഡ ഡബ്ല്യൂഎസ്എസ്	പലവക
2020-21	18	0.21	കോട്ടയം	0.04	0	0.15	0	0	0.02	0	0
	8	0.24	തൃശ്ശൂർ	0.01	0.03	0.20	0	0	0	0	0
	16	1.09	മലപ്പുറം	0.78	0	0.27	0	0.03	0	0.01	0
	19	0.29	കോഴിക്കോട്	0.03	0.02	0.15	0	0.09	0	0	0
ആകെ	**61**	**1.83**		**0.86**	**0.05**	**0.77**	**0**	**0.12**	**0.02**	**0.01**	**0**
2021-22	14	0.16	കോട്ടയം	0.02	0.01	0.10	0	0	0	0.03	0
	2	0.01	തൃശ്ശൂർ	0.01	0	0	0	0	0	0	0
	7	0.28	മലപ്പുറം	0.01	0	0.27	0	0	0	0	0
	9	0.10	കോഴിക്കോട്	0.01	0	0.07	0.02	0	0	0	0
ആകെ	**32**	**0.55**		**0.05**	**0.01**	**0.44**	**0.02**	**0**	**0**	**0.03**	**0**
2022-23	14	0.13	കോട്ടയം	0.02	0.02	0.09	0	0	0	0	0
	1	0.03	തൃശ്ശൂർ	0	0	0.03	0	0	0	0	0
	8	0.38	മലപ്പുറം	0.10	0	0.09	0.04	0	0.14	0	0.01
	7	0.04	കോഴിക്കോട്	0.01	0	0.03	0	0	0	0	0
ആകെ മൊത്തം	**30**	**0.58**		**0.13**	**0.02**	**0.24**	**0.04**	**0**	**0.14**	**0**	**0.01**

അനുബന്ധം 3.13
ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം
(സൂചിക: ഖണ്ഡിക 3.6.6, പേജ് 54)

(₹ കോടിയിൽ)

വർഷം	ജില്ല	എസ്‌സിഎസ്‌പി						ടിഎസ്‌പി					
		ഉത്പാദന മേഖലയിൽ രൂപീകരിക്കപ്പെട്ട പ്രോജക്ടുകൾ		ഉത്പാദന മേഖലയിൽ നടപ്പാക്കപ്പെട്ട പ്രോജക്ടുകൾ		ശതമാനം		ഉത്പാദന മേഖലയിൽ രൂപീകരിക്കപ്പെട്ട പ്രോജക്ടുകൾ		ഉത്പാദന മേഖലയിൽ നടപ്പാക്കപ്പെട്ട പ്രോജക്ടുകൾ		ശതമാനം	
		എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക
2020-21	കോട്ടയം	24	1.04	15	0.47	62.50	45.19	22	0.31	18	0.21	81.82	67.74
	തൃശ്ശൂർ	39	2.88	26	1.77	66.67	61.46	9	0.32	8	0.24	88.89	75.00
	മലപ്പുറം	61	5.26	47	3.34	77.05	63.50	17	1.19	16	1.09	94.12	91.60
	കോഴിക്കോട്	45	1.71	37	0.99	82.22	57.89	20	0.38	19	0.29	95.00	76.32
	ആകെ	**169**	**10.89**	**125**	**6.57**	**73.96**	**60.33**	**68**	**2.20**	**61**	**1.83**	**89.71**	**83.18**
2021-22	കോട്ടയം	14	0.53	11	0.33	78.57	62.26	15	0.17	14	0.16	93.33	94.12
	തൃശ്ശൂർ	23	1.02	20	0.77	86.96	75.49	4	0.07	2	0.01	50.00	14.29
	മലപ്പുറം	32	1.31	25	1.02	78.13	77.86	7	0.29	7	0.28	100.00	96.55
	കോഴിക്കോട്	27	0.81	25	0.51	92.59	62.96	10	0.12	9	0.10	90.00	83.33
	ആകെ	**96**	**3.67**	**81**	**2.63**	**84.38**	**71.66**	**36**	**0.65**	**32**	**0.55**	**88.89**	**84.62**
2022-23	കോട്ടയം	12	0.51	10	0.26	83.33	50.98	14	0.18	14	0.13	100.00	72.22
	തൃശ്ശൂർ	20	0.66	16	0.33	80.00	50.00	2	0.08	1	0.03	50.00	37.50
	മലപ്പുറം	31	1.66	26	1.09	83.87	65.66	9	0.43	8	0.37	88.89	86.05
	കോഴിക്കോട്	31	1.79	27	1.13	87.10	63.13	7	0.08	7	0.05	100.00	62.50
	ആകെ	**94**	**4.62**	**79**	**2.81**	**84.04**	**60.82**	**32**	**0.77**	**30**	**0.58**	**93.75**	**75.32**
ആകെ മൊത്തം		**359**	**19.18**	**285**	**12.01**	**79.39**	**62.62**	**136**	**3.62**	**123**	**2.96**	**90.44**	**81.77**

അനുബന്ധം 3.14

ഉത്പാദന മേഖലയിലെ ജില്ല തിരിച്ചുള്ള തെറ്റായ വർഗ്ഗീകരണം – എസ്‌സിഎസ്‌പി

(സൂചിക: ഖണ്ഡിക 3.6.7, പേജ് 56)

എസ്‌സിഎസ്‌പി					
വർഷം	ജില്ല	ഉത്പാദന മേഖലയിൽ വർഗ്ഗീകരിക്കപ്പെട്ട പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദന മേഖലയിൽ തെറ്റായി വർഗ്ഗീകരിക്കപ്പെട്ട പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദന മേഖലയിലല്ലാതെ നടപ്പാക്കപ്പെട്ട പ്രോജക്ടുകൾ	തെറ്റായ വർഗ്ഗീകരണത്തിന്റെ ശതമാനം
2020-21	കോട്ടയം	5	3	3	60
	തൃശ്ശൂർ	3	3	3	100
	മലപ്പുറം	48	42	32	87.5
	കോഴിക്കോട്	--	--	--	--
2021-22	കോട്ടയം	--	--	--	--
	തൃശ്ശൂർ	--	--	--	--
	മലപ്പുറം	26	18	13	69.23
	കോഴിക്കോട്	--	--	--	--
2022-23	കോട്ടയം	--	--	--	--
	തൃശ്ശൂർ	--	--	--	--
	മലപ്പുറം	18	12	9	66.67
	കോഴിക്കോട്	9	3	3	33.33
ആകെ മൊത്തം		**109**	**81**	**63**	**74.31**

അനുബന്ധം 3.15

ഉത്പാദന മേഖലയിലെ ജില്ല തിരിച്ചുള്ള തെറ്റായ വർഗ്ഗീകരണം – ടിഎസ്പി

(സൂചിക: ഖണ്ഡിക 3.6.7, പേജ് 56)

ടിഎസ്പി					
വർഷം	ജില്ല	ഉത്പാദന മേഖലയിൽ വർഗ്ഗീകരിക്കപ്പെട്ട പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദന മേഖലയിൽ തെറ്റായി വർഗ്ഗീകരിക്കപ്പെട്ട പ്രോജക്ടുകളുടെ മൊത്തം എണ്ണം	ഉത്പാദന മേഖലയിലല്ലാതെ നടപ്പാക്കപ്പെട്ട പ്രോജക്ടുകൾ	തെറ്റായ വർഗ്ഗീകരണത്തിന്റെ ശതമാനം
2020-21	കോട്ടയം	2	2	2	100
	തൃശൂർ	-	--	--	--
	മലപ്പുറം	5	4	3	80
	കോഴിക്കോട്	--	--	--	--
2021-22	കോട്ടയം	4	1	1	25
	തൃശൂർ	--	--	--	--
	മലപ്പുറം	--	--	--	--
	കോഴിക്കോട്	--	--	--	--
2022-23	കോട്ടയം	--	--	--	--
	തൃശൂർ	--	--	--	--
	മലപ്പുറം	5	2	2	40
	കോഴിക്കോട്	--	-	--	--
ആകെ മൊത്തം		**16**	**9**	**8**	**56.25**

അനുബന്ധം 3.16
എസ്സിഎസ്പിയ്ക്കു കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്
(സൂചിക: ഖണ്ഡിക 3.6.8, പേജ് 56)

(₹ കോടിയിൽ)

വർഷം	ജില്ല	രൂപീകരിച്ച പ്രോജക്ടുകൾ	വകയിരുത്തിയത്	നടപ്പാക്കിയത്	ചെലവ്	ചെലവ് ശതമാനം
2020-21	കോട്ടയം	71	4.72	49	2.49	52.75
	തൃശ്ശൂർ	202	14.27	156	8.93	62.58
	മലപ്പുറം	188	7.68	172	5.12	66.67
	കോഴിക്കോട്	107	7.90	93	6.17	78.10
ആകെ		**568**	**34.57**	**470**	**22.71**	**65.69**
2021-22	കോട്ടയം	60	3.78	45	2.17	57.41
	തൃശ്ശൂർ	125	8.68	95	4.73	54.49
	മലപ്പുറം	79	2.92	66	2.18	74.66
	കോഴിക്കോട്	58	4.69	41	2.21	47.12
ആകെ		**322**	**20.07**	**247**	**11.29**	**56.25**
2022-23	കോട്ടയം	57	6.08	38	1.68	27.63
	തൃശ്ശൂർ	166	12.19	65	4.09	33.55
	മലപ്പുറം	63	2.85	41	1.66	58.25
	കോഴിക്കോട്	72	6.36	48	3.54	55.66
ആകെ മൊത്തം		**358**	**27.48**	**192**	**10.97**	**39.92**

അനുബന്ധം 3.17
ടിഎസ്പിയ്ക്കു കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്
(സൂചിക: ഖണ്ഡിക 3.6.8, പേജ് 56)

(₹ കോടിയിൽ)

വർഷം	ജില്ല	രൂപീകരിച്ച പ്രോജക്റ്റുകൾ	വകയിരുത്തിയത്	നടപ്പാക്കിയത്	ചെലവ്	ചെലവ് ശതമാനം
2020-21	കോട്ടയം	37	1.27	31	0.94	74.02
	തൃശ്ശൂർ	11	0.30	8	0.23	76.67
	മലപ്പുറം	32	1.18	26	0.75	63.56
	കോഴിക്കോട്	18	0.66	13	0.47	71.21
ആകെ		**98**	**3.41**	**78**	**2.39**	**70.09**
2021-22	കോട്ടയം	6	0.20	6	0.17	85
	തൃശ്ശൂർ	3	0.03	3	0.03	100
	മലപ്പുറം	23	1.56	21	1.45	92.95
	കോഴിക്കോട്	3	0.15	2	0.12	80
ആകെ		**35**	**1.94**	**32**	**1.77**	**91.24**
2022-23	കോട്ടയം	5	0.18	4	0.13	72.22
	തൃശ്ശൂർ	1	0.03	1	0.03	100
	മലപ്പുറം	21	1.02	15	0.82	80.39
	കോഴിക്കോട്	3	0.10	2	0.04	40
ആകെ മൊത്തം		**30**	**1.33**	**22**	**1.02**	**76.69**

അനുബന്ധം 4.1
നഗര തദ്ദേശസ്ഥാപനങ്ങളുടെ പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും കുടിശ്ശികയുടെ വിശദാംശങ്ങൾ (2024 നവംബർ വരെ)

(സൂചിക: ഖണ്ഡിക 4.5, പേജ് 70)

വർഷം	പരിശോധന റിപ്പോർട്ടുകളുടെ എണ്ണം	II എ ഖണ്ഡികകളുടെ എണ്ണം	II ബി ഖണ്ഡികകളുടെ എണ്ണം
2018-19	42	36	172
2019-20	46	46	239
2020-21	14	6	63
2021-22	9	4	45
2022-23	19	35	242
ആകെ	**130**	**127**	**761**

അനുബന്ധം 4.2
അനുബന്ധ ഓഡിറ്റിന്റെ ഫലങ്ങൾ
(സൂചിക: ഖണ്ഡിക 4.11, പേജ് 77)

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപനത്തിന്റെ തരം	ഓഡിറ്റ് വർഷം	വ്യവസ്ഥ സൃഷ്ടിക്കാത്തത്	എഎഫ്എസിൽ താരതമ്യ തുകകൾ ഉൾപ്പെടുത്താത്തത്	സാമ്പത്തിക/പ്രധാന അനുപാതങ്ങൾ ഉൾപ്പെടുത്താത്തത്	അനുബന്ധ പ്രസ്താവനകൾ തയ്യാറാക്കാത്തത്	ആസ്തികളുടെയും ബാധ്യതകളുടെയും തെറ്റായ അക്കൗണ്ടിംഗ്	വരവുകളുടെയും ചെലവുകളുടെയും തെറ്റായ അക്കൗണ്ടിംഗ്	ആകെ മൊത്തം
1	നീലേശ്വരം	മുനിസിപ്പാലിറ്റി	2021-22	1	1			1	1	4
2	കാഞ്ഞങ്ങാട്	മുനിസിപ്പാലിറ്റി	2021-22					1	1	2
3	കാസർഗോഡ്	മുനിസിപ്പാലിറ്റി	2022-23		1		1	1	1	4
4	വടക്കാഞ്ചേരി	മുനിസിപ്പാലിറ്റി	2021-22		1	1		1	1	4
5	രാമനാട്ടുകര	മുനിസിപ്പാലിറ്റി	2022-23		1			1	1	3
6	കൊടുങ്ങല്ലൂർ	മുനിസിപ്പാലിറ്റി	2021-22		1			1	1	3
7	മലപ്പുറം	മുനിസിപ്പാലിറ്റി	2022-23		1			1	1	3
8	തൃശൂർ	കോർപ്പറേഷൻ	2022-23		1	1	1	1	1	5
9	കോട്ടക്കൽ	മുനിസിപ്പാലിറ്റി	2022-23		1				1	2
10	കൊടുവള്ളി	മുനിസിപ്പാലിറ്റി	2022-23		1		1	1	1	4
	ആകെ			**1**	**9**	**2**	**3**	**9**	**10**	**34**

അനുബന്ധം 5.1
ആസ്തി പരിപാലനത്തെ കുറിച്ചുള്ള വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റിനായി തിരഞ്ഞെടുത്ത യുഎൽബികൾ

(സൂചിക: ഖണ്ഡിക 5.2, പേജ് 79)

ക്രമ നമ്പർ	ജില്ല	യുഎൽബിയുടെ പേര്
1.	തിരുവനന്തപുരം	തിരുവനന്തപുരം കോർപ്പറേഷൻ
2.		ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
3.		വർക്കല മുനിസിപ്പാലിറ്റി
4.	പാലക്കാട്	പാലക്കാട് മുനിസിപ്പാലിറ്റി
5.		പട്ടാമ്പി മുനിസിപ്പാലിറ്റി
6.		ഷൊർണ്ണൂർ മുനിസിപ്പാലിറ്റി
7.	എറണാകുളം	കൊച്ചി കോർപ്പറേഷൻ
8.		തൃക്കാക്കര മുനിസിപ്പാലിറ്റി
9.		കളമശ്ശേരി മുനിസിപ്പാലിറ്റി
10.	വയനാട്	കൽപ്പറ്റ മുനിസിപ്പാലിറ്റി
11.		സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി
12.		മാനന്തവാടി മുനിസിപ്പാലിറ്റി
13.	മലപ്പുറം	മലപ്പുറം മുനിസിപ്പാലിറ്റി
14.		പൊന്നാനി മുനിസിപ്പാലിറ്റി
15.		കോട്ടക്കൽ മുനിസിപ്പാലിറ്റി
16.	കോഴിക്കോട്	കോഴിക്കോട് കോർപ്പറേഷൻ
17.		രാമനാട്ടുകര മുനിസിപ്പാലിറ്റി
18.		കൊടുവള്ളി മുനിസിപ്പാലിറ്റി
19.	തൃശ്ശൂർ	തൃശ്ശൂർ കോർപ്പറേഷൻ
20.		വടക്കാഞ്ചേരി മുനിസിപ്പാലിറ്റി
21.		കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി
22.	കോട്ടയം	പാലാ മുനിസിപ്പാലിറ്റി
23.		ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി
24.		വൈക്കം മുനിസിപ്പാലിറ്റി

അനുബന്ധം 5.2
ഉടമസ്ഥതയിലുള്ള ഭൂമി ആസ്തികളും കൈവശമുള്ള ആധാരങ്ങളും
(സൂചിക: ഖണ്ഡിക 5.6.4, പേജ് 85)

യുഎൽബിയുടെ പേര്	ഉടമസ്ഥതയിലുള്ള ആകെ ഭൂമി ആസ്തികളുടെ എണ്ണം	കൈവശമുള്ള ആധാരങ്ങളുടെ എണ്ണം
തിരുവനന്തപുരം കോർപ്പറേഷൻ	വിശദാംശങ്ങൾ ലഭ്യമല്ല	-
കൊച്ചി കോർപ്പറേഷൻ	290	0
തൃശ്ശൂർ കോർപ്പറേഷൻ	465	-
കോഴിക്കോട് കോർപ്പറേഷൻ	വിശദാംശങ്ങൾ ലഭ്യമല്ല	-
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	119	1
വർക്കല മുനിസിപ്പാലിറ്റി	57	18
ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി	33	7
പാലാ മുനിസിപ്പാലിറ്റി	82	0
വൈക്കം മുനിസിപ്പാലിറ്റി	32	8
കളമശ്ശേരി മുനിസിപ്പാലിറ്റി	46	27
തൃക്കാക്കര മുനിസിപ്പാലിറ്റി	47	0
കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി	58	18
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	159	7
പാലക്കാട് മുനിസിപ്പാലിറ്റി	390	69
പട്ടാമ്പി മുനിസിപ്പാലിറ്റി	81	9
ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	44	6
കോട്ടക്കൽ മുനിസിപ്പാലിറ്റി	81	35
മലപ്പുറം മുനിസിപ്പാലിറ്റി	47	33
പൊന്നാനി മുനിസിപ്പാലിറ്റി	149	85
കൊടുവള്ളി മുനിസിപ്പാലിറ്റി	27	27
രാമനാട്ടുകര മുനിസിപ്പാലിറ്റി	38	11
കൽപ്പറ്റ മുനിസിപ്പാലിറ്റി	68	46
മാനന്തവാടി മുനിസിപ്പാലിറ്റി	23	10
സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി	94	11
ആകെ	**2430**	**428**

അനുബന്ധം 5.3
നിഷ്ക്രിയമായ ഷീ ലോഡ്ജ്/വനിതാ ഹോസ്റ്റലുകളുടെ വിശദാംശങ്ങൾ
(സൂചിക: ഖണ്ഡിക 5.10.1.1, പേജ് 99)

ക്രമ നമ്പർ	യുഎൽബിയുടെ പേര്	ആസ്തിയുടെ തരം	പൂർത്തിയായ തീയതി	നിർമ്മാണ ചെലവ്	പരാമർശങ്ങൾ	സർക്കാർ മറുപടി (2024 നവംബർ)
1	കൊച്ചി കോർപ്പറേഷൻ	പട്ടികജാതി വനിതാ ഹോസ്റ്റൽ (കൊമ്പറ)	2020 ജൂലൈ	₹4.49 കോടി (എസ്‌സിഎസ്‌പി ഫണ്ട്)	കോവിഡ് ചികിത്സാ കേന്ദ്രത്തിലുപയോഗിച്ച കട്ടിലുകളും മെത്തകളും ഉപേക്ഷിച്ച നിലയിൽ, 100ൽ അധികം സ്ത്രീകൾക്ക് താമസിക്കാൻ സൗകര്യമുള്ള (ജി+4 ഘടന) ഹോസ്റ്റൽ നിഷ്ക്രിയവസ്ഥയിൽ കിടക്കുന്നു (2023 ജൂലൈ)	കെട്ടിടത്തിൽ താൽക്കാലികമായി ഒരു അംഗണവാടി പ്രവർത്തിക്കുന്നുണ്ട്
2	തിരുവനന്തപുരം കോർപ്പറേഷൻ	താമസ സൗകര്യമുള്ള വനിതാ ഹെൽപ്പ് ഡെസ്ക് (എസ്എംവി സ്കൂളിന് എതിർവശം)	2022 മാർച്ച്	₹39.31 ലക്ഷം	ഒരേ സമയം 18 പേരെ താമസിപ്പിക്കാൻ പൂർണ്ണമായും ശേഷിയുണ്ടായിട്ടും, കോർപ്പറേഷൻ വൈദ്യുതി കണക്ഷൻ ഇതുവരെ ലഭ്യമാക്കിയില്ല (2023 ഓഗസ്റ്റ്)	മറുപടി സമർപ്പിച്ചില്ല
3	കൽപ്പറ്റ മുനിസിപ്പാലിറ്റി	ഷീലോഡ്ജ് (മുനിസിപ്പാലിറ്റി സ്റ്റാഫ് ക്വാർട്ടേഴ്സിന് പിന്നിൽ)	2021 ഡിസംബർ	₹25.60 ലക്ഷം	ഇതുവരെ (2023 നവംബർ) പ്രവർത്തനം ആരംഭിച്ചിട്ടില്ല	ഷീ ലോഡ്ജിന്റെ നടത്തിപ്പിനായി മുനിസിപ്പാലിറ്റി ഒരു ഏജൻസിയെ തിരഞ്ഞെടുത്തെങ്കിലും, കരാറിന്റെ കാലാവധി ഒരു വർഷമായതിനാൽ അവർ കരാറിൽ ഒപ്പു വയ്ക്കാൻ വിസമ്മതിച്ചു. റീടെൻഡർ നടപടി ആരംഭിച്ചു
4	കൽപ്പറ്റ മുനിസിപ്പാലിറ്റി	പട്ടികജാതി വനിതാ ഹോസ്റ്റലും ട്രെയിനിംഗ് സെന്ററും	2019 മാർച്ച്	₹1.56 കോടി (എസ്‌സിഎസ്‌പി ഫണ്ട്)	നിഷ്ക്രിയാവസ്ഥയിലുള്ള വനിതാ ഹോസ്റ്റലും ട്രെയിനിംഗ് സെന്ററും (2023 നവംബർ)	കെട്ടിടം പോസ്റ്റ്മെട്രിക് ഹോസ്റ്റലായി ഉപയോഗിക്കാൻ മുനിസിപ്പാലിറ്റി പട്ടികജാതി വകുപ്പിനെ സമീപിച്ചു
5	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	വനിതാ ഹോസ്റ്റൽ	2020 നവംബർ	₹49.54 ലക്ഷം	കോവിഡ് ചികിത്സാ കേന്ദ്രത്തിൽ ഉപയോഗിച്ച കട്ടിലുകളും മെത്തകളും ഉപേക്ഷിച്ച നിലയിൽ ഹോസ്റ്റൽ നിഷ്ക്രിയാവസ്ഥയിലാണ് (2023 നവംബർ)	കുടുംബശ്രീ വഴി ഇത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്

അനുബന്ധം 5.4
നിഷ്ക്രിയമായ വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ
(സൂചിക: ഖണ്ഡിക 5.10.1.2, പേജ് 99)

ക്രമ നമ്പർ	യുഎൽബിയുടെ പേര്	നിർമ്മാണത്തിന്റെ ഉദ്ദേശ്യം	നിർമ്മാണ/ നവീകരണ വർഷം	നിർമ്മാണ/ നവീകരണ ചെലവ്	പരാമർശങ്ങൾ
1	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	വ്യവസായ വിപണനകേന്ദ്രം – 2 എണ്ണം[112] (ഒരു ജനറൽ, ഒന്ന് എസ്‌സി വനിത സംരംഭകർക്ക്)	2020-21	₹37.91 ലക്ഷം	രണ്ടു കെട്ടിടങ്ങളും നിഷ്ക്രിയാവസ്ഥയിലാണ് (2023 ഫെബ്രുവരി)
2	കൊച്ചി കോർപ്പറേഷൻ	വനിതാ വ്യവസായ/വിപണന കേന്ദ്രങ്ങൾ (അഞ്ച് എണ്ണം)[113]	2017-18 മുതൽ 2020-21 വരെ	₹31.91 ലക്ഷം	കെട്ടിടങ്ങളൊന്നും ഉപയോഗത്തിന് നൽകിയിട്ടില്ല (2023 ജൂലൈ)
3	തിരുവനന്തപുരം കോർപ്പറേഷൻ	ഷീ ഹബ് – വനിതാ സംരംഭകർക്ക് വേണ്ടിയുള്ള സൗഹൃദപരവും, ഉത്പാദനപരവുമായ ഒരു തൊഴിൽ ഇടം (എസ്‌എംവി സ്കൂളിന് എതിർവശം)	2021-2022	₹99.01 ലക്ഷം	കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുള്ള 25 വർക്ക് സ്പേസ് കാബിനുകൾ, വീഡിയോ കോൺഫറൻസ് ഹാൾ, മീറ്റിംഗ് റൂം, ഫർണിഷ് ചെയ്ത അടുക്കള/കോഫി റൂം തുടങ്ങിയവ ഉണ്ടായിരുന്നെങ്കിലും ഇന്നു വരെ ഉപയോഗം ആരംഭിച്ചിട്ടില്ല (2023 ഓഗസ്റ്റ്)
4	തൃശ്ശൂർ കോർപ്പറേഷൻ	കുടുംബശ്രീ വിപണന കേന്ദ്രം (ഡിവിഷൻ 50)	2020-21	₹19.91 ലക്ഷം	ആറ് കടമുറികളിൽ മൂന്ന് എണ്ണം കോർപ്പറേഷനിലെ തെരുവ് വിളക്ക് പരിപാലന കോൺട്രാക്ടർ ഉപയോഗിക്കുന്നു. ബാക്കിയുള്ള കടമുറികൾ ഉപയോഗിക്കുന്നില്ല (2023 ജൂലൈ)
5	തൃക്കാക്കര മുനിസിപ്പാലിറ്റി	വനിതാ വ്യവസായ പാർക്ക്/മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, തെങ്ങോട് (2 കെട്ടിടങ്ങൾ – ഒരു ഇരുനില കെട്ടിടം (പട്ടികജാതി), മറ്റൊരു മൂന്ന് നില കെട്ടിടം (പൊതുവിഭാഗം)	2009-10	2012-22 കാലയളവിൽ ₹1.34 കോടി[114] ചെലവ് ചെയ്ത് ചുറ്റുമതിൽ, ഇന്റർലോക്ക് തറ മുതലായവ നിർമ്മിച്ചു	ദീർഘകാലം ഉപയോഗിക്കാതെ കിടക്കുന്നതിനാൽ വാതിലുകളും ജനാലകളും കേടായതായി ഓഡിറ്റ് കണ്ടു
6	കളമശ്ശേരി മുനിസിപ്പാലിറ്റി	വനിതാ വികസന കേന്ദ്രം (വാർഡ് 37 ലെ മൂന്ന് നില കെട്ടിടം)	2013-14	വിശദാംശങ്ങൾ ലഭ്യമല്ല	മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെ താമസിപ്പിക്കാനായി കെട്ടിടം ഉപയോഗിക്കുന്നു

---

[112] കണയം വാർഡ് – ₹15.83 ലക്ഷം, കളപ്പുള്ളി – ₹22.10 ലക്ഷം

[113] ഡിവിഷൻ 28 – ₹8.69 ലക്ഷം, ഡിവിഷൻ 50 – ₹11.34 ലക്ഷം, ഡിവിഷൻ 64 – ₹8.24 ലക്ഷം, ഡിവിഷൻ 65 – ₹2.92 ലക്ഷം, ഡിവിഷൻ 4 – ₹0.73 ലക്ഷം

[114] നിർമ്മാണവുമായി ബന്ധപ്പെട്ട/നിർമ്മാണത്തിനായി ചെലവഴിച്ച യഥാർത്ഥ കണക്കുകൾ സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

അനുബന്ധം 5.5
നിഷ്ക്രിയമായ വനിതാ സൗഹൃദ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 5.10.1.3, പേജ് 99)

യുഎൽബി	നിർമ്മാണത്തിന്റെ ഉദ്ദേശ്യം	നിർമ്മിച്ച/ നവീകരിച്ച വർഷം	ചെലവ്	പരാമർശങ്ങൾ
തിരുവനന്തപുരം കോർപ്പറേഷൻ	മെഡിക്കൽ കോളേജ് ബസ് സ്റ്റാൻഡിലെ വനിതാ സൗഹൃദ കേന്ദ്രം	2021-22	₹34.41 ലക്ഷം	എയർകണ്ടിഷൻ ചെയ്ത മുറികളും, ശൗചാലയങ്ങളും, കോഫി ഷോപ്പിനുള്ള സൗകര്യവുമുള്ള ഇരുനില കെട്ടിടം ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ് (2023 ജൂലൈ)
	ഡിപിഐ ജംഗ്ഷനിലും ബേക്കറി ജംഗ്ഷനിലുമായി രണ്ട് വനിത സൗഹൃദ കേന്ദ്രങ്ങൾ	2020-21	₹71.66 ലക്ഷം	രണ്ടു കേന്ദ്രങ്ങളും ജല വൈദ്യുത കണക്ഷനുകൾ ഇല്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ് (2023 ജൂലൈ)
	എസ്റ്റേറ്റ് വാർഡിലെ വനിതാ ക്ഷേമകേന്ദ്രം	2020-21	₹19.43 ലക്ഷം	കേന്ദ്രം ഉപയോഗപ്പെടുത്താതെ പൂട്ടിക്കിടക്കുന്നു (2023 ജൂലൈ)
കൊച്ചി കോർപ്പറേഷൻ	വനിതാ വിശ്രമ മുറികൾ (മൂന്ന് എണ്ണം)	2017-18 മുതൽ 2020-21 വരെ	₹11.46 ലക്ഷം	കേന്ദ്രം ഉപയോഗപ്പെടുത്താതെ പൂട്ടിക്കിടക്കുന്നു (2023 ജൂലൈ)

അനുബന്ധം 5.6
നിഷ്ക്രിയമായ ഗ്യാസ് ശ്മശാനങ്ങളുടെ വിശദാംശങ്ങൾ
(സൂചിക: ഖണ്ഡിക 5.10.3, പേജ് 101)

യുഎൽബി	നിർമ്മാണ/നവീകരണ വർഷം	ചെലവ്	പരാമർശങ്ങൾ
കൊച്ചി കോർപ്പറേഷൻ (ഇടക്കൊച്ചിയും രവിപുരവും)	2021-22	₹22.83 ലക്ഷം	ത്രീഫേസ് വൈദ്യുതി കണക്ഷനും ജല കണക്ഷനും ലഭ്യമല്ലാത്തതിനാൽ ഇടക്കൊച്ചിയിലെ ശ്മശാനം ഉപയോഗിക്കാനായില്ല, യന്ത്രങ്ങൾ തുരുമ്പെടുത്ത അവസ്ഥയിലായിരുന്നു
	2012-13	വിശദാംശങ്ങൾ ലഭ്യമല്ല	രവിപുരത്ത് നിർമ്മിച്ച ഗ്യാസ് ശ്മശാനം നിഷ്ക്രിയമായിരുന്നു. സംയുക്ത ഭൗതിക പരിശോധനയിൽ (2024ഡിസംബർ), സ്ഥാപിച്ച യന്ത്രങ്ങൾ ഉപയോഗിച്ചില്ലെന്നും മേൽക്കൂരയിൽ ചോർച്ച, ഭിത്തിയിലെ പ്ലാസ്റ്ററിംഗിൽ കേടുപാടുകൾ എന്നിവ ഉണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി (മുണ്ടത്തിക്കോട്)	2014-15	₹32.63 ലക്ഷം	ഗ്യാസ് കണക്ഷനും, ജനറേറ്ററിന്റെ ലഭ്യതയും ഉറപ്പുവരുത്താത്തതിനാൽ ശ്മശാനം ഉപയോഗിച്ചില്ല (2023 ഏപ്രിൽ). തുരുമ്പെടുത്ത ട്രോളി, ഫർണസ് മുതലായവയുമായി ശ്മശാനം ഉപേക്ഷിക്കപ്പെട്ട നിലയിലാണ്
പാലക്കാട് മുനിസിപ്പാലിറ്റി (ജയിൻമേട്)	2017-18	വിശദാംശങ്ങൾ ലഭ്യമല്ല	ബ്ലോവർ, ട്രോളി, ജനറേറ്റർ എന്നിവയുൾപ്പെടെയുള്ള യന്ത്രസാമഗ്രികൾക്ക് വലിയ അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ, രണ്ട് ശ്മശാനങ്ങളും പ്രവർത്തിച്ചിരുന്നില്ല (2023 നവംബർ)
പട്ടാമ്പി മുനിസിപ്പാലിറ്റി	2012-13	വിശദാംശങ്ങൾ ലഭ്യമല്ല	പൊതുജന പ്രതിഷേധം കാരണം ഭാഗികമായി സ്ഥാപിച്ച യന്ത്രസാമഗ്രികളോടെ കെട്ടിടം ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലായിരുന്നു (2023 ഡിസംബർ)

അനുബന്ധം 5.7
നിഷ്ക്രിയമായ കമ്മ്യൂണിറ്റി ഹാളുകളുടെ വിശദാംശങ്ങൾ
(സൂചിക: ഖണ്ഡിക 5.10.5, പേജ് 103)

യുഎൽബിയുടെ പേര്	പരാമർശങ്ങൾ	സർക്കാർ മറുപടി
തിരുവനന്തപുരം കോർപ്പറേഷൻ	നഗരഭൂമി ജിഐഎസ് മാപ്പിംഗ് ഡാറ്റാബേസ് പ്രകാരമുള്ള 45 ഓഡിറ്റോറിയങ്ങൾ/കമ്മ്യൂണിറ്റി ഹാളുകളിൽ ഏഴെണ്ണം മാത്രമാണ് പൊതു ജനങ്ങൾക്ക് വാടകയ്ക്ക് നൽകിയത്. ഓഡിറ്റ് കാലയളവിൽ, 38 കമ്മ്യൂണിറ്റി ഹാളുകൾ വാടകയ്ക്ക് നൽകുന്നതിന് കോർപ്പറേഷൻ ലേലം നടത്തിയിട്ടില്ല	പരിശോധനയ്ക്ക് ശേഷം ആവശ്യമായ നടപടി സ്വീകരിക്കും
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	അഞ്ച് കമ്മ്യൂണിറ്റി ഹാളുകളിൽ മൂന്നെണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ട്, ബാക്കിയുള്ള രണ്ടെണ്ണത്തിൽ ഒന്ന് ഖരമാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്, പരിസരത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുകയാണ്. രണ്ടാമത്തേതിൽ ടൗൺ ഹാൾ 2018-19ൽ അറ്റകുറ്റപ്പണികൾ ആരംഭിച്ചെങ്കിലും പണികൾ ഇതുവരെ പൂർത്തിയായിട്ടില്ല (2024 നവംബർ)	മാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്നുള്ള ഹാൾ വാടകയ്ക്ക് കൊടുക്കുന്നത് പ്രായോഗികമല്ല. ഹരിത കർമ്മസേനാംഗങ്ങൾ അവരുടെ വിശ്രമത്തിനുള്ള ഹാളായി ഇത് ഉപയോഗിക്കുന്നു
കൊടുവള്ളി മുനിസിപ്പാലിറ്റി	2010 ജൂണിൽ ഉദ്ഘാടനം ചെയ്ത കമ്മ്യൂണിറ്റിഹാൾ (603 ചതുരശ്ര മീറ്റർ) പൊതു ജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടില്ല. അതിലെ ഡൈനിംഗ് ഹാൾ പ്ലാസ്റ്റിക് മാലിന്യ സംഭരണത്തിനായി ഉപയോഗിക്കുന്നു (2023 ജൂൺ)	മുനിസിപ്പൽ ഓഫീസ് കെട്ടിടം പഴയതും അപകടകരമായ അവസ്ഥയിലുമായതിനാൽ, മുനിസിപ്പൽ ഓഫീസ് കമ്മ്യൂണിറ്റി ഹാളിലേക്ക് മാറ്റി
പാലക്കാട് മുനിസിപ്പാലിറ്റി	2018-ൽ നിർമ്മിച്ച കൽമണ്ഡപത്തിലെ എസ്‌സി ഷോപ്പിംഗ് കോംപ്ലക്സിലെ കമ്മ്യൂണിറ്റി ഹാൾ ഇതുവരെ പൊതു ജനങ്ങൾക്ക് വാടകയ്ക്ക് കൊടുത്തിട്ടില്ല	ഹാൾ വാടകയ്ക്ക് നൽകാൻ ടെൻഡറുകൾ ക്ഷണിച്ചെങ്കിലും ആരും ഏറ്റെടുത്തില്ല. കെട്ടിടം പട്ടികജാതി സമൂഹത്തിനായി നിർമ്മിച്ചതാണ്, എന്നാൽ കമ്മ്യൂണിറ്റി ഹാൾ ഉപയോഗിക്കുന്നതിനായി അപേക്ഷ ഒന്നും ലഭിച്ചിട്ടില്ല
കൊച്ചി കോർപ്പറേഷൻ	2005 വരെ അപ്ഡേറ്റ് ചെയ്ത ആസ്തി രജിസ്റ്റർ പ്രകാരം 20 കമ്മ്യൂണിറ്റി ഹാളുകൾ ഉണ്ടായിരുന്നു. എന്നിരുന്നാലും കമ്മ്യൂണിറ്റി ഹാളുകളുടെ സ്ഥലം തിരിച്ചറിയാനുള്ള വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. ഏഴ്[115] കമ്മ്യൂണിറ്റി ഹാളുകളിൽ ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ രണ്ട്[116] കമ്മ്യൂണിറ്റി ഹാളുകൾ മാത്രമേ പൊതുജനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ളൂ എന്ന് കണ്ടു. കമ്മ്യൂണിറ്റി ഹാളുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിക്കുന്നതിനോ ഉപേക്ഷിക്കപ്പെട്ട നിലയിലോ ആയിരുന്നു	-

[115] എം.ഇക്ബാൽ സ്മാരക കേന്ദ്രം, പയനിയർ കമ്മ്യൂണിറ്റിഹാൾ, മന്നാശ്ശേരി കമ്മ്യൂണിറ്റി ഹാൾ, മട്ടാഞ്ചേരി ടൗൺ ഹാൾ, കുടുംബി ഓപ്പൺ കമ്മ്യൂണിറ്റി ഹാൾ, കരിപ്പാലം കമ്മ്യൂണിറ്റി ഹാൾ, മദർ തെരേസ കമ്മ്യൂണിറ്റി ഹാൾ

[116] കരിപ്പാലം കമ്മ്യൂണിറ്റി ഹാൾ, മന്നാശ്ശേരി കമ്മ്യൂണിറ്റി ഹാൾ

യുഎൽബിയുടെ പേര്	പരാമർശങ്ങൾ	സർക്കാർ മറുപടി
തൃശ്ശൂർ കോർപ്പറേഷൻ	2020-21ൽ ഡിവിഷൻ 50ലെ കിഴക്കോളനിയിൽ അംഗനവാടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ ഇതുവരെ വാടകയ്ക്ക് കൊടുത്തിട്ടില്ല. ഈ ഹാൾ ഇടയ്ക്കിടയ്ക്ക് ഉപയോഗിക്കാറുണ്ടെന്ന് തൃശ്ശൂർ കോർപ്പറേഷൻ അവകാശപ്പെട്ടെങ്കിലും, അതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ലഭ്യമാക്കിയില്ല	-
വൈക്കം മുനിസിപ്പാലിറ്റി	1012.80 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള മൂന്നുനില മുനിസിപ്പൽ ടൗൺ ഹാൾ കെട്ടിടം 2017 മെയ് മാസം മുതൽ നിഷ്ക്രിയമായി കിടക്കുന്നു (2023 ജൂലൈ)	-

അനുബന്ധം 5.8
നിഷ്ക്രിയമായ പ്ലാന്റിന്റെയും, മെഷിനറിയുടെയും വിശദാംശങ്ങൾ
(സൂചിക: ഖണ്ഡിക 5.10.7, പേജ് 105)

ക്രമ നമ്പർ	യുഎൽബിയുടെ പേര്	സൃഷ്ടിച്ച ആസ്തിയുടെ വിശദാംശങ്ങൾ	വാങ്ങിയ/ നിർമ്മിച്ച വർഷം/ മാസം	ചെലവ്	ഇപ്പോഴത്തെ അവസ്ഥ	പൂർത്തിയാകാത്തതിന്റെ/ ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ	സർക്കാർ മറുപടി
1.	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപകരണങ്ങൾ - ഷ്രെഡിംഗ് യൂണിറ്റ്, ബെയിലിംഗ് പ്രസ്സ്, ഡസ്റ്റ് റിമൂവർ, വാഷിങ് യൂണിറ്റ്, മുതലായവ	2020 ജൂൺ	₹24.15 ലക്ഷം	സ്ഥാപിച്ചിട്ടില്ല (2024 നവംബർ)	ത്രീ ഫേസ് വൈദ്യുതി കണക്ഷന്റെ അഭാവം	ത്രീഫേസ് കണക്ഷൻ ലഭിക്കുന്നതിന് കെഎസ്ഇബിയിൽ അപേക്ഷ സമർപ്പിച്ചു. ഉയർന്ന ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ച ശേഷം, വാങ്ങിയ യന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കും.
		ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ– ട്രോമൽ സ്ക്രീൻ, കമ്പോസ്റ്റ് ടർണർ, വെറ്റ് വേസ്റ്റ് ഷ്രെഡർ, പൾവറൈസർ	2021 ഒക്ടോബർ	₹44.25 ലക്ഷം	സ്ഥാപിച്ചിട്ടില്ല (2024 നവംബർ)	അനുയോജ്യമായ കെട്ടിടമില്ലാത്തതിനാൽ യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടില്ല	യന്ത്രങ്ങൾ സ്ഥാപിക്കേണ്ട പഴയ കെട്ടിടത്തിന്റെ നവീകരണത്തിനായി ഒരു ഡിപിആർ സമർപ്പിച്ചിട്ടുണ്ട്. ഡിപിആർ അംഗീകരിച്ചാലുടൻ നിർമ്മാണം ആരംഭിക്കുകയും കെട്ടിടം പൂർത്തിയാകുമ്പോൾ യന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്യും
		മണ്ണിര കമ്പോസ്റ്റ് പ്ലാന്റ്	2019 ഡിസംബർ	₹14.38 ലക്ഷം	മണ്ണിര കമ്പോസ്റ്റ് പ്ലാന്റിന്റെ ഫലപ്രദമായ പ്രവർത്തനത്തിനുള്ള പ്രത്യേക നിർദ്ദേശങ്ങൾ അളവുകൾ പാലിക്കാത്തത് വായു സഞ്ചാരം കുറയുന്നതിനും, അതിന്റെ ഫലമായി മാലിന്യ സംസ്കരണം നടക്കാതിരിക്കുന്നതിനും കാരണമായി		ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ നിർമ്മാണത്തിലെ അപാകത പരിഹരിക്കുകയും 2024-25 വാർഷിക പദ്ധതിയിൽ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യും
2.	രാമനാട്ടുകര മുനിസിപ്പാലിറ്റി	ബെയിലിംഗ് മെഷീൻ	2022 മാർച്ച്	₹4.24 ലക്ഷം	സ്ഥാപിച്ചിട്ടില്ല (2024 ഡിസംബർ)	അനുയോജ്യമായ കെട്ടിടം ഇല്ലാത്തതിനാൽ യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടില്ല	കിഫ്ബി പുതുതായി നിർമ്മിച്ച ഓഫീസ് കെട്ടിടം 2024 ഡിസംബറിൽ നഗര സഭയ്ക്ക് കൈമാറിയ ശേഷം ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കും.

ക്രമ നമ്പർ	യുഎൽബിയുടെ പേര്	സൃഷ്ടിച്ച ആസ്തിയുടെ വിശദാംശങ്ങൾ	വാങ്ങിയ/ നിർമ്മിച്ച വർഷം/ മാസം	ചെലവ്	ഇപ്പോഴത്തെ അവസ്ഥ	പൂർത്തിയാകാത്തതിന്റെ/ ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ	സർക്കാർ മറുപടി
3.	തൃശൂർ കോർപ്പറേഷൻ	ജൈവമാലിന്യ കൺവെർട്ടർ പ്ലാന്റ്, കോവിലകത്തുംപാടം	2020 ഡിസംബർ	₹78.66 ലക്ഷം	നിഷ്ക്രിയം (2023 ജൂൺ)	മാലിന്യം തെറ്റായി കൈകാര്യം ചെയ്തത് പൊതുജന പ്രതിഷേധത്തിനും പ്ലാന്റ് അടച്ചുപൂട്ടുന്നതിനും കാരണമായി	ജൈവ മാലിന്യ കൺവെർട്ടർ പ്ലാന്റ് കുരിയച്ചിറയിലേക്ക് മാറ്റിയതായും, കോവിലകത്തും പാടത്തെ കെട്ടിടം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആയി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു. എന്നിരുന്നാലും, ഓഡിറ്റിന്റെ തുടർ പരിശോധനയിൽ പ്ലാന്റ് കുരിയിച്ചിറയിൽ പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തി (2024 ഡിസംബർ)
4.	കോട്ടക്കൽ മുനിസിപ്പാലിറ്റി	മത്സ്യമാർക്കറ്റിലെ മലിനജല സംസ്കരണപ്ലാന്റ്	2019 മാർച്ച്	₹24.60 ലക്ഷം (₹11.31 ലക്ഷം നൽകി)	പ്രവർത്തിക്കുന്നില്ല	കരാറുകാരനുമായുള്ള തർക്കം കാരണം പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയില്ല	നിരവധി തവണ നോട്ടീസ് നൽകിയിട്ടും കരാറുകാരൻ മുടങ്ങിക്കിടക്കുന്ന ജോലികൾ മുന്നോട്ട് കൊണ്ടുപോയില്ല. മാലിന്യം അടിഞ്ഞുകൂടി പ്ലാന്റ് പൂർത്തിയാകാതെ കിടക്കുകയാണ്. മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനമനുസരിച്ച് ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കും.
5.	മലപ്പുറം മുനിസിപ്പാലിറ്റി	പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് 30 കെഎൽഡി മലിനജല സംസ്കരണ പ്ലാന്റ്	2019 മാർച്ച്	₹28.50 ലക്ഷം	പ്രവർത്തിക്കുന്നില്ല	മലിനജലം സംസ്കരിക്കുന്നതിനുള്ള സാങ്കേതിക പ്രാപ്തി പ്ലാന്റിന് ഇല്ല. അതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുവാദം ലഭിച്ചില്ല. പ്ലാന്റ് ഉപയോഗശൂന്യമായി കിടക്കുന്നു.	സാങ്കേതിക തകരാർ കാരണം പ്ലാന്റ് നിലവിൽ പ്രവർത്തനരഹിതമാണ്. പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു സെൻട്രിഫ്യൂഗൽ ഓയിൽ സെപ്പറേറ്റർ ആവശ്യമാണെന്ന് ഉപദേശം ലഭിക്കുകയും 2024-25 വാർഷിക പദ്ധതിയിൽ ആവശ്യമായ തുക അനുവദിക്കുകയും ചെയ്തു. പദ്ധതിയ്ക്ക് ഡിപിസിയിൽ അനുമതി ലഭിച്ചാലുടൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് രീതിയിൽ ഏജൻസികളെ നിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ക്രമ നമ്പർ	യുഎൽബിയുടെ പേര്	സൃഷ്ടിച്ച ആസ്തിയുടെ വിശദാംശങ്ങൾ	വാങ്ങിയ/ നിർമ്മിച്ച വർഷം/ മാസം	ചെലവ്	ഇപ്പോഴത്തെ അവസ്ഥ	പൂർത്തിയാകാത്തതിന്റെ/ ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ	സർക്കാർ മറുപടി
6.	കൊടുവള്ളി മുനിസിപ്പാലിറ്റി	പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി ഒരു ഷ്രെഡിംഗ് മെഷീനും ഒരു ബെയിലിംഗ് മെഷീനും	2021 മാർച്ച്	₹4.13 ലക്ഷം	നിഷ്ക്രിയം	മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിനാൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല (2024 നവംബർ)	നിലവിൽ കണ്ടൽ മലയിൽ പുതിയ എം.സി.എഫ് നിർമ്മാണം പുരോഗമിക്കുകയാണ്. വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കും
7.	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	ചെറുകിട വ്യവസായ സേവന ഇൻസ്റ്റിറ്റ്യൂട്ട് (എസ്ഐഎസ്ഐ) കെട്ടിടവും ഉപകരണങ്ങളും	2002 ഡിസംബർ	₹56.27 ലക്ഷം	ഉപേക്ഷിക്കപ്പെട്ട കെട്ടിടവും തുരുമ്പിച്ച ഉപകരണങ്ങളും	ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുവാനും പരിശീലനത്തിനുമായി 1997ൽ കേന്ദ്ര സർക്കാർ കെട്ടിടവും യന്ത്രസാമഗ്രികളും കൈമാറി. 2013ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടി കാണിച്ച ശേഷവും, യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് മുനിസിപ്പാലിറ്റി ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചില്ല.	ഈ ആവശ്യത്തിനായി ഫണ്ട് കണ്ടെത്താൻ നഗരസഭ ഉദ്ദേശിക്കുന്നു. വരും വർഷങ്ങളിൽ ലക്ഷ്യം കൈവരിക്കും

അനുബന്ധം 6.1
സെന്റേജ് ചാർജ്ജുകൾ അധികമായി നല്കിയത്
(സൂചിക: ഖണ്ഡിക 6.1, പേജ് 114)

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	പ്രവൃത്തി	എഎസ് തുക (₹ ലക്ഷത്തിൽ)	കരാർ നമ്പറും തീയതിയും	അവസാനം നല്കിയ ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം	അടച്ച സെന്റേജ് ചാർജ്ജുകളുടെ ശതമാനം	അടച്ച സെന്റേജ് ചാർജ്ജുകൾ (₹)	അനുവദനീയമായ സെന്റേജ് ചാർജ്ജുകൾ 2.5 ശതമാനം നിരക്കിൽ (₹)	സെന്റേജ് ചാർജായി അധികമായി നൽകിയ തുക (₹)	കരാറുകാരന്റെ/ അക്രഡിറ്റഡ് ഏജൻസിയുടെ പേര്
1	കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ	കോഴിക്കോട് കോർപ്പറേഷൻ ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾ	1000	34/SE/18-19 06.03.2019	5,51,96,354	5	27,59,817	13,79,909	13,79,909	മെസ്സേഴ്സ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.എസ്), വടകര
2	പാലക്കാട് മുനിസിപ്പാലിറ്റി	കാനറ ബാങ്ക് സമുച്ചയം	500	369/17-18 26.03.2018	4,56,59,028	6*	26,99,700	11,41,477	15,58,223	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തൊടുപുഴ
3		പിഡിഎ കോംപ്ലക്സ്	214	374/17-18 26.03.2018	1,78,50,654	7	12,49,546	4,46,266	8,03,280	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തൊടുപുഴ
4		ഒലവക്കോട് കംഫർട്ട് സ്റ്റേഷൻ	282.16	368 26.03.2018	1,56,35,216	7	10,94,465	3,90,880	7,03,585	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തൊടുപുഴ
5	കോട്ടക്കൽ മുനിസിപ്പാലിറ്റി	വലിയപറമ്പ് ഇൻഡോർ സ്റ്റേഡിയം - ഒന്നാം ഘട്ടം	150	13/18-19 08.10.2018 & 159/18-19 08.03.2019	1,38,93,317	6.75	9,37,799	3,47,333	5,90,466	മെസ്സേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, അത്താണി, തൃശ്ശൂർ.
								ആകെ:	**50,35,463**	

** ബില്ലിന്റെ ഒരു ഭാഗം അഞ്ച് ശതമാനം സെന്റേജ് ചാർജ് നിരക്കിൽ അടച്ചു.*

അനുബന്ധം 6.2
വസ്തു നികുതിയുടെ ഹ്രസ്വ ശേഖരണം
(സൂചിക: ഖണ്ഡിക 6.2, പേജ് 115)

ക്രമ നമ്പർ	ഡിവിഷൻ നമ്പർ	കെട്ടിട നമ്പർ (കൾ)*	വിസ്തീർണ്ണം (M^2)	കെട്ടിട വിഭാഗം	സ്വത്ത് നികുതി കണക്കാക്കുന്നതിന നിശ്ചയിച്ചിരിക്കുന്ന നിരക്ക് (ചതുരശ്ര മീറ്ററിനുള്ള പഞ്ചായത്ത് നിരക്ക്) (₹)	സ്വത്ത് നികുതി കണക്കാക്കുന്നതിന് പ്രയോഗിക്കേണ്ട യഥാർത്ഥ നിരക്കുകൾ (ചതുരശ്ര മീറ്ററിനുള്ള മുനിസിപ്പാലിറ്റി നിരക്ക്) (₹)	നികുതി ഈടാക്കിയതിലെ കുറവ് (₹) (സ്തംഭ വിസ്തീർണ്ണം x നിരക്കിലെ വ്യത്യാസം x കൂട്ടിച്ചേർക്കലുകൾ/കിഴിവുകൾ x 7 വർഷം)	മേഖലാ വ്യത്യാസം കാരണം അനുവദനീയമല്ലാത്ത കിഴിവുകൾ അനുവദിച്ചത് (പഞ്ചായത്ത് നിരക്കിനൊപ്പം സ്വത്ത് നികുതിയുടെ 10%)	ആകെ വരുമാന നഷ്ടം / കുറഞ്ഞ പിരിവ് (₹)
1	22	407	668.79	അസംബ്ലി, കൺവെൻഷൻ സെന്റർ, ലോഡ്ജ്, ഓഡിറ്റോറിയം	30	50	1,12,357	14,045	1,26,402
2	22	418-422	69	വാണിജ്യ കെട്ടിടം <100 M^2	50	70	11,592	2,415	14,007
3	24	240-251	344.51	വാണിജ്യ കെട്ടിടം <100 M^2	50	70	57,878	-	57,878
4	24	404	43.61	വാണിജ്യ കെട്ടിടം <100 M^2	50	70	7,326	1,526	8,852
5	28	691-699	244.08	ആശുപത്രി	5	15	18,795	-	18,795
6	29	1094-1100, 1112-1118	436.57	വാണിജ്യ കെട്ടിടം <100 M^2	50	70	73,344	-	73,344
7	29	510-515	255.66	വാണിജ്യ കെട്ടിടം <100 M^2	50	70	42,951	-	42,951
8	29	1-8,13-15,17,19	670.70	വാണിജ്യ കെട്ടിടം <100 M^2	50	70	1,12,678	-	1,12,678
9	29	402-403	434	ആശുപത്രി	5	15	33,418	-	33,418
10	30	227-231	87.69	വാണിജ്യ കെട്ടിടം <100 M^2	50	70	12,277	-	12,277
11	30	260-268	139.41	വാണിജ്യ കെട്ടിടം <100 M^2	50	70	23,421	-	23,421
12	30	533-534	66.70	വാണിജ്യ കെട്ടിടം <100 M^2	50	70	11,206	2,335	13,541
13	30	537	141.46	വാണിജ്യ കെട്ടിടം >100 M^2	50	90	47,531	4,951	52,482

ക്രമ നമ്പർ	ഡിവിഷൻ നമ്പർ	കെട്ടിട നമ്പർ (കൾ)*	വിസ്തീർണ്ണം (M^2)	കെട്ടിട വിഭാഗം	സ്വത്ത് നികുതി കണക്കാക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന നിരക്ക് (ചതുരശ്ര മീറ്ററിനുള്ള പഞ്ചായത്ത് നിരക്ക്) (₹)	സ്വത്ത് നികുതി കണക്കാക്കുന്നതിന് പ്രയോഗിക്കേണ്ട യഥാർത്ഥ നിരക്കുകൾ (ചതുരശ്ര മീറ്ററിനുള്ള മുനിസിപ്പാലിറ്റി നിരക്ക്) (₹)	നികുതി ഈടാക്കിയതിലെ കുറവ് (₹) (സ്തംഭ വിസ്തീർണ്ണം x നിരക്കിലെ വ്യത്യാസം x കൂട്ടിച്ചേർക്കലുകൾ/കിഴിവുകൾ x 7 വർഷം)	മേഖലാ വ്യത്യാസം കാരണം അനുവദനീയമല്ലാത്ത കിഴിവുകൾ അനുവദിച്ചത് (പഞ്ചായത്ത് നിരക്കിനൊപ്പം സ്വത്ത് നികുതിയുടെ 10%)	ആകെ വരുമാന നഷ്ടം / കുറഞ്ഞ പിരിവ് (₹)
14	30	811,816-817,827	227.75	വാണിജ്യ കെട്ടിടം <100 M^2	50	70	41,451	-	41,451
15	30	822	14.8	വാണിജ്യ കെട്ടിടം <100 M^2	50	70	2,486	518	3,004
16	30	864-866	97.86	വാണിജ്യ കെട്ടിടം <100 M^2	50	70	16,440	3425	19,865
17	30	455	830	ആശുപത്രി	5	15	63,910	-	63,910
18	30	800,800A - 800C	438.42	വാണിജ്യ കെട്ടിടം >100 M^2	60	90	1,10,482	-	1,10,482
19	31	188-201	516.65	വാണിജ്യ കെട്ടിടം <100 M^2	50	70	86,797	18,083	1,04,880
20	33	502	103.9	വാണിജ്യ കെട്ടിടം >100 M^2	70	90	16,001	5,091	21,092
21	35	127	777	വാണിജ്യ കെട്ടിടം >100 M^2	90	90	-	48,951	48,951
22	35	126	1248.24	വാണിജ്യ കെട്ടിടം >100 M^2	60	90	2,88,343	52,426	3,40,769
23	35	324	235.75	വാണിജ്യ കെട്ടിടം >100 M^2	60	90	34,655	-	34,655
								ആകെ	**13,79,105**

** ഒരേ വിഭാഗത്തിലെയും ഒരേ ഉടമസ്ഥതയിലുമുള്ള കെട്ടിട നമ്പറുകൾ ഒരുമിച്ച് ചേർത്തിരിക്കുന്നു*

വസ്തു നികുതി ₹13,79,105 + അഞ്ച് ശതമാനം ലൈബ്രറി സെസ്സ് ₹68,955 = ₹14,48,060.

അനുബന്ധം 6.3
അംഗീകൃത ഏജൻസികൾക്ക് അധികമായി നൽകിയ ജിഎസ്ടിയുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 6.3, പേജ് 117)

ക്രമ. നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് (എ)	പ്രവൃത്തിയുടെ പേര് (ബി)	അവസാനമായി അടച്ച ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം (₹) (ഡിഎസ്ആർ 2016 ചെലവ് സൂചികകൾ ഉപയോഗിച്ച് കണക്കാക്കിയത്) (സി)	ജിഎസ്ടി നൽകിയത് (₹) (ഡി)	അടച്ച ആകെ തുക (₹) (ഇ) ((സി) + (ഡി))	ചുരുക്കിയ ചിലവ് സൂചികകൾ[117] ഉപയോഗിച്ച് കണക്കാക്കിയ പ്രവൃത്തിയുടെ മൂല്യം + ചുമത്തിയ ജിഎസ്ടി (₹) (എഫ്)	അധികമായി നൽകിയ തുക (₹) (ജി) ((ഇ) – (എഫ്))	കരാറുകാരന്റെ/അംഗീകൃത ഏജൻസിയുടെ പേര്
1	പാലക്കാട് മുനിസിപ്പാലിറ്റി	ടൗൺ ഹാൾ അനക്സ് കെട്ടിടം	1,38,21,932	14,58,452	1,52,80,384	1,47,81,399	4,98,985	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തിരുവനന്തപുരം
2		മുനിസിപ്പൽ ഓഫീസ് അനക്സ് കെട്ടിടം	1,36,29,940	14,33,526	1,50,63,466	1,46,38,290	4,25,176	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തിരുവനന്തപുരം
3		ഓർഗാനിക് മാർക്കറ്റ് സെന്റർ കെട്ടിടം	3,33,18,244	39,98,189	3,73,16,432	3,57,52,938	15,63,494	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തൊടുപുഴ
4		കാനറ ബാങ്ക് കോംപ്ലക്സ്	4,56,59,028	54,79,082	5,11,38,110	4,91,23,375	20,14,734	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തൊടുപുഴ
5		ഒലവക്കോട് കംഫർട്ട് സ്റ്റേഷൻ	1,56,35,216	18,76,225	1,75,11,441	1,67,78,026	7,33,415	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തൊടുപുഴ
6		പിഡിഎ കോംപ്ലക്സ്	1,78,50,654	21,42,078	1,99,92,731	1,91,52,938	8,39,793	മെസ്സേഴ്സ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തൊടുപുഴ
7	കോട്ടക്കൽ മുനിസിപ്പാലിറ്റി	വലിയപറമ്പ് ഇൻഡോർ സ്റ്റേഡിയം – ഒന്നാം ഘട്ടം	1,24,04,746	14,88,570	1,38,93,316	1,32,99,621	5,93,695	മെസ്സേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, അത്താണി, തൃശ്ശൂർ
8	കാസർഗോഡ് മുനിസിപ്പാലിറ്റി	കൊപ്പൽ ഫുട് ബ്രിഡ്ജ്	38,66,536	4,63,984	43,30,520	41,38,815	1,91,705	മെസ്സേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, അത്താണി, തൃശ്ശൂർ
	ആകെ						**68,60,997**	

117 ഡിഎസ്ആർ, 2016 പ്രകാരമുള്ള തുകയിൽ നിന്ന് വാറ്റ് ഘടകം കുറച്ചതിനുശേഷം

അനുബന്ധം 7.1

ഓഡിറ്റിന് തിരഞ്ഞെടുക്കപ്പെട്ട യുഎൽബികളുടെ പട്ടിക

(സൂചിക: ഖണ്ഡിക 7.2.2, പേജ് 120)

ക്രമ നമ്പർ	മുനിസിപ്പാലിറ്റിയുടെ പേര്	ക്രമ നമ്പർ	കോർപ്പറേഷന്റെ പേര്
1	പാലാ	1	തൃശ്ശൂർ
2	ഈരാറ്റുപേട്ട	2	കോഴിക്കോട്
3	വൈക്കം		
4	കൊടുങ്ങല്ലൂർ		
5	വടക്കാഞ്ചേരി		
6	മലപ്പുറം		
7	പൊന്നാനി		
8	കോട്ടയ്ക്കൽ		
9	രാമനാട്ടുകര		
10	കൊടുവള്ളി		

അനുബന്ധം 7.2
എസ്‌സിഎസ്‌പി/ടിഎസ്‌പി – പരിശോധിച്ച 12 യുഎൽബികളിലെ സേവന മേഖലാ ചെലവിന്റെ വിശദാംശങ്ങൾ
(സൂചിക: ഖണ്ഡിക 7.6, പേജ് 133)

വർഷം	ജില്ല	എസ്‌സിഎസ്‌പി						ടിഎസ്‌പി					
		ഋപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	മൊത്തം എസ്‌സിഎസ്‌പി വകയിരുത്തൽ	സേവന മേഖലാ വകയിരുത്തൽ (₹ കോടിയിൽ)	സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് (₹ കോടിയിൽ)	മൊത്തം വകയിരുത്തൽ ശതമാനം	ഋപീകരിച്ച പ്രോജക്ടുകളുടെ എണ്ണം	മൊത്തം ടിഎസ്‌പി വകയിരുത്തൽ	സേവന മേഖലാ വകയിരുത്തൽ (₹ കോടിയിൽ)	സേവന മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് (₹ കോടിയിൽ)	മൊത്തം വകയിരുത്തൽ ശതമാനം
2020-21	കോട്ടയം	35	1.45	1.27	25	0.80	87.59	12	0.14	0.14	6	0.04	100
	തൃശ്ശൂർ	84	19.53	14.77	68	9.43	75.63	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	മലപ്പുറം	38	5.08	4.37	33	2.51	86.02	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	കോഴിക്കോട്	61	15.60	12.44	56	9.26	79.74	7	0.21	0.17	5	0.08	80.95
2021-22	കോട്ടയം	27	1.25	1.19	22	0.57	95.20	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	തൃശ്ശൂർ	77	16.89	14.58	51	9.52	86.32	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	മലപ്പുറം	27	3.96	3.63	27	2.68	91.67	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	കോഴിക്കോട്	47	11.35	9.85	40	6.15	86.78	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2022-23	കോട്ടയം	32	1.67	1.23	29	0.57	73.65	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	തൃശ്ശൂർ	79	20.07	14.42	65	11.14	71.85	1	0.02	0.02	0	0	100
	മലപ്പുറം	26	3.63	3.21	25	2.51	88.43	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	കോഴിക്കോട്	49	14.98	12.59	41	10.05	84.05	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ആകെ		**582**	**115.46**	**93.55**	**482**	**65.19**	**81.02**	**20**	**0.37**	**0.33**	**11**	**0.12**	**89.19**

അനുബന്ധം 7.3
കുടിവെള്ള വിതരണ പ്രൊജക്ടുകൾക്കായി ചെലവഴിച്ച തുക
(സൂചിക: ഖണ്ഡിക 7.6.2, പേജ് 136)

(₹ കോടിയിൽ)

കാലയളവ്	ജില്ല	രൂപീകരിച്ച പ്രോജക്ടുകൾ	വകയിരുത്തിയ തുക	നടപ്പാക്കിയ പ്രോജക്ടുകൾ	ചെലവഴിച്ച തുക	സേവന മേഖലയിൽ ചെലവഴിച്ച തുക	നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം	ഡിഡബ്ല്യുഎസ്എസ് നു വേണ്ടി വകയിരുത്തിയ എന്നാൽ നടപ്പാക്കാത്ത തുക (പ്രോജക്ട്)
2020-21	കോട്ടയം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	0.80	0	0
	തൃശ്ശൂർ	14	0.57	9	0.39	9.43	5	0.17
	മലപ്പുറം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2.51	0	0
	കോഴിക്കോട്	3	0.31	3	0.18	9.26	0	0
ആകെ		**17**	**0.88**	**12**	**0.57**	**22.00**	**5**	**0.17**
2021-22	കോട്ടയം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	0.57	0	0
	തൃശ്ശൂർ	14	0.16	5	0.09	9.52	9	0.06
	മലപ്പുറം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2.68	0	0
	കോഴിക്കോട്	5	0.16	0	0.00	6.15	5	0.16
ആകെ		**19**	**0.32**	**5**	**0.09**	**18.92**	**14**	**0.22**
2022-23	കോട്ടയം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	0.57	0	0
	തൃശ്ശൂർ	14	0.50	9	0.27	11.14	5	0.13
	മലപ്പുറം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2.51	0	0
	കോഴിക്കോട്	8	0.48	4	0.15	10.05	4	0.23
ആകെ		**22**	**0.98**	**13**	**0.42**	**24.27**	**9**	**0.36**
ആകെ മൊത്തം		**58**	**2.18**	**30**	**1.08**	**65.19**	**28**	**0.75**

അനുബന്ധം 7.4

കുടിവെള്ള പരിശോധനാ ഫലങ്ങൾ

(സൂചിക: ഖണ്ഡിക 7.6.2.1, പേജ് 137)

ക്രമ നമ്പർ	എൽഎസ്ജിഐ	സാമ്പിൾ ശേഖരിച്ച യൂണിറ്റിന്റെ പേര്	വിഭാഗം	കലക്കൽ അവസ്ഥ	പിഎച്ച്	കോളി ഫോം	ഇ.കോളി	ഇരുമ്പ്
1	ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി	വെട്ടിക്കോട്ട എസ്‌സി കോളനി	എസ്‌സി	0.80	6.30	കണ്ടെത്തി	കണ്ടെത്തി	ബിഡിഎൽ
2	കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി	ചാപ്പാറ അംബേദ്കർ കോളനി	എസ്‌സി	0.84	5.30	209.00	114.00	0.02
3	കൊടുവള്ളി മുനിസിപ്പാലിറ്റി	പുല്ലറമ്പുമുക്ക് എസ്‌സി കോളനി	എസ്‌സി	0.50	5.61	കണ്ടെത്തി	കണ്ടെത്തി	0.08
4	കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി	കാരപറമ്പ് എസ്‌സി കോളനി	എസ്‌സി	4.45	6.52	50.00	ഇല്ല	0.22
5	മലപ്പുറം മുനിസിപ്പാലിറ്റി	ചെറുപറമ്പ് എസ്‌സി കോളനി	എസ്‌സി	0.60	6.23	ടിഎൻടിസി	100.00	0.33
6	പാലാ മുനിസിപ്പാലിറ്റി	അരുണപുരം എസ്‌സി കോളനി	എസ്‌സി	0.46	6.20	കണ്ടെത്തി	കണ്ടെത്തി	ബിഡിഎൽ
7	പൊന്നാനി മുനിസിപ്പാലിറ്റി	ഊരത്തറ എസ്‌സി കോളനി	എസ്‌സി	21.80	6.25	150.00	60.00	ബിഡിഎൽ
8	രാമനാട്ടുകര മുനിസിപ്പാലിറ്റി	ചാത്തൻപറമ്പ് എസ്‌സി കോളനി	എസ്‌സി	0.50	5.67	കണ്ടെത്തി	കണ്ടെത്തി	0.30
9	വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	മാരാത്ത്കുന്ന് എസ്‌സി കോളനി	എസ്‌സി	0.90	6.20	318.00	206.00	0.14

ടിഎൻടിസി - എണ്ണാവുന്നതിലും അധികം

ബിഡിഎൽ- കണ്ടെത്താവുന്ന പരിധിക്ക് താഴെ

**കലക്കലിന്റെ അഭികാമ്യമായ പരിധി ഒരു എൻടിയു - അഞ്ച് എൻടിയു, പിഎച്ച് - 6.5 - 8.5, ഇരുമ്പ് - 0.3 മില്ലിഗ്രാം/ലിറ്റർ, കോളിഫോമും ഇ-കോളിയും 'ഇല്ല' എന്നായിരിക്കണം*

അനുബന്ധം 7.5

ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത എസ്‌സി ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ പട്ടിക

(സൂചിക: ഖണ്ഡിക 7.6.3.1, പേജ് 140)

ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത ഭൂരഹിത ഭവനരഹിത എസ്‌സി ഗുണഭോക്താക്കളുടെ എണ്ണം				ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത ഭവനരഹിത എസ്‌സി ഗുണഭോക്താക്കളുടെ എണ്ണം			
ക്രമ നമ്പർ	ജില്ല	യുഎൽബിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ക്രമ നമ്പർ	ജില്ല	യുഎൽബിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം
1	കോട്ടയം	പാലാ മുനിസിപ്പാലിറ്റി	3	1	കോട്ടയം	പാലാ മുനിസിപ്പാലിറ്റി	92
2	തൃശ്ശൂർ	വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	41	2	തൃശ്ശൂർ	കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി	13
		തൃശ്ശൂർ കോർപ്പറേഷൻ	1586			വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	157
						തൃശ്ശൂർ കോർപ്പറേഷൻ	414
3	മലപ്പുറം	കോട്ടക്കൽ മുനിസിപ്പാലിറ്റി	13	3	മലപ്പുറം	പൊന്നാനി മുനിസിപ്പാലിറ്റി	8
		പൊന്നാനി മുനിസിപ്പാലിറ്റി	76	4	കോഴിക്കോട്	കോഴിക്കോട് കോർപ്പറേഷൻ	51
		മലപ്പുറം മുനിസിപ്പാലിറ്റി	17	ആകെ			**735**
4	കോഴിക്കോട്	രാമനാട്ടുകര മുനിസിപ്പാലിറ്റി	51				
		കൊടുവള്ളി മുനിസിപ്പാലിറ്റി	80				
		കോഴിക്കോട് കോർപ്പറേഷൻ	135				
ആകെ			**2002**				

ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത എസ്ടി ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ പട്ടിക

ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത ഭൂരഹിത, ഭവനരഹിത എസ്ടികളുടെ എണ്ണം				ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താത്ത ഭവനരഹിത എസ്ടി ഗുണഭോക്താക്കളുടെ എണ്ണം			
ക്രമ നമ്പർ	ജില്ല	യുഎൽബിയുടെ പേര്	ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം	ക്രമ നമ്പർ	ജില്ല	യുഎൽബിയുടെ പേര്	ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ എണ്ണം
1	കോട്ടയം	-	-	1	കോട്ടയം	-	-
2	തൃശ്ശൂർ	-	-	2	തൃശ്ശൂർ	-	-
3	മലപ്പുറം	കോട്ടക്കൽ മുനിസിപ്പാലിറ്റി	2	3	മലപ്പുറം	-	-
4	കോഴിക്കോട്	കൊടുവള്ളി മുനിസിപ്പാലിറ്റി	1	4	കോഴിക്കോട്	-	-
ആകെ			**3**	ആകെ			**0**

അനുബന്ധം 7.6
ഉത്പാദന മേഖലയിൽ രൂപീകരിച്ച പ്രോജക്ടുകളും അനുവദിച്ച ഫണ്ടുകളും
(സൂചിക: ഖണ്ഡിക 7.6.5, പേജ് 143)

(₹ കോടിയിൽ)

വർഷം	ജില്ല	എസ്‌സിഎസ്‌പി										ടിഎസ്‌പി			
		രൂപീകരിച്ച ആകെ പദ്ധതികളുടെ എണ്ണം	ആകെ അനുവദിച്ച ഫണ്ട്[118]	ഉത്പാദന മേഖലയ്ക്ക് കീഴിൽ രൂപപ്പെടുത്തിയ പദ്ധതികൾ				ഉത്പാദന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ				ഉത്പാദന മേഖലയ്ക്ക് കീഴിൽ രൂപപ്പെടുത്തിയ പദ്ധതികൾ		ഉത്പാദന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ	
				എണ്ണം	ശതമാനം	തുക	ശതമാനം	എണ്ണം	ശതമാനം	തുക	ശതമാനം	എണ്ണം	തുക	എണ്ണം	തുക
2020-21	കോട്ടയം	43	1.45	0	0	0	0	0	0	0	0	12	0.14	0	0
	തൃശ്ശൂർ	162	19.53	15	9.26	0.51	2.61	8	53.33	0.06	11.76	0	0	0	0
	മലപ്പുറം	54	5.08	6	11.11	0.28	5.51	2	33.33	0.03	10.71	0	0	0	0
	കോഴിക്കോട്	113	15.60	3	2.65	0.10	0.64	0	0	0	0	8	0.21	0	0
	ആകെ	**372**	**41.66**	**24**	**6.45**	**0.89**	**2.14**	**10**	**41.67**	**0.09**	**10.11**	**20**	**0.35**	0	0
2021-22	കോട്ടയം	31	1.25	1	3.23	0	0	1	100	0	0	0	0	0	0
	തൃശ്ശൂർ	114	16.89	6	5.26	0.11	0.65	2	33.33	0.01	9.09	0	0	0	0
	മലപ്പുറം	36	3.96	1	2.78	0.05	1.26	1	100	0.05	100	0	0	0	0
	കോഴിക്കോട്	79	11.35	1	1.27	0.01	0.09	1	100	0.01	100	0	0	0	0
	ആകെ	**260**	**33.45**	**9**	**3.46**	**0.17**	**0.51**	**5**	**55.56**	**0.07**	**41.18**	**0**	**0**	0	0
2022-23	കോട്ടയം	43	1.67	1	2.33	0	0	1	100	0	0	0	0	0	0
	തൃശ്ശൂർ	152	20.07	6	3.95	0.50	2.49	1	16.67	0.05	10.00	1	0.02	0	0
	മലപ്പുറം	34	3.63	1	2.94	0.11	3.03	1	100	0.11	100	0	0	0	0
	കോഴിക്കോട്	86	14.98	1	1.16	0	0	1	100	0	0	0	0	0	0
	ആകെ	**315**	**40.35**	**9**	**2.86**	**0.61**	**1.51**	**4**	**44.44**	**0.16**	**26.23**	**1**	**0.02**	0	0
ആകെ		**947**	**115.46**	**42**	**4.44**	**1.67**	**1.45**	**19**	**45.24**	**0.32**	**19.16**	**21**	**0.37**	**0**	**0**

[118] ചെലവഴിക്കാത്ത തുകകളുടെ റീആതറൈസേഷനും ഉൾപ്പെടുന്നു

അനുബന്ധം 7.7
ഉത്പാദനമേഖലയുടെ പ്രമുഖ ഉപമേഖലകളിൽ എസ്‌സിഎസ്‌പി ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

(സൂചിക: ഖണ്ഡിക 7.6.5, പേജ് 143)

(₹ കോടിയിൽ)

വർഷം	ജില്ല	നടപ്പാക്കിയ പ്രോജക്ടുകളുടെ മൊത്തം എണ്ണം	ചെലവ്	ഉപവിഭാഗം			
				കൃഷി	സ്വയം - തൊഴിൽ	മൃഗസംരക്ഷണം	മത്സ്യമേഖല
2020-21	കോട്ടയം	0	0	0	0	0	0
	തൃശ്ശൂർ	8	0.06	0	0.01	0.05	0
	മലപ്പുറം	2	0.03	0	0	0.03	0
	കോഴിക്കോട്	0	0	0	0	0	0
ആകെ		**10**	**0.09**	**0**	**0.01**	**0.08**	**0**
2021-22	കോട്ടയം	1	0	0	0	0	0
	തൃശ്ശൂർ	2	0.01	0	0	0	0.01
	മലപ്പുറം	1	0.05	0	0.05	0	0
	കോഴിക്കോട്	1	0.01	0.01	0	0	0
ആകെ		**5**	**0.07**	**0.01**	**0.05**	**0**	**0.01**
2022-23	കോട്ടയം	1	0	0	0	0	0
	തൃശ്ശൂർ	1	0.05	0	0.05	0	0
	മലപ്പുറം	1	0.11	0	0.11	0	0
	കോഴിക്കോട്	1	0	0	0	0	0
ആകെ		**4**	**0.16**	**0**	**0.16**	**0**	**0**
ആകെ തുക		**19**	**0.32**	**0.01**	**0.22**	**0.08**	**0.01**

അനുബന്ധം 7.8
എസ്‌സിഎസ്‌പിയ്ക്ക് കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്
(സൂചിക: ഖണ്ഡിക 7.6.7, പേജ് 145)

(₹ കോടിയിൽ)

വർഷം	ജില്ല	രൂപീകരിച്ച പ്രോജക്ടുകൾ	വകയിരുത്തിയത്	നടപ്പാക്കിയത്	ചെലവ്	ചെലവ് ശതമാനം
2020-21	കോട്ടയം	8	0.19	6	0.10	52.63
	തൃശ്ശൂർ	63	4.25	49	2.94	69.18
	മലപ്പുറം	10	0.43	5	0.18	41.86
	കോഴിക്കോട്	49	3.06	26	1.48	48.36
ആകെ		**130**	**7.93**	**86**	**4.70**	**59.27**
2021-22	കോട്ടയം	3	0.06	2	0.04	66.67
	തൃശ്ശൂർ	31	2.20	17	0.66	30.00
	മലപ്പുറം	8	0.27	6	0.22	81.48
	കോഴിക്കോട്	31	1.49	21	0.98	65.77
ആകെ		**73**	**4.02**	**46**	**1.90**	**47.26**
2022-23	കോട്ടയം	10	0.44	4	0.10	22.73
	തൃശ്ശൂർ	67	5.15	36	1.77	34.37
	മലപ്പുറം	7	0.31	3	0.07	22.58
	കോഴിക്കോട്	36	2.39	17	0.37	15.48
ആകെ		**120**	**8.29**	**60**	**2.31**	**27.86**

അനുബന്ധം 7.9
ടിഎസ്പിക്ക് കീഴിലെ ജില്ലാതല പശ്ചാത്തല മേഖലാ ചെലവ്
(സൂചിക: ഖണ്ഡിക 7.6.7, പേജ് 143)

(₹ കോടിയിൽ)

വർഷം	ജില്ല	രൂപീകരിച്ച പ്രോജക്ടുകൾ	വകയിരുത്തിയത്	നടപ്പാക്കിയത്	ചെലവ്	ചെലവ് ശതമാനം
2020-21	കോട്ടയം	0	0	0	0	0
	തൃശ്ശൂർ	0	0	0	0	0
	മലപ്പുറം	0	0	0	0	0
	കോഴിക്കോട്	1	0.04	1	0.04	100
ആകെ		**1**	**0.04**	**1**	**0.04**	**100**
2021-22	കോട്ടയം	0	0	0	0	0
	തൃശ്ശൂർ	0	0	0	0	0
	മലപ്പുറം	0	0	0	0	0
	കോഴിക്കോട്	0	0	0	0	0
ആകെ		**0**	**0**	**0**	**0**	**0**
2022-23	കോട്ടയം	0	0	0	0	0
	തൃശ്ശൂർ	0	0	0	0	0
	മലപ്പുറം	0	0	0	0	0
	കോഴിക്കോട്	0	0	0	0	0
ആകെ		**0**	**0**	**0**	**0**	**0**

© ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

https://cag.gov.in

https://cag.gov.in/ag1/kerala/en